

GOVERNMENT OF TAMIL NADU

ആറാം തരം

STANDARD SIX

മലയാള പാഠപുസ്തകം

MALAYALAM READER

Department Of School Education

Untouchability is Inhuman and a Crime

6th Std_Malayalam_FM.indd 1 3/19/2020 1:20:07 PM

Government of Tamil Nadu

First Edition - 2018

Revised Edition - 2019, 2020

Reprint - 2021, 2022

2023, 2024

(Published under New Syllabus)

Content Creation

State Council of Educational
Research and Training

© SCERT 2018

Printing & Publishing

Tamil NaduTextbook and Educational
Services Corporation

www.textbooksonline.tn.nic.in

6th Std_Malayalam_FM.indd 2 3/19/2020 1:20:07 PM

ആമുഖം

അറിവ് നേടുന്നതിനോടൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.

6th Std_Malayalam_FM.indd 3 3/19/2020 1:20:08 PM

ദേശീയ ഗാനം

ജനഗണമന അധി നായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ.
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ!പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠ,ദ്രാവിഡം,വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു.അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു.അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു.ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



6th Std_Malayalam_FM.indd 4 3/19/2020 1:20:08 PM

തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈ ക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത ദ്രാവിഡ നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണക്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

– മാനോന്മണിയം.പി.സുന്ദരനാർ



തമിഴ് മാതൃവന്ദനം – ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

6th Std_Malayalam_FM.indd 5 3/19/2020 1:20:08 PM



ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം,ഭാഷ,ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്,എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്,ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



6th Std_Malayalam_FM.indd 6 3/19/2020 1:20:09 PM

ഉള്ളടക്കം

	ഭാഗം 1	പുറം നമ്പർ	മാസം
	മധുരം മലയാളം	1	
കവിത	എന്റെ മലയാളം	2	ജൂൺ
ഗദ്യം	സ്വപ്നങ്ങളുടെ കായിക്കര	7	ജൂൺ
അധികവായനക്ക്	പഠിക്കാൻ പഠിച്ചാൽ	14	ജൂൺ
വ്യാകരണം	സ്വരങ്ങളും വ്യഞ്ജനങ്ങളും	22	ജൂൺ
	ഭാഗം 2		
	പ്രകൃതി ഒരു വരദാനം	23	
കവിത	ഒരു തൈ നടുമ്പോൾ	24	ജൂലൈ
ഗദ്യം	ഞാറ്റുവേല	29	ജൂലൈ
അധികവായനക്ക്	ഓർമ്മകളുടെ തീരത്ത് കളിച്ചും ചിരിച്ചും (അനുഭവക്കുറിപ്പ്)	33	ജൂലൈ
വ്യാകരണം	അക്ഷരമാല- വിവരണം	38	ജൂലൈ
	ഭാഗം 3		
	ശാസ്ത്രം എത്ര കൗതുകം	39	
കവിത	കുട്ടിയുടെ സൂര്യൻ	40	ജൂലൈ
ഗദ്യം	ജീവന്റെ ഹ്രസ്വരൂപങ്ങൾ - സൂക്ഷ്മം, അതിസൂക്ഷ്മം	44	ഓഗസ്റ്റ്
അധികവായനക്ക്	മുടിയനായ പുത്രൻ (കഥ)	49	ഓഗസ്റ്റ്
വ്യാകരണം	വാക്കുകളുടെ നിർമാണം	54	ഓഗസ്റ്റ്
	ഭാഗം 4		
	വിദ്യാധനം സർവധനാൽ പ്രധാനം	55	
കവിത	കാഷ്യുനൊന്ന്	56	ഒക്ടോബർ
ഗദ്യം	ചപ്പുചവറുകൾ കത്തിക്കുന്നത് അപകടകരം	61	**ഒക്ടോബർ**
അധികവായനക്ക്	പച്ചപ്പട്ടു സാരി (കഥ)	67	ഒക്ടോബർ
വ്യാകരണം	ചില്ലുകൾ- വാക്യങ്ങൾ	71	ഒക്ടോബർ

6th Std_Malayalam_FM.indd 7 3/19/2020 1:20:09 PM

ഉള്ളടക്കം

		പുറം നമ്പർ	മാസം
	ഭാഗം 5		
	സംസ്കാരത്തിലെ നാനാത്വം	72	
കവിത	ഒരു ഉറക്കുപാട്ട്	73	ഒക്ടോബർ
ഗദ്യം	കേരളത്തിലെ നാടൻകലകൾ	77	ഒക്ടോബർ
അധികവായനക്ക്	മഹാബലിപുരം (യാത്രാവിവരണം)	83	നവംബർ
വ്യാകരണം	പിരിച്ചെഴുതൽ, ചേർത്തെഴുതൽ	86	നവംബർ
	ഭാഗം 6		
	കൃഷിയും പരിസ്ഥിതിയും നൽകുന്ന ജീവിതം	87	
കവിത	മാടത്തക്കിളി	88	നവംബർ
ഗദ്യം	കൃഷ്ണപ്പരുന്തും ചക്കിപ്പരുന്തും	93	നവംബർ
അധികവായനക്ക്	കടമറ്റത്തച്ഛനും പനയന്നാർകാവിൽ യക്ഷിയും	101	നവംബർ
വ്യാകരണം	നാമം	105	നവംബർ
	ഭാഗം 7		
	നാട്, സമൂഹം, ഗവൺമെന്റ്, നിർവ്വഹണം	107	
കവിത	ഇന്നു നാം മനുഷ്യരായ്	108	ജനുവരി
ഗദ്യം	പഞ്ചായത്തിന്റെ ജനകീയാസൂത്രണം	113	ജനുവരി
അധികവായനക്ക്	ദ്രോണാചാര്യൻ	123	ജനുവരി
വ്യാകരണം	ക്രിയ	128	ജനുവരി
	ഭാഗം 8		
	സത്യം, ധർമ്മം, ചിന്ത	129	
കവിത	കളിക്കൊട്ട	130	ഫെബ്രുവരി
ഗദ്യം	എട്ടാം വയസ്സിൽ ജോലി ചെയ്യുന്ന ബാലൻ	133	ഫെബ്രുവരി
അധികവായനക്ക്	വിചിത്രമത്സ്യം	141	ഫെബ്രുവരി
വ്യാകരണം	കാലം	144	ഫെബ്രുവരി
	ഭാഗം 9		
	ജീവിത സമർപ്പണം	145	
കവിത	പരുക്കേറ്റ കുട്ടി	146	മാർച്ച്
ഗദ്യം	അന്ത്യനാളുകൾ	150	മാർച്ച്
അധികവായനക്ക്	ചിത്രശലഭങ്ങളുടെ ഉണ്ണി	155	മാർച്ച്

6th Std_Malayalam_FM.indd 8 3/19/2020 1:20:09 PM

ഭാഗം

1

മധുരം മലയാളം



പഠനലക്ഷ്യങ്ങൾ

- സ്വന്തമായി ആശയങ്ങൾ അവതരിപ്പിക്കാനും എഴുതാനുമുള്ള നൈപുണ്യം നേടൽ
- മലയാള ഭാഷയോടുള്ള പ്രതിബദ്ധത
- ആത്മവിശ്വാസത്തോടെ തങ്ങളുടെ പ്രശ്നങ്ങളെ നേരിടാനുള്ള പക്വത നേടൽ
- അക്ഷരമാല ഹൃദിസ്ഥമാക്കൽ

പാഠഭാഗങ്ങൾ

കവിത	-	എന്റെ മലയാളം
ഗദ്യം	-	സ്വപ്നങ്ങളുടെ കായിക്കര
അധികവായനക്ക്	-	പഠിക്കാൻ പഠിച്ചാൽ
വ്യാകരണം	-	സ്വരങ്ങളും വ്യഞ്ജനങ്ങളും

6th Malayalam_Unit-1.indd 1 3/19/2020 1:21:02 PM

കവിത

എന്റെ മലയാളം

പാലാ നാരായണൻ നായർ

കവിയെ പരിചയപ്പെടാം



പാലാ നാരായണൻ നായർ [1911-2008]: കോട്ടയം ജില്ലയിലെ പാലായിൽ ജനിച്ചു.1937 ൽ പൂഞ്ഞാർ എസ്. എം. വി. ഹൈസ്കൂളിൽ അധ്യാപകനായി.1943ൽ രണ്ടാംലോകമഹായുദ്ധത്തിൽ ഭടനായി പങ്കെടുത്ത് മധ്യേന്ത്യയിലും ബർമ്മയിലും സേവനമനുഷ്ഠിച്ചു. പിന്നീട് തിരുവിതാംകൂർ സർവ്വകലാശാലയിൽ പ്രസിദ്ധീകരണ വിഭാഗത്തിൽ ഉദ്യോഗസ്ഥനായി. 1957ൽ കേരള സാഹിത്യ അക്കാദമിയുടെ ആദ്യ അസിസ്റ്റന്റ് സെക്രട്ടറിയായി. തരംഗമാല, അന്ത്യപൂജ, മലനാട്, ശ്രാവണഗീതം, കേരളം വളരുന്നു, അമൃതകല, പൗർണമി, പാലാഴി, മേഘവിചാരം എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി പുരസ്കാരം,എഴുത്തച്ഛൻ പുരസ്കാരം,പുത്തേഴൻ സ്മാരക പുരസ്കാരം,ആശാൻ പുരസ്കാരം, മാതൃഭൂമി പുരസ്കാരം എന്നിവ നേടിയിട്ടുണ്ട്.

മലയാളത്തിന്റെ മഹിമയിൽ അഭിമാനം കൊള്ളുകയാണ് കവി. മലയാളം അതിന്റെ സർഗ്ഗാത്മ കസൗന്ദര്യം വെളിപ്പെടുത്തിക്കൊണ്ട് പുഞ്ചിരിതൂകി വരുന്നതായി കവിക്ക് തോന്നുന്നു. കേരളീയരുടെ സ്വപ്നങ്ങളും ഭാവനകളും മലയാളഭാഷയിലൂടെയാണല്ലോ തെളിഞ്ഞുണർന്നത്. പുത്തൻപുലരി ഉദിച്ചത് പോലെ മലയാളം നൃത്തം ചെയ്യുന്നതായി കവി കൽപ്പിക്കുന്നു.



6th Malayalam_Unit-1.indd 2 3/19/2020 1:21:03 PM

പുഞ്ചിരി തൂകി വരുന്നൂ നമ്മുടെ
സഞ്ചിതസുകൃതം മലയാളം.
കൊഞ്ചിക്കൊഞ്ചിയുണർന്നൂ നമ്മുടെ
നെഞ്ചിലിരിക്കും സ്വപ്നങ്ങൾ
ആയിരമായിരമാണ്ടുകൾ പാഴായ്
പ്പോയത് കണ്ട നമുക്കിപ്പോൾ
പുത്തൻ പുലരിയുദിച്ചതുപോലെ
നൃത്തം ചെയ്‌വൂ മലയാളം!
സഹ്യനുമറബിക്കടലും തമ്മിൽ
സൗഹിത്യത്തൊടു വാണപ്പോൾ
ഹന്ത! മുളച്ചു നിരന്നു വിടർന്നൂ
ചെന്താമരപോൽ മലയാളം
മലയും കടലും കേറിയിറങ്ങീ
ഭൃഗുരാമന്മാരാര്യന്മാർ
മധുവും മണവും തേടിയലഞ്ഞു
മറുനാടന്മാരവിരാമം
ഭരണം പലതും മാറിയൊടുക്കം
പെരുമാക്കന്മാർ കയ്യേറ്റു
ജനകീയത്തിൻ കാഹളമൂതാൻ
ജനിച്ചതാദ്യം മലയാളം

6th Malayalam_Unit-1.indd 3 3/19/2020 1:21:06 PM

വാക്കും അർത്ഥവും	
പുലരി	പ്രഭാതം
സൗഹിത്യം	സൗഹാർദ്ദം
മധു	തേൻ
അവിരാമം	ഇടതടവില്ലാതെ
കാഹളം	മുഴക്കം

പ്രവൃത്തിപരിചയം

- **കവിതയിൽ നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുക**
- **മലയാളഭാഷയെ പോഷിപ്പിക്കുന്ന തരത്തിലുള്ള കവിതകൾ ശേഖരിക്കുക**

വായിച്ചാൽ വളരും

എത്ര സുന്ദരമെത്ര സുന്ദര

മെന്റെ മലയാളം

മുത്തു പവിഴങ്ങൾ കൊരുത്തൊരു

പൊന്നുനൂൽ പോലെ

മണ്ണിൽ വീണു കുരുത്തു നെന്മണി

.....

.....

.....

(ഒ. എൻ. വി. കുറുപ്പ്)

ഇതു പോലെയുള്ള വരികൾ കണ്ടെത്തുക.

6th Malayalam_Unit-1.indd 4 3/19/2020 1:21:06 PM

മൂല്യനിർണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. പുഞ്ചിരി തൂകി വരുന്നൂ നമ്മുടെ _____ മലയാളം.

   അ) സഞ്ചിതസുകൃതം

   ആ) സ്വപ്നങ്ങൾ

   ഇ) പുലരി

   ഈ) അവിരാമം

2. _____ ആണ്ടുകൾ പാഴായ്പ്പോയതുകണ്ട നാമിപ്പോൾ.

   അ) നൂറുനൂറാണ്ടുകൾ

   ആ) ആയിരമായിരമാണ്ടുകൾ

   ഇ) ഒരാണ്ടുകൾ

3. സഹ്യനും _____ തമ്മിൽ സൗഹിത്യത്തോടു വാണപ്പോൾ.

   അ) പുഴകൾ

   ആ) കടലുകൾ

   ഇ) അറബിക്കടലും

   ഈ) തോടുകളും

4. ഹന്ത! മുളച്ചു നിരന്നു വിടർന്നൂ _____ പോൽ മലയാളം.

   അ) ചെമ്പരത്തി

   ആ) പാരിജാതം

   ഇ) ചെന്താമര

   ഈ) കൊന്നപ്പൂ

5. ഭരണം പലതും മാറിയൊടുക്കം _____ കയ്യേറ്റൂ.

   അ) ബ്രാഹ്മണന്മാർ

   ആ) നാടോടികൾ

   ഇ) തമ്പ്രാക്കന്മാർ

   ഈ) പെരുമാക്കന്മാർ

6th Malayalam_Unit-1.indd 5 3/19/2020 1:21:06 PM

യോജിച്ചവ ചേർത്തെഴുതുക	
നെഞ്ചിലിരിക്കും	അവിരാമം
സൗഹിത്യത്തൊടു	മലയാളം
മറുനാടൻമാർ	സ്വപ്നങ്ങൾ
സഞ്ചിതസുകൃതം	വാണപ്പോൾ

ചേർത്തെഴുതുക

കൊഞ്ചി + കൊഞ്ചി = _____

പാഴായ് + പോയതു = _____

മാറി + ഒടുക്കം = _____

കാഹളം + ഊതാൻ = _____

പിരിച്ചെഴുതുക

ജനിച്ചതാദ്യം = _____ + _____

തേടിയലഞ്ഞു = _____ + _____

ആയിരമായിരമാണ്ടുകൾ = _____ + _____

സഹ്യനുമറബിക്കടലും = _____ + _____

ഉത്തരമെഴുതുക

1. നമ്മുടെ മാതൃഭാഷയായ മലയാളം എന്തൊക്കെ ചെയ്യുന്നുവെന്നാണ് കവി പറയുന്നത്?
2. ആരൊക്കെയാണ് കേരളത്തിലേക്ക് കടന്നെത്തിയത്? എന്തിന്?

കാവ്യാലാപനം

- കവിതയുടെ ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഉചിതമായ ശബ്ദവിന്യാസത്തോടെ ചൊല്ലി അവതരിപ്പിക്കുക
- കവിതയുടെ ആശയം, പ്രയോഗ വിശേഷങ്ങൾ മനസ്സിൽ ഉണർത്തുന്ന വികാരങ്ങൾ എന്നിവ പരിഗണിച്ച് ഈ കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക

വ്യാകരണം

മുൻക്ലാസ്സിൽ നിങ്ങൾ പഠിച്ച സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഓർമ്മിച്ച് എഴുതുക

6th Malayalam_Unit-1.indd 6 3/19/2020 1:21:06 PM

ഗദ്യം

സ്വപ്നങ്ങളുടെ കായിക്കര

ഡോ:ശുഭ

ഡോ:ശുഭ [1965] : സ്വദേശം തിരുവനന്തപുരം. എം.എ., ബി.എഡ്.പി.എച്ച്. ഡി ബിരുദങ്ങൾ. തിരുവനന്തപുരം സെൻറ്തോമസ് റസിഡൻഷ്യൽ സ്കൂളിൽ മലയാളം അധ്യാപിക. മാനന്തവാടി ഗവൺമെൻറ് കോളേജ് മലയാളം അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ എഴുതുന്നു. ചിത്രശിലകളിലെ സംഗീതം, അറവുമാടുകൾ, പൂന്തേൻ, യശോധരാഹൃദയം, വിളക്കില്ലാത്ത സന്ധ്യ എന്നീ കവിതാസമാഹാരങ്ങളും ബുദ്ധദർശനത്തിൻെറ പ്രഭാവം ആശാൻ കവിതയിൽ എന്ന പഠനഗ്രന്ഥവും അടക്കം പതിനാലോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ബുദ്ധദർശനത്തിൻെറ പ്രഭാവം ആശാൻ കവിതയിൽ എന്ന ഗ്രന്ഥത്തിന് 2010ലെ 'വീണപൂവ്' ജന്മശതാബ്ദി പുരസ്കാരം ലഭിച്ചു.



അനുദിനം എത്രയോ മനുഷ്യർ ജനിക്കുന്നു. എത്രയോ പേർ മരിക്കുന്നു. അവരെയെല്ലാം ആരറിയുന്നു! എന്നാൽ പ്രതിഭാധനരായ മനുഷ്യർ മൺമറഞ്ഞാലും നമുക്കിടയിൽ ജീവിക്കും. അങ്ങനെ നമുക്കിടയിൽ ഇന്നും ജീവിക്കുന്ന ഒരു മഹാപ്രതിഭയാണ് കുമാരനാശാൻ. ചിറയിൻകീഴ് താലൂക്കിൽ കായിക്കര എന്ന പ്രദേശത്ത് തൊമ്മൻവിളാകത്തു വീട്ടിൽ 1873 മേടമാസം 20 തീയതി ഒരു ചിത്രാപൗർണമി നാളിലായിരുന്നു ആശാൻെറ ജനനം. ആശാൻെറ വീട് കടലിനഭിമുഖമായിട്ടാണ് സ്ഥിതിചെയ്തിരുന്നത്. ഇവിടെയായിരുന്നു ആശാൻെറ കുട്ടിക്കാലം. ആശാനുൾപ്പെടെ ഏഴ് ആൺമക്കളും രണ്ട് പെൺമക്കളുമുൾപ്പെട്ട കുടുംബത്തിൽ അധ്യാപകരും ഗായകരും മക്കളിലുൾപ്പെടുന്നു.

കടലിനും അഞ്ചുതെങ്ങ് കായലിനും ഇടയ്ക്കുള്ള പ്രദേശമാണ് കായിക്കര. തെങ്ങിൻതോട്ടങ്ങൾ കൊണ്ട് പ്രശസ്തിയാർജിച്ച നാടായിരുന്നു അത്. അധ്വാനശീലരായ ജനങ്ങൾ അവിടെ തിങ്ങിപ്പാർത്തിരുന്നു. കച്ചവടക്കാരായിരുന്ന അവിടത്തെ ഭൂരിഭാഗം ആളുകളും ഈഴവസമുദായത്തിൽപ്പെട്ടവരായിരുന്നു. സ്വതന്ത്ര ചിന്താഗതിയുള്ള ജനതയായിരുന്നു ഇവർ.



കരുനാഗപ്പള്ളി താലൂക്കിൽ തഴവാവട്ടത്തു മുറിയിൽ തൊടിയിൽ വീട്ടിലെ നാരായണനായിരുന്നു ആശാൻെറ പിതാവ്. നാരായണൻ പെരുങ്കുടിയെന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു. ബുദ്ധിശാലിയും സത്യസന്ധനും ഈശ്വരവിശ്വാസിയുമായിരുന്ന ആശാൻെറ പിതാവ് നിത്യവും ഈശ്വരപ്രാർഥനയും

6th Malayalam_Unit-1.indd 7 3/19/2020 1:21:06 PM





നാമജപവും പുരാണഗ്രന്ഥങ്ങളുടെ പാരായണവും ചെയ്തുപോന്നു. തമിഴിലും മലയാളത്തിലും അദ്ദേഹത്തിന് നല്ല അവഗാഹമുണ്ടായിരുന്നു. മലയാളത്തിൽ കീർത്തനങ്ങൾ രചിച്ചിരുന്ന അദ്ദേഹം നല്ലൊരു സംഗീതവിദ്വാനുമായിരുന്നു. കച്ചവടം പ്രധാന തൊഴിലായിരുന്നു. കയറും പുൽത്തൈലവും ഈറലുമായിരുന്നു പ്രധാനമായും കച്ചവടം ചെയ്തിരുന്നത്. തുണിത്തരങ്ങളും അക്കൂട്ടത്തിൽപ്പെടുന്നു. ഇത്രയൊക്കെ തിരക്കുണ്ടായിട്ടും അദ്ദേഹം സംവാദങ്ങളിലും ചർച്ചകളിലുമെല്ലാം ഏർപ്പെട്ടിരുന്നു. കായിക്കരയിലെ ആദ്യത്തെ പ്രൈമറി സ്കൂൾ സ്ഥാപിച്ചതിന്റെ പിന്നിൽ ആശാന്റെ പിതാവിന്റെ പരിശ്രമങ്ങൾ ഉണ്ടായിരുന്നു. കുമാരനാശാന്റെ അമ്മയുടെ പേര് കാളിയമ്മ (കൊച്ചുപെണ്ണ്) എന്നായിരുന്നു.ആശാന്റെ അമ്മവീടായിരുന്നു തൊമ്മൻവിളാകം. അമ്മ വിദ്യാസമ്പന്നയായിരുന്നില്ലെങ്കിലും രാമായണ മഹാഭാരതാദി പുരാണകാവ്യങ്ങൾ വായിച്ച് അതിലെ കഥകൾ രസകരമായ വിധത്തിൽ കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്നതിൽ സമർഥയായിരുന്നു. കേരളീയ കലാരൂപങ്ങളായ ഓട്ടൻതുള്ളൽ, കഥകളിഎന്നിവയുടെ നല്ലൊരാസ്വാദകയായിരുന്നു അവർ. ' ഏതൊരു കുഞ്ഞിന്റെയും ആദ്യവിദ്യാലയം അമ്മയുടെ മടിത്തട്ടാണല്ലോ. അതുപോലെ ആശാന്റെയും

6th Malayalam_Unit-1.indd 8 3/19/2020 1:21:07 PM

ആദ്യഗുരു അമ്മയാണ്. അമ്മ പറഞ്ഞുകൊടുത്ത പുരാണകഥകളിൽ നിന്നാണ് ആശാന് പുരാണകഥകൾ വായിക്കുന്നതിനുള്ള താൽപ്പര്യം ജനിക്കുന്നത്. സദ്ഗുണസമ്പന്നയായിരുന്ന അമ്മ ദയയും സ്നേഹവും മഹാമനസ്കതയും ഉള്ള മഹതിയായിരുന്നു. അമ്മയുടെ ദീനാനുകമ്പയെക്കുറിച്ച് ആശാൻ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം ശ്രദ്ധിക്കുക. "സാധുക്കളോടുള്ള അത്യധികമായ അനുകമ്പ നിമിത്തം അവർക്ക് എന്തു സഹായം ചെയ്തുകൊടുക്കുന്നതിനും അമ്മ സന്നദ്ധയായിരുന്നു. ഞങ്ങളുടെ ആശ്രിതരോ, അയൽവീട്ടുകാരായ മറ്റു വല്ല സാധുക്കളുമോ നിത്യവൃത്തിക്കു മുട്ടു വരുന്ന അവസരങ്ങളിലെല്ലാം അമ്മയെ ശരണം പ്രാപിക്കുകയും ദയാലുവായ അമ്മ അവരുടെ സങ്കടങ്ങൾ കേട്ടിട്ട് യഥാർഹം വല്ല അരിയോ നെല്ലോ നാളികേരമോ അപൂർവം സന്ദർഭങ്ങളിൽ പണമോ കൊടുത്തു സഹായിക്കുക പതിവായിരുന്നു. ഞങ്ങളുടെ അടുത്ത് ഒരു പാവപ്പെട്ട കുടുംബക്കാർ താമസിച്ചിരുന്നു. ഒരു പുരുഷനും അയാളുടെ ഭാര്യയും ഏതാനും കുട്ടികളും ഉൾപ്പെട്ട ആ ചെറിയ ഭവനത്തിൽ കഷ്ടകാലം കൊണ്ട് കുട്ടികളുടെ മാതാവായ പാവപ്പെട്ട സ്ത്രീക്ക് മസൂരി പിടിപ്പെട്ടു. ദീനം വളരെ അവശതയിലായപ്പോൾ കുട്ടികളുടെ രക്ഷയെക്കരുതി ഭർത്താവ് ആ വീടുവിട്ട് മാറിത്താമസിക്കാൻ നിർബന്ധിതനായി. കുട്ടികളെ സംരക്ഷിക്കേണ്ട ഭാരം കൂടി തന്നിൽ വന്നുചേർന്നതുകൊണ്ട് ഭാര്യയെ ശുശ്രൂഷിക്കുന്നതിനോ ധനശേഷിയില്ലാത്തതുകൊണ്ട് മറ്റാരെയെങ്കിലും ശുശ്രൂഷയ്ക്കായി ഏർപ്പെടുത്തുന്നതിനോ അയാൾക്ക് സൗകര്യം ഉണ്ടായിരുന്നില്ല. ആ സാധു രോഗശയ്യയിൽ നിരാശയായി സങ്കടപ്പെടുന്ന വിവരം അറിഞ്ഞിട്ട് അമ്മ, നിർഭയം അവർക്കുവേണ്ട ശുശ്രൂഷകൾ ചെയ്യുകയും ധനസംബന്ധമായ ഒത്താശകൾ ചെയ്തുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ അമ്മയുടെ നിഷ്കർഷയോടെയുള്ള ശുശ്രൂഷയുടെയും സഹായത്തിന്റെയും ഫലമായി രോഗി ക്രമേണ സുഖം പ്രാപിച്ചു വന്നു. ഏതാനും ദിവസങ്ങൾക്കകം പൂർണസുഖം ലഭിച്ചു. എന്നാൽ രോഗിയെ ശുശ്രൂഷിച്ചതിൽനിന്നും അമ്മയ്ക്ക് മസൂരിരോഗം പിടിപെടുകയും ഏതാനും ദിവസങ്ങൾക്കുള്ളിൽ രോഗം ഭയങ്കരമായ നിലയിൽ അമ്മയെ അവശയാക്കിത്തീർക്കുകയും ചെയ്തു. എത്ര തന്നെ നിഷ്കർഷിച്ച് വൈദ്യൻമാർ ചികിത്സിച്ചിട്ടും ആ മഹാമാരിയിൽനിന്നും അമ്മയെ രക്ഷിക്കുന്നതിനു സാധിച്ചില്ല. ഒടുവിൽ ദീനദയാലുവായ അമ്മ മഹാമന സ്കതയോടുകൂടി വിധിയ്ക്ക് കീഴടങ്ങുകയാണു ചെയ്തത്."

കുമാരനാശാന്റെ കുട്ടിക്കാലത്തെ ചില സ്വഭാവവിശേഷങ്ങളിലൊന്നായിരുന്നു നീന്തൽ അഭ്യസനം. കടലിന്റെയും കായലിന്റെയും മടിത്തട്ടിൽ കളിച്ചുവളർന്ന കുട്ടിക്ക് ബാല്യം മുതൽക്കേ നീന്തലിൽ താൽപ്പര്യമുണ്ടായിരുന്നു. അയൽപക്കത്തുള്ള കൂട്ടുകാരുമായി കുമാരൻ കായലിൽ നീന്താൻ പോകുമായിരുന്നു. ഒരുമിച്ചാണ് നീന്താറുള്ളത്. പക്ഷേ കുമാരൻ എപ്പോഴും മുൻപേ നീന്തിയെത്തിയിരുന്നു. നീന്തലിൽ കുമാരൻ സമർഥനായിരുന്നു. ഇതിനെക്കുറിച്ച് കുമാരുവിന്റെ ഒരു സതീർഥ്യൻ സ്മരിക്കുന്നത് സി.ഒ. കേശവൻ രേഖപ്പെടുത്തുന്നു. വീട്ടിന്റെ അടുത്തുള്ള കോഴിത്തോട്ടം കായലിൽ ഞങ്ങൾ കുളിക്കാൻ പോകുമ്പോൾ മത്സരിച്ചു നീന്താറുണ്ടായിരുന്നു. ഉദ്ദേശം അരമൈൽ കിഴക്കു പടിഞ്ഞാറു വീതിയുള്ള ഈ കായലിൽ അക്കരെയിക്കരെ ഞങ്ങൾ നിൽക്കാതെ മത്സരിച്ചു നീന്തും.

6th Malayalam_Unit-1.indd 9 3/19/2020 1:21:07 PM



അപ്പോഴെല്ലാം ആശാൻ വളരെ വേഗത്തിൽ നീന്തി വിജയം കരസ്ഥമാക്കും. കടലിലും ഞങ്ങൾ ചിലപ്പോൾ കുളിക്കാൻ പോകും. ആശാൻ തിരക്കുഴിക്കപ്പുറം പോയിട്ട് ആരെക്കാളും മുൻപേ തിരിച്ചുവരും. കുമാരുവിന്റെ ബാല്യകാലത്തെ മറ്റൊരു സ്വഭാവമായിരുന്നു ഉറക്കം. ആഴത്തിലുള്ള ഉറക്കം കാരണം ആരുവിളിച്ചാലും ഉണരാറില്ലായിരുന്നു. ഒരുതരം ബോധംകെട്ട ഉറക്കം. കഷ്ടപ്പെട്ടു വിളിച്ചുണർത്തിയാലും സ്ഥലകാലബോധമുണ്ടാകാൻ കുറേനേരം വേണ്ടിവരും. ആശാൻതന്നെ ഇക്കാര്യത്തെപ്പറ്റി പറഞ്ഞിട്ടുള്ളത് നോക്കുക.'ഒരിക്കൽ അച്ഛന്റെ വിളികേട്ട് ഉറക്കത്തിൽനിന്നും ബദ്ധപ്പെട്ടുണർന്ന് കൈയിൽകിട്ടിയ പായ് വസ്ത്രമാണെന്ന് തെറ്റിദ്ധരിച്ച് അതെടുത്ത് ഉടുത്തുകൊണ്ട് അച്ഛന്റെ മുൻപിൽ ഹാജരാവുകയും അതുകണ്ട് അച്ഛനും കൂടെയുണ്ടായിരുന്നവരും പൊട്ടിച്ചിരിക്കുകയും ഇളിഭ്യത മനസ്സിലാക്കി തൽക്ഷണം അപ്രത്യക്ഷനാവുകയും ഒന്നിച്ചു കഴിഞ്ഞു'.

ലക്ഷ്യം നേടാൻ എന്തു ത്യാഗവും സഹിക്കുക എന്നതും കുമാരന്റെ സ്വഭാവമായിരുന്നു. ഒരിക്കൽ ചൂണ്ടയിട്ട് മീൻപിടിക്കുമ്പോൾ ചൂണ്ട കൊത്തിവിഴുങ്ങി മത്സ്യം നീന്തിക്കടന്നുപോയി. കുമാരു അതിനെ പിൻതുടർന്നു. കൂട്ടുകാർ ആപത്താണെന്ന് വിലക്കിയിട്ടും കേൾക്കാതെ മീനിന് പിന്നാലെ നീന്തിച്ചെന്ന് അതിനെ പിടിക്കുകതന്നെ ചെയ്തു. നിശ്ചയദാർഢ്യമുള്ള മനസ്സായിരുന്നു ചെറുപ്പം മുതൽ കുമാരന്റേതെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു.

കുമാരന്റെ മറ്റൊരു പ്രകൃതമായിരുന്നു ആരേയും കുറ്റപ്പെടുത്താതിരിക്കുക എന്നത്. ആശാന്റെ അനുജൻ ശങ്കരപ്പണിക്കർ പള്ളിക്കൂടത്തിലെ ഒരനുഭവം വിവരിക്കുന്നു. ഞങ്ങൾ, തുണ്ടത്തിൽ പെരുമാൾ ആശാന്റെ പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഞാനും അണ്ണനും അടുത്തടുത്തായിരുന്നു ഇരുന്നത്. ഇന്നത്തെപ്പോലെ അന്ന് പള്ളിക്കൂടത്തിലിരിക്കുന്നതിന് ബഞ്ചും മറ്റും ഉണ്ടായിരുന്നില്ല. അതിനുപകരം അവരവർ കൊണ്ടുവരുന്ന തടുക്ക് പായ് നിവർത്തിയിട്ട് അതിൽ ഇരുന്ന് പാഠങ്ങൾ പഠിച്ചുകൊണ്ടിരുന്നു. ആശാൻ പള്ളിക്കൂടത്തിന്റെ മധ്യേ തറയിൽ പതിഞ്ഞ് ചാരോടുകൂടിയ ഒരു കുരണ്ടിപ്പലകയിലിരിക്കും. അടുത്ത് മേശയുടെ സ്ഥാനത്ത് അത്ര വലുതല്ലാതെ ഒരു വീഞ്ഞപ്പെട്ടിയും കാണും. ചൂരൽ, മറ്റുപകരണങ്ങൾ ഇവ വച്ചുപൂട്ടുന്നതിന് ഈ പെട്ടി ഉപയോഗിച്ചു പോന്നിരുന്നു. അണ്ണന്റെ അടുത്തിരുന്ന ഒരു കുട്ടിയെ ആശാൻ (ഗുരുനാഥൻ) അടിച്ചപ്പോൾ ഉദ്ദേശിച്ച സ്ഥാനത്ത് അടികൊള്ളാതെ അണ്ണന്റെ തലയുടെ ഒരു വശത്ത് കണ്ണിനുമുകളിലായി അടി ഏൽക്കുകയും തൽക്ഷണം അണ്ണൻ ബോധരഹിതനായി വീഴുകയും ചെയ്തു. കൂടെയുണ്ടായിരുന്ന

6th Malayalam_Unit-1.indd 10 3/19/2020 1:21:07 PM

മൂത്ത ജ്യേഷ്ഠനും ഗുരുനാഥനും മറ്റു സഹപാഠികളും കൂടി വേണ്ട ശുശ്രൂഷകൾ ചെയ്ത് ക്രമേണ അണ്ണനു ബോധമുണ്ടായി. ആശാന്റെ ആജ്ഞയനുസരിച്ച് മൂത്ത അണ്ണനും ഞാനും കൂടി അണ്ണനെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി. പോകുന്നവഴിയിൽ, അച്ഛനറിഞ്ഞാൽ ഉണ്ടാകാവുന്ന അനിഷ്ടസംഭവത്തെക്കരുതി വിവരം അച്ഛനെ ധരിപ്പിക്കരുതെന്ന് അണ്ണൻ ഞങ്ങളോട് അപേക്ഷിച്ചുപറഞ്ഞതല്ലാതെ, ആശാന്റെ സൂക്ഷ്മക്കുറവിനെപ്പറ്റി കുറ്റപ്പെടുത്തുകയോ, അദ്ദേഹത്തിന്റെ തെറ്റ് അച്ഛനെയറിയിച്ച് തന്റെ നിരപരാധിത്വം തെളിയിച്ച് ആശാന്റെ പേരിൽ അച്ഛനു വിദ്വേഷം ജനിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്തില്ല. കുട്ടിക്കാലം മുതൽക്കേ ഇത്തരം സ്വഭാവസവിശേഷതകളുള്ള ഒരു കുട്ടിയായിരുന്നു കുമാരു.

പ്രവൃത്തിപരിചയം

- ആധുനിക കവിത്രയത്തിലെ കവികളെ പരിചയപ്പെടുക. ഇവരുടെ കവിതകളുടെ ഇതിവൃത്തം മനസ്സിലാക്കുകയും അത് ചുരുക്കി എഴുതുകയും ചെയ്യുക.
- ആശാന്റെ ബാല്യകാലത്തെക്കുറിച്ച് പഠിച്ചല്ലോ. ഇതുപോലെ മലയാളഭാഷയ്ക്കു മികച്ച സംഭാവനകൾ നൽകിയ മറ്റു പ്രമുഖ കവികളിൽ ആരെങ്കിലും ഒരാളുടെ ബാല്യകാലത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക
- നിങ്ങളുടെ ഒരു കൂട്ടുകാരനോ കൂട്ടുകാരിക്കോ പിറന്നാൾ ആശംസകൾ നേർന്നുകൊണ്ട് ഒരു സന്ദേശം തയ്യാറാക്കുക.

6th Malayalam_Unit-1.indd 11 3/19/2020 1:21:07 PM

മൂല്യനിർണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. ആശാന്റെ ജന്മസ്ഥലമായ കടലിനും കായലിനും _____ ഇടയ്ക്കുള്ള പ്രദേശമാണ്.

   അ) കായൽകര

   ആ) കായിക്കര

   ഇ) ചിറയിൻകീഴ്

   ഈ) തൊമ്മൻവിള

2. ആശാന്റെ കുട്ടിക്കാലത്തെ സ്വഭാവ വിശേഷങ്ങളിൽ ഒന്നായിരുന്നു ഇത്.

   അ) നീന്തൽ

   ആ) വായന

   ഇ) നാടകം

   ഈ) കളി

3. സതീർത്ഥ്യൻ എന്ന പദത്തിന്റെ അർത്ഥം.

   അ) സഹപാഠി

   ആ) സഹോദരൻ

   ഇ) മരുമകൻ

   ഈ) അയൽവാസി

4. ഏതൊരു കുഞ്ഞിന്റേയും ആദ്യവിദ്യാലയമായി പറയുന്നത് ആരുടെ മടിത്തട്ടാണ്?

   അ) അച്ഛന്റെ

   ആ) അധ്യാപകന്റെ

   ഇ) അമ്മയുടെ

   ഈ) അധ്യാപികയുടെ

5. കുമാരനാശാന്റെ അമ്മയ്ക്ക് സാധുക്കളോട് ഉണ്ടായിരുന്ന മനോഭാവം എന്തായിരുന്നു?

   അ) ആശ്രയം

   ആ) അനുകമ്പ

   ഇ) സ്നേഹം

   ഈ) വെറുപ്പ്

6th Malayalam_Unit-1.indd 12 3/19/2020 1:21:07 PM

II. പൂരിപ്പിക്കുക

1. കുമാരനാശാന്റെ അമ്മയുടെ പേര് _____ എന്നായിരുന്നു.
2. കായിക്കരയിലെ ഭൂരിഭാഗം ആളുകളുടെയും പ്രവൃത്തി _____ ആയിരുന്നു.
3. ആശാന്റെ പിതാവ് _____ എന്ന പേരിലും അറിയപ്പെട്ടിരുന്നു.
4. ആശാന്റെ ആദ്യഗുരു _____ ആണ്.
5. പാവപ്പെട്ട സ്ത്രീക്ക് പിടിപെട്ട ദീനം _____ ആയിരുന്നു.

ചുരുക്കി ഉത്തരമെഴുതുക

1. ആശാന്റെ പിതാവിന്റെ പ്രധാന തൊഴിലെന്തായിരുന്നു?
2. ആശാന്റെ അമ്മയുടെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം?
3. കുമാരനാശാന്റെ കുട്ടിക്കാലത്തെ മൂന്നുനാലു സ്വഭാവവിശേഷങ്ങൾ ചൂണ്ടിക്കാണിക്കുക.
4. ഗുരുനാഥന്റെ മേശയുടെ സ്ഥാനത്തു ഉണ്ടായിരുന്ന വീഞ്ഞപ്പെട്ടിയുടെ ഉപയോഗം എന്ത്?
5. ലക്ഷ്യം നേടാൻ എന്ത് ത്യാഗവും സഹിക്കാൻ തയ്യാറായിരുന്ന സ്വഭാവമായിരുന്നു കുമാരനാശാന്റേത് എന്നതിനെ വെളിപ്പെടുത്തുന്ന സംഭവമേത്?

6th Malayalam_Unit-1.indd 13 3/19/2020 1:21:07 PM

കഥാരൂപത്തിലുള്ള കുറിപ്പ്

പഠിക്കാൻ പഠിച്ചാൽ

ജി.ജനാർദ്ദനക്കുറുപ്പ്, ജി സ്റ്റാലിൻ

ജി.ജനാർദ്ദനക്കുറുപ്പ്: കൊല്ലം ജില്ലയിലെ ആയൂരിനടുത്ത് ചെറുവക്കലിൽ ജനിച്ചു. ബാലസാഹിത്യകൃതിക്കുള്ള ആശ്രയ ബാലസാഹിത്യ പുരസ്കാരം നേടിയിട്ടുണ്ട്. അധ്യാപനരംഗത്ത് പുതിയ കണ്ടെത്തലുകൾക്ക് അവാർഡ് ലഭിച്ചിട്ടുണ്ട്. കളികളിലൂടെ ഭാഷ പഠിക്കാം എന്ന ബാലസാഹിത്യകൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.
ജി സ്റ്റാലിൻ: പത്തനംതിട്ട ജില്ലയിലെ കൊടുമണിൽ ജനിച്ചു. അധ്യാപന രംഗത്ത് പുതിയ കണ്ടെത്തലുകൾക്ക് NCERT യിൽനിന്നും തുടർച്ചയായി നാല് പ്രാവശ്യം ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്.
ഇവരുടെ 'മധുരം മലയാളം' എന്ന ബാലസാഹിത്യത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് പഠിക്കാൻ പഠിച്ചാൽ എന്ന കുറിപ്പ്.

ബാലകലോത്സവത്തിൻറ മേളം കഴിഞ്ഞു. ഇനി അവശേഷിക്കുന്നത് സമ്മാന ദാനമാണ്. അനന്തനും സമ്മാനമുണ്ട്.

കഥ പറഞ്ഞതിനുള്ള സമ്മാനം. അവൻ ഊഴം കാത്തിരിക്കുകയാണ്. 'കഥപ റയൽ മത്സരം. ഒന്നാമൻ അനന്തൻ.' ജയടീച്ചർ വിളിച്ചുപറഞ്ഞു.

അനന്തൻ സ്റ്റേജിലേക്ക് ഓടിച്ചെന്നു.

ഹെഡ്മാസ്റ്ററുടെ ചിരി വിരിയുന്ന മുഖം അവനിഷ്ടമായി. അദ്ദേഹം ആ വലിയ പൊതി അവൻറെ കൈയിൽ കൊടുത്തു. എന്നിട്ട് അവൻറെ ചെറിയ കൈപിടിച്ചു കുലുക്കി.

അവൻ പൊതിയുമായി അശ്വതിട്ടീച്ചറുടെ മുന്നിലേക്കോടി. പൊതി ടീച്ചറുടെ കൈയിൽവെച്ച് അവൻ ടീച്ചറുടെ കാൽ തൊട്ടു വന്ദിച്ചു.

ടീച്ചർ അവനെ മെല്ലെ തലോടി. അവർ പൊതിയഴിച്ചു. അതാ വലിയൊരു നിഘണ്ടു.

"ഏതെങ്കിലും കഥാപുസ്തകമായിരിക്കുമെന്നാണ് ഞാൻ കരുതിയത്". ടീച്ചർ പറഞ്ഞു.

"ഇതാണ് ടീച്ചർ എനിക്കിഷ്ടം. ടീച്ചർ നിഘണ്ടു നോക്കാൻ

പഠിപ്പിച്ചപ്പോഴേ ഞാൻ കൊതിച്ചിരുന്നതാ. അതിപ്പോൾ കിട്ടിയല്ലോ. ഇനി ഏതു പദത്തിൻറ അർത്ഥം ആർക്കാ അറിയേണ്ടത്?

ഞാൻ പറഞ്ഞുകൊടുക്കാം".

6th Malayalam_Unit-1.indd 14 3/19/2020 1:21:07 PM

'നിഘണ്ടു നോക്കി പദങ്ങളുടെ അർത്ഥം സ്വയം കണ്ടെത്തുക.'

ഹെഡ്മാസ്റ്റർ അതിനെക്കുറിച്ചു പറഞ്ഞത് അവന്റെ ഓർമ്മയിൽ തെളിഞ്ഞുവന്നു. ഒരിക്കൽ അമ്മമാരുടെ മീറ്റിങ് നടക്കുകയാണ്. ഹെഡ്മാസ്റ്ററാണ് ക്ലാസെടുക്കുന്നത്. ഹെഡ്മാസ്റ്റർ സംസാരിച്ചുതുടങ്ങി: ഞാനൊരുദാഹരണംകൊണ്ടു തുടങ്ങാം.

ഇന്നലെ ഞാൻ ഓഫീസ് മുറിയിൽ ഊണുകഴിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അപ്പോഴാണ് ജിനുവും ജാനുവും എന്റെ അരികിലേക്കു വന്നത്. അവർക്കിരുവർക്കും മൂഷികനെന്ന പദത്തിന്റെ അർത്ഥമറിയണം.

ജിനു 'എ'യിലും ജാനു 'ബി'യിലും

നിങ്ങളുടെ ടീച്ചേഴ്സ് സ്റ്റാഫ്റൂമിലുണ്ടല്ലോ. അവരോടു തന്നെ ചോദിക്കൂ. ഞാൻ അവരോടു പറഞ്ഞു.

ജിനു അവളുടെ ടീച്ചറോടു ചോദിച്ചു. ടീച്ചർ അപ്പോൾത്തന്നെ ഉത്തരം നല്കി. മൂഷികനെന്നാൽ എലി. ജാനുവിന്റെ കാര്യമോ? അവൾക്കുത്തരം കിട്ടിയില്ല. ടീച്ചർ പറഞ്ഞുകൊടുത്തില്ല. ടീച്ചർ പറഞ്ഞതെന്തെന്നല്ലേ?



മോൾക്ക് 'മൂഷികൻ' പദത്തിന്റെ അർത്ഥമല്ലേ അറിയേണ്ടത്? അർത്ഥം കണ്ടെത്താൻ പറ്റിയ ഒരു പുസ്തകം നമ്മുടെ ലൈബ്രറിയിലുണ്ട്.

പേരെന്താണെന്നോ? 'ശബ്ദതാരാവലി.' അതെടുത്തു നോക്കിയാൽ മതി. എങ്ങനെയാ നോക്കുന്നതെന്നറിയേണ്ടേ? അതറിയാതെ നോക്കിയാൽ കണ്ടുപിടിക്കാൻ പ്രയാസമാണ്. ശബ്ദതാരാവലിയിൽ ഏകദേശം ഒരു ലക്ഷത്തോളം പദങ്ങളുണ്ട്. അതിൽനിന്നു നമ്മുടെ മൂഷികനെ കണ്ടുപിടിക്കണം. അതിനത്ര പ്രയാസമൊന്നുമില്ല.

പദങ്ങൾ അടുക്കിയിരിക്കുന്നത് ഒരു പ്രത്യേകരീതിയിലാണ്. ആദ്യം 'അ'യിൽ തുടങ്ങുന്ന പദങ്ങൾ. പിന്നെ 'ആ'യിൽ തുടങ്ങുന്നവ.

തുടർന്ന് ഇ, ഈ, ഉ, ഊ.. എന്നിങ്ങനെ അക്ഷരമാലാക്രമത്തിലാണ്.

ഈ ക്രമത്തിൽ നോക്കി 'മ'യിൽ തുടങ്ങുന്ന പദങ്ങളിലെത്തണം.

6th Malayalam_Unit-1.indd 15 3/19/2020 1:21:07 PM

മ കഴിഞ്ഞാൽ മാ, പിന്നെ മി, മീ, മു, മൂ... 'മൂ'യിൽ തുടങ്ങുന്ന പദങ്ങളിൽ മൂഷികനെ കാണാം. ഒപ്പം അതിന്റെ അർത്ഥവും.

പോയി കണ്ടുപിടിക്കൂ. ഉത്തരം കിട്ടിയാൽ ടീച്ചറോടുകൂടിപ്പറയണേ.

ഈ രണ്ട് അദ്ധ്യാപകരിൽ ആരാണ് നിങ്ങളുടെ കുട്ടിയെ പഠിപ്പിക്കേണ്ടത്?

ഞങ്ങൾക്ക് ഉത്തരം പറഞ്ഞുകൊടുക്കുന്ന ടീച്ചർ മതി. ഒരമ്മ ഒന്നും ആലോചിക്കാതെ പറഞ്ഞു.

അധ്യാപികകൂടിയായ മറ്റൊരമ്മ പറഞ്ഞു: എന്റെ കുട്ടിയെ രണ്ടാമത്തെ ടീച്ചർ പഠിപ്പിച്ചാൽ മതി.

അമ്മമാർ തമ്മിൽ ഇക്കാര്യത്തിൽ തർക്കമായി. അപ്പോഴാണ് ഹെഡ്മാസ്റ്റർ കാര്യത്തിലേക്കു കടന്നത്.

അടുത്ത ദിവസം കുട്ടികൾക്കറിയേണ്ടത് 'ആധു' എന്ന പദത്തിന്റെ അർത്ഥമായിരിക്കും.

കുട്ടി ആദ്യത്തെ ടീച്ചറുടെ മുന്നിലെത്തുന്നുവെന്നു കരുതുക. ടീച്ചർക്കുതന്നെ ചിലപ്പോൾ അതിന്റെ അർത്ഥമറിയണമെന്നില്ല.

ടീച്ചർ എന്താണു ചെയ്യുക?

കുട്ടി കാണാതെ ശബ്ദതാരാവലിയിൽ നോക്കി ഉത്തരം കണ്ടെത്തി പറഞ്ഞുകൊടുക്കും.

രണ്ടാമത്തെ ടീച്ചറോ? ആദ്യം പറഞ്ഞ മാർഗംതന്നെ പറഞ്ഞുകൊടുക്കും. അടുത്ത പദത്തിന്റെ അർത്ഥമറിയാനോ? ജിനു വീണ്ടും ടീച്ചറിന്റെ മുന്നിലെത്തും. ജാനുവോ?

ആ കുട്ടി ആരോടും ചോദിക്കില്ല. സ്വയം ശബ്ദതാരാവലിയിൽനിന്നും കണ്ടെത്തും. അതായത്, ജിനുവിന് ഓരോ പദത്തിന്റെ അർത്ഥമറിയാനും ടീച്ചറുടെ സഹായം വേണം. ജാനുവിനാകട്ടെ ആരുടെയും സഹായം ആവശ്യമില്ല. ശബ്ദതാരാവലി മാത്രം മതി. നോക്കൂ! ഞാൻ മറ്റൊരുദാഹരണംകൂടി പറയാം. എനിക്ക് രണ്ടു മക്കളുണ്ട് ബിനുവും മനുവും.



അവർ ഹൈസ്കൂൾ ക്ലാസിലാണ് പഠിക്കുന്നത്. എന്റെ വീട്ടിൽ 'ദി ഹിന്ദു' എന്ന ഇംഗ്ലീഷ് പത്രം വരുത്തുന്നുണ്ട്.

അതു കുട്ടികൾ കൂടി വായിക്കണമെന്നു കരുതി ഞാൻ അവരെ ഇംഗ്ലീഷ് പഠിപ്പിക്കാൻ തുടങ്ങി.

6th Malayalam_Unit-1.indd 16 3/19/2020 1:21:16 PM

ഞാൻ രണ്ടു പേരെയും ഇംഗ്ലീഷിലെ വാക്യഘടനയൊക്കെ കുറെ പഠിപ്പിച്ചു.

എന്നിട്ട് ബിനുവിനെ ആയിരക്കണക്കിന് ഇംഗ്ലീഷ് പദങ്ങളും പഠിപ്പിച്ചു.



ഒത്തിരി പ്രയാസപ്പെട്ടാണ് പഠിപ്പിച്ചത്. മനുവിനെ ഒരു ഇംഗ്ലീഷ് ഡിക്ഷ്ണറി നോക്കാനാണ് പഠിപ്പിച്ചത്.

അതിന് അധികം പ്രയാസമുണ്ടായതുമില്ല. അതിനു ശേഷം രണ്ടു പേർക്കും പത്രം വായിക്കാൻ നല്കി.

മനുവാകട്ടെ ഡിക്ഷ്നറിയുടെ സഹായത്തോടെ പത്രം വായിക്കാൻ തുടങ്ങി

ബിനു പത്രം വായിക്കാനെടുത്തു. ആദ്യം കണ്ട പദങ്ങൾ തന്നെ അപരിചിതം. അത് അവൻ പഠിച്ച പദങ്ങളിൽപ്പെട്ടതല്ല. എന്തിന്, അവന് വായന മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

ഒരു കഥകൂടി

ഒരു കാര്യം കൂടി പറയട്ടെ. നിങ്ങൾ ലവോത്സയെക്കുറിച്ചു കേട്ടിട്ടുണ്ടോ? അദ്ദേഹം വലിയൊരു ചിന്തകനായിരുന്നു. ജീവിച്ചിരുന്നത് ചൈനയിൽ. ഒരു ദിവസം അദ്ദേഹത്തിന്റെ വീട്ടിൽ രണ്ട് അതിഥികൾ വന്നു.

സമയം ഉച്ചനേരം. ഭക്ഷണം കഴിക്കേണ്ട സമയം. അതിഥികളെ സത്കരിക്കേണ്ടേ? തീർച്ചയായും. ഭക്ഷണം നല്കി സത്കാരമാകാം. നോക്കിയപ്പോഴോ? ഒരാൾക്ക് നല്കാനേ ഭക്ഷണമുള്ളു. അദ്ദേഹം രണ്ടായി പകുത്തില്ല.

ഒരാൾക്കു നന്നായി ഭക്ഷണം നല്കി. രണ്ടാമത്തെ ആളെയും കൂട്ടി അടുത്തുള്ള തടാകക്കരയിലേക്കു പോയി. ചൂണ്ട ഉപയോഗിച്ച് മത്സ്യം പിടിക്കുന്ന വിദ്യ അയാളെ പഠിപ്പിച്ചു.

ലാവോത്സെ അങ്ങനെ രണ്ട് അതിഥികളെയും സത്കരിച്ചു. അദ്ദേഹത്തെ കൂടുതൽ ഇഷ്ടപ്പെട്ടത് ആർക്കായിരിക്കും? നിറയെ അന്നം ലഭിച്ചയാൾക്കുതന്നെയാകും. പക്ഷേ, ലവോത്സെ പറയുന്നത് ഞാൻ എന്റെ രണ്ട് അതിഥികളെയും സത്കരിച്ചു. എങ്കിലും വലിയ സത്കാരം രണ്ടാമനാണ് നല്കിയത്. ഊണ് കൊടുത്തയാൾക്ക് അന്നത്തെ അന്നത്തിനു വക നല്കി. 'ചൂണ്ടയിടുക' എന്ന വിദ്യ കൊടുത്ത ആൾക്ക് എന്നത്തെയും അന്നത്തിനാണ് വക നല്കിയത്.

അതായത്, ഈ സ്കൂളിൽ ജിനുവിനെ പഠിപ്പിച്ചു. ജാനുവിനാകട്ടെ പഠിക്കാനുള്ള വഴി കാണിച്ചുകൊടുത്തു. നമ്മളൊക്കെ മുതിർന്നവരല്ലേ?

6th Malayalam_Unit-1.indd 17 3/19/2020 1:21:17 PM

നമ്മളെയൊക്കെ അധ്യാപകർ പഠിപ്പിച്ചിരിക്കാം. പക്ഷേ, പഠിക്കാനുള്ള വഴി പഠിപ്പിച്ചിട്ടുണ്ടാകില്ല. ഇവിടെ ഉത്തരം പറഞ്ഞു കൊടുക്കാത്ത ടീച്ചർ കുട്ടിക്കു പഠിക്കാനുള്ള വഴി കാണിച്ചുകൊടുക്കുകയായിരുന്നു.

"അനന്തനെന്താ ആലോചിക്കുന്നത്?" ടീച്ചറുടെ ചോദ്യം കേട്ടാണ് അനന്തൻ പ്രസംഗത്തിൽ നിന്നും ഉണർന്നത്.

അവനൊന്ന് ചിരിച്ചതേയുള്ളു. ഉത്തരമൊന്നും പറഞ്ഞില്ല.

"എന്തായാലും അനന്തന് ഒരു നിഘണ്ടു കിട്ടി. പക്ഷേ, നിന്റെ കൂട്ടുകാർക്കൊന്നും നിഘണ്ടുവില്ലല്ലോ". ടീച്ചർ പറഞ്ഞു.

"അതു ശരിയാ ടീച്ചർ. അവർക്കും കൂടി നിഘണ്ടു കിട്ടാൻ എന്താ മാർഗ്ഗം?" അവൻ ടീച്ചറോടുതന്നെ ചോദിച്ചു.

"വരട്ടെ, നമുക്കൊരു മാർഗ്ഗം കണ്ടെത്താം" എന്നായിരുന്നു ടീച്ചറുടെ മറുപടി.

നിഘണ്ടു നിർമ്മാണക്കളി

അടുത്ത ദിവസം ബുധനാഴ്ച ആയിരുന്നു. ആദ്യത്തെ പീരിയഡ് മലയാളമാണ്. ടീച്ചർ ക്ലാസിലെത്തി. മലയാളം ക്ലാസ് തുടങ്ങി. പാഠത്തിൽ പുതിയ പുതിയ പദങ്ങൾ. പുതിയ പദങ്ങളുടെ അർത്ഥം കണ്ടെത്താം. അതിന് ശബ്ദതാരാവലി വേണം.

രജനി ശബ്ദതാരാവലി എടുക്കാൻ പോയി. തിരികെ വന്നത് വെറുംകൈയോടെ.

"എന്തുപറ്റി? എവിടെ നിഘണ്ടു?"

ടീച്ചർ അന്വേഷിച്ചു.

"നിഘണ്ടു ആറാം ക്ലാസ്സിലെ കുട്ടികൾ കൊണ്ടുപോയിരിക്കുന്നു." രജനി തെല്ല് വിഷമത്തോടെയാണ് പറഞ്ഞത്.

"സാരമില്ല. നമുക്ക് സ്വന്തമായൊരു നിഘണ്ടു നിർമ്മിക്കാം." ടീച്ചർ ചിരിച്ചുകൊണ്ടു പറഞ്ഞു.

"സ്വന്തമായൊരു നിഘണ്ടുവോ?" തെല്ലതിശയത്തോടെയായിരുന്നു രജനിയുടെ ചോദ്യം.

"അതെ. അഞ്ചാം ക്ലാസിലെ കുട്ടികൾക്കായൊരു നിഘണ്ടു. നമ്മുടെ ആവശ്യത്തിനു പറ്റിയത്."

ടീച്ചർ ഞങ്ങളെ ഗ്രൂപ്പുകളാക്കി. ആകെ അഞ്ചു ഗ്രൂപ്പ്. ഗ്രൂപ്പുകൾക്ക് ചെറുതായി മുറിച്ച പേപ്പർ കഷണങ്ങൾ തന്നു. ഒരു ഗ്രൂപ്പിന് നൂറു വീതം.

കൂടുതൽ വേണമെങ്കിൽ തരാമെന്നും പറഞ്ഞു. തുടർന്ന് ആകെയുള്ള പാഠങ്ങൾ ഗ്രൂപ്പുകൾക്കായി പകുത്തു.

6th Malayalam_Unit-1.indd 18 3/19/2020 1:21:17 PM

ഒരു ഗ്രൂപ്പിന് നാലുവീതം. പഠിച്ചതും പഠിക്കാത്തതുമായ പാഠങ്ങൾ. ഓരോ ഗ്രൂപ്പും അവർക്കു കിട്ടിയ പാഠങ്ങളിലെ പുതിയ പദങ്ങൾ കണ്ടെത്തണം.

കണ്ടെത്തിയ പദങ്ങൾ തന്നിരിക്കുന്ന ചെറിയ കഷണം പേപ്പറിൽ എഴുതണം.

ഒരു തുണ്ടിൽ ഒന്നെന്ന നിരക്കിൽ എഴുതിക്കഴിഞ്ഞാൽ ആ പദത്തിന്റെ അർത്ഥം കണ്ടെത്തലാണ് അടുത്ത പണി.

അർത്ഥം കണ്ടെത്താൻ പല മാർഗ്ഗങ്ങളാകാം. ഏതെങ്കിലും നിഘണ്ടു പരിശോധിക്കാം. അധ്യാപകനോടു ചോദിക്കാം.

കണ്ടെത്തുന്നതു ശരിയായിരിക്കണമെന്നു മാത്രം. കണ്ടെത്തിയ അർത്ഥം തുണ്ടിലെ പദത്തിനു നേരെ എഴുതണം. ഇപ്പോൾ ഓരോ തുണ്ടിലും പദവും അർത്ഥവുമായില്ലേ. ഇനി എല്ലാ ഗ്രൂപ്പുകാർക്കും തുണ്ടുകൾ ഒന്നിച്ചിടാം.

അടുത്ത പരിപാടി എന്താണെന്നല്ലേ?

നാം അർത്ഥം കണ്ടെത്തിയ ഈ പദങ്ങളെ അക്ഷരമാലാക്രമത്തിലാക്കണം.

അതായത്, തുണ്ടുകൾ അക്ഷരമാലാക്രമത്തിൽ അടുക്കണം.

ടീച്ചർ പറഞ്ഞ ക്രമത്തിൽതന്നെ ഞങ്ങൾ പ്രവർത്തിച്ചു.

ഇത്രയും ജോലി തീർക്കാൻ ഞങ്ങൾക്ക് നാലു ദിവസം വേണ്ടിവന്നു.

പ്രവർത്തനം ചെയ്തുതീർന്നപ്പോൾ ടീച്ചറുടെ വക സമ്മാനം. ഒന്നും എഴുതാത്ത ഒരു പഴയ ഡയറി.

ഈ പദങ്ങളും അർത്ഥങ്ങളും ക്രമത്തിൽ എഴുതാനായിരുന്നു ഡയറി.

രജനിയാണ് തുണ്ടിലെ കാര്യങ്ങൾ ഡയറിയിലേക്കു പകർത്തിയത്.

അതിന് രണ്ടു ദിവസം വേണ്ടിവന്നു.

എഴുതിത്തീർന്ന ദിവസംതന്നെ അത് ടീച്ചറുടെ പക്കൽ കൊടുത്തു. ടീച്ചർ അതു നന്നായി പരിശോധിച്ചു. തെറ്റുകൾ തിരുത്തി. അതിനു ശേഷം ടീച്ചർ പറഞ്ഞു:

“ഇത് അഞ്ചാം ക്ലാസിന്റെ മലയാളം നിഘണ്ടുവാണ്. ഇത് നമ്മുടെ വായനാമൂലയിൽ സൂക്ഷിക്കുന്നു. ഇനി നമ്മുടെ ക്ലാസിന് ശബ്ദതാരാവലിയുടെ ആവശ്യമില്ല. നമുക്ക് അർത്ഥമറിയേണ്ട പദങ്ങളെല്ലാം നമ്മുടെ നിഘണ്ടുവിലുണ്ട്. നിങ്ങൾക്ക് ആവശ്യമുള്ളപ്പോൾ സ്വയം പരിശോധിക്കാം. ഉത്തരം കണ്ടെത്താം”.

’ഇതുപോലെ എല്ലാ ക്ലാസുകൾക്കും നിഘണ്ടു നിർമ്മിക്കാമല്ലോ.’ രവിയാണ് അഭിപ്രായപ്പെട്ടത്.

’തീർച്ചയായും നിർമ്മിക്കാം. ആറാം ക്ലാസുകാർക്ക് അവരുടെ നിഘണ്ടു. ഏഴാം ക്ലാസുകാർക്ക് അവരുടേതും. അങ്ങനെ ഓരോ ക്ലാസുകാർക്കും.

6th Malayalam_Unit-1.indd 19 3/19/2020 1:21:17 PM

ഇത് ഒരു നിഘണ്ടുവാണ്. ഇതുപോലെ പലതരം നിഘണ്ടു നമ്മുടെ ക്ലാസി നുവേണ്ടി ഇനിയും നിർമ്മിക്കാം.

പലതരം നിഘണ്ടു! "പലതരം നിഘണ്ടുക്കൾ ഏതൊക്കെയാണ്?" ടീച്ചർ പറഞ്ഞു തീരുംമുമ്പേ അനന്തൻ സംശയം ഉന്നയിച്ചു.

"നിങ്ങളുടെ പാഠഭാഗങ്ങളിൽ ഒത്തിരി പ്രാദേശികപദങ്ങളുണ്ട്. അത്തരം പദങ്ങൾ ശബ്ദതാരാവലിയിലോ മറ്റു വലിയ നിഘണ്ടുക്കളിലോ കാണണമെന്നില്ല. ആ പദങ്ങൾ ചില പ്രത്യേക സ്ഥലത്തുമാത്രം ഉപയോഗിക്കുന്നവയാണ്. അതിന്റെ അർത്ഥം ആ നാട്ടിലെ ജനങ്ങളോടു ചോദിച്ചാണ് മനസ്സിലാക്കേണ്ടത്. നമ്മുടെ നാട്ടിലുള്ളവർ അവിടെ പോയി താമസിച്ചിട്ടുണ്ടെങ്കിൽ അവർക്കുമറിയാം. ഒരു പ്രാദേശികഭാഷാനിഘണ്ടു വേണമെങ്കിൽ നിങ്ങൾക്കും നിർമ്മിക്കാം." "അതിനെന്താ ചെയ്യേണ്ടത്?" "ആദ്യം പ്രാദേശികപദങ്ങൾ കഴിയുന്നത് ശേഖരിക്കാം." "പിന്നെയോ?" "അതിന്റെ അർത്ഥവും." "അതെങ്ങനെയാ?" "മുതിർന്നവരോടു ചോദിക്കുക." "അധ്യാപകരോടു ചോദിക്കുക."

"മറ്റു നാട്ടിലുള്ളവരെ പരിചയപ്പെട്ടാൽ അവരോടു ചോദിക്കുക. നമ്മുടെ നാട്ടിലുള്ളവർ മറ്റു പ്രദേശത്തു താമസിച്ചിട്ടുള്ളവരാണെങ്കിൽ അവരോടും ചോദിക്കാം."

"അത്ര പെട്ടെന്ന് തീർക്കാമെന്നു കരുതണ്ട. ഒത്തിരി സമയം വേണ്ടിവരും. ഒത്തിരി ജോലിയും ചെയ്യേണ്ടിവരും. നമ്മുടെ ക്ലാസിനുവേണ്ടിത്തന്നെ വേറെയും നിഘണ്ടുക്കൾ നിർമ്മിക്കാം."

പല പല പദകോശങ്ങൾ! നിങ്ങൾ പദവും അർത്ഥവും ശേഖരിച്ചില്ലേ. അതു പോലെ പദവും പര്യായവും ശേഖരിച്ചാൽ 'പര്യായ പദകോശമായി."

"അങ്ങനെയെങ്കിൽ 'വിപരീത പദകോശവും' നിർമ്മിക്കാമല്ലോ ടീച്ചർ?"

അത് ആര്യയുടെ കണ്ടെത്തലായിരുന്നു.

"തീർച്ചയായും നിർമ്മിക്കാം. നിർമ്മിക്കാമെന്നല്ല, നിങ്ങൾ നിർമ്മിക്കതന്നെ വേണം. ഇതെല്ലാം പാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങളാണല്ലോ! ഇങ്ങനെ അല്ലാതെയും നിഘണ്ടു നിർമ്മിക്കാം. നമ്മുടെ നാട്ടിലുള്ളവർ അധികവും കൃഷിക്കാരാണ്. കൃഷിയുമായി ബന്ധപ്പെട്ട എത്ര പദങ്ങൾ വേണമെങ്കിലും ന മുക്കു ശേഖരിക്കാം. ഇങ്ങനെ ശേഖരിക്കുന്ന പദങ്ങളുടെ അർത്ഥവും വിശദീകരണവും കൃഷി ചെയ്യുന്നവരിൽ നിന്നുതന്നെ ലഭിക്കും. ഈ പദങ്ങളെ അകാരാദിക്രമത്തിൽ അടുക്കിയാൽ 'കാർഷികപദകോശ'മായി. ശേഖരിക്കുന്നത് അടുക്കളയുമായി ബന്ധപ്പെട്ട പദങ്ങളാണെങ്കിലോ?"

"അടുക്കളപദകോശം." ഉത്തരം പറഞ്ഞത് രജനിയാണ്.

6th Malayalam_Unit-1.indd 20 3/19/2020 1:21:17 PM

“ഇതെല്ലാം നിർമ്മിച്ചാൽ നമ്മൾ എവിടെയാണ് സൂക്ഷിക്കുന്നത്? ’

“വായനമൂലയിൽ.” ആര്യ ഉത്തരം നല്കി.

“അങ്ങനെയെങ്കിൽ നമ്മുടെ വായനമൂലയിൽ എത്ര നിഘണ്ടു ഉണ്ടാകും?”

“ഒന്നോർത്തു നോക്കൂ.”

പ്രവൃത്തിപരിചയം

- ഇതുപോലുള്ള കഥകൾ എഴുതുകയും വായിക്കുകയും ചെയ്യുക.
- കലോത്സവങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ വാങ്ങിയവരുടെ ഫോട്ടോ ആൽബം തയ്യാറാക്കുക.

മൂല്യനിർണയം

വിട്ട ഭാഗം പൂരിപ്പിക്കുക

1. ബാലകലോത്സവത്തിന് പങ്കെടുത്ത അനന്തന് കിട്ടിയ സമ്മാനം _____ ആണ്.

   അ) നോവൽ

   ആ) കഥാപുസ്തകം

   ഇ) കവിതാപുസ്തകം

   ഈ) നിഘണ്ടു

2. ചിന്തകനായ ലവോത്സെ _____ യിൽ ജനിച്ചു.

   അ) ചൈന

   ആ) അമേരിക്ക

   ഇ) ഇന്ത്യ

   ഈ) ജർമനി

6th Malayalam_Unit-1.indd 21 3/19/2020 1:21:17 PM

3. ഉത്തരമെഴുതുക

1. സ്വന്തമായി ഒരു നിഘണ്ടു തയ്യാറാക്കുന്നതെങ്ങനെ?
2. പ്രാദേശിക ഭാഷാ നിഘണ്ടു എന്നാലെന്ത്?
3. പദകോശങ്ങൾ എന്നാൽ എന്ത്?
4. പുസ്തകങ്ങൾ ശേഖരിച്ചു വെക്കുന്ന സ്ഥലത്തിന്റെ പേരെന്ത്?
5. ആരാണ് ലവോസ്യെ എന്നറിയപ്പെടുന്നത്?

വായിക്കാം, കണ്ടെത്താം

- ചുമതലകൾ ഏറ്റെടുക്കാനുള്ള ആത്മധൈര്യം നൽകുന്ന കഥകൾ വായിക്കുക.
- അടുത്തുള്ള വായനശാല സന്ദർശിക്കുക.

അധിക വായനക്ക്

ഈ ഗദ്യഭാഗത്തിന് ഉചിതമായ ഒരു ശീർഷകം നൽകുക.

ഞാൻ ജനാല വഴി പുറത്തേക്ക് നോക്കി. സൂര്യൻ മുകളിലെത്തിയിരുന്നു. സുഖകരമായ ഇളം കാറ്റ് വീശുന്നുണ്ട്. എല്ലായ്പോഴും പ്രകൃതിയോടിണങ്ങി ജീവിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. എന്റെ ഉറ്റചങ്ങാതിയായ പ്രകൃതി പാതവക്കിലെ നാട്ടുമാവിനെപ്പോലെ കൈയയച്ച് ദാനം ചെയ്യുന്നു. ആളുകൾ വലിച്ചെടുക്കും.എന്നാലും വിശപ്പകറ്റാൻ ഫലം നൽകും. രാമേശ്വരത്തോ തുമ്പയിലോ ചന്ദിപ്പൂരിലോ ഉള്ള കടലോരങ്ങളിലും പൊക്രാനിലെ മരുഭൂമിയിലും ഹൈദരാബാദിലെ കൂറ്റൻ പാറക്കെട്ടുകളിലും എന്നുവേണ്ട ഞാൻ ജോലിചെയ്തിട്ടുള്ള ഏതു സ്ഥലത്തും പ്രകൃതിയുടെ കനിവുറ്റ സാന്നിധ്യം ഞാൻ അനുഭവിച്ചറിഞ്ഞു. സമസ്ത ജീവജാലങ്ങളിലും കുടികൊള്ളുന്ന ഈശ്വര ചൈതന്യത്തെക്കുറിച്ച് അതെന്നെ ബോധവാനാക്കി.



-ജ്വലിക്കുന്ന മനസ്സുകൾ.

അബ്ദുൽ കലാം.

വ്യാകരണം: സ്വരങ്ങളും വ്യഞ്ജനങ്ങളും- ആവർത്തനം

6th Malayalam_Unit-1.indd 22 3/19/2020 1:21:18 PM

ഭാഗം

2

പ്രകൃതി ഒരു വരദാനം



പഠനലക്ഷ്യങ്ങൾ

- പ്രകൃതിസമ്പത്തിനെ കണ്ടറിയൽ.
- പ്രകൃതിസംരക്ഷണം
- വൃക്ഷങ്ങൾ ഇല്ലെങ്കിൽ മഴ പെയ്യില്ല എന്ന തിരിച്ചറിവ്.
- മഴയും കൃഷിയും മനസ്സിലാക്കൽ.

പാഠഭാഗങ്ങൾ

കവിത	-	ഒരു തൈ നടുമ്പോൾ
ഗദ്യം	-	ഞാറ്റുവേല
അധികവായനക്ക്	-	ഓർമ്മകളുടെ തീരത്ത് കളിച്ചും ചിരിച്ചും
വ്യാകരണം	-	അക്ഷരമാല - വിവരണം

6th Malayalam_Unit-2.indd 23 3/19/2020 1:22:05 PM

കവിത

ഒരു തൈ നടുമ്പോൾ

ഒ.എൻ.വി കുറുപ്പ്

കവിയെ പരിചയപ്പെടാം



ഒ.എൻ.വി കുറുപ്പ് [19312016]: മലയാളത്തിലെ പ്രശസ്തകവിയാണ് ഒ.എൻ.വികുറുപ്പ്. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്നാണ് പൂർണ്ണ നാമം. 1982 മുതൽ 1987 വരെ സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010 ൽ ലഭിച്ചു. പത്മശ്രീ (1998) പത്മവിഭൂഷൻ (2011) ബഹുമതികൾ നൽകി കേന്ദ്രസർക്കാർ ആദരിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ: മയിൽപ്പീലി, അഗ്നിശലഭങ്ങൾ, അക്ഷരം, ഭൂമിക്കൊരു ചരമഗീതം, മൃഗയ, ഉജ്ജയിനി എന്നിവയാണ്

മരങ്ങൾ ഇല്ലാതാകുമ്പോൾ നഷ്ടപ്പെടുന്നത് ഭൂമിയുടെ സൗന്ദര്യം മാത്രമല്ല ജൈവശേഷി കൂടിയാണ്. മരങ്ങൾ നടുന്നത് വഴി പ്രകൃതിക്കും നമ്മുടെ ജീവിതത്തിനും ശക്തിയും സൗന്ദര്യവും പകരുകയാണ് ചെയ്യുന്നത് എന്ന ആശയത്തെ മനോഹരമായി അവതരിപ്പിക്കുന്ന കവിതയാണിത്. 'ഒരു തൈ നടുമ്പോൾ പല തൈ നടുന്നു' എന്ന് കവി പറയുമ്പോൾ ഒരു വൃക്ഷം നടുമ്പോൾ ജീവിതത്തിലെ പല നന്മകൾക്ക് അത് കാരണമാകുന്നു എന്നാണ് ഉദ്ദേശിക്കുന്നത്.



6th Malayalam_Unit-2.indd 24 3/19/2020 1:22:06 PM

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു!

നടു നിവർക്കാനൊരു
കുളുർനിഴൽ നടുന്നു

പകലുറക്കത്തിനൊരു
മലർവിരി നടന്നു

മണ്ണിലും വിണ്ണിന്റെ
മാറിലെച്ചാന്തുതൊ
ട്ടഞ്ജനമിടുന്നു.

ഒരു വസന്തത്തിന്നു
വളർപന്തൽ കെട്ടുവാൻ
ഒരു കാൽ നടുന്നു.

ആയിരം പാത്രത്തി
ലാത്മഗന്ധം പകർ
ന്നാടുമൃതുകന്യയുടെ
യാർദ്രത നടുന്നു.

തളിരായുമിലയായു
മിതൾ വിരിയുമഴകായു
മിവിടെ നിറമേളകൾ



6th Malayalam_Unit-2.indd 25 3/19/2020 1:22:09 PM

മിഴികളിൽ നടന്നു.

ശാരികപ്പെണ്ണിന്നു
താണിരുന്നാടാനൊ
രൂഞ്ഞാൽ നടുന്നു.

കിളിമകൾപ്പെണ്ണിന്റെ
തേൻകുടം വെക്കാനൊ
രുറിയും നടുന്നൂ.

അണ്ണാറക്കണ്ണനും
പൊന്നോണമുണ്ണുന്ന
പുകിലുകൾ നടുന്നു.

കൊതിയൂറി നിൽക്കുന്ന
കുസൃതിക്കുരുന്നിന്റെ
കൈനിറയെ മടി നിറയെ
മധുരം നടുന്നു.



6th Malayalam_Unit-2.indd 26 3/19/2020 1:22:12 PM



ഒന്നിച്ചിറങ്ങാൻ
ഒതുക്കുകൾ നടുന്നു.

കട്ടു മതിയാവാത്ത
കാട്ടിലെക്കള്ളനും
നാട്ടിലെക്കള്ളനും
നടുവഴിയിലെത്തവേ
വാനോളമുയരത്തിൽ
വാവൽ കരിങ്കൊടികൾ
കാട്ടുവാൻ വീറെഴും
കൈയുകൾ നടുന്നു.

ഒരു തൈ നടുമ്പോൾ
പല തൈ നടുന്നു!
പല തൈ നടുന്നു.
പല തണൽ നടുന്നു!

6th Malayalam_Unit-2.indd 27 3/19/2020 1:22:15 PM

കണ്ടെത്താം പറയാം

- ഒരു തൈ നടുമ്പോൾ എന്തെല്ലാം സംഭവിക്കുന്നുവെന്നാണ് കവി പറയുന്നത്.
- ആയിരം പാത്രത്തിലാത്മഗന്ധം പകർ-

  ന്നാടുമ്യതു കന്യയുടെയാർദ്രത നടുന്നു-

എന്ന വരികൾക്ക് കവി നൽകുന്ന ആശയം വിവരിക്കുക.

കണ്ടെത്താം എഴുതാം

ആയിരം പാത്രത്തി-

ലാത്മഗന്ധം പകർ-

ന്നാടുമ്യതുകന്യയുടെ

യാർദ്രത നടുന്നു.

ഇതുപോലെ വേറെയും മനോഹരരംഗങ്ങൾ ഈ കവിതയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കണ്ടെത്തി എഴുതൂ.

കാവ്യാലാപനം

- കവിതയുടെ ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഉചിതമായ ശബ്ദ വിന്യാസത്തോടെ ചൊല്ലി അവതരിപ്പിക്കൂ.

ആസ്വാദനക്കുറിപ്പ്

- കവിതയുടെ ആശയം, പ്രയോഗ വിശേഷങ്ങൾ, മനസ്സിലുണർത്തുന്ന വികാരങ്ങൾ എന്നിവ പരിഗണിച്ച് ഈ കവിതയ്ക്ക് ഒരു ആസ്വാദനം എഴുതൂ.

6th Malayalam_Unit-2.indd 28 3/19/2020 1:22:15 PM

ഗദ്യം

ഞാറ്റുവേല

മറ്റു ദേശങ്ങളിൽനിന്ന് കേരളത്തെ വേറിട്ടു നിർത്തുന്നതിൽ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും നിർണായകമായ പങ്കുണ്ട്. കേരളത്തിലെ ഞാറ്റുവേലക്ക് കാർഷിക ജീവിതവുമായി അഭേദ്യമായ ബന്ധമാണുള്ളത്. ഞാറ്റുവേലയുടെ സവിശേഷതകളെ പരിചയപ്പെടുത്തുന്ന ലേഖനം തയ്യാറാക്കിയത് പാഠപുസ്തക സമിതി അംഗമായ ജയശ്രീ രമേശാണ്.

സൂര്യൻ ഒരു നക്ഷത്രത്തിന്റെ കൂടെ നിൽക്കുന്ന സമയമാണ് ഞാറ്റുവേല. ഞായറ്റ് എന്നാൽ സൂര്യൻ. വേല എന്നാൽ വേള. സമയമെന്ന് അർത്ഥം. സൂര്യൻ ഒരു രാശിയിൽ പ്രവേശിക്കുക വഴി അതിലുള്ള നക്ഷത്രത്തെ സമീപിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണമായി സൂര്യൻ മേടം രാശിയിൽ പ്രവേശിക്കുമ്പോൾ ആദ്യമായി അശ്വതി നക്ഷത്രത്തോടടുക്കുന്നു. അശ്വതി നക്ഷത്രം ആയിരിക്കും സൂര്യനടുത്ത് നിൽക്കുക. സൂര്യന്റെ ദിശയിൽതന്നെ ഏകദേശമായി നക്ഷത്രങ്ങളെയും കാണുന്നു എന്നേ ഇതിനർത്ഥമുള്ളൂ. ഇങ്ങനെ സൂര്യൻ അശ്വതി നക്ഷത്രത്തിന്റെ കൂടെ സഞ്ചരിക്കുന്ന കാലമാണ് അശ്വതി ഞാറ്റുവേല. പിന്നീട് ഭരണി നക്ഷത്രത്തിന്റെ കൂടെ സൂര്യൻ സഞ്ചരിക്കുന്നതായി തോന്നുന്നു. ആ കാലയളവ് ഭരണി ഞാറ്റുവേലയാണ്. നമ്മൾ മലയാളികൾക്ക് അശ്വതി, ഭരണി ,കാർത്തിക, തുടങ്ങി ഓരോ നക്ഷത്രത്തിന്റേയും അടുത്തുനിൽക്കുന്ന കാലത്തെയാണ് ഞാറ്റുവേല എന്ന് പറയുന്നത്.ഒരു വർഷത്തിൽ 27 ഞാറ്റുവേലകളുള്ളതിനാൽ ഒരു ഞാറ്റുവേലയുടെ ശരാശരി സമയം



6th Malayalam_Unit-2.indd 29 3/19/2020 1:22:17 PM

പതിമൂന്നരദിവസങ്ങളാണ്.മേടമാസത്തിൽ അശ്വതിയും ഭരണിയും ഞാറ്റുവേലകൾ കഴിഞ്ഞാൽ മൂന്നുനാലു ദിവസമേ ബാക്കിയുള്ളൂ. കാർത്തിക ഞാറ്റുവേലയുടെ ബാക്കി ദിവസങ്ങൾ ഇടവ മാസത്തിലാണ്. ഇതുപോലെ രണ്ടു മാസങ്ങളിലുമായി കിടക്കുന്ന ഞാറ്റുവേലകൾ വേറെയുമുണ്ട്.

ഞാറ്റുവേല നോക്കിയാണ് കേരളത്തിൽ കൃഷി ചെയ്യുന്നത്. ഞാറ്റുവേല നോക്കി കൃഷി ചെയ്താൽ കൃഷി നശിക്കുകയുമില്ല, ചെലവും കുറയ്ക്കാം. ഞാറ്റുവേലകളിൽ പ്രധാനപ്പെട്ടവ തിരുവാതിര, പുണർതം, പൂയം, ആയില്യം എന്നിവയാണ്. തിരുവാതിര ഞാറ്റുവേലയിൽ പെരുമഴ ഉണ്ടാകുമെന്നും ഫലമൂലങ്ങൾ വർധിക്കുമെന്നാണ് പറയാറ്. കുരുമുളക് വള്ളിയുടെ ഞാലി നടേണ്ട സമയമാണ് ഇത്. പണ്ട് കുരുമുളകു കൊടി ഇവിടെനിന്ന് വിദേശീയർ കൊണ്ടുപോയപ്പോൾ സാമൂതിരി ഇങ്ങനെ പറഞ്ഞു. "നമ്മുടെ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാനാകില്ലല്ലോ" എന്ന്. ഞാറ്റുവേലയും കൃഷിയും തമ്മിലുള്ള സൂക്ഷ്മബന്ധത്തെയാണ് ഇത് കാണിക്കുന്നത്.





ഞാറ്റുവേല എന്നു വെച്ചാൽ മഴക്കാലത്തോട് ബന്ധപ്പെട്ട ഒരു കാര്യം എന്നു മാത്രം കരുതരുത്. എന്നും സൂര്യൻ ഏതെങ്കിലും ഒരു നക്ഷത്രത്തിന്റെ സമീപമായിരിക്കും. ഒന്നിന്റെ പരിധി വിട്ടാൽ മറ്റൊന്നിന്റെ പരിധിക്കകത്ത് വരുന്നു. അതുകൊണ്ട് ഏതൊരു ദിവസവും ഒരു ഞാറ്റുവേലയിൽ പെടുന്നു. ദിവസവും സമയവും കൃത്യമായി പറയാൻ കണക്കുകളുണ്ട്.ചന്ദ്രതാരങ്ങൾ ചിലതെല്ലാം രാശിചക്രത്തിന് പുറത്താണ് നിൽക്കുന്നതെങ്കിലും അവ അതാതു രാശികൾക്ക് അടുത്തുതന്നെ സ്ഥിതി ചെയ്യുന്നതിനാൽ ആ പേരുകളിൽ തന്നെ ഞാറ്റുവേലകളും അറിയപ്പെടുന്നു.

പ്രവൃത്തിപരിചയം

- ഞാറ്റുവേലയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ കണ്ടെത്തി എഴുതുക.
- പ്രധാനപ്പെട്ട ഞാറ്റുവേലകളുടെ പട്ടിക തയ്യാറാക്കുക.
- നക്ഷത്രങ്ങളെയും രാശികളേയും പരിചയപ്പെടുക. ഓരോ നക്ഷത്രങ്ങളും, ഏതു രാശികളിൽ പെടുന്നു എന്ന് കണ്ടെത്തി നിങ്ങളുടെ ജന്മനക്ഷത്രവും രാശിയും കണ്ടുപിടിക്കുക.

6th Malayalam_Unit-2.indd 30 3/19/2020 1:22:27 PM

II. മൂല്യനിർണയം

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. സൂര്യൻ മേടരാശിയിൽ പ്രവേശിക്കുമ്പോൾ ആദ്യമായി അടുക്കുന്ന നക്ഷത്രം.

   അ) ഭരണി

   ആ) അശ്വതി

   ഇ) കാർത്തിക

   ഈ) മകം

2. മലയാളികൾക്ക് എത്ര ഞാറ്റുവേലകളാണുള്ളത്?

   അ) 32

   ആ) 18

   ഇ) 27

   ഈ) 12

3. കാർത്തിക ഞാറ്റുവേലയുടെ ബാക്കി ദിവസങ്ങൾ ഏത് മാസത്തിലാണ് വരുന്നത്?

   അ) മേടം

   ആ) ഇടവം

   ഇ) മിഥുനം

   ഈ) കർക്കിടകം.

4. ഞാറ്റുവേല നോക്കി കൃഷി ചെയ്യുന്ന സംസ്ഥാനം.

   അ) തമിഴ്നാട്

   ആ) കർണാടകം

   ഇ) കേരളം

   ഈ) ലക്ഷദ്വീപ്

5. കുരുമുളക്കൊടി കേരളത്തിൽനിന്ന് കൊണ്ടുപോയത്.

   അ) വിദേശീയർ

   ആ) ബ്രിട്ടീഷുകാർ

   ഇ) ഫ്രഞ്ചുകാർ

   ഈ) ഗ്രീക്കുകാർ

6th Malayalam_Unit-2.indd 31 3/19/2020 1:22:27 PM

പൂരിപ്പിക്കുക.

1. സൂര്യൻ ഒരു നക്ഷത്രത്തിന്റെ കൂടെ നിൽക്കുന്ന സമയമാണ് _____

2. ഒരു ഞാറ്റുവേലയുടെ ശരാശരി സമയം _____ ദിവസമാണ്.

3. കുരുമുളക് വള്ളിയുടെ ഞാലി നടേണ്ട ഞാറ്റുവേലയാണ് _____

4. സൂര്യൻ എന്നും ഏതെങ്കിലുമൊരു _____ ന്റെ സമീപ മായിരിക്കും.

5. ചന്ദ്രതാരങ്ങൾ ചിലതെല്ലാം _____ പുറത്താണ് നിൽക്കുന്നത്.

ചുരുക്കി ഉത്തരമെഴുതുക

1. ഞാറ്റുവേലകൾ ആ പേരിൽ തന്നെ അറിയപ്പെടാൻ കാരണം എന്ത്?

2. പ്രധാനപ്പെട്ട ഞാറ്റുവേലകൾ ഏതെല്ലാമാണ്? അവ നോക്കി കൃഷി ചെയ്താലുള്ള ഗുണങ്ങൾ എന്തെല്ലാമാണ്?

3. അശ്വതി ഞാറ്റുവേല എന്നാൽ എന്താണ് മനസ്സിലാക്കേണ്ടത്?

4. തിരുവാതിര ഞാറ്റുവേലയുടെ പ്രത്യേകത എന്ത്?

5. ഞാറ്റുവേലയും കൃഷിയും തമ്മിലുള്ള സൂക്ഷ്മബന്ധത്തെ കുറിക്കുന്ന സാമൂതിരിയുടെ ചൊല്ലെന്താണ്?



6th Malayalam_Unit-2.indd 32 3/19/2020 1:22:30 PM

അധികവായനക്ക്

ആത്മകഥ

ഓർമകളുടെ തീരത്ത് കളിച്ചും ചിരിച്ചും

തകഴി ശിവശങ്കരപ്പിള്ള

തകഴി ശിവശങ്കരപ്പിള്ള [1912 1999]: നോവൽ, ചെറുകഥ എന്നീ ശാഖകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മലയാള സാഹിത്യകാരനാണ് തകഴി ശിവശങ്കരപ്പിള്ള. കുട്ടനാടിന്റെ ഇതിഹാസകാരൻ എന്ന് വിശേഷിപ്പിക്കുന്ന ഇദ്ദേഹം 1984ലെ ജ്ഞാനപീഠം പുരസ്കാരത്തിന് അർഹനായി. ചെറുകഥ, സഞ്ചാരസാഹിത്യം, ആത്മകഥ എന്നീ മേഖലകളിലെല്ലാം അദ്ദേഹം മലയാളസാഹിത്യത്തിന് സംഭാവനകൾ നൽകിയിട്ടുണ്ട്. രണ്ടിടങ്ങഴി, ചെമ്മീൻ, ഏണിപ്പടികൾ, കയർ എന്നീ നോവലുകൾ ഒട്ടേറെ വിദേശഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ചെമ്മീൻ, ഏണിപ്പടികൾ, അനുഭവങ്ങൾ പാളിച്ചകൾ, കയർ പ്രധാനകൃതികളാണ്.



അറുപത് എഴുപതു വർഷങ്ങൾക്കുമുമ്പുള്ള കാര്യമാണ്. അന്നു തകഴിയിൽ ശങ്കരമംഗലം പണിതിട്ടില്ല. പടഹാരത്ത് കുടുംബ വീട്ടിലായിരുന്നു. കരുവാറ്റ സ്കൂളിൽ പഠിക്കുന്ന കാലം.ആദ്യമായി ചമ്പക്കുളം വള്ളംകളി കാണാൻ പോയ കാര്യമാണ് പറഞ്ഞുവരുന്നത്. പടഹാരം കടവിൽ നിന്ന് ഒറ്റയ്ക്ക്, ഒറ്റത്തടിയിൽ പണിത ഒറ്റത്തുഴ കൊതുമ്പുവള്ളത്തിൽ ചമ്പക്കുളത്തേക്കുപോയി. പൂക്കൈതയാറും കടന്ന് ചമ്പക്കുളത്തേക്കു തുഴഞ്ഞു പോയി.ആറ് നിറയെ വള്ളങ്ങൾ; കളിവള്ളങ്ങളും അല്ലാത്തതും. എന്തൊരു കാഴ്ചയായിരുന്നു! ആറ്റിൽ തുഴഞ്ഞുനടന്ന് ഞാൻ കളി കണ്ടു. അന്ന് മത്സരമില്ലായിരുന്നു. അന്ന് ഏതൊക്കെ വള്ളമാണെന്ന് ഓർമയില്ല. "നടുഭാഗ"വും 'പാർഥസാരഥി' യും ഈ രണ്ട് പേരുകൾ ഇന്നും ഓർമിക്കുന്നു.കളിവള്ളങ്ങൾ ആടിപ്പാടി നീങ്ങുന്നത് കാണേണ്ട കാഴ്ചതന്നെ. അതു കാണുമ്പോഴുള്ള ആവേശം, അതൊന്നുവേറെ. എന്നെപ്പോലെ കൊതുമ്പുവള്ളത്തിൽ കളി കാണാൻ വന്നവർ ഒട്ടേറെയുണ്ട്. അന്നൊക്കെ ഞങ്ങൾ കളിവള്ളങ്ങൾക്കിടയിലൂടെ തുഴഞ്ഞു പോകും. ആവേശം മൂക്കുമ്പോൾ വള്ളത്തിലിരുന്ന് തുള്ളും. കൊതുമ്പുവള്ളം മുങ്ങും. വെള്ളത്തിൽ മുങ്ങിപ്പൊങ്ങി, കനം കുറഞ്ഞ വള്ളം പൊക്കിയെടുത്ത് തിരിച്ചിട്ട് വീണ്ടും കയറി തുഴയും.

ഇപ്പോൾ ഞാൻ വള്ളംകളി കണ്ടിട്ട് മുപ്പതുവർഷമെങ്കിലും ആയിക്കാണും. പഴയ രസമൊക്കെ പോയോ എന്നു സംശയം. ഇന്ന് വേഗത്തിനല്ലേ പ്രാധാന്യം! കളി കാണാൻ ടിക്കറ്റും എടുക്കണമല്ലോ. പിന്നെയും പിറകോട്ടു പോവാം. എന്റെ കുട്ടിക്കാലത്ത് നാട്ടിൻപുറത്തുള്ള കായിക വിനോദങ്ങളെല്ലാം

6th Malayalam_Unit-2.indd 33 3/19/2020 1:22:30 PM



തകഴിയിലും ഉണ്ടായിരുന്നു. കുട്ടിയും കോലുംകളി, പന്തുകളി, കിളിത്തട്ട്, കുടുകുടു (ഇന്നത്തെ കബഡിയുടെ പ്രാചീനരൂപം) ഇങ്ങനെ കുറേ വിനോദങ്ങൾ. ഈ കളിയിലെല്ലാം കൂട്ടുകാരുമൊത്ത് പങ്കുകൂടിയിട്ടുണ്ട്. പക്ഷേ, ഒന്നിലും മിടുക്കുണ്ടായിരുന്നില്ല. ഒറ്റയ്ക്ക് ഒറ്റയ്ക്ക് ഉള്ള കളികളിൽ എന്നെയും ചേർക്കും. എന്തെന്നാൽ, മോശമായിക്കളിച്ചാൽ നഷ്ടം എനിക്ക് മാത്രമാണല്ലോ. കൂട്ടുചേർന്നുള്ള കളിയിൽ ഒരു കക്ഷിക്കും എന്നെ വേണ്ടായിരുന്നു. അന്ന് കൂട്ടത്തിൽ കളിച്ചിട്ടുള്ള ചില കൂട്ടുകാരെ ഞാൻ ഓർക്കുന്നു കല്ലേലിൽ കേശവൻ, അരിപ്പുറത്ത് കളത്തിൽ പരമേശ്വരൻ. പേരുപറഞ്ഞ രണ്ടുപേരും ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയി.അമ്മയുടെയും അച്ഛന്റെയും ഏക മകൻ; ചേച്ചിയുടെ ഏക ആങ്ങള. മരുമക്കത്തായത്തിന്റെ തകർച്ചയുടെ കാലമായിരുന്നുവെങ്കിലും അമ്മാവൻമാരും കൊച്ചമ്മമാരും വാത്സല്യത്തോടെ എന്നെ വളർത്തുകയായിരുന്നു. അമ്പലമുറ്റത്തും മുട്ടശ്ശേരി പറമ്പിലും എല്ലാം പിള്ളരുകൂടി പലവിധ കളികളുണ്ട്. കളിക്കാൻ പോവാൻ ആരും അനുവദിക്കാറില്ല. ഉരുണ്ടുവീഴും, കാലും കൈയും ഒക്കെ പൊട്ടും, ഉളുക്കും; ഒടിഞ്ഞെന്നും വരും. കളികൾ കണ്ടുകൊണ്ടിരുന്നാൽ കുറ്റമില്ല.എനിക്ക് എല്ലാ കളികളും അറിയാം; കുട്ടിയും കോലും കിളിത്തട്ടും കുടുകുടുവും എല്ലാം. ഒരു കുട്ടനാടൻ ഗ്രാമത്തിൽ ജനിച്ചുവളർന്ന എനിക്ക് സായിപ്പ് കൊണ്ടുവന്നിട്ടുള്ള കളികളെക്കുറിച്ച് വലിയ ഗ്രാഹ്യമില്ല. ചീട്ടുകളി ഇന്നും എനിക്ക് അറിഞ്ഞുകൂടാ.

അമ്പലപ്പുഴ കടപ്പുറത്തുണ്ടായിരുന്ന സ്കൂളിൽ ചേർന്നപ്പോഴുള്ള കായികവിനോദം രാവിലെയും വൈകീട്ടും സ്കൂളിലേക്കും തിരിച്ച് വീട്ടിലേക്കും ഉള്ള പത്തുമൈൽ നടപ്പായിരുന്നു. കടപ്പുറവുമായി ഒരടുപ്പം അക്കാലത്തുണ്ടായി.

6th Malayalam_Unit-2.indd 34 3/19/2020 1:22:33 PM



ഉച്ചയ്ക്ക് ഒരുമണിക്കൂർ ഇളവുണ്ട്. വീട്ടിൽ നിന്ന് പൊതികെട്ടിക്കൊണ്ടുപോകുന്ന ചോറ് വാരിത്തിന്നെന്നു വരുത്തി കടപ്പുറത്തേക്ക് ഒരൊറ്റ ഓട്ടമാണ്. കൂട്ടുകാരും ഉണ്ടാകും. മുണ്ടും ഷർട്ടും ഊരി കടൽക്കരയിൽ വെള്ളം കയറാത്ത സ്ഥലത്തുവച്ച് കടലിലേക്ക് ഒരൊറ്റച്ചാട്ടം. ഈ നീന്തൽ മത്സരത്തിൽ ഞാൻ എന്റെ കൂട്ടുകാരെ തോൽപ്പിക്കാറുണ്ട്. കടലിലെ നീന്തൽ മത്സരത്തിൽ ഞാൻ ഒന്നാമനായിരുന്നു എന്നു പറയാം.എനിക്ക് തന്റേടമായി. ഉരുണ്ടുവരുന്ന തിരയുടെ അകത്തേക്ക് ഊളിയിട്ട് അപ്പുറം കടക്കാനുള്ള എന്റെ മിടുക്ക് എല്ലാവരും അറിഞ്ഞു. ചിലർ എന്നെ പേടിപ്പിച്ചു. തിരയ്ക്കുള്ളിലേക്ക് ഊളിയിടുമ്പോൾ, തിര ഒടിച്ചുകുത്തി, ഊളിയിടുന്ന ആളിനെ ചുരുട്ടിക്കെട്ടി കരയിൽ കൊണ്ടുവന്നടിക്കുമെന്ന് അവർ പറഞ്ഞു. എനിക്കൊന്നും കാര്യമായി തോന്നിയില്ല. ഒരുദിവസം അതു സംഭവിച്ചു. ഉരുണ്ടുവന്ന് ഒടിച്ചുകുത്തുന്ന തിരയിൽ ഞാൻ പെട്ടു. എന്നെ ചുരുട്ടിക്കൂട്ടി കരയ്ക്ക് കൊണ്ടുവന്ന് അടിച്ചു. കരയ്ക്ക് നിന്ന കൂട്ടുകാർ എന്നെ കയറിപ്പിടിച്ചു. അതുകൊണ്ട് കരയിൽ അടിച്ചുകയറിയ വെള്ളത്തിന്റെ കൂടെ ഞാൻ കടലിലേക്ക് ഒഴുകിപ്പോയില്ല. പിന്നെ ഞാൻ കടലിലിറങ്ങിയിട്ടില്ല. കാരണം മറ്റൊന്നുമല്ല പേടിച്ചുപോയി.

കളി കണ്ടുകൊണ്ടിരിക്കുന്നതും വലിയ താൽപര്യമുള്ള കാര്യമല്ല. കളി മനസ്സിലാവുകയില്ല. കുട്ടിയും കോലും തലപ്പന്ത് കളിയും ഒക്കെ മനസ്സിലാവും. കുട്ടികൾ ഈ കളികൾ കളിക്കുന്നത് കാണാൻ ആഗ്രഹിക്കാറുണ്ട്.
പക്ഷേ, ഇന്നു കുട്ടികൾ ഈ കളികളൊന്നും കളിക്കുന്നില്ല. മറ്റ് എന്തോ കളികളാണ്

6th Malayalam_Unit-2.indd 35 3/19/2020 1:22:33 PM



അവർക്കു പ്രിയം. എനിക്ക് അതിന്റെയൊക്കെ പേരുപോലും അറിഞ്ഞുകൂടാ. കുട്ടി അടിച്ച് തെറിപ്പിച്ചിട്ട് കോലുകൊണ്ട് ഏക്കിട്ട, ചാമ്പിപ്പുറം, ആര് കട്ടി, നാലു തുടം... എന്നിങ്ങനെ അളക്കുന്നതു കാണാൻ ഒരു ചന്തമുണ്ട്. അതുപോലെ തലപ്പന്ത് കളിയും ഓരോ ഇനമുണ്ട്. ഒറ്റ, ഇരട്ട, പിടിച്ചുകെട്ട്, തുടയിൽത്തട്ട് എന്നിങ്ങനെ. ഇന്ന് ഈ ചാരുകസേരയിൽ ഇരുന്ന് എല്ലാം ഓർക്കും.

ഇന്ന് അമ്പലമുറ്റത്തും കൊയ്ത്തൊഴിഞ്ഞ പാടത്തും എല്ലാം പിള്ളർക്കൂട്ടം കളിക്കുന്നതു കാണാം. തെങ്ങിൻമടൽ ചെത്തിയാണ് ബാറ്റ്. ഒരാൾ പന്തെറിയും. മറ്റേ ആൾ അടിച്ചു തെറിപ്പിക്കും. റൺ എന്നും ഔട്ട് എന്നും സിക്സറെന്നും ഒക്കെ വിളിച്ചുകൂവുന്നതു കേൾക്കാം. തലപ്പന്ത് കളിയും കുട്ടിയും കോലും ഒക്കെ മറവിയിൽപ്പെട്ടു എന്നാണു തോന്നുന്നത്. അങ്ങനെ ആവട്ടെ.



6th Malayalam_Unit-2.indd 36 3/19/2020 1:22:34 PM

പ്രവൃത്തിപരിചയം

തകഴി ശിവശങ്കരപ്പിള്ള ഓർമ്മക്കുറിപ്പിന്റെ രൂപത്തിൽ എഴുതിയിട്ടുള്ളതു വായിച്ചല്ലോ. നിങ്ങളുടെ മനസിലേക്ക് കടന്നുവരുന്ന ആ പഴയ കളികളെക്കുറിച്ച് കൂട്ടുകാർ തമ്മിൽ ചർച്ച ചെയ്യുക.ആ കളികളെ നിങ്ങളുടെ വിനോദ വേളകളിൽ രസിച്ചു കളിക്കാനായി ഉൾപ്പെടുത്തുക.

പുതിയ പദങ്ങൾ:

മരുമക്കത്തായം, കൊതുമ്പുവള്ളം, കുട്ടിയും കോലും, കിളിത്തട്ട്, ഊളിയിടുക.

യോജിച്ചവ ചേർത്തെഴുതുക

ചമ്പക്കുളം	കൂട്ടുകാരൻ
കല്ലേലിൽ കേശവൻ	കടൽ
കുടുകുടു	വള്ളംകളി
നീന്തൽ മത്സരം	കളി

കഥ വായിച്ച് ഭാവന വളർത്തുക

- കൊതുമ്പുവള്ളത്തിൽ ഉള്ള യാത്ര നിങ്ങളെ എത്രമാത്രം സ്പർശിക്കുന്നു? ആ യാത്ര സമ്മാനിക്കുന്ന മനോവികാരങ്ങളെ കുറിച്ച് എഴുതുക.
- പഴയ മരുമക്കത്തായ സമ്പ്രദായത്തെക്കുറിച്ച് കേരളചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ വായിച്ച് വിവരങ്ങൾ ശേഖരിക്കുക.
- കഥാകൃത്ത് ഈ ഓർമകളിലൂടെ പറയാനാഗ്രഹിക്കുന്ന പഴയ കളികളേയും പുതിയ കളികളേയും കുറിച്ച് ഒരു താരതമ്യപഠനം നടത്തുക.

6th Malayalam_Unit-2.indd 37 3/19/2020 1:22:34 PM

ഉത്തരമെഴുതുക

1. 'പിന്നെ ഞാൻ കടലിൽ ഇറങ്ങിയിട്ടില്ല കാരണം മറ്റൊന്നുമല്ല പേടിച്ചു പോയി' പേടിച്ചു പോകാനുണ്ടായ കാരണം നിങ്ങളുടെ സ്വന്തം വാക്യത്തിൽ ചുരുക്കി എഴുതുക.
2. കുട്ടിക്കാലത്തെ തന്റെ മിടുക്കില്ലായ്മയെക്കുറിച്ച് കഥാകൃത്ത് സൂചിപ്പിക്കുന്ന ഭാഗം കണ്ടെത്തി എഴുതുക.

അധികവായന

തകഴിയുടെ പ്രശസ്തമായ ചെമ്മീൻ, കയർ തുടങ്ങിയ നോവലുകൾ കണ്ടെത്തി പരിചയപ്പെടുക.

വ്യാകരണം

അക്ഷരമാല

സ്വരം
ഹ്രസ്വം: അ ഇ ഉ ഋ എ ഒ – 6
ദീർഘം: ആ ഈ ഊ ഏ ഐ ഓ ഔ – 7

ആകെ – 13

വ്യഞ്ജനം

ക ഖ ഗ ഘ ങ	–	ക വർഗ്ഗം
ച ഛ ജ ഝ ഞ	–	ച വർഗ്ഗം
ട ഠ ഡ ഢ ണ	–	ട വർഗ്ഗം
ത ഥ ദ ധ ന	–	ത വർഗ്ഗം
പ ഫ ബ ഭ മ	–	പ വർഗ്ഗം
യ ര ല വ	–	മധ്യമം 4
ശ ഷ സ	–	ഊഷ്മാവ് 3
ഹ	–	ഘോഷി 1
ള ഴ റ	–	ദ്രാവിഡമധ്യമം3

6th Malayalam_Unit-2.indd 38 3/19/2020 1:22:34 PM

ഭാഗം

3

ശാസ്ത്രം എത്ര കൗതുകം



പഠനലക്ഷ്യങ്ങൾ

- ശാസ്ത്ര വീക്ഷണത്തിൽ ഏതൊന്നിനെയും നോക്കിക്കാണൽ.
- ശാസ്ത്രം ജീവിതാടിസ്ഥാനം എന്ന തിരിച്ചറിവ്.
- നാടിന്റെ പുരോഗതി മനസ്സിലാക്കൽ.
- ശാസ്ത്ര നേട്ടങ്ങളും കോട്ടങ്ങളും അറിയൽ.
- തെറ്റില്ലാതെ മലയാളം പഠിക്കാം.

പാഠഭാഗങ്ങൾ

കവിത	-	കുട്ടിയുടെ സൂര്യൻ
ഗദ്യം	-	ജീവന്റെ ഹ്രസ്വരൂപങ്ങൾ - സൂക്ഷ്മം, അതിസൂക്ഷ്മം
അധികവായനക്ക്	-	മുടിയനായ പുത്രൻ (കഥ)
വ്യാകരണം	-	വാക്കുകളുടെ നിർമാണം

6th Malayalam_Unit-3.indd 39 3/19/2020 1:23:55 PM

കവിത

കുട്ടിയുടെ സൂര്യൻ

മോഹനകൃഷ്ണൻ കാലടി

കവിയെ പരിചയപ്പെടാം



മോഹനകൃഷ്ണൻ കാലടി [1978]: മലപ്പുറം ജില്ലയിലെ കാലടിയിൽ ജനിച്ചു. കെമിസ്ട്രിയിൽ ബിരുദാനന്തര ബിരുദം. ആദ്യകവിതാസമാഹാരമായ പാലൈസിന് കേരള സാഹിത്യ അക്കാദമിയുടെ കനകശ്രീ അവാർഡ് ലഭിച്ചു. വൈലോപ്പിള്ളി സ്മാരക ശ്രീരേഖാപുരസ്കാരം, കെ.ബി മേനോൻ അവാർഡ്, മാതൃഭൂമി കലാലയ പുരസ്കാരം, അറ്റ്ലസ് കൈരളി കവിതാപുരസ്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്. ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ അധ്യാപകൻ.

പ്രധാന കൃതികൾ: പാലൈസ്, മഴപ്പൊട്ടൻ, മിനുക്കം, ഭൂതക്കട്ട, പാസഞ്ചർ, റെയിൻ കോട്ട്.

സൂര്യൻ എന്ന പ്രതിഭാസത്തെ കൊച്ചു കുട്ടിയുടെ കണ്ണിലൂടെ അവതരിപ്പിക്കുകയാണ് കവി. 'കണ്ണു പൊട്ടിക്കുന്ന വിളക്കുംകൊണ്ട് എങ്ങോട്ടാണ് പോകുന്നത്?' എന്ന് കുട്ടി സൂര്യനോട് ചോദിക്കുന്നു. സൂര്യനെന്ന മാമൻ തിരയുന്നത് കിട്ടരുതേയെന്നാണ് കുട്ടിയുടെ പ്രാർത്ഥന. എങ്കിലല്ലേ സൂര്യനെ കാണാൻ പറ്റുകയുള്ളൂവെന്ന് കുട്ടി കരുതുന്നു. പ്രപഞ്ചപ്രതിഭാസങ്ങളെ കൗതുകത്തോടെ കാണുന്ന ഒരു കുട്ടിയുടെ നിഷ്കളങ്കതയെ വരച്ചുകാണിക്കുന്ന കവിത പ്രകൃതിയെ സ്നേഹിക്കുവാനുള്ള പ്രേരണയാണ് നല്കുന്നത്.





6th Malayalam_Unit-3.indd 40 3/19/2020 1:23:56 PM

ഒരു ദിവസവും മാമനു മുടക്കമില്ലല്ലോ
എന്നും ഈ കണ്ണുപൊട്ടിക്കുന്ന
വിളക്കുംകൊണ്ട് എങ്ങോട്ടാ പോകുന്നത്?
നേരെ നോക്കാൻ തന്നെ എനിക്ക് പേടിയാ
എത്ര കാത്തിരുന്നിട്ടാ
മേഘങ്ങൾക്കു പുറകിൽ
ഇലകൾക്കു മറവിൽ
മാമനെ ഒന്നൊത്തുകിട്ടിയത്.

അല്ല, ആരെയാ മാമനീ തിരയുന്നത്?
ആ അമ്പിളിയമ്മായിയെയാണോ?
മൂപ്പത്ത്യാരെ രാത്രീലിടയ്ക്ക്
കാണാറുണ്ട്.
വല്ല്യേ പവറാ!
ഞാൻ വേണമെങ്കിൽ മാമൻ
തിരഞ്ഞിരുന്നൂന്ന് പറയാം.
മുത്തശ്ശി പറയാ...
രാത്രീലാകാശത്തു കാണുന്നതൊക്കെ
മാമന് കളഞ്ഞുപോയ സ്വർണ്ണ
നാണയങ്ങളാണെന്ന്.
ഞാനൊരു കാര്യം ചെയ്യാം
അതൊക്കെ പെറുക്കിയെടുത്തുവയ്ക്കാം.
പക്ഷേ എന്റെ പ്രാർത്ഥന
മാമൻ തിരയുന്നത് കിട്ടരുതെന്നാ...
എന്നാലല്ലേ
എനിക്കെന്നും മാമനെ കാണാൻ പറ്റൂ.

6th Malayalam_Unit-3.indd 41 3/19/2020 1:23:57 PM

പദപരിചയം
മുടക്കം,മേഘങ്ങൾ, അമ്പിളിമാമൻ, മൂപ്പത്തിയാർ, പവറ്, സ്വർണ്ണനാണയം, പ്രാർത്ഥന.

എഴുതി പഠിക്കുക	
മുത്തശ്ശൻ	മുത്തശ്ശി
മാമൻ	മാമി
രാത്രി	പകൽ
വലിയ	ചെറിയ

അർത്ഥം മനസ്സിലാക്കുക	
മുടക്കം	ഒഴിവ്
പേടി	ഭയം
തിരയുക	തേടുക
പവർ	ഗമ

ചേരുംപടി ചേർക്കുക	
വിളക്കും കൊണ്ട്	പവറാ
ഇലകൾക്ക്	സ്വർണ്ണനാണയങ്ങളാണെന്ന്.
വല്ല്യേ	എങ്ങോട്ടാ പോകുന്നത്.
കളഞ്ഞുപോയ	മറവിൽ

- ചെറു സംഘങ്ങളായി തിരിഞ്ഞ്, കവിതയ്ക്ക് ഈണം നൽകി ക്ലാസിൽ അവതരിപ്പിക്കൂ.
- അമ്പിളിമാമനും കുട്ടിയും എന്ന ഭാവനയിൽ കവിത സംഭാഷണത്തിലൂടെ അവതരിപ്പിക്കുക.

6th Malayalam_Unit-3.indd 42 3/19/2020 1:23:57 PM

- മാമന് ഒരു ദിവസവും മുടക്കമില്ലല്ലോ എന്ന് കുട്ടി ചോദിക്കാൻ കാരണമെന്ത്?
- ആരെയാണ് മാമനീ തിരയുന്നതെന്ന് കവി ചോദിക്കാൻ കാരണമെന്ത്?
- എന്താണ് കുട്ടിയുടെ പ്രാർത്ഥന ?
- കുട്ടിക്ക് സംസാരിക്കാൻ മാമനെ ഒത്തു കിട്ടിയത് എവിടെ വച്ചാണ്?

അധികവായനക്ക്

താഴെകൊടുത്ത വരികൾ പരിശോധിക്കൂ. ഉചിതമായ വരികൾ കൂട്ടിച്ചേർത്തു വികസിപ്പിക്കുക.

തുമ്പിയെ കാണുമ്പോളെന്തു തോന്നും?

തുള്ളി നടക്കണമെന്നു തോന്നും.

തുമ്പയെ കാണുമ്പോളെന്തു തോന്നും?

ഉള്ളം വെളുക്കണമെന്നു തോന്നും.

പമ്പരം കാണുമ്പോളെന്തു തോന്നും?

.....

.....

.....



6th Malayalam_Unit-3.indd 43 3/19/2020 1:23:58 PM

ഗദ്യം

ജീവന്റെ ഹ്രസ്വരൂപങ്ങൾ: സൂക്ഷ്മം, അതിസൂക്ഷ്മം

ഡോ.എ.എൻ നമ്പൂതിരി



തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബോട്ടണിയിൽ ബിരുദാനന്തരബിരുദം നേടിയ ഡോ.എ.എൻ നമ്പൂതിരി അമേരിക്കയിലെ മിഷിഗൺ സർവകലാശാലയിൽനിന്ന് ഡോക്ടറേറ്റ് നേടിയ ശാസ്ത്രജ്ഞനാണ്. കേരള സർവ്വകലാശാലയിൽ ബോട്ടണി പ്രൊഫസർ ആയിരുന്നു. അദ്ദേഹത്തിന് 1995ൽ മികച്ച ബാലശാസ്ത്രത്തിനുള്ള സയൻസ് ആൻഡ് ടെക്നോളജി അവാർഡ് ലഭിച്ചിരുന്നു. ജീവലോകത്തിലെ വിസ്മയങ്ങളെന്ന ബാലശാസ്ത്ര സാഹിത്യകൃതിയിൽ നിന്ന് എടുത്തതാണ് പാഠഭാഗം.

പുല്ല് എന്ന അത്ഭുതം

നൂറു മീറ്ററിലേറെ പൊക്കവും നൂറുകണക്കിന് ടൺ ഭാരവുമുള്ള മരങ്ങളും രണ്ടു മീറ്ററോളം പൊക്കമുള്ള പുഷ്പമഞ്ജരിയും രണ്ടു മീറ്റർ വ്യാസമുള്ള ഇലകളും കണ്ട നമുക്കു പുല്ലെന്നു കേൾക്കുമ്പോൾ തന്നെ പുച്ഛം തോന്നാം. നിസ്സാരമെന്ന അർത്ഥത്തിൽ പുല്ലുപോലെ എന്ന ശൈലിയും സാധാരണ കേൾക്കാറുള്ളതാണല്ലൊ.

എങ്കിലും സസ്യപരിണാമരംഗത്ത് ഒരു സുപ്രധാന സംഭവമാണ് പുല്ലുകളുടെ ആവിർഭാവം. ചെറുതാണ് കാര്യക്ഷമമെന്നു ജന്തുലോകം നേരത്തേ മനസ്സിലാക്കി. നാൽപതു മീറ്റർ നീളമുള്ള ഡൈനസോറുകളെക്കാൾ മില്ലിമീറ്ററിൽ അളക്കാവുന്ന കീടനാശിനികളാണ് പരിണാമരംഗത്ത് വിജയിച്ചതും. നാലുകോടി വർഷം മുമ്പ് മഴ കുറഞ്ഞു. വൻമരങ്ങളുള്ള കാടുകൾ മറഞ്ഞുതുടങ്ങി. അപ്പോഴാണ് വളരെക്കുറച്ച് വെള്ളവും പോഷകങ്ങളും മാത്രം വേണ്ട പുല്ലുകൾ നിലവിൽ വന്നത്. ക്രമേണ അവ കടൽതീരം മുതൽ കൊടുമുടികൾ വരെയും ഉഷ്ണമേഖല മുതൽ ആർട്ടിക് പ്രദേശംവരെയും വ്യാപിക്കുകയും ചെയ്തു.

പുല്ലിനോടുള്ള ആശ്രയത്വം

മനുഷ്യന് പ്രത്യേക കടപ്പാടുണ്ട്, പുല്ലുകളോട്. പുല്ലുകളിൽ നിന്നു കിട്ടുന്ന ധാന്യങ്ങളാണ് നമ്മുടെ മുഖ്യാഹാരം. ലോകജനസംഖ്യയിൽ പകുതിയോളം അരിയെ ആശ്രയിച്ചു കഴിയുന്നവരാണ്. ഗോതമ്പാണ് ഏകദേശം മൂന്നിലൊന്നു ഭാഗം ആളുകളുടെ ഭക്ഷണം. ഓട്സ്, ബാർലി, ചോളം, ചാമ തുടങ്ങിയ എത്രയോ ധാന്യങ്ങളും അവയുടെ ഉത്പന്നങ്ങളും നമ്മുടെ പ്രിയപ്പെട്ട ഭക്ഷ്യപദാർഥങ്ങളാണ്. പുല്ലിനോടുള്ള നമ്മുടെ ആശ്രയത്വം ധാന്യങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല.

6th Malayalam_Unit-3.indd 44 3/19/2020 1:23:59 PM

പ്രഭാതത്തിൽ തന്നെ പുല്ല് നമ്മിൽ സ്വാധീനം ചെലുത്താൻ തുടങ്ങും. കാപ്പിയോ, ചായയോ, പാലോ കഴിച്ചല്ലേ നമ്മുടെ ദിവസം തുടങ്ങുന്നത്. എന്തായാലും പഞ്ചസാരയില്ലാതെ പറ്റില്ല. പുൽവർഗത്തിൽപെട്ട കരിമ്പാണ് പഞ്ചസാര നല്കുന്നത്. പാൽ തരുന്ന പശുവിന്റെ ഭക്ഷണവും പുല്ലാണ്. മനുഷ്യന്റെ ആഹാരം പുല്ലിന്റെ വിത്തും പശുവിന്റേത് ഇലയുമാണെന്ന വ്യത്യാസമേയുള്ളു. പുല്ലിനെ ആശ്രയിക്കുന്ന മൃഗങ്ങളിൽ നിന്നാണ് മാംസവും തുകലും കമ്പിളിയും ലഭിക്കുന്നതും.

തൃണധ്വജം

എത്രജാതി പുല്ലുകളുണ്ടെന്നു കൃത്യമായി പറയാൻ വയ്യ. എങ്കിലും ഒരു ലക്ഷത്തോളം ജാതികളുണ്ടെന്നാണ് ശാസ്ത്രജ്ഞർ കണക്കു കൂട്ടിയിരിക്കുന്നത്. നമുക്കു ചുറ്റും തന്നെ ഏതാനും മില്ലിമീറ്റർ മുതൽ പത്തു മുപ്പതു മീറ്റർ വരെ പൊക്കത്തിൽ വളരുന്ന പുല്ലിനങ്ങൾ കാണാം. പത്തുമുപ്പത് മീറ്റർ പൊക്കമോ? അതായത് പത്തുനില കെട്ടിടത്തിനോളം ഉയരമുള്ള പുല്ലുകൾ ഉണ്ടോ? ഏതാണീ അത്ഭുത തൃണം? തൃണധ്വജം എന്നു കൂടി പേരുള്ള മുള (bamboo) കാണാത്ത വരില്ല. പക്ഷേ, അതും പുൽക്കുടുംബത്തിലെ അംഗമാണെന്ന് എത്ര പേർക്കറിയാം? അനവധി ഇനം മുളകളുണ്ട്. ചിലത് ചട്ടിയിൽ വളർത്താം. അത്രയ്ക്ക് വലുപ്പമേയുള്ളു. കൊന്നത്തെങ്ങിനോളം പൊക്കത്തിലെത്തുന്ന മുളകളുമുണ്ട്. 1904ൽ മധ്യകേരളത്തിലെ പട്ടാഴിയിൽനിന്നു മുറിച്ചെടുത്ത ഒരു മുളയ്ക്ക് 37 മീറ്റർ നീളമുണ്ടായിരുന്നു. വളർച്ച തുടങ്ങിയാൽ നിർദ്ദിഷ്ട ഉയരം എത്തുന്നതുവരെ ഒരു മീറ്ററെന്ന കണക്കിൽ വളരുന്ന മുളകളുമുണ്ട്. അത്ര നിസ്സാരമൊന്നുമല്ല പുല്ലുകൾ.

പുല്ലും കാണ്ടാമൃഗവും

ദുർബലനായ പുല്ലിന്റെ വിത്തുകൾ ശക്തിസ്വരൂപനായ കാണ്ടാമൃഗവും വിതരണം ചെയ്യുന്നെന്നു കേട്ടാൽ വിശ്വസിക്കില്ല. എല്ലാ ദിവസവും കാണ്ടാമൃഗം



6th Malayalam_Unit-3.indd 45 3/19/2020 1:23:59 PM

കുളിക്കാൻ നദിയിലെത്തും. നേരേ വെള്ളത്തിലിറങ്ങി ദേഹം തണുക്കാൻ കുറെ നേരം കിടക്കും. പിന്നെ നദീതീരത്തേക്ക് കയറുകയായി. അതു തുറന്ന സ്ഥലമാണ്. ഒളിഞ്ഞു നിന്നു കടുവയ്ക്ക് ആക്രമിക്കാൻ പററാത്ത സങ്കേതം. ഈ വെളിസ്ഥലത്താണ് കാണ്ടാമൃഗം ചാണകമിടുന്നത്. അതിലൂടെ ഭക്ഷണത്തിലെ ധാന്യമണികളും മണ്ണിൽ വീഴും. ചവച്ചരയ്ക്കാൻ കഴിയുന്ന ശക്തിയേറിയ അണപ്പല്ലുകൾ കാണ്ടാമൃഗത്തിനുണ്ട്. എങ്കിലും പുല്ലിന്റെ ചില വിത്തുകൾ പല്ലിനിടയിലൂടെ വയറ്റിലെത്തും. അവയാണ് ദഹിക്കാതെ ചാണകത്തിനോടൊപ്പം നദീതീരത്ത് എത്തുന്നത്. തരിമണലും എക്കലും കലർന്ന മണ്ണ്. പോഷകങ്ങൾ ധാരാളം. വേരോടാനുള്ള സൗകര്യം. ഇഷ്ടംപോലെ ഈർപ്പം. മററു സസ്യങ്ങൾ വനത്തിൽനിന്ന് അവിടേക്ക് വ്യാപിച്ചിട്ടുമില്ല. ഇവിടമാണ് കാണ്ടാമൃഗത്തിന് കൃഷി ചെയ്യാൻ പറ്റിയ സ്ഥലം. ശരിക്കും കൃഷി തന്നെ. ഇഷ്ടമുള്ള പുല്ലാണല്ലൊ കാണ്ടാമൃഗം തിന്നുന്നത്. അതിന്റെ വിത്താണ് ചാണകത്തോടൊപ്പം അനുയോജ്യമായ മണ്ണിൽ വീഴുന്നതും. ബോധപൂർവമല്ലെങ്കിലും ഇഷ്ടമുള്ള പുല്ലിന്റെ വിത്തു വിതച്ചു കഴിഞ്ഞു. അതു മുളച്ചു വരുമ്പോൾ മൃഗത്തിനു മേയാൻ സ്വയം ഒരുക്കിയ വയലുമായി. കാണ്ടാമൃഗത്തിലൂടെ യാത്രചെയ്തു നദീതീരത്തെ പുതിയ മേഖലയിലെത്തി വളരാൻ കഴിഞ്ഞതാണ് പുല്ലിനു ലഭിച്ച മെച്ചം.



6th Malayalam_Unit-3.indd 46 3/19/2020 1:24:00 PM

പദങ്ങൾ
ടൺ, പുഷ്പമഞ്ജരി, പുച്ഛം, ശൈലി, പരിണാമം, ജന്തുലോകം, കീടനാശിനി, ഉഷ്ണമേഖല, മുഖ്യാഹാരം,ലോകജനസംഖ്യ, ഓട്സ്, ബാർലി, തൃണധ്വജം, കാണ്ടാമൃഗം, അണപ്പല്ലുകൾ, ചാണകം, അനുയോജ്യം

അർത്ഥം കണ്ടെത്താം	
പൊക്കം	ഉയരം
പരിണാമം	മാറ്റം
ആവിർഭാവം	ഉത്ഭവം
തുകിൽ	തോല്
തൃണം	പുല്ല്
ദുർബലം	ബലമില്ലാത്ത

വിപരീതപദം മനസ്സിലാക്കുക	
നിസ്സാരം	സാരം
അർത്ഥം	അനർത്ഥം
ക്ഷമ	അക്ഷമ
ഇഷ്ടം	അനിഷ്ടം

ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക

1. ലോകജനസംഖ്യയിൽ പകുതിയോളം ജനങ്ങൾ ആശ്രയിക്കുന്ന ധാന്യം _____.

   അ) ചോളം

   ആ) കമ്പ്

   ഇ) ഗോതമ്പ്

   ഈ) അരി

6th Malayalam_Unit-3.indd 47 3/19/2020 1:24:00 PM

2. കരിമ്പ് _____. വർഗ്ഗത്തിൽ പെട്ടതാണ്.

അ) പുല്ല്

ആ) മരം

ഇ) ചെടി

ഈ) കൊടി

3. പുല്ലുവർഗ്ഗത്തിൽ പെട്ട മറ്റൊന്നാണ് _____.

അ) വാഴ

ആ) തെങ്ങ്

ഇ) മുള

ഈ) കവുങ്ങ്

4. ചവച്ചരയ്ക്കുക എന്ന പദം പിരിച്ചെഴുതുമ്പോൾ കിട്ടുന്നത് _____

അ) ചവ + അരയ്ക്കുക

ആ) ചവച്ച് + ആക്കുക

ഇ) ചവച്ച് + അരക്കുക

ഈ) ചവയ്ക്കുകയും അരയ്ക്കുകയും

ഉത്തരമെഴുതുക

1. പുല്ല് എന്ന അദ്ഭുതം വിവരിക്കുക.
2. നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ചില ധാന്യങ്ങളുടെ പേർ എഴുതുക.
3. മുള കൊണ്ടുള്ള ഉപയോഗങ്ങൾ എഴുതുക?
4. പുല്ലും കാണ്ടാമൃഗവും തമ്മിലുള്ള ബന്ധമെന്ത്?
5. നിങ്ങൾക്ക് അറിയാവുന്ന ചില മരങ്ങളുടെ പേരെഴുതുക.

ഊഹിച്ച് എഴുതാം

- കൃഷി ചെയ്യാൻ തുടങ്ങിയതോടെ മനുഷ്യരുടെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?
- ചില മരങ്ങളുടെയും സസ്യങ്ങളുടെയും ചിത്രങ്ങൾ ശേഖരിച്ച് ഒരു ചിത്രപുസ്തകം തയ്യാറാക്കുക.

കാർഷികവിഭവങ്ങളുമായി ബന്ധപ്പെട്ട കടങ്കഥകൾ കണ്ടെത്തുക.

മാതൃക:

- കാള കിടക്കും കയറോടും.
- മുള്ളുണ്ട് മുരിക്കല്ല
- കയ്പുണ്ട് കാഞ്ഞിരമല്ല.
- _____
- _____

6th Malayalam_Unit-3.indd 48 3/19/2020 1:24:00 PM

അധികവായനക്ക്

ഈസോപ്പ് കഥ

മുടിയനായ പുത്രൻ

ഈസോപ്പ് കഥകൾ

രണ്ടായിരത്തഞ്ഞൂറ് കൊല്ലങ്ങൾക്കുമുമ്പ് ഗ്രീസിലാണ് ഈസോപ്പ് ജനിച്ചതെന്ന് കരുതപ്പെടുന്നു. ചെറുപ്പത്തിൽ അമ്മയും പിന്നീട് ഈസോപ്പിനെ വളർത്തിയ വൃദ്ധനും പറഞ്ഞുകൊടുത്ത കഥകളാണ് തലമുറകളിലൂടെ പറഞ്ഞുവന്ന് പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായത്. അങ്ങനെ ഈസോപ്പുകഥകൾ ലോകമെമ്പാടുമുള്ള ജനങ്ങളുടെ മനസ്സിൽ സ്ഥാനംപിടിച്ചു. ഈസോപ്പ് കഥകളിൽ നിന്നും എടുത്തിട്ടുള്ള ഒരു കഥയാണ് മുടിയനായ പുത്രൻ എന്ന ഈ പാഠഭാഗം.

ഒരു കൃഷിക്കാരന് രണ്ടു പുത്രൻമാരുണ്ടായിരുന്നു. മൂത്തവൻ അച്ഛനെപ്പോലെ കഠിനാധ്വാനി. ഇളയവനാകട്ടെ, മടിയനും ധൂർത്തനും. പിതാവിന്റെ പണംകൊണ്ട് സുഖിച്ചു ജീവിക്കാനായിരുന്നു അവന് താൽപര്യം.



6th Malayalam_Unit-3.indd 49 3/19/2020 1:24:02 PM

ഇത്രയധികം സമ്പത്തുണ്ടായിട്ടും ഇവരെന്തിനിങ്ങനെ വെയിലുകൊണ്ട് വിയർപ്പൊഴുക്കുന്നു? ജീവിതം ആനന്ദിക്കാനുള്ളതല്ലേ? അവൻ ചിന്തിച്ചു. തന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കണമെങ്കിൽ അവിടം വിടണമെന്ന് അവൻ തീരുമാനിച്ചു.

'അപ്പാ, സ്വത്തിൽ എനിക്കുള്ള ഓഹരി തന്നേക്കൂ. എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം' അവൻ ആവശ്യപ്പെട്ടു.

മനസ്സോടെയല്ലെങ്കിലും മകന്റെ ആഗ്രഹത്തിന് അപ്പൻ വഴങ്ങി. വൈകാതെ, സ്വത്തെല്ലാം വിറ്റ് പണവുമായി അവൻ ദൂരദേശത്തേക്കുപോയി. തിന്നും കുടിച്ചും ധൂർത്തടിച്ചും അവൻ ആനന്ദിച്ചു. ആഘോഷങ്ങൾ അധികനാൾ നീണ്ടുനിന്നില്ല.

കൈയിലെ പണം തീർന്നതും നാട്ടിൽ ക്ഷാമം വന്നതും ഒന്നിച്ചായിരുന്നു. പട്ടിണിയും പരിവട്ടവുമായി അവൻ വല്ലാതെകഷ്ടപ്പെട്ടു. എന്തെങ്കിലും തൊഴിൽ ചെയ്തേ മതിയാവൂ എന്ന് അവനു ബോധ്യമായി. ഏറെ നാളത്തെ അലച്ചിലിനു ശേഷം അവനു ലഭിച്ചത് ഒരു കർഷകന്റെ പന്നികളെ മേയ്ക്കുന്ന തൊഴിലാണ്. പകലന്തിയോളം പണി. തിന്നാൻ പന്നിത്തീറ്റയെങ്കിലും കിട്ടിയെങ്കിൽ...

പിതാവിനോടും സഹോദരനോടുമൊപ്പം കഴിഞ്ഞ നല്ല നാളുകൾ അവനോർത്തു. പശ്ചാത്താപം കൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു.



6th Malayalam_Unit-3.indd 50 3/19/2020 1:24:02 PM



പിതാവിന്റെ കൃഷിയിടത്തിലെ കൂലിവേലക്കാർക്ക് വേണ്ടത്ര ഭക്ഷണം ലഭിക്കുന്നു; മിച്ചം വയ്ക്കാനും കഴിയുന്നു. എന്നാൽ ഞാനോ....

തിരിച്ചു പോകണം. പിതാവിന്റെ കാൽക്കൽ വീണ് മാപ്പിരക്കണം. ഒരു പണിക്കാര നായെങ്കിലും തന്നെ സ്വീകരിക്കാൻ അപേക്ഷിക്കണം അവൻ തീരുമാനിച്ചു.

എല്ലും തോലുമായ അവൻ വീട്ടിലേക്കു യാത്രയായി.

ദൂരെവച്ചുതന്നെ പിതാവ് മകനെ തിരിച്ചറിഞ്ഞു. ഓടിച്ചെന്ന് അലിവോടെ ആശ്ലേഷിച്ചു. 'അപ്പാ, ഞാൻ പാപിയാണ്. അങ്ങയുടെ മകനായിരിക്കാൻ ഇനി ഞാൻ യോഗ്യനല്ല" അവൻ കുറ്റബോധത്തോടെ പറഞ്ഞു. പുത്രന്റെ മാന സാന്തരത്തിൽ സന്തുഷ്ടനായ പിതാവ് ഭൃത്യരെ അരികിൽ വിളിച്ച് പറഞ്ഞു; 'ഏറ്റവും വിശിഷ്ടമായ മേലങ്കിയും ആഭരണങ്ങളും ഇവനെ അണിയിക്കുക. മുഴുത്ത ഒരു കാളക്കുട്ടിയെ കൊണ്ടുവന്ന് പാകം ചെയ്ത് ഇവന് അത്താഴമൊരുക്കുക. ഇന്ന് ഉല്ലസിക്കേണ്ട ദിവസമാണ്.'

വയലിൽ നിന്ന് മൂത്തമകൻ തിരിച്ചെത്തിയപ്പോൾ വീട് ഉത്സവലഹരിയിലായിരുന്നു; ആട്ടവും പാട്ടും ആഹ്ലാദവും. അമ്പരപ്പോടെ നിന്ന അയാളോട് ഭൃത്യൻ കാര്യങ്ങളെല്ലാം പറഞ്ഞു. അതുകേട്ടപ്പോൾ കോപവും സങ്കടവും തോന്നി. അവൻ വീട്ടിൽ കയറാൻ കൂട്ടാക്കിയില്ല. അനുനയിപ്പിക്കാനെത്തിയ പിതാവി നോട് അവൻ പറഞ്ഞു: 'എത്രയോ വർഷങ്ങളായി ഞാൻ അങ്ങയെ സേവിക്കുന്നു. ഇന്നുവരെ ഞാൻ അങ്ങയുടെ കൽപന ലംഘിച്ചിട്ടില്ല. എന്നിട്ടും കുട്ടുകാർക്കൊപ്പം ഉല്ലസിക്കാൻ ഒരാട്ടിൻ കുട്ടിയെ പോലും അങ്ങെനിക്ക് തന്നിട്ടില്ല. എന്നാൽ,

6th Malayalam_Unit-3.indd 51 3/19/2020 1:24:02 PM



ധൂർത്തനായ ഈ മകൻ വന്നപ്പോൾ അവനു വേണ്ടി ഒരു കൊഴുത്ത കാളക്കുട്ടിയെക്കൊണ്ടുതന്നെ വിരുന്നുണ്ടാക്കിയിരിക്കുന്നു.' പിതാവ് ശാന്തവും ഗംഭീരവുമായ ശബ്ദത്തിൽ ഇങ്ങനെ പറഞ്ഞു: 'മകനേ, നീ എന്നും എന്നോട് കൂടിയുണ്ടല്ലോ. എനിക്കുള്ളതെല്ലാം നിന്റേതുമാണ്. നിന്റെ ഈ സഹോദരൻ മരിച്ചിരുന്നു; ഇപ്പോൾ വീണ്ടും ജീവിച്ചിരിക്കുന്നു. അവൻ നഷ്ടപ്പെട്ടുപോയിരുന്നു. ഇപ്പോൾ കണ്ടെത്തിയിരിക്കുന്നു. ഇന്നുതന്നെയാണ് നാം ഉല്ലസിക്കേണ്ടത്.



6th Malayalam_Unit-3.indd 52 3/19/2020 1:24:03 PM

പദപരിചയം

കഠിനാധ്വാനി,ധൂർത്തൻ, ഓഹരി, ദൂരദേശം,പരിവട്ടം,പശ്ചാത്താപം, മാന സാന്തരം, ഭൃത്യൻ, കുറ്റബോധം, ആഹ്ലാദം

പ്രവൃത്തിപരിചയം

- ഇതുപോലുള്ള ഗുണപാഠകഥകൾ വായിക്കുക.
- ഈ കഥയിൽ നിന്ന് നിങ്ങൾ ഉൾക്കൊള്ളുന്നുന്ന ഗുണപാഠമെന്ത്?

ചിന്തിക്കാം, എഴുതാം

- "ഇത്രയധികം സമ്പത്തുണ്ടായിട്ടും ഇവരെന്തിനിങ്ങനെ വെയിലുകൊണ്ട് വിയർത്തൊഴുകുന്നു? ജീവിതം ആനന്ദിക്കാനുള്ളതല്ലേ" മകന്റെ ഈ ചിന്തകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കുറിപ്പെഴുതുക.
- പിതാവും മകനും വീണ്ടും കണ്ടുമുട്ടിയ രംഗം സംഭാഷണ രൂപത്തിൽ എഴുതുക.
- പശ്ചാത്താപം കൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു. ആരുടെ? എന്തുകൊണ്ട്?

വാക്യത്തിൽ പ്രയോഗിക്കുക

- സുഖിച്ചു ജീവിക്കുക.
- പശ്ചാത്താപം.
- അനുനയിപ്പിക്കുക.
- ദൂരദേശം.

വ്യാകരണം

അ, ആ എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്ന പദങ്ങൾ എഴുതുക.

6th Malayalam_Unit-3.indd 53 3/19/2020 1:24:03 PM

പദങ്ങൾ ഉണ്ടാകുക.

ക	ഖ	ഗ	ഘ	ങ

6th Malayalam_Unit-3.indd 54 3/19/2020 1:24:03 PM

ഭാഗം

4

വിദ്യാധനം സർവധനാൽ പ്രധാനം



പഠനലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ നേട്ടങ്ങൾ മനസ്സിലാക്കൽ.
- അറിവിന്റെ മേഖല വിപുലമാക്കൽ.
- വായന ശീലമാക്കൽ.

പാഠഭാഗങ്ങൾ

കവിത	-	കാഷ്യുനൊന്ന്
ഗദ്യം	-	ചവറുകൾ കത്തിക്കുന്നത് അപകടകരം
അധികവായനക്ക്	-	പച്ചപ്പട്ടുസാരി (കഥ)
വ്യാകരണം	-	ചില്ലുകൾ, വാക്യങ്ങൾ

6th Malayalam_Unit-4.indd 55 3/19/2020 1:24:56 PM

കവിത

കാഷ്യുനൊന്ന്

അക്കിത്തം

കവിയെ പരിചയപ്പെടാം



അക്കിത്തം അച്യുതൻ നമ്പൂതിരി [1926]: കേരളത്തിന്റെ പ്രിയപ്പെട്ട കവിയായ അക്കിത്തം കവി, സാമൂഹ്യപ്രവർത്തകൻ എന്നീ നിലയിൽ പ്രശസ്തനാണ്. പാലക്കാട് ജില്ലയിലെ കുമരനല്ലൂരിൽ ജനിച്ചു. 1956 മുതൽ കോഴിക്കോട് ആകാശവാണി നിലയത്തിൽ പ്രവർത്തിച്ച അദ്ദേഹം 1985ൽ വിരമിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, വെണ്ണക്കല്ലിന്റെ കഥ, ഇടിഞ്ഞു പൊളിഞ്ഞ ലോകം, സമാവർത്തനം. എന്നിവയാണ് പ്രധാന കൃതികൾ.

ബാല്യത്തിന്റെ നിഷ്കളങ്കതയും പുത്രവാത്സല്യത്താൽ ആർദ്രമാവുന്ന പിതൃഹൃദയവും ആവിഷ്കരിക്കുന്ന കവിതയാണിത്. അണ്ടിപ്പരിപ്പുമായി വരുന്ന അച്ഛനോട് കുട്ടി അതിന്റെ ഇംഗ്ലീഷിലുള്ള പേര് ചോദിക്കുന്നു. മറുപടിയായി രസകരമായ ഒരു കഥയാണ് അച്ഛൻ പറഞ്ഞത്.ഒരിക്കൽ ഒരു കടൽക്കരയിൽവെച്ച് 'എന്താണ് ഇതെന്ന് 'ചോദിച്ച ഇംഗ്ലീഷുകാരനായ കപ്പിത്താനോട് അണ്ടിപ്പരിപ്പ് വിൽപനക്കാരനായ കുട്ടി 'കാശിനെട്ട്' എന്നു പറഞ്ഞു.അതുകേട്ട കപ്പിത്താൻ 'കാഷ്യുനെട്ട്' എന്ന് ഏറ്റു പറഞ്ഞു.അങ്ങനെയാണത്ര 'കാഷ്യുനെട്ട്' എന്ന പേരു വന്നത് എന്നാണ് കഥ. എങ്കിലിപ്പോൾ 'കാഷ്യുനൊന്ന്' എന്നാണ് പറയേണ്ടത് എന്നു പറഞ്ഞ കുട്ടിയുടെ തിരിച്ചറിവിനെ, നിറഞ്ഞ അശ്രുബിന്ദുക്കളോടെ 'ബുദ്ധിയുണ്ടെൻ മകനെ' ന്ന് പറഞ്ഞ് ആശ്ലേഷിക്കുകയാണ് അച്ഛൻ ചെയ്തത്.



6th Malayalam_Unit-4.indd 56 3/19/2020 1:24:56 PM

അണ്ടിപ്പരിപ്പിതാ ! നീട്ടിപ്പിടിച്ചുകൊ
ണ്ടല്ലോ വരുന്നതിന്നച്ഛൻ.
ഉണ്ണിക്കു കണ്ണിലും നാവിൻ കടക്കലു
മുത്സവമേളം തുളുമ്പി.
അച്ഛനുമമ്മക്കുമോപ്പോൾക്കുമേട്ടനു
മാട്ടിൻകിടാവിനും കൂടി
വാരിക്കൊടുക്കുന്നതിനിടയിൽ തന്റെ
വായിലും വേണ്ടതിലേറെ
പോക്കിനാനണ്ടിപ്പരിപ്പവൻ, അച്ഛനോ
നോക്കിനിന്നാ രസം കണ്ടൂ.
അപ്പോഴേക്കുണ്ണിക്കൊരാഗ്രഹം ഓടിച്ചെ-
ന്നച്ഛന്റെ നേർക്കൊരു ചോദ്യം.
'ഇപ്പോൾ പറയണം അണ്ടിപ്പരിപ്പിനെ
ന്തിംഗ്ലീഷിലുള്ള പേരച്ഛാ...?'
അച്ഛനപ്പോളൊന്ന് പൊട്ടിച്ചിരിച്ചുകൊ
ണ്ടിച്ഛയാ ചൊല്ലിക്കൊടുത്തു :
'കാഷ്യുനെട്ട' ന്നാണു പേരതുണ്ടാകുവാൻ
കാരണമുണ്ടതും കേൾക്കൂ...
കപ്പലിൽ നിന്നുംകരക്കിറങ്ങി പണ്ടു
കപ്പിത്താനിംഗ്ലീഷുകാരൻ
അണ്ടിപ്പരിപ്പു, വിലക്കു വിൽക്കുന്നൊരു
ചണ്ടി ചെറുക്കനെ കണ്ടു.

6th Malayalam_Unit-4.indd 57 3/19/2020 1:24:57 PM

എന്താണീ വിൽക്കുന്ന ഭക്ഷണ സാധന
മെന്നു മനസ്സിലാവാതെ
നിൽക്കുന്ന കപ്പിത്താനാരാഞ്ഞു 'വാട്ടീസ് ദിസ്'?
ചെക്കൻ പരുങ്ങലിലായി.
എങ്കിലും 'കാശിനെട്ടെ' ന്നു മറുപടി
ശങ്കിച്ചുകൊണ്ടവൻ ചൊൽകെ
'കാഷ്യുനെട്ടെ' ന്നേറ്റു ചൊല്ലിയ കപ്പിത്താൻ
കാശുകൊടുത്തതു വാങ്ങി'.
ഇഷ്ട്ടമായുണ്ണിക്ക് സംഭവം കാണുന്ന
മറ്റുള്ളവരോട് സർവം
വിസ്തരിച്ചീടുകയായവൻ നൂതന
വിജ്ഞാനമത്ഭുത പൂർവം.
പിന്നെത്തിരിച്ചു പുതിയൊരു സംശയം
തന്നച്ഛനോടു പറയാൻ.
'അച്ഛൻ പറഞ്ഞ പോലെങ്കിൽത്തിരുത്തണ
മണ്ടിപ്പരിപ്പിൻ പേരിപ്പോൾ'.
കാശിനൊന്നാണിപ്പോൾ മാർക്കറ്റിലാകയാൽ
'കാഷ്യുനൊന്നെ'ന്നു പറയാം.
പൊട്ടിച്ചിരിക്കയല്ലച്ഛനപ്പോൾ ചെയ്തു
കുട്ടിയെപ്പുൽകുകയത്രേ.
'ബുദ്ധിയുണ്ടെൻ മകന്നെ' ന്നശ്രുബിന്ദുവിൽ
ബദ്ധനായ്ത്തീരുകയത്രേ!

6th Malayalam_Unit-4.indd 58 3/19/2020 1:24:57 PM

പദങ്ങൾ

ഓപ്പോൾ, പോക്കിനാൻ, കപ്പിത്താൻ, ആരാഞ്ഞു, പുൽകുക, അശ്രുബിന്ദു

കണ്ടെത്താം പറയാം.

1 അണ്ടിപ്പരിപ്പുമായി വീട്ടിലേക്കുവന്ന അച്ഛൻ നോക്കിനിന്ന് രസിച്ച രംഗം കണ്ടെത്തി പറയുക.

2 കാഷ്യുനെട്ടെന്ന പേരുണ്ടാകുവാനുള്ള കഥ അച്ഛൻ പറഞ്ഞതെങ്ങനെ?

പ്രവൃത്തി പരിചയം

1. അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ നാല് കൃതികൾ വായിച്ച് ഇഷ്ടപ്പെട്ട വരികൾ കുറിച്ചു വെക്കുക.
2. അണ്ടിപ്പരിപ്പിന്റെ ഗുണങ്ങളെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും വീട്ടുകാരേട് ചോദിച്ചു മനസ്സിലാക്കുക.

ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1. അച്ഛൻ നീട്ടിപ്പിടിച്ചു വന്നതെന്ത് ?

   അ) ഉണക്ക മുന്തിരി

   ആ) അണ്ടിപ്പരിപ്പ്

   ഇ) ബാദാം

   ഈ) ജാതിക്ക.

2. 'വാട്ടീസ് ദിസ്' എന്ന് ആരാഞ്ഞത് ആരാണ് ?

   അ) കപ്പിത്താൻ

   ആ) ചണ്ടിചെറുക്കൻ

   ഇ) അച്ഛൻ

   ഈ) ഓപ്പോൾ.

3. മകൻ അണ്ടിപ്പരിപ്പിന് നൽകിയ പുതിയ പേര് ?

   അ) കാഷ്യുനൊന്ന്

   ആ) കാഷ്യൂനെട്ട്

   ഇ) കാശുനെട്ട്

   ഈ) കാഷ്യുനെറ്റ്.

6th Malayalam_Unit-4.indd 59 3/19/2020 1:24:57 PM

യോജിച്ചവ ചേർത്തെഴുതുക.

അണ്ടിപ്പരിപ്പ് - ഇംഗ്ലീഷുകാരൻ

കപ്പിത്താൻ - അച്ഛൻ

കാശിനെട്ട് - മകൻ

കാഷ്യുനൊന്ന് - ചണ്ടിചെറുക്കൻ

ഉത്തരം കണ്ടെത്തി എഴുതുക.

1. ഉണ്ണിക്ക് മനസ്സിൽ ഉത്സവമേളം തുള്ളാനുണ്ടായ കാരണമെന്ത് ?
2. ചെക്കൻ പരുങ്ങലിലായതെപ്പോൾ ?
3. മകൻ അച്ഛനോട് അണ്ടിപ്പരിപ്പിന്റെ പേര് തിരുത്താൻ ആവശ്യപ്പെട്ടതെന്തുകൊണ്ട് ?
4. മകൻ തന്റെ നൂതന വിജ്ഞാനം അച്ഛനോട് പറഞ്ഞപ്പോൾ അച്ഛന്റെ കണ്ണുകൾ നിറയാൻ കാരണമെന്ത് ?



6th Malayalam_Unit-4.indd 60 3/19/2020 1:24:57 PM

ഗദ്യം

ചപ്പുചവറുകൾ കത്തിക്കുന്നത് അപകടകരം

പ്രൊഫ.എസ്.ശിവദാസ്



പ്രൊഫ.എസ്.ശിവദാസ് [1940]: കോട്ടയം സി.എം.എസ്. കോളേജിൽ അധ്യാപകനായിരുന്നു. വിശ്വവിജ്ഞാനകോശം കൺസൾട്ടിംഗ് എഡിറ്റർ, ഡി.സി.ബുക്ക്സ്, കറൻറ് ബുക്ക്സ്, തുടങ്ങിയവയുടെ ബാലസാഹിത്യ പ്രസിദ്ധീകരണങ്ങളുടെ ഉപദേഷ്ടാവ് തുടങ്ങിയ നിലയിൽ പ്രവർത്തിച്ചു വരുന്നു. 'വായിച്ചാലും വായിച്ചാലും തീരാത്ത പുസ്തകം' എന്ന ഗ്രന്ഥം ഒരു ലക്ഷത്തിലേറെ കോപ്പികൾ വിറ്റഴിഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാരം, യാത്രാവിവരണ വിഭാഗത്തിൽ കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റിയുടെ ബാലശാസ്ത്രസാഹിത്യ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഒരായിരം കൊക്കുകളും ഒരു ശാന്തിപ്രാവും, സരിഗമപധനിസ, കീയോ കീയോ, നയാഗ്ര മുതൽ സഹാറ വരെ,ജയിക്കാൻ പഠിക്കാം, ശാസ്ത്രക്കളികൾ, രസതന്ത്രസാഗരം , വളരുന്ന ശാസ്ത്രം തുടങ്ങി അറുപതോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

'ശാസ്ത്ര ലോകത്തിലെ പുതുപുത്തൻ കണ്ടെത്തലുകൾ' എന്ന പുസ്തകത്തിൽ നിന്നുമെടുത്തതാണ് ഈ ഗദ്യഭാഗം

വേനലായാൽ നമ്മുടെ നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ചപ്പു ചവറുകൾ കത്തിക്കുന്നതു കാണാം. മുറ്റവും പറമ്പും അടിച്ചുവാരി കത്തിച്ച് എല്ലായിടവും വൃത്തിയാക്കുന്നു. വാസ്തവത്തിൽ ഈ വൃത്തിയാക്കലിലൂടെ നാം നമ്മുടെ പരിസരം വൃത്തികേടാക്കുകയാണ് ചെയ്യുന്നതെന്ന് വിദ്യാസമ്പന്നർക്കുപോലും അറിവില്ല. അഗ്നി എല്ലാം ഭക്ഷിച്ച് വൃത്തിയാക്കും; എച്ചിൽ പോലും അഗ്നി ഭക്ഷിച്ചാൽ ശുദ്ധമാകും എന്നൊക്കെയുള്ള പുരാണം വിഡ്ഢിത്തമാണ് എന്നാണ് ശാസ്ത്രഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നത്. എന്താണീ കത്തിക്കൽ? അതൊരു രാസപ്രവർത്തനമാണ്. വായുവിലെ ഓക്സിജനുമായി ചേരുന്ന പ്രവർത്തനം. കരി എന്ന കാർബൺ കത്തിച്ചാൽ കാർബൺഡൈ ഓക്സൈഡ് എന്ന വാതകമുണ്ടാകുന്നു. വേണ്ടത്ര അളവിൽ ഓക്സിജൻ ലഭ്യമാകാതെ വരുമ്പോഴൊക്കെ കാർബൺ മോണോക്സൈഡ് എന്ന വിഷവാതകവുമുണ്ടാകുന്നു. വിറകു കത്തുമ്പോഴും സമാനമായ ഒരു പ്രവർത്തനമാണു നടക്കുന്നത്. വിറകിലെ ഒരു ഘടകമായ കാർബൺ വായുവിലെ ഓക്സിജനുമായി ചേർന്ന് കാർബൺ ഡൈ ഓക്സൈഡും ചിലപ്പോൾ കാർബൺ മോണോക്സൈഡുമുണ്ടാക്കുന്നു. ഓക്സിജൻ വേണ്ടത്ര

6th Malayalam_Unit-4.indd 61 3/19/2020 1:24:57 PM



ലഭ്യമാക്കാതെയാണു കത്തിക്കലെങ്കിൽ വിറകിലെ ഘടകങ്ങൾ വിഘടിച്ച് കുറച്ചു കരിതന്നെ ഉണ്ടാകും. ഈ കരി (കാർബൺ)ത്തരികൾ വായുവിൽ വിതരണം ചെയ്യപ്പെട്ടു കിടക്കുന്ന അവസ്ഥയാണു പുക. നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ പഴഞ്ചൻ മാതൃകയിലുള്ള അടുപ്പിൽ വിറകു കത്തുന്നത് വേണ്ടത്ര ഓക്സിജൻ ലഭിക്കാതെയാണ്. അതിനാൽ അടുക്കളയിൽ കാർബൺഡൈ ഓക്സൈഡിനോടൊപ്പം കാർബൺ മോണോക്സൈഡ് എന്ന മാരകവിഷവും ഉണ്ടാകുന്നുണ്ട്. കൂട്ടത്തിൽ അതിസൂക്ഷ്മമായ കരിപ്പൊടികൾ വായുവിൽ തത്തിക്കളിക്കുന്ന പുകയും ഉണ്ടാകുന്നു. കാർബൺ മോണോക്സൈഡും പുകയും കൂടാതെ മറ്റു ചില അപകടകാരികളായ വസ്തുക്കളും ഈ കത്തിക്കലിൽ നിന്നും ഉണ്ടാകുന്നുണ്ട്.നമ്മുടെ വീട്ടമ്മമാരുടെ ആരോഗ്യം തകരാറിലാക്കുന്ന ഘടകങ്ങളാണിവ. പുകയില്ലാത്ത അടുപ്പുപ യോഗിച്ചാൽ ഈ മലിനീകരണത്തിൽ നിന്നും കുറെയൊക്കെ രക്ഷ കിട്ടും.

അടുക്കളയിൽ വിറകു കത്തിക്കാതെ നിവൃത്തിയില്ല. എന്നാൽ, മുറ്റത്തും പറമ്പിലും മറ്റും കുന്നുകൂടുന്ന ചപ്പുചവറുകൾ കത്തിക്കേണ്ട ആവശ്യമില്ല. പക്ഷേ, കത്തിച്ചാൽ വൃത്തിയാകും എന്ന ധാരണമൂലമാണ് ഈ ദഹനം നാട്ടുകാർ നടത്തുന്നത്. കത്തിക്കുന്ന ചപ്പുചവറുകളിലെ ഘടകങ്ങൾക്കനുസരിച്ച് അവ പുറത്തേക്ക് വിഷങ്ങൾ തുപ്പും എന്നു കത്തിക്കുന്നവർക്ക് അറിയുകയില്ല. എല്ലാത്തരം ചപ്പുചവറുകളും കത്തുമ്പോൾ മാരകവിഷങ്ങളായ ഡയോക്സിൻ, ഫുറാൻ എന്നിവ ഉണ്ടാകുന്നുണ്ട്. നഗര ഉച്ഛിഷ്ടങ്ങൾ കത്തിക്കുന്നതിന് ഇൻസി നിറേറ്ററുകൾ ഉപയോഗിക്കുന്നു. ഇവയിൽ നിയന്ത്രിതമായ ഉയർന്ന താപനി ലയിലാണ് ഉച്ഛിഷ്ടദഹനം നടത്തുന്നത്. അപ്പോൾ ഡയോക്സിൻ, ഫൂറാൻ എന്നീ വിഷങ്ങൾ വായുവിലേക്കു കടക്കുന്നുണ്ട് എന്നു തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇൻസിനിറേറ്ററുകൾക്കെതിരെ പ്രകൃതിസംരക്ഷകർ തിരിഞ്ഞിട്ടുമുണ്ട്.

എന്നാൽ, മുറ്റത്തും പറമ്പിലും സാധാരണ ചവറുകൾ കൂട്ടിയിട്ടു കത്തിക്കുമ്പോഴും ഡയോക്സിൻ, ഫറാൻ എന്നീ വിഷവസ്തുക്കൾ വൻതോതിൽ ഉണ്ടാകുന്നുണ്ട് എന്ന് ജേർണൽ ഓഫ് എൻവൈറെൻമെൻറൽ സയൻസ് & ടെക്നോളജിയിൽ വന്ന ഒരു റിപ്പോർട്ട് വ്യക്തമാക്കുന്നു. അമേരിക്കയിലെ

6th Malayalam_Unit-4.indd 62 3/19/2020 1:24:58 PM



വായുവിലെ ഈ വിഷവസ്തുക്കളുടെ സാന്നിദ്ധ്യത്തിന് ഒരു വലിയ അളവിനു കാരണം ഇത്തരം തുറന്ന കത്തിക്കലാണ് എന്നാണ് പോൾ ലീമിക്സ് എന്ന ശാസ്ത്രജ്ഞൻ പറയുന്നത്. നമ്മുടെ നാട്ടിലും ഇത് ശരിയാകണമല്ലോ.

ചപ്പുചവറുകൾ കത്തിച്ചാൽ പറമ്പിലെ ചില കീടങ്ങളെയും മറ്റു ജീവികളെ (ഉദാ. അട്ട, ഒച്ച് തുടങ്ങിയവ) നശിപ്പിക്കാമെന്ന ഗുണവുമുണ്ടെന്ന് ചില കൃഷിക്കാർ പറയുന്നു. ചില കീടങ്ങളെ നിയന്ത്രിക്കാൻ ഈ കത്തിക്കൽ പ്രയോജന പ്പെടുന്നുണ്ടാകാം.എന്നാൽ, നമുക്ക് ഉപകാരം ചെയ്യുന്ന അനേകം ജീവികളും അക്കൂട്ടത്തിൽ നശിക്കും എന്ന കാര്യം നാം വിസ്മരിക്കരുത്. അതോടൊപ്പം നമ്മുടെ വായു വിഷമയവുമാക്കുന്നു ഈ കത്തിക്കൽ. അതിനാൽ മുറ്റത്തെയും പറമ്പിലെയും ചപ്പുചവറുകൾ വാരിക്കൂട്ടി കമ്പോസ്റ്റ് ഉണ്ടാക്കുകയാണ് ഏറ്റവും നല്ല വഴി. ചേന നടുമ്പോൾ ഇടയ്ക്കിടാനും മറ്റും പരമ്പരാഗതമായി ചപ്പു ചവറുകൾ ഉപയോഗിച്ചിരുന്നു. തെങ്ങിൻചുവട്ടിലും മറ്റും ഇട്ട് വെട്ടിമൂടാനും ഇവ ഉപയോഗിക്കാം. ഈ ചവറുകൾ മഴക്കാലത്തു കുതിർന്ന് സൂക്ഷ്മജീവികളുടെ പ്രവർത്തനം മൂലം വിഘടിച്ച് മണ്ണോടു ചേരാനുള്ള അവസരം നാം ഒരുക്കണം. മണ്ണിൽനിന്നും പോഷകങ്ങൾ എടുത്താണു സസ്യങ്ങൾ ജീവിക്കുന്നത്. ആ സസ്യങ്ങളെ തിന്നാണു ജന്തുക്കൾ ജീവിക്കുന്നത്. ചില ജന്തുക്കൾ മറ്റു ജന്തുക്കളെ തിന്നും ജീവിക്കുന്നു. സസ്യങ്ങൾ സസ്യാവശിഷ്ടങ്ങളുണ്ടാക്കുന്നു. കരിയിലകൾ ആണ് ഏറ്റവും പരിചിതമായ സസ്യാവശിഷ്ടം. വേനൽക്കാലത്ത് പറമ്പുകളിൽ കുന്നുകൂടുന്നത് പ്രധാനമായും കരിയിലകളാണല്ലോ. സസ്യാവശിഷ്ടങ്ങളും ജന്തുക്കളുടെ അവശിഷ്ടങ്ങളും മണ്ണിലേക്കു തിരിച്ചെത്തി ചീഞ്ഞ് വിഘടിച്ചു മണ്ണിലെ പോഷകമായി മാറണം. അങ്ങനെ മാറിയാലേ മണ്ണിന്റെ പോഷകവീര്യം നിലനില്ക്കൂ. മണ്ണിൽ ജീവന്റെ ആനന്ദനൃത്തം തുടരൂ. എന്നാൽ, നാം വൃത്തിയുടെ പേരിൽ, പരിഷ്കാരത്തിന്റെ പേരിൽ, ചപ്പുചവറുകൾ കത്തിച്ചു കളയുമ്പോൾ പോഷകങ്ങളുടെ വലിയ ഒരു ഭാഗമാണു നശിപ്പിച്ചു കളയുന്നത്. ഈ കത്തിക്കൽ വായുവിനെ മലിനമാക്കുകയും മണ്ണിനെ ക്ഷീണിപ്പിക്കുകയും ചെയ്യുന്ന ഒരു പാപകർമ്മമാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ചപ്പുചവറുകളെ മണ്ണിന്റെ വളമാക്കി മാറ്റാനുള്ള സംഘടിതശ്രമം കേരളത്തിലെങ്ങും ആരംഭിക്കാൻ വൈകി. ഇനിയെങ്കിലും അത് ആരംഭിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭാവിയിലൊരു മരുഭൂമിയായി മാറി എന്നു വരാം.

6th Malayalam_Unit-4.indd 63 3/19/2020 1:24:58 PM

പദങ്ങൾ

പറമ്പ്, ചവറുകൾ, വിദ്യാസമ്പന്നർ, അഗ്നി, വിഡ്ഡി, ശാസ്ത്ര ഗവേഷണം, രാസപ്രവർത്തനം, മലിനീകരണം, ഡയോക്സിൻ, ഫ്യൂറാൻ, ഉച്ഛിഷ്ടങ്ങൾ, ഇൻസിനിറേറ്ററുകൾ, ഉച്ഛിഷ്ടദഹനം, ഡയോക്സിൻ ഫ്യൂറാൻ, ടെക്നോളജി, ശാസ്ത്രജ്ഞൻ, സംഘടിതശ്രമം, മരുഭൂമി.

അർത്ഥം പഠിക്കാം

പഴഞ്ചൻ	പഴയ ചിന്താഗതിയുള്ളയാൾ
ഉച്ഛിഷ്ടങ്ങൾ	കഴിച്ചതിന്റെ ബാക്കി.
സൂക്ഷ്മ ജീവികൾ	ചെറുജീവികൾ.
സംഘടിതശ്രമം	കൂട്ടായ ശ്രമം.

വാക്യത്തിൽ പ്രയോഗിക്കാം

പരിസരം, പ്രകൃതിസംരക്ഷണം, പോഷകങ്ങൾ, പരമ്പരാഗതം, പരിചിതം.

പിരിച്ചെഴുതാം

വൃത്തിയാക്കാം = _____+_____

വരുമ്പോഴൊക്കെ = _____+_____

ലഭ്യമാക്കാതെ = _____+_____

കരിപ്പൊടികൾ = _____+_____

ചേർത്തെഴുതാം

ഘടകങ്ങൾ + ആണിവ = _____

തകരാറിൽ + ആക്കുന്ന = _____

വാരി + കൂട്ടി = _____

ഭാവിയിൽ + ഒരു = _____

6th Malayalam_Unit-4.indd 64 3/19/2020 1:24:58 PM

ഉത്തരം കണ്ടെത്തി പൂരിപ്പിക്കുക

1. ചപ്പുചവറുകൾ കത്തിക്കുന്നത് _____

2. വീടും _____ വൃത്തിയായി സൂക്ഷിക്കണം.

3. അടുക്കളയിൽ കാർബൺ ഡൈ ഓക്സൈഡിനോടൊപ്പം _____ എന്ന മാരകവിഷവും ഉണ്ടാകാറുണ്ട്.

4. പുകയില്ലാത്ത _____ ഉപയോഗിച്ചാൽ ഈ മലിനീകരണത്തിൽ നിന്നും രക്ഷ കിട്ടും.

5. മുറ്റത്തേയും പറമ്പിലേയും ചപ്പുചവറുകൾ വാരിക്കൂട്ടി _____ ഉണ്ടാക്കുകയാണ് ഏറ്റവും നല്ല വഴി.

(പരിസരവും, കാർബൺ മോണോക്സൈഡ്, അപകടകരം, അടുപ്പ്, കമ്പോസ്റ്റ്)

പ്രവൃത്തിപരിചയം
'പണ്ട് മനുഷ്യർ പ്രകൃതിയുമായി കുറെക്കൂടി ഇടപഴകിയാണ് ജീവിച്ചിരുന്നത്'- ഒരു അനുഭവവിവരണം തയ്യാറാക്കാം.
പ്രകൃതി സംരക്ഷണം - ക്ലാസ്സിൽ നടത്തിയ പഠനപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പട്ടിക നിർമിക്കുക.

പ്രകൃതി സംരക്ഷണം	
അന്നും	ഇന്നും
1	1
2	2
3	3

6th Malayalam_Unit-4.indd 65 3/19/2020 1:24:58 PM

പാടാം രസിക്കാം.

മണ്ണേ നമ്പി മരമിരുക്ക് ഏലേല...

മരത്തെ നമ്പി കൊമ്പിരുക്ക് ഏലേല...

കൊമ്പെ നമ്പി ഇലയിരുക്ക് ഏലേല...

ഇലയെ നമ്പി പൂവിരുക്ക് ഏലേല...

പൂവേ നമ്പി കായിരുക്ക് ഏലേല...

ഉത്തരം ചിന്തിച്ച് എഴുതാം.

- ചപ്പുചവറുകൾ കത്തിക്കുന്നതുകൊണ്ടുള്ള ദൂഷ്യങ്ങൾ എന്തൊക്കെയാണ്?
- കത്തിക്കൽ എന്നാലെന്ത്?
- ചപ്പുചവറുകൾ കത്തിക്കുമ്പോൾ നശിക്കുന്ന കീടങ്ങൾ ഏതല്ലാം?
- കമ്പോസ്റ്റ് എന്നാൽ എന്താണ്?
- പരിസരം മലിനമാകാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക.
- നിങ്ങളുടെ വിദ്യാലയത്തിലെ ഹരിതക്ലബ്ബിൻറ ആഭിമുഖത്തിൽ വിദ്യാലയപരിസരം മലിനമാകാതിരിക്കാൻ നിങ്ങൾ കൂട്ടുകാരോടൊപ്പം ചെയ്ത പ്രവർത്തനങ്ങളെ കുറിച്ച് കൂട്ടുകാരിക്ക് ഒരു കത്തെഴുതുക.



6th Malayalam_Unit-4.indd 66 3/19/2020 1:24:59 PM

അധികവായനക്ക്

കഥ

പച്ചപ്പട്ടുസാരി

മാധവിക്കുട്ടി



മാധവിക്കുട്ടി [1934-2009]: മലയാളത്തിലെ പ്രശസ്ത കഥാകാരിയായ മാധവിക്കുട്ടി തൃശൂർ ജില്ലയിലെ പുന്നയൂർകുളത്തെ നാലപ്പാട്ട് തറവാട്ടിൽ ജനിച്ചു. അമ്മ കവയിത്രിയായ ബാലാമണിയമ്മ. അച്ഛൻ മാതൃഭൂമി ദിനപത്രത്തിലെ മുൻ മാനേജിംഗ് എഡിറ്ററായിരുന്ന വി.എം.നായർ. നാലപ്പാട്ട് നാരായണമേനോൻ വലിയമ്മാവനായിരുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമായി നിരവധി സാഹിത്യസൃഷ്ടികൾ അവരുടേതായിട്ടുണ്ട്. അനാഥരായ അമ്മമാരെയും സ്ത്രീകളെയും സംരക്ഷിക്കുവാനും മനുഷ്യത്വപരമായ പ്രവർത്തനങ്ങൾക്കുമായി ലോകസേവ ചാരിറ്റബിൾ ട്രസ്റ്റ് എന്ന സംഘടന ആരംഭിച്ചു. നാലപ്പാട്ടെ തന്റെ തറവാട് കേരള സാഹിത്യ അക്കാദമിക്കായി അവർ ഇഷ്ടദാനം കൊടുത്തു. എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾക്ക് അർഹയായിട്ടുണ്ട്. മാധവിക്കുട്ടിയുടെ ആത്മകഥയായ 'എന്റെ കഥ' ഇംഗ്ലീഷ് അടക്കം 15 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

പ്രധാന കൃതികൾ: തിരഞ്ഞെടുത്ത കവിതകൾ, പക്ഷിയുടെ മണം, നരിച്ചീറുകൾ പറക്കുമ്പോൾ, നെയ്പായസം, നീർമാതളം പൂത്തകാലം, ബാല്യകാല സ്മരണകൾ.

അയാൾ ബദ്ധപ്പെട്ട് ആശുപത്രിയിൽ വന്നെത്തിയപ്പോൾ ഒരു നേഴ്സ് അവളെ ഒരുക്കുകയായിരുന്നു.

അവളുടെ വിളർത്ത മുഖവും രണ്ടായി മെടഞ്ഞിട്ട മുടിയും മറ്റും നോക്കിയപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു. പെട്ടന്ന് അയാൾ മുഖം തിരിച്ചു.

'ഈ ഓപ്പറേഷൻ കഴിഞ്ഞ് എന്റെ സുഖക്കേട് മാറിയാൽ നമുക്ക് ഷോപ്പിംഗിനു പോണം' അവൾ പറഞ്ഞു : 'ഓർമ്മയുണ്ടോ ഏഴു കൊല്ലം മുൻപ്, നമ്മുടെ കല്യാണം കഴിഞ്ഞ മാസത്തിൽ നിങ്ങൾ എനിക്കൊരു പച്ചപ്പട്ടുസാരി തരാമെന്ന് പറഞ്ഞത്? ആ സാരി വാങ്ങണം. വേണ്ടേ?'

6th Malayalam_Unit-4.indd 67 3/19/2020 1:24:59 PM



‘വേണം, എന്ത് വേണമെങ്കിലും വാങ്ങിത്തരാം’ അയാൾ പറഞ്ഞു.

‘പക്ഷെ എന്റെ ഭംഗിയൊക്കെ പോയി ഇല്ലേ?’

‘ഇല്ല അമ്മൂ, നിന്റെ മുഖത്തിന്റെ ഭംഗി വർധിച്ചിരിക്കുകയാണ്.’ അയാൾ പറഞ്ഞു.

‘നിങ്ങൾക്ക് നല്ല മുഖശ്രീയുണ്ട്.’ നേഴ്സ് അവളുടെ കൈ തലോടിക്കൊണ്ട് പറഞ്ഞു. അവൾ ചിരിച്ചു.

‘എത്ര മണിക്കാണ് ഓപ്പറേഷൻ?’ അവൾ ചോദിച്ചു ഏഴു മണിക്ക്. ഇന്ന് ആദ്യത്തെ ഓപ്പറേഷൻ ആണ്. നേഴ്സ് മറുപടി പറഞ്ഞു.

‘നിങ്ങൾ പോരുമ്പോൾ ബേബി ഉണർന്നിരുന്നുവോ ’ അവൾ ചോദിച്ചു.

‘ഇല്ല ചെരിഞ്ഞു കിടന്ന് ഉറങ്ങുന്നുണ്ടായിരുന്നു’ അയാൾ പറഞ്ഞു. അയാളുടെ തൊണ്ടയിൽ അപ്പോഴും ഒരു തേങ്ങൽ തടഞ്ഞു നിന്നിരുന്നു.

‘ഞാൻ മരിക്കുമോ?’ അവൾ ചോദിച്ചു. ‘സത്യം പറയൂ ഈ ഓപ്പറേഷനിൽ ഞാൻ മരിക്കുമോ?’

‘ഏയ് മരിക്കുകയൊന്നുമില്ല’ അയാൾ പറഞ്ഞു എന്നിട്ട് കൃത്രിമമായി ചിരിച്ചു. നഴ്സിന്റെ നേർക്ക് തിരിഞ്ഞു.

‘നിങ്ങൾ മരിക്കുകയില്ല ഇപ്പോഴൊന്നും’ നേഴ്സ് പറഞ്ഞു. : ’എത്രപേർ സുഖക്കേട് മാറി ഇവിടെ നിന്ന് പോകുന്നു?

6th Malayalam_Unit-4.indd 68 3/19/2020 1:25:00 PM



‘പക്ഷെ കാൻസർ....’

‘നീ വെറുതെ വിഷമിക്കരുത് അമ്മൂ, നല്ല കാര്യങ്ങൾ ആലോചിക്കൂ.’ അയാൾ പറഞ്ഞു.

‘എന്റെ ബേബിക്ക് പല്ലുവരുന്നതും അവൻ നടക്കുന്നതൊന്നും ഞാൻ കാണില്ലെന്ന് വരുമോ?’

‘അവനെ വളർത്താൻ എനിക്ക് ഭാഗ്യമുണ്ടാവില്ലേ ? സത്യം പറയൂ ഞാൻ മരിക്കുമോ?’

അവൾ ഗദ്ഗദത്തോടെ വീണ്ടും വീണ്ടും ചോദിച്ചു. ‘ഞാൻ മരിക്കുമോ?’ ‘ഇല്ല. മരിക്കില്ല... ഞാൻ സത്യം ചെയ്യാം. നീ മരിക്കില്ല.’

അയാളുടെ ചുണ്ടുകൾ വിറക്കുന്നത് അവൾ കാണാതിരിക്കുവാൻ അയാൾ ജനവാതിലിലേക്ക് നടന്നു.

‘വെളിച്ചമാവാത്തത് എന്താണ്?’ അവൾ ചോദിച്ചു. പുറത്തെ മരങ്ങളൊന്നും എനിക്ക് കാണാനില്ലല്ലോ.’

‘വരൂ സമയമായിത്തുടങ്ങി’ നേഴ്സ് അവളെ എഴുന്നേൽപ്പിച്ചുകൊണ്ട് പറഞ്ഞു. ‘വരൂ നമുക്ക് പോവാം’

6th Malayalam_Unit-4.indd 69 3/19/2020 1:25:02 PM

അവർ മൂന്ന് പേരും ഒരു നീണ്ട ഇടനാഴിയിൽക്കൂടി നടന്നു. ധാരാളം വിളക്കുകളുള്ള ഒരു തളത്തിലെത്തി.

'ഇവിടെ ഇരിക്കൂ... ഡോക്ടർ തീയറ്ററിലേക്ക് വന്നിട്ടില്ലെന്ന് തോന്നുന്നു.' നേഴ്സ് പറഞ്ഞു.

'നിങ്ങളാണോ മിസ്സിസ് മേനോൻ?' മറ്റൊരു നഴ്സ് ഒരു പുസ്തകവുമായി അവളുടെ അടുത്തേക്ക് വന്നു. വികാരരഹിതമായ ആ മുഖത്തേക്ക് നോക്കിക്കൊണ്ട് അമ്മു തലകുലുക്കി.

'ഇവിടെ ഒപ്പിടണം' നേഴ്സ് അവളോട് പറഞ്ഞു.അവൾ പേന വാങ്ങി ഒപ്പുവെച്ചു.

'നീ പരിഭ്രമിക്കരുത്...' അയാൾ പറഞ്ഞു. 'ഇല്ല, ഞാൻ ആ പച്ചപ്പട്ടുസാരി യെപ്പറ്റി ആലോചിക്കുകയാണ്'. അവൾ പറഞ്ഞു.

അയാൾ പെട്ടെന്ന് അവളുടെ മുൻപിൽ മുട്ടുകുത്തി നിന്നുകൊണ്ട് അവളുടെ കൈകൾ തന്റെ കൈകൾക്കിടയിൽ വെച്ചു.

'എന്റെ അമ്മു ഞാൻ നിന്നെ എത്രയധികം സ്നേഹിക്കുന്നുവെന്ന് നിനക്കറിയില്ലേ?'

'ഇങ്ങനെ ഓരോന്ന് പറഞ്ഞാലാണ് എനിക്ക് കരച്ചിൽ വരിക.' അമ്മു പറഞ്ഞു.

'നീയും ഞാനും കൂടി ഷോപ്പിങ്ങിനു പോവും, ബേബിയേയും കൊണ്ട് നടക്കാൻ പോവും. എന്തൊക്കെ ചെയ്യാൻ ബാക്കി കിടക്കുന്നു?!' അയാൾ പറഞ്ഞു.

'വരൂ, സമയമായി' നേഴ്സ് മുറിയിൽ കടന്നു കൊണ്ട് പറഞ്ഞു. 'മിസ്റ്റർ മേനോൻ നിങ്ങൾക്ക് തിയറ്ററിലേക്ക് പ്രവേശനമില്ല. ഇവിടെയിരിക്കാം'.

തീയേറ്ററിന്റെ അകത്തേക്ക് കടക്കുമ്പോൾ അമ്മു പറഞ്ഞു.

'ആ പച്ചപ്പട്ടുസാരി മറക്കരുത്.'

എന്നിട്ട് അവൾ അവസാനമായി അയാളെ നോക്കി ചിരിച്ചു.

വായിച്ചു കണ്ടെത്തുക.

1. 'അവൾ' എന്ന് കഥാകൃത്ത് സൂചിപ്പിച്ചിരിക്കുന്ന വ്യക്തിയുടെ പേര്?
2. 'നിങ്ങൾക്ക് നല്ല മുഖശ്രീയുണ്ട്.' ഇങ്ങനെ അഭിപ്രായപ്പെട്ടത് ആര്?
3. 'നിങ്ങൾ പോരുമ്പോൾ ബേബി ഉണർന്നിരുന്നുവോ' -ബേബി എന്ന് വിളിക്കുന്നത് ആരെ?

6th Malayalam_Unit-4.indd 70 3/19/2020 1:25:02 PM

4. ‘നീ വെറുതെ വിഷമിക്കരുത് അമ്മൂ. നല്ല കാര്യങ്ങൾ ആലോചിക്കൂ.’ ഇങ്ങനെ പറഞ്ഞത് ആര്?

5. ‘ഡോക്ടർ തീയറ്ററിലേക്ക് വന്നിട്ടില്ലെന്ന് തോന്നുന്നു.’ ഇതാരുടെ വാക്കുകളാണ്.?

കണ്ടെത്തി എഴുതുക.

1. ഇങ്ങനെ ഓരോന്നു പറഞ്ഞാലാണ് എനിക്ക് _____ വരിക.

2. നീയും ഞാനും കൂടി _____ പോവും.

3. നിങ്ങൾക്ക് _____ ലേക്ക് പ്രവേശനമില്ല.

4. ആ _____ മറക്കരുത്.

കുറിപ്പുകൾ തയ്യാറാക്കുക.

1. ഈ കഥയിലെ ‘അയാൾ’ എന്ന കഥാപാത്രത്തോട് നിങ്ങൾക്കു തോന്നുന്ന മനോഭാവം എന്താണ്?

2. ‘പച്ചപ്പട്ടുസാരി’ എന്ന പേര് കഥയ്ക്ക് നൽകിയത് ഇഷ്ടമായോ? എന്തുകൊണ്ട്?

3. ‘അമ്മു’ എന്ന കഥാപാത്രം അനുഭവിക്കുന്ന രോഗത്തെക്കുറിച്ച് നിങ്ങളുടെ ധാരണ എന്താണ്?

4. ഓപ്പറേഷൻ തീയറ്ററിലേക്ക് കൊണ്ടുപോകുന്ന രോഗിയുടെ മാന സികാവസ്ഥ ഈ കഥയെ ആസ്പദമാക്കി സ്വന്തം വാക്കുകളിൽ എഴുതുക.

ചില്ലുകൾ പരിചയപ്പെടാം.

ർ , ൽ , ൻ , ൺ , ൾ

വാക്യങ്ങൾ ഉണ്ടാക്കുക.

മാതൃക: ഞാനും സുഹറയും മധുവും ഒരുമിച്ചാണ് പള്ളിക്കൂടത്തിലേക്ക് വരുന്നത്.

.....

.....

.....

6th Malayalam_Unit-4.indd 71 3/19/2020 1:25:02 PM

ഭാഗം

5

സംസ്കാരത്തിലെ നാനാത്വം



പഠനലക്ഷ്യങ്ങൾ

- താരാട്ടുപാട്ടിന്റെ ലയവും മാധുര്യവും അറിയൽ
- കലകളും യാത്രകളും നൽകുന്ന സാംസ്കാരികവൈവിധ്യങ്ങൾ മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത : ഒരു ഉറക്കുപാട്ട് - വള്ളത്തോൾ നാരായണമേനോൻ
ഗദ്യം : കേരളത്തിലെ നാടൻകലകൾ
അധികവായനയ്ക്ക് : മാമല്ലപുരം
വ്യാകരണം : പിരിച്ചെഴുതൽ, ചേർത്തെഴുതൽ

6th Malayalam_Unit-5.indd 72 3/19/2020 1:25:54 PM

കവിത

ഒരു ഉറക്കുപാട്ട്

വള്ളത്തോൾ നാരായണമേനോൻ

കവിയെ പരിചയപ്പെടാം



വള്ളത്തോൾ നാരായണ മേനോൻ [1878 - 1958] മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത് ചേന്നര വില്ലേജിൽ ജനിച്ചു. ആധുനിക കവിത്രയത്തിൽപ്പെട്ട വള്ളത്തോൾ കേരളത്തിന്റെ ദേശീയകവിയായാണ് അറിയപ്പെടുന്നത്. ചിത്രയോഗമാണ് അദ്ദേഹത്തിന്റെ മഹാകാവ്യം. ശിഷ്യനും മകനും, അച്ഛനും മകളും, കൊച്ചുസീത, മഗ്ദലനമറിയം, ബധിരവിലാപം, സാഹിത്യമഞ്ജരി എന്നിവയാണ് പ്രധാനപ്പെട്ട കാവ്യങ്ങൾ.

താരാട്ടുപാട്ടുകളുടെ ഈണവും ലാളിത്യവും ഒത്തിണങ്ങിയ 'ഒരു ഉറക്കുപാട്ട്' എന്ന കവിത സാഹിത്യമഞ്ജരി രണ്ടാം ഭാഗത്തിൽ നിന്നെടുത്തതാണ്.

എൻ കുഞ്ഞുറങ്ങിക്കൊൾകെ, ൻ കുഞ്ഞുറങ്ങികൊൾ-
കെൻ കുഞ്ഞുറങ്ങികൊൾകെന്റെ തങ്കം-
നാളെപ്പുലർകാലത്തുന്മേഷമിന്നത്തെ-
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ

എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി
ച്ചുല്ലാസം കോലുവാൻ കാലമായി;
വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ;
വെള്ളക്കിടക്ക വിരിച്ചു നീളെ

6th Malayalam_Unit-5.indd 73 3/19/2020 1:25:55 PM

എൻ കുഞ്ഞുറങ്ങിക്കൊൾകെ, ൻ കുഞ്ഞുറങ്ങികൊൾ-
കെൻ കുഞ്ഞുറങ്ങികൊൾകെന്റെ തങ്കം
മാന്തളിർ തിന്നു മദിച്ചോരിളങ്കുയിൽ
പൂന്തേൻ കുഴമ്പാൽ നിൻ കർണ്ണയുഗ്മം
പാടേ നിറപ്പാനായ്, ത്തൻ ഗളനാളത്താ-
ലോടക്കുഴലിടയ്ക്കൂതിടുന്നു.
എൻ കുഞ്ഞുറങ്ങിക്കൊൾകെ, ൻ കുഞ്ഞുറങ്ങികൊൾ-
കെൻ കുഞ്ഞുറങ്ങികൊൾകെന്റെ തങ്കം.



6th Malayalam_Unit-5.indd 74 3/19/2020 1:25:55 PM

അഭ്യാസം

I. പദങ്ങൾ പരിചയപ്പെടാം.

ഉന്മേഷം, നിദ്ര, അങ്കം, ഉല്ലാസം, കോലുവാൻ,

വെള്ളിച്ചാറ്, മാന്തളിർ, കർണ്ണം, യുഗ്മം, ഗളം.

II. അർത്ഥം കണ്ടെത്തുക.

1. ഉന്മേഷം - കഴുത്ത്, ഉണർവ്വ്, ഉറക്കം
2. നിദ്ര - ചെവി, ഉറക്കം, ഉണർവ്വ്
3. കർണ്ണം - ഉറക്കം, ഉണർവ്വ്, ചെവി
4. ഗളം - ഉണർവ്വ്, ഉറക്കം, ഗളം, കഴുത്ത്

III. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. 'ഒരു ഉറക്കുപാട്ട്' എന്ന കവിത എഴുതിയത് ആര്?

   അ) ഉള്ളൂർ ആ) വള്ളത്തോൾ ഇ) ആശാൻ ഈ) ഇടശ്ശേരി.

2. ആരാണ് വെള്ളക്കിടക്ക വിരിച്ചത്?

   അ) നിലാവ് ആ) നക്ഷത്രം ഇ) കുഞ്ഞ് ഈ) അമ്മ

3. മാന്തളിർ തിന്ന് മദിച്ചതാര്?

   അ) കുയിൽ ആ) കുരുവി ഇ) കാക്ക ഈ) തത്ത

IV. മനഃ പാഠമാക്കേണ്ട വരികൾ

എൻ കുഞ്ഞുറങ്ങി ..... വിരിച്ചു നീളെ.

V. പ്രവൃത്തിപരിചയം

താരാട്ടുപാട്ടുകൾ നമുക്കെല്ലാവർക്കും ഇഷ്ടമാണല്ലോ. നിങ്ങൾക്കിഷ്ടപ്പെട്ട താരാട്ടുപാട്ടുകൾ- ചലച്ചിത്രഗാനങ്ങളോ, കവിതകളോ കണ്ടെത്തി എഴുതുകയും പാടി ആസ്വദിക്കുകയും ചെയ്യുക.

വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ;
വെള്ളക്കിടക്ക വിരിച്ചു നീളെ ..... ഇതുപോലെ മനോഹരമായ വരികൾ ഈ കവിതയിൽ നിന്നും കണ്ടെത്തി എഴുതുക

6th Malayalam_Unit-5.indd 75 3/19/2020 1:25:55 PM

വ്യാകരണം

പിരിച്ചെഴുതുക

1. പൂന്തേൻ
2. നിലാവിതാ
3. ഉണർന്നെണീപ്പാൻ
4. ഇണങ്ങിയുണർന്ന്

ചേർത്തെഴുതുക.

1.	ഒറ്റ	+	കാൽ	=
2.	വിളിച്ച്	+	ഓതുക	=
3.	ഇളം	+	കുയിൽ	=
4.	വെള്ള	+	കിടക്ക	=

6th Malayalam_Unit-5.indd 76 3/19/2020 1:25:55 PM

ഗദ്യം

കേരളത്തിലെ നാടൻകലകൾ

പഴയകാലജീവിതത്തിന്റെ തുടിപ്പുകളാണ് നാടൻകലകളുടെ ജീവൻ. കേരളത്തിലെ നാടൻ കലകളെ സാമാന്യമായി പരിചയപ്പെടുത്തുന്ന ലേഖനം തയ്യാറാക്കിയത് പാഠപുസ്തകസമിതിയംഗമായ ശ്രീമതി. ആർ.സചിതയാണ്.

ഗ്രാമീണജീവിതത്തിലെ എല്ലാരംഗങ്ങളിലും നാടൻകലകൾക്ക് സ്വാധീനമുണ്ട്. ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആരാധന, അനുഷ്ഠാനങ്ങൾ തുടങ്ങി എല്ലാ ആചാരങ്ങളുമായും നാടൻകലകൾക്ക് ബന്ധമുണ്ട്. ആദിമകാലം മുതൽ മനുഷ്യജീവിതത്തോട് ചേർന്നാണ് ഈ കലകൾ വികസിച്ചുവന്നത്. ആദിമമനുഷ്യൻ പ്രകൃതിയിൽക്കണ്ട മാറ്റങ്ങൾ ആനന്ദത്തോടെയും അത്ഭുതത്തോടെയും വീക്ഷിച്ചിട്ടുണ്ടാവാം. അങ്ങനെ അവന്റെ കാൽത്തുമ്പിൽ നിന്നും വീണ ചലനങ്ങളാണ് നൃത്തച്ചുവടുകളായി മാറിയിട്ടുള്ളത്. ആംഗ്യവും, അഭിനയവും അവരുടെ ചലനങ്ങളിൽ നിന്നുണ്ടായതാണ്. അക്കാലത്തുള്ള ജനജീവിതത്തേയും സംസ്കാരത്തേയും തിരിച്ചറിയാൻ നാടൻകലകൾ കാണുന്നതു വഴി സാധിക്കും.

തീയാട്ട്, തെയ്യം, തിറ, സർപ്പംതുള്ളൽ, കോലംതുള്ളൽ, കളമെഴുത്ത് തുടങ്ങിയ നിരവധി നാടൻകലാരൂപങ്ങൾക്ക് പ്രചാരമുള്ള നാടാണ് കേരളം.

തീയാട്ട്

ദേവാലയങ്ങളിലും, ബ്രഹ്മാലയങ്ങളിലും നടത്തി വരുന്ന ഒരു അനുഷ്ഠാനകലയായ ദൈവാട്ടമാണ് തീയാട്ടമായി അറിയപ്പെടുന്നത്. ദേവതാപ്രീതിക്കുവേണ്ടിയുള്ളതാണ് ഈ കല. അയ്യപ്പൻതീയ്യാട്ട്, ഭദ്രകാളിത്തീയാട്ട് എന്നു തീയാട്ട് രണ്ടു വിധമുണ്ട്.



6th Malayalam_Unit-5.indd 77 3/19/2020 1:25:55 PM



തീയാട്ട്

കളമെഴുത്ത്

കളമെഴുത്ത് ഒരു പാരമ്പര്യകലയാണ്.പഞ്ചവർണ്ണപ്പൊടികൾ കൊണ്ട് ഭാവനിർഭരമായ രൂപങ്ങൾ അതിവേഗത്തിൽ വരക്കുന്നതാണ് കളമെഴുത്ത്. കുരുത്തോലയും പുഷ്പങ്ങളും കൊണ്ട് അലങ്കരിച്ച സ്ഥലത്തോ പന്തലിലോ ആണ് കളം വരയുക. കളത്തിനു ചുറ്റും പ്രത്യേക സ്ഥാനങ്ങളിൽ നെല്ല്, നാളികേരം, അരി മുതലായവ വയ്ക്കും. കളമെഴുതാൻ അരിപ്പൊടി, കറുപ്പ്, പച്ച, മഞ്ഞ, ചുകപ്പ് എന്നീ നിറങ്ങളിലുള്ള പൊടികളാണ് ഉപയോഗിക്കുന്നത്. കലാപരമായും, സാംസ്കാരികപരമായും, ചരിത്രപരമായുമുള്ള പ്രധാന്യം കളമെഴുത്തിനുണ്ട്.



കളമെഴുത്ത്

6th Malayalam_Unit-5.indd 78 3/19/2020 1:25:55 PM



തെയ്യം

തെയ്യം

ഉത്തരകേരളത്തിലെ ഒരനുഷ്ഠാനകലയാണ് തെയ്യം. ദേവീദേവന്മാരേയും യക്ഷഗന്ധർവാദികളേയും ഭൂതങ്ങളെയും നാഗങ്ങളേയും മൃതിയടഞ്ഞ കാരണവന്മാരേയും മൺമറഞ്ഞ വീരപരാക്രമികളേയും കോലസ്വരൂപമായി കെട്ടിയാടിച്ച് ആരാധിക്കുകയാണ് ഈ ഗ്രാമീണകലയുടെ സവിശേഷത. തെയ്യത്തിനു ദൈവമെന്നും അർത്ഥമുണ്ട്.



തിറ

6th Malayalam_Unit-5.indd 79 3/19/2020 1:25:56 PM

തിറ

ഉത്തരകേരളത്തിലെ ഒരനുഷ്ഠാന നർത്തനകലയാണ് തിറയാട്ടം. ദേവതകളുടെ കോലം കെട്ടിയാടുന്ന ഗ്രാമീണകലയാണിത്. നൃത്തരൂപത്തിലുള്ള അർപ്പണമാണ് തിറയാട്ടം. ദൈവീകമായ ആവിഷ്ക്കാരമെന്നോ, ദൈവീകമായ ദർശനമെന്നോ, ദൈവീകമായ അർപ്പണമെന്നോ തിറക്ക് അർത്ഥം കൽപ്പിക്കുന്നതിൽ അനൗചിത്യമില്ല. കോഴിക്കോട് ജില്ലയിലാണ് തിറയാട്ടത്തിന് കൂടുതൽ പ്രചാരം. കോഴിക്കോട് ജില്ലക്ക് വടക്ക് ദേവതാ രൂപം ധരിച്ചാടുന്ന മിക്കതിനെയും തെയ്യമെന്നാണ് പറയുന്നത്. വയനാട്ടിലും തിറയാട്ടം പതിവുണ്ട്.

കോലം തുള്ളൽ

ദക്ഷിണ കേരളത്തിൽ നടപ്പുള്ള അനുഷ്ഠാന കലയാണ് കോലംതുള്ളൽ. ഭഗവതീക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും കോലംതുള്ളൽ പതിവുണ്ട്. ക്ഷേത്രങ്ങളിൽ പടയണിയോടനുബന്ധിച്ചും സ്ത്രീകളെ സംബന്ധിക്കുന്ന ബാധോപദ്രവം നീക്കുവാൻ ഗൃഹങ്ങളിലും കോലം തുള്ളൽ നടത്തുന്നു. അലങ്കരിച്ച പന്തലിൽ വെച്ചാണ് കർമ്മങ്ങൾ നടത്തുക. ദേവതകളുടെ രൂപങ്ങൾ പഞ്ചവർണപ്പൊടികൾ കൊണ്ട് ചിത്രീകരിച്ച് പിണിയാളെ കളത്തിലിറക്കി ഇരുത്തിയ ശേഷമാണ് കളമിടുക. കളത്തിൽ പൂക്കളിട്ട ശേഷം ഗണകന്മാർ പാട്ടു പാടും. ചെറുമദ്ദളവും ഉടുക്കുമാണ് വാദ്യങ്ങൾ. യക്ഷിക്കോലം, പക്ഷിക്കോലം, കാലൻകോലം തുടങ്ങി അനേകം ദേവതകളുടെ കോലങ്ങൾ തലയിൽ എടുത്തുകൊണ്ടാണ് കോലം തുള്ളുന്നത്. പാട്ടും കൊട്ടും തുള്ളലിന് കൊഴുപ്പേകുന്നു. കോലംതുള്ളലിന് കണിതുള്ളൽ എന്നുകൂടി പേരുണ്ട്.


കോലം തുള്ളൽ

സാധാരണയായി നാടൻകലകളിൽ തെളിഞ്ഞു നിൽക്കുന്നത് ഗ്രാമീണരുടെ ആത്മാർത്ഥതയാണ്. ഏതു കലയും പുഷ്ടി പ്രാപിക്കുന്നത് ആസ്വാദർക്ക് ആനന്ദം നൽകുമ്പോഴാണ്. നാടൻ കലകൾ ഈ സത്യം പരിപാലിച്ചു പോരുന്നു.

6th Malayalam_Unit-5.indd 80 3/19/2020 1:25:56 PM

അഭ്യാസം

I. പുതിയ പദങ്ങൾ

അനുഷ്ഠാനം, സ്വാധീനം, പ്രകൃതി, ആംഗ്യം,
സംസ്കാരം, പ്രാധാന്യം, ആരാധന, ആഘോഷം.

II. അർത്ഥം മനസ്സിലാക്കം

ആദിമ കാലം	=	പഴയകാലം
വീക്ഷിക്കുക	=	കാണുക
പ്രീതി	=	സന്തോഷം
സ്വാധീനിക്കുക	=	വശത്താക്കുക
നാഗം	=	സർപ്പം

III. വിപരീത പദം മനസ്സിലാക്കം

ഉത്തരം	×	ദക്ഷിണം
പ്രധാനം	×	അപ്രധാനം
ആചാരം	×	അനാചാരം
വികാസം	×	സങ്കോചം
പ്രീതി	×	അപ്രീതി

IV. പൂരിപ്പിക്കുക

1. തെയ്യത്തിന് ..... എന്നും അർത്ഥമുണ്ട്.
2. തീയാട്ടിന്റെ രണ്ടു വകഭേദങ്ങളാണ് ..... ഉം .....ഉം
3. കളമെഴുത്ത് ഒരു ..... കലയാണ്
4. തിറ..... കേരളത്തിലെ ഒരനുഷ്ഠാനകലയാണ്.
5. കോലം തുള്ളലിന്റെ മറ്റൊരു പേരാണ് .....

V. ഉത്തരം ചുരുക്കിയെഴുതുക

1. കേരളത്തിലെ പ്രധാന നാടൻകലകൾ ഏതെല്ലാം?
2. നാടൻകലകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതെന്ത്?
3. ഉത്തരകേരളത്തിലെ അനുഷ്ഠാനകലകൾ ഏതെല്ലാം?
4. കോലംതുള്ളലിന്റെ പ്രത്യേകത എന്ത്?
5. കോലംതുള്ളലിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ ഏവ?

6th Malayalam_Unit-5.indd 81 3/19/2020 1:25:56 PM



പ്രവൃത്തി പരിചയം

ഈ പാഠഭാഗത്തിൽ നിങ്ങൾ പരിചയപ്പെട്ട നാടൻകലാരൂപങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

6th Malayalam_Unit-5.indd 82 3/19/2020 1:25:56 PM

അധികവായനയ്ക്ക്

മഹാബലിപുരം (യാത്രാവിവരണം)

ദക്ഷിണേന്ത്യയിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ് മഹാബലിപുരം. യുനസ്കോയുടെ ലോകപൈതൃകസ്മാരകങ്ങളുടെ പട്ടികയിൽ ഇടം പിടിച്ചതാണ് ഈ സ്ഥലം. കല്ലുളിയാൽ കൊത്തിവെക്കപ്പെട്ട ചരിത്രത്തിന്റെ അടയാളങ്ങൾകൊണ്ട് സമ്പന്നമായ മഹാബലിപുരത്തെ പരിചയപ്പെടുത്തുന്ന ഒരു യാത്രാവിവരണക്കുറിപ്പാണ് പാഠഭാഗം.
തയ്യാറാക്കിയത് പാഠപുസ്തകസമിതിയംഗമായ കെ.എ. ശോഭനയാണ്.



വീണ്ടും ഒരു അവധിക്കാലം. അനുവിന്റെ മിഴികൾ ഈറനണിഞ്ഞു. അടുത്ത വർഷം ഏഴാം ക്ലാസ്സിൽ ആവും. ഇതേ വിദ്യാലയത്തിൽ തന്നെയാണ് പഠനം തുടരുന്നതെങ്കിലും കൂട്ടുകാർ പലരും പല ക്ലാസ്സുകളിലായിരിക്കും. ഇതുപോലെ ഒരു ഒത്തുചേരൽ ഇനി ഉണ്ടാവില്ല. എന്നാലും അനുവിന്റെ മനസ്സിൽ സന്തോഷത്തിന്റെ തിരകൾ അലതല്ലി. അമ്മാവനോടൊത്ത് ഈ അവധിക്കാലം ചെന്നൈയിൽ ചെലവഴിക്കാമല്ലോ എന്നോർത്തപ്പോൾ അനുവിന്റെ മനസ്സിൽ സന്തോഷം കളിയാടി.

അനുവിന്റെ അമ്മാവൻ ചെന്നൈയിലാണ് ജോലി ചെയ്യുന്നത്. ഈ അവധിക്കാലം അനുവിനെയും ചേച്ചിയെയും കൂട്ടിക്കൊണ്ട് പോകാമെന്ന് അച്ഛനും അമ്മയും വാക്കു കൊടുത്തിരുന്നു. അതനുസരിച്ച് ഞങ്ങൾ കോഴിക്കോട്ടു നിന്നു ചെന്നൈയിലേക്ക് യാത്ര പുറപ്പെട്ടു. തീവണ്ടിയിലായിരുന്നു യാത്ര.

6th Malayalam_Unit-5.indd 83 3/19/2020 1:25:57 PM

വളരെ രസകരമായ ആ യാത്രയിൽ ധാരാളം കാഴ്ചകൾ കാണാൻ സാധിച്ചു. രണ്ട് സംസ്ഥാനങ്ങളിൽ കൂടിയുള്ള ആ യാത്രയിൽ കാലാവസ്ഥാമാറ്റവും ഭാഷയിലും സംസ്കാരത്തിലുമുള്ള മാറ്റവും നേരിട്ടറിയാൻ സാധിച്ചു.

പിറ്റെ ദിവസം അതിരാവിലെ ഞങ്ങൾ ചെന്നൈ സെൻട്രൽ റെയിൽവെ സ്റ്റേഷനിൽ വണ്ടിയിറങ്ങി. അമ്മാവൻ ഞങ്ങളെ കാത്ത് നിൽപ്പുണ്ടായിരുന്നു. അവിടെനിന്നും വളരെ അടുത്തുതന്നെയാണ് അമ്മാവന്റെ ഫ്ളാറ്റ്. റോഡിനിരുവശവും അംബരചുംബികളായ കെട്ടിടങ്ങളും, നിരത്തിൽ ഇടതടവില്ലാതെ ഓടുന്ന വാഹനങ്ങളും കണ്ട് ഞാനും ചേച്ചിയും അമ്പരന്നു. യാത്രാക്ഷീണമൊക്കെ തീർന്നപ്പോൾ അമ്മാവൻ ഞങ്ങളെ മറീന ബീച്ചിൽ കൊണ്ടുപോയി. ഏഷ്യയിലെ രണ്ടാമത്തെ വലിയ കടൽത്തീരം ഞങ്ങളെ അത്ഭുതസ്തബ്ധരാക്കി. ഞങ്ങൾ വളരെ നേരം ആ പൂഴിമണലിൽ കളിക്കുകയും തിരമാലകളോടൊപ്പം ആർത്തുല്ലസിക്കുകയും ചെയ്തു.

അടുത്ത ദിവസം രാവിലെ ഞങ്ങൾ മഹാബലിപുരത്തേക്കാണ് പോയത്. പല്ലവചരിത്രമുറങ്ങുന്ന മഹാബലിപുരം കാഞ്ചീപുരം ജില്ലയിലാണ്. ചെന്നൈയിൽ നിന്നും 60 കി.മീ ദൂരെയാണ് ഈ സ്ഥലം. ചരിത്രം പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിയും സന്ദർശിക്കേണ്ട ചരിത്രപ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലമാണിത്. അമ്മാവൻ ഈ പ്രദേശത്തിന്റെ ചരിത്രം വളരെ വിശദമായി ഞങ്ങൾക്ക് പറഞ്ഞുതന്നു.

എ.ഡി 7-ാം നൂറ്റാണ്ടിൽ ദക്ഷിണേന്ത്യയിലെ പല്ലവരാജാവായിരുന്ന നരസിംഹവർമ്മൻ ഒന്നാമനാണ് ഈ നഗരം രൂപകൽപന ചെയ്തത്. ഇതിന് മാമല്ലപുരം എന്നും പേരുണ്ട്. മാമല്ലൻ എന്ന പേരിന് 'മഹാനായ ഗുസ്തിക്കാരൻ' എന്നാണ് അർത്ഥം. മല്ലാൽ എന്ന വാക്കിന് ഐശ്വര്യം എന്നും അർത്ഥമുണ്ട്.



6th Malayalam_Unit-5.indd 84 3/19/2020 1:25:57 PM



അതിനാൽ ഒരു പ്രധാനപ്പെട്ട തുറമുഖമായിരുന്ന ഈ ദേശത്തെ ഐശ്വര്യമുള്ള നാട് എന്ന അർത്ഥത്തിലും ഇങ്ങനെ വിളിച്ചു വരുന്നു.

മഹാബലിപുരത്തെ മറ്റൊരു കാഴ്ച ബംഗാൾ ഉൾക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന ക്ഷേത്രമാണ്. ഒറ്റക്കൽ ശില്പ്പകലക്ക് ഉത്തമ ഉദാഹരണമാണിത്. ഇവിടുത്തെ ചരിത്രസ്മാരകങ്ങളിൽ ഭൂരിഭാഗവും പാറ തുരന്ന് നിർമ്മിച്ച ഒറ്റക്കൽ ശിൽപ്പങ്ങളാണ്. ദേവീദേവന്മാരുടേയും, ആനയുടെയുമെല്ലാം ശില്പ്പങ്ങളാണ് ഇവിടെ അധികമായി കാണപ്പെടുന്നത്.

പല്ലവകലയുടെ മഹത്വം വിളിച്ചോതുന്നവയാണ് മഹാബലിപുരത്തെ പഞ്ചരഥ ശില്പ്പങ്ങൾ. പഞ്ചരഥങ്ങൾ അഞ്ചും വ്യത്യസ്ത ശൈലിയിലുള്ള ഒറ്റക്കൽ ക്ഷേത്രങ്ങളാണ്. ഒറ്റകല്ലിൽ അഞ്ചു രഥങ്ങൾ പിരമിഡ് ആകൃതിയിൽ നിർമ്മിച്ചിരിക്കുന്നു. ഇത് പാണ്ഡവക്ഷേത്രമായി കണക്കാക്കുന്നു. മഹാബലിപുര ക്ഷേത്രരൂപങ്ങൾ രഥങ്ങൾ എന്നറിയപ്പെടുന്നു. ഇവിടെ ഗ്രന്ഥാക്ഷരത്തിലും തമിഴ് ലിപിയിലുമുള്ള ശാസനങ്ങളുണ്ട്. മഹാബലിപുരത്തെ ഏഴുക്ഷേത്ര ഗോപുരങ്ങൾ (പഗോഡകൾ) പ്രസിദ്ധമാണ്. നരസിംഹവർമ്മന്റെ ഭരണകാല ത്താണ് ചീനാസഞ്ചാരിയായ ഹുയാങ്സാങ് ഇന്ത്യ സന്ദർശിച്ചത്.

6th Malayalam_Unit-5.indd 85 3/19/2020 1:25:58 PM



ക്ഷേത്രകടൽത്തീരത്തെ പാറക്കെട്ടുകളിൽ വന്നലയ്ക്കുന്ന തിരമാലകളുടെ ഭംഗി ആസ്വദിച്ചുകൊണ്ട് ഞങ്ങൾ മനസ്സില്ലാമനസ്സോടെ പിൻവാങ്ങി. അടുത്ത അവധിക്കാലയാത്ര സ്വപ്നം കണ്ടുകൊണ്ട് ഞങ്ങൾ നാട്ടിലേക്ക് യാത്ര തിരിച്ചു.

വ്യാകരണം

പിരിച്ചെഴുതുക

കാറ്റടിച്ചു	-	കാറ്റ്	+	അടിച്ചു
വന്നില്ല	-	വന്നു	+	ഇല്ല

ചേർത്തെഴുതുക

തൈ	+	പൊങ്കൽ	=	തൈപ്പൊങ്കൽ
അവസരം	+	ആണ്	=	അവസരമാണ്
കടൽ	+	തീരം	=	കടൽത്തീരം
പൊന്ന്	+	ഒളി	=	പൊന്നൊളി

6th Malayalam_Unit-5.indd 86 3/19/2020 1:26:04 PM

ഭാഗം

6

കൃഷിയും പരിസ്ഥിതിയും നൽകുന്ന ജീവിതം



പഠനലക്ഷ്യങ്ങൾ

- കിളി പറയുന്ന ജീവിതത്തിലെ മാനുഷികത മനസ്സിലാക്കൽ
- പക്ഷികളിലൂടെ ഉപജീവനത്തിന്റെ ജീവിതപാഠങ്ങൾ നിരീക്ഷിക്കൽ
- നാടോടിക്കഥ നൽകുന്ന ജീവിതമൂല്യങ്ങൾ ഉൾക്കൊള്ളൽ
- നാമപദങ്ങൾ തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത : മാടത്തക്കിളി (വൈലോപ്പിള്ളി ശ്രീധരമേനോൻ)

ഗദ്യം : കൃഷ്ണപ്പരുന്തും ചക്കിപ്പരുന്തും (ഇന്ദുചൂഡൻ)

അധികവായനയ്ക്ക് : കടമറ്റത്തച്ചനും പനയന്നാർക്കാവിൽ യക്ഷിയും

വ്യാകരണം : നാമം

6th Malayalam_Unit-6.indd 87 3/19/2020 1:26:56 PM

കവിത

മാടത്തക്കിളി

-വൈലോപ്പിള്ളി ശ്രീധരമേനോൻ

കവിയെ പരിചയപ്പെടാം



വൈലോപ്പിള്ളി ശ്രീധരമേനോൻ [1911-1985]: എറണാകുളത്തെ കലൂരിൽ ജനിച്ചു. 'കാച്ചിക്കുറുക്കിയ കവിത' എന്നാണ് വൈലോപ്പിള്ളിക്കവിതകളെ വിശേഷിപ്പിക്കാറ്. കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, ശ്രീരേഖ, ഓണപ്പാട്ടുകാർ എന്നിവ പ്രധാനപ്പെട്ട കൃതികളാണ്.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തെ സൂചിപ്പിക്കുന്ന ഈ കൊച്ചുകവിത 'വൈലോപ്പിള്ളിയുടെ ബാലകവിതകൾ' എന്ന കവിതാസമാഹാരത്തിൽ നിന്നും എടുത്തതാണ്.

'മാടത്തക്കിളി മാടത്തക്കിളി,
പാടത്തെന്തു വിശേഷം? ചൊല്ലുക
പാടത്തെന്തു വിശേഷം?

'പാടത്തെല്ലാം വിത്തുവിതച്ചു
പയ്യെച്ചുണ്ടും കീറിമുളച്ചൂ
ഒരുമഴക്കിട്ടാഞ്ഞുഴറും ഞാറി-
ന്നോമൽപ്പീലി കരിഞ്ഞൂ'

'മാടത്തക്കിളി മാടത്തക്കിളി,
മാനത്തെന്തു വിശേഷം, ചൊല്ലുക
മാനത്തെന്തു വിശേഷം?

6th Malayalam_Unit-6.indd 88 3/19/2020 1:26:56 PM

’മാനത്തില്ലൊരു കാർനിഴ, ലെന്നാ-
ലേനത്തിൽ കാറ്റൂതുന്നു.
കാറ്റിൻപിറകേ ചിറകുവിരുത്തി-
ക്കാർനിരയെത്തിപ്പെയ്താലോ,
ആ മഴകൊത്തീട്ടൊന്നു ചിനക്കുകി-
ലാമണിഞാറു തഴയ്ക്കൂലോ.’

മാടത്തക്കിളി , മാടത്തക്കിളി
മാടത്തിൽ കഥയെന്തോ? ചൊല്ലുക
മാടത്തിൽ കഥയെന്തോ?
’തെങ്ങിൻ പോടാമെൻമാടത്തിൽ
ഭംഗിയിൽ മുട്ടകൾ ഞാനിട്ടൂ
മുട്ടവിരിഞ്ഞാൽ കുഞ്ഞുങ്ങൾക്കിനി
വിട്ടൊഴിയാത്ത വിശപ്പല്ലോ.

പുൽപോന്തുകളെക്കൊണ്ടുകൊടുക്കണ-
മപ്പോൾ, മാനം കനിയായ്കിൽ
പുല്ലും ഞാറും പുൽപോന്തുകളും
നെല്ലും നമ്മൾക്കുണ്ടാമോ?



6th Malayalam_Unit-6.indd 89 3/19/2020 1:26:56 PM

അഭ്യാസം

I. അർത്ഥം മനസ്സിലാക്കാം

കിളി	=	തത്ത
പാടം	=	വയൽ
പയ്യെ	=	പതുക്കെ
മാനം	=	ആകാശം
കാർനിഴൽ	=	കാർമേഘം
ചൊല്ലുക	=	പറയുക
പോട്	=	പൊത്ത്

* കവിതയിൽ നിങ്ങൾക്ക് കൂടുതൽ ഇഷ്ടപ്പെട്ട വരികൾ കണ്ടെത്തുക

കിളിപാടുംമരം	-	കിളിമരം
കുളിരോലും മഴ	-	കുളിർമഴ
കളമധുരംമൊഴി	-	കിളിമൊഴി
മധുനിറയും മലർ	-	മടുമലർ
മലർവിരിയുംവനി	-	മലർവനി

II. ഇതുപോലെയുള്ള വരികൾ കണ്ടെത്തുക

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. മാടത്തക്കിളി മാടത്തക്കിളി പാടത്തെന്തു.....

   അ) ജോലി ആ) വിശേഷം ഇ) കാര്യം ഈ) കളി

2. പാടത്തെല്ലാം .....വിതച്ചു

   അ) സ്വപ്നങ്ങൾ

   ആ) പൂവ്

   ഇ) വിത്ത്

   ഈ) കാറ്റ്

3. മാനത്ത് .....ഇല്ല

   അ) കാർനിഴൽ

   ആ) സൂര്യൻ

   ഇ) ചന്ദ്രൻ

   ഈ) വെളിച്ചം

6th Malayalam_Unit-6.indd 90 3/19/2020 1:26:56 PM

4. .....കിട്ടാഞ്ഞ് ഞാറുകൾ കരിഞ്ഞു

അ) വെയിൽ

ആ) മഞ്ഞ്

ഇ) മഴ

ഈ) വളം

5. .....പോടാണ് കിളിയുടെ മാടം

അ) കവുങ്ങ്

ആ) പ്ലാവ്

ഇ) മാവ്

ഈ) തെങ്ങ്

III. യോജിച്ചവ ചേർത്തെഴുതുക

മാടത്ത	-	വിതച്ചു
വിത്ത്	-	ഊതുന്നു
മാനം	-	കിളി
കാറ്റ്	-	കനിയുക

IV. ചേർത്തെഴുതുക

മാടത്ത	+	കിളി	=
പാടത്ത്	+	എല്ലാം	=
കിട്ടാഞ്ഞ്	+	ഉഴറും =	

V. പിരിച്ചെഴുതുക

പാടത്തെല്ലാം = ... + ...

മാനത്തില്ലൊരു = ... + ...

വിട്ടൊഴിയാത്ത = ... + ...

കുഞ്ഞുങ്ങൾക്കിനി = ... + ...

6th Malayalam_Unit-6.indd 91 3/19/2020 1:26:56 PM

VI. ഉത്തരമെഴുതുക

1. പാടത്ത് എന്താണ് വിതച്ചത്?
2. മഴയില്ലാത്തത് കൊണ്ട് എന്താണ് കരിഞ്ഞത്?
3. മാടത്തക്കിളി എവിടെയാണ് മുട്ടയിട്ടത്

മനഃപാഠമാക്കേണ്ട വരികൾ

മാടത്തക്കിളി ..... മണിഞാറു തഴയ്ക്കൂലോ

കാവ്യാലാപനം

* ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ഉചിതമായ ഈണത്തിൽ കവിത അവതരിപ്പിക്കുക

6th Malayalam_Unit-6.indd 92 3/19/2020 1:26:56 PM

ഗദ്യം

കൃഷ്ണപ്പരുന്തും ചക്കിപ്പരുന്തും

-ഇന്ദുചൂഡൻ

ഇന്ദുചൂഡൻ [1923 - 1992]: ഇന്ദുചൂഡൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പ്രൊഫ.കെ.കെ നീലകണ്ഠൻ മികച്ചൊരു പക്ഷിനിരീക്ഷകനായിരുന്നു. 'കേരളത്തിലെ പക്ഷികൾ' 'പക്ഷികളും മനുഷ്യരും', പക്ഷികളുടെ അത്ഭുത പ്രപഞ്ചം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ.



പരുന്തുകളുടെ വൈവിധ്യങ്ങളും ആവാസവ്യവസ്ഥകളും ഭക്ഷണസമ്പ്രദായങ്ങളും മറ്റും സരളമായ രീതിയിൽ വിവരിക്കുന്ന ഈ ലേഖനം' കേരളത്തിലെ പക്ഷികൾ' എന്ന കൃതിയിൽ നിന്നെടുത്തതാണ്.

പണ്ടൊരിക്കൽ മഹാവിഷ്ണുവിനു വളരെ അടിയന്തിരമായി ഒരു സ്ഥലത്തെത്തേണ്ടതായി വന്നു. അദ്ദേഹം ഉടനെ തന്റെ വാഹനമായ ഗരുഡനെ വിളിച്ചു കഴിയുന്നതും വേഗത്തിൽ തന്നെ ആ സ്ഥലത്തെത്തിപ്പാൻ ഉത്തരവു കൊടുത്തു. കാഷായവസ്ത്രങ്ങളും ധരിച്ച് സ്വാമിക്കുവേണ്ടി ജീവൻ പോലും ത്യജിക്കുവാൻ തയ്യാറായിരുന്ന ഗരുഡൻ ഉടനെ സൂപ്പർസോണിക് സ്പീഡോടുകൂടി സഞ്ചരിച്ച് നിശ്ചിതസമയത്ത് ഭഗവാനെ എത്തേണ്ടിടത്ത് എത്തിച്ചു. സന്തുഷ്ടനായ മഹാവിഷ്ണു ഉടനെതന്നെ താൻ ധരിച്ചിരുന്ന വെള്ളപ്പട്ടെടുത്തു ഗരുഡന്റെ കഴുത്തിൽ ഇട്ട് 'ഇതു നീയും നിന്റെ സന്തതി പരമ്പരകളും ധരിച്ചുകൊള്ളുക' എന്നരുളിച്ചെയ്തു.കൃഷ്ണപ്പരുന്തിന്റെ തല, കഴുത്ത്, മാറിടം എന്നിവ തൂവെള്ളയായിത്തീരുവാൻ കാരണമായി പറഞ്ഞുവരാറുള്ള ഒരു കഥയാണിത്.

ശാസ്ത്രജ്ഞന്മാരുടെ വിശ്വാസപ്രകാരം പക്ഷിമൃഗാദികൾ കുഞ്ഞുങ്ങളായിരിക്കുമ്പോൾ അവയുടെ നിറങ്ങൾ പൂർവ്വികന്മാർക്കുണ്ടായിരുന്ന നിറങ്ങളായിരിക്കും. ഉദാഹരണമായി സിംഹത്തിന്റെ കുഞ്ഞുങ്ങൾക്കു പുള്ളിപ്പുലിക്കുള്ളതുപോലെ പുള്ളികൾ കാണുന്നുണ്ട്. കൊതുമ്പന്നം, ചേരാകൊക്കൻ മുതലായ പക്ഷികൾക്ക് മുതിർന്നാൽ വിശേഷവിധത്തിലുള്ള കൊക്കുകളാണുള്ളതെങ്കിലും അവയുടെ കുഞ്ഞുങ്ങൾ സാധാരണ കൊറ്റികളുടേതുപോലെയുള്ള കൊക്കുകളും കൊണ്ടാണ് ഭൂപ്രവേശം ചെയ്യുന്നത്.കൃഷ്ണപ്പരുന്തിന്റെ കുഞ്ഞുങ്ങളുടെ നിറവും

6th Malayalam_Unit-6.indd 93 3/19/2020 1:26:57 PM



മറ്റും നോക്കുമ്പോൾ ശാസ്ത്രവും ഐതിഹ്യവും തമ്മിൽ അല്പമൊരു പൊരുത്ത മുണ്ടെന്ന് കാണാം. ചക്കിപ്പരുന്തും കൃഷ്ണപ്പരുന്തും അടുത്ത ബന്ധുക്കളാണ്. ഈ രണ്ടു വർഗ്ഗക്കാരും ഒരേ തായ്വഴിയിലെ അംഗങ്ങളാണെന്നു പറയാം. പക്ഷിമൃഗാദികൾക്കെല്ലാം കാലക്രമത്തിൽ വന്നുചേരുന്ന പരിണാമങ്ങൾ അവയുടെ വംശരക്ഷയ്ക്ക് ഏതെങ്കിലും വിധത്തിൽ സഹായിക്കുന്നവയായിരിക്കുമെന്ന് പൊതുവെ പ്രമാണമുണ്ട്. എങ്കിലും കാവിയും വെള്ളയും കൃഷ്ണപ്പരുന്തിനു വന്നുചേരുവാൻ ശരിക്കൊരു കാരണം ആരും കണ്ടുപിടിച്ചതായി അറിവില്ല.

കൃഷ്ണപ്പരുന്ത് ഒരു സർവവ്യാപിയാണ്. അതിനു നന്നെ വരണ്ട മരുഭൂമികളും തിങ്ങിനിൽക്കുന്ന വൻകാടുകളുമൊഴിച്ചാൽ ഏതുതരത്തിലുള്ള പ്രദേശത്തും ജീവിക്കുവാൻ കഴിയും. നനവുള്ള ഭൂമിയോടും ജലാശയങ്ങളോടും മൂപ്പർക്ക് ഒരു പ്രത്യേക വാത്സല്യമുണ്ട്. എന്നാൽ വലിയ പട്ടണങ്ങളുടെ നടുക്കുള്ള കുളങ്ങളും അനവധി ജനങ്ങൾ തടിച്ചുകൂടുന്ന കടൽപ്പുറവും മനുഷ്യവാസം തീരെ ഇല്ലാത്ത കാട്ടോരങ്ങളും ഈ പക്ഷിക്ക് ഒരേ പോലെയാണ്. ഭക്ഷണം എവിടെയാണ് എളുപ്പം കിട്ടുക എന്ന ചോദ്യമേയുള്ളൂ. നമ്മുടെ നാട്ടിൻപുറത്ത് ഈ പക്ഷികളുടെ പ്രധാന ആഹാരം ഞണ്ടും തവളയും പുൽപ്പോന്തുകളുമാണ്. ഇവയെ ജീവനോടെ പിടിച്ചു തിന്നുവാനായി മൂപ്പർ വയലുകൾക്കുമീതെ സദാ പറന്നുകൊണ്ടേയിരിക്കും.

ഞണ്ട് കൃഷിക്കാരന്റെ ബന്ധുവല്ല എന്നതിനു രണ്ടു പക്ഷമില്ല.വരമ്പുകൾ തുളച്ച് വെള്ളം കെട്ടിനിർത്തുവാൻ സമ്മതിക്കാതേയും മറ്റും ഈ ജീവി ഒട്ടേറെ ഉപദ്രവങ്ങൾ ചെയ്യാറുണ്ട്.അതിനാൽ അനവധി ഞണ്ടുകളെ പിടിച്ചുതിന്നുന്ന കൃഷ്ണപ്പരുന്ത് കൃഷിക്കാരന്റെ മിത്രമാണെന്നതിൽ സംശയമില്ല. പോരെങ്കിൽ പാടത്ത് പുൽപ്പോന്തിന്റെ ഉപദ്രവം കലശലാകുമ്പോൾ കൃഷ്ണപ്പരുന്തിന്റെ

6th Malayalam_Unit-6.indd 94 3/19/2020 1:26:58 PM

പ്രധാന ആഹാരം അവയായിരിക്കും. എലി, പാമ്പ്, തവള, ചിതൽ, പാറ്റകൾ എന്നിവയേയും കൃഷ്ണപ്പരുന്ത് പിടിച്ചുതിന്നാറുണ്ട്.

കൃഷ്ണപ്പരുന്തിന് മത്സ്യം വളരെ പഥ്യമാണ്. അതിനാൽ വേനൽക്കാലത്തു തോട്ടിലും പുഴയിലും കുളത്തിലും മനുഷ്യൻ വലയിട്ടു മീൻപിടിക്കുവാൻ തുടങ്ങിയാൽ ഉടനെ പത്തും മുപ്പതും കൃഷ്ണപ്പരുന്തുകൾ സ്ഥലത്തെത്തും. മറ്റു സമയത്തു മനുഷ്യനെ വലിയ വിശ്വാസമില്ലാത്ത ഈ പക്ഷി മീൻ പിടിക്കുന്നവരെ മനുഷ്യരായി കണക്കാക്കുന്നില്ല എന്നാണ് തോന്നുന്നത്. വല വീശുന്നവന്റെ അടുത്തു താഴ്ന്ന് പറന്നും അവന്റെ കാലുകൾക്കിടയിൽ നിന്നു കൊത്തി എടുത്തുമാണ് പക്ഷി ധൃതിയോടെ മീൻ പിടിക്കുക. ഈ സമയത്തെല്ലാം അവിടെ കൂടിയിട്ടുള്ള ചെറിയ കുട്ടികളേക്കാൾ ബഹളം കൂട്ടും കൃഷ്ണപ്പരുന്തും, അകമ്പടിക്കാരക്കായ കാക്കകളും.

ഡിസംബർ, ജനുവരി കാലത്തു തന്നെ കൃഷ്ണപ്പരുന്തുകൾ കൂടുകെട്ടാനുള്ള ഒരുക്കം തുടങ്ങുന്നു. ഉയർന്ന മാവ്, ആല്, തെങ്ങ്, പന എന്നീ മരങ്ങളിലാണ് കൂടുകൂട്ടുക. മിക്ക സമയത്തും കൂടുകൾ വല്ല ജലാശയത്തിനും അടുത്തായിരിക്കും. കുറേ വലിയ ചുള്ളികൾ ശേഖരിച്ച് കൂട്ടിവെച്ച പോലെ തോന്നുന്ന കൂടിന് വേണ്ടുവോളം ബലമുണ്ടെന്നത് മൂന്നും നാലും കൊല്ലം കേടുവരാതെ ഒരേ സ്ഥലത്തു തന്നെ കാണപ്പെടുന്ന കൂടുകളിൽ നിന്നു മനസ്സിലാക്കാം.



6th Malayalam_Unit-6.indd 95 3/19/2020 1:26:58 PM



സുമാർ 30 വർഷങ്ങൾക്കുമുമ്പ് നമ്മുടെ നാട്ടിൽ മിക്ക സ്ഥലങ്ങളിലും ധാരാളം കണ്ടിരുന്ന കൃഷ്ണപ്പരുന്ത്, ഇന്ന് ചില കടൽത്തീരങ്ങളിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ഇതിനുള്ള കാരണങ്ങൾ വ്യക്തമല്ലെങ്കിലും, ലോകത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം മാംസഭുക്കുകളുടെയും മറ്റു പലതരം പക്ഷികളുടെയും സംഖ്യകളിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നും, അതിനുള്ള കാരണങ്ങളിൽ മുഖ്യമായത് ഡി.ഡി.റ്റി മുതലായ കീടനാശിനികളുടെ പ്രയോഗമാണെന്നും തെളിഞ്ഞിട്ടുണ്ട്.

ഇത്തരം വിഷവസ്തുക്കൾ ഭക്ഷണത്തിൽക്കൂടി കൃഷ്ണപ്പരുന്തുകളുടെ ദേഹത്ത് കടന്ന് അവയുടെ പ്രജനനശക്തിയെ നശിപ്പിക്കുന്നു. എങ്കിലും ചക്കിപ്പരുന്തിന്റെ സംഖ്യയിൽ പറയത്തക്ക വ്യത്യാസമൊന്നും വന്നിട്ടില്ലാത്തതു കൊണ്ട് കൃഷ്ണപ്പരുന്തിന്റെ ദുർദ്ദശയ്ക്കുള്ള കാരണങ്ങളെപ്പറ്റി ഒരു ഗവേഷണം നടത്തുന്നതു നല്ലതായിരിക്കും.

നമ്മുടെ നാട്ടിൽ കാണുന്ന പരുന്തുകൾക്കിടയിൽ എണ്ണം കൊണ്ടു നോക്കുകയാണെങ്കിൽ ഒന്നാം സ്ഥാനം ചക്കിപ്പരുന്തിനാണ് കിട്ടുക. ഇന്ന് (1984-ൽ) കൃഷ്ണപ്പരുന്ത് താരതമ്യേന അപൂർവ്വമായി തീർന്നിട്ടുണ്ട്. പക്ഷേ, ചക്കിപ്പരുന്തിനെ പട്ടണങ്ങളിലും നാട്ടിൻപുറത്തും ഒരു പോലെ ധാരാളം കാണാം. ചില സ്ഥലങ്ങളിൽ ചേരപ്പരുന്തെന്നും വിളിക്കാറുള്ള ചക്കിപ്പരുന്തിന്റെ അംഗസംഖ്യ കാലക്രമേണ വർദ്ധിച്ചു വരികയാണെന്നു ഞാൻ സംശയിക്കുന്നു.

6th Malayalam_Unit-6.indd 96 3/19/2020 1:26:58 PM

നാട്ടിൻപുറത്തായാലും പട്ടണത്തിലായാലും സായാഹ്നസവാരിക്കിറങ്ങിയ ഒരാൾക്ക് ഈ പക്ഷികളെ കാണുവാൻ യാതൊരു പ്രയാസവുമുണ്ടാവില്ല. തലയ്ക്കുമീതെ പറക്കുന്ന പക്ഷികളെ ഒറ്റ നിമിഷം നോക്കുകയേ വേണ്ടൂ. നല്ല ചൂടുള്ള ദിവസങ്ങളിൽ വളരെ ഉയരെ വട്ടമിട്ടു പറക്കുക ഈ പരുന്തുകളുടെ സ്വഭാവമാണ്.

ഇതിന്റെയും കൃഷ്ണപ്പരുന്തിന്റെയും ഗതാഗതരീതികൾക്കു നല്ലസാമ്യമുണ്ട്. ചിറകടിക്കാതെ എത്രനേരം വേണമെങ്കിലും കാറ്റത്തു പാറിപ്പറക്കുന്നതിനു ഇരു കൂട്ടർക്കും തീരെ പ്രയാസമില്ല. നേരെ പറക്കുമ്പോൾ കൂടി ചിറകടിക്കാതെ അനായാസേന ഒരു കിലോമീറ്റർ ഇവ പോകുന്നു. സാധാരണമായി കാണുന്നതു വളരെ ഉയരത്തിൽ വട്ടമിട്ടു പാറിക്കളിക്കുന്നതായാണെങ്കിലും ഈ പരുന്തുകൾ മിന്നൽപ്പിണരിന്റെ വേഗത്തിൽ രണ്ടു മൂന്നു കിലോമീറ്റർ ദൂരത്തേക്കോ, മണിക്കൂറിൽ ഇരുപതോ ഇരുപത്തഞ്ചോ കിലോമീറ്റർ വേഗത്തിൽ മുപ്പതും നാല്പതും കിലോമീറ്റർ ദൂരത്തേക്കോ പറക്കുന്നതിനു യാതൊരു പ്രയാസവുമില്ല.

കുട്ടിക്കാലത്ത് ചില പൊതുയോഗത്തിനും മറ്റും പോയി മൈതാനങ്ങളിൽ ഇരിക്കുമ്പോൾ എത്ര നേരം ഞാൻ ഈ പക്ഷികളെ നോക്കി ആനന്ദിച്ചിട്ടുണ്ടെന്നു കണക്കാക്കുവാൻ വയ്യ. തലയ്ക്കു മീതെ ഒരു പനയുയരത്തിൽ പറക്കുന്ന പരുന്തുകൾ ചിറകനക്കാതെ വട്ടമിട്ടു വട്ടമിട്ടു പൊന്തി വെറും ഒരു കറുത്ത പൊട്ടായി മാറി, ക്രമേണ തീരെ കാണാതായിത്തീരും. കൃഷ്ണപ്പരുന്തിനെ വേഗത്തിലും ചുറുചുറുക്കിലും ധൈര്യത്തിലും എന്നും തോല്പിക്കുവാൻ സാധിക്കുന്ന പക്ഷിയാണ് ചക്കിപ്പരുന്ത്.

ചക്കിപ്പരുന്തിനെ നാട്ടിൻപുറങ്ങളിലേക്കാൾ അധികമായി പട്ടണങ്ങളിലാണ് കാണുക. മനുഷ്യൻ എറിഞ്ഞിട്ടുള്ള മലിനങ്ങളായ ആഹാരപദാർത്ഥങ്ങളെയും, ചത്തു കിടക്കുന്ന എലി മുതലായ ചെറുജീവികളെയും തിന്നുന്ന ഒരു പക്ഷി ആയതിനാലാണ് ചക്കിപ്പരുന്തു പട്ടണങ്ങളിൽ തിങ്ങിക്കൂടുന്നത്. കാക്കയും കഴുകനും പോലെ മുനിസിപ്പാലിറ്റിക്ക് വളരെ സഹായം ചെയ്യുന്ന ഒരു പൊതുജന സേവകനാണ് ഈ പരുന്തും. ഗരുഡനു മുറുക്കും വടയും തീരെ ഇഷ്ടമല്ല. കൊട്ടയിൽ കൊണ്ടു പോകുന്ന മീനിനെ മോഷ്ടിപ്പാനും ധൈര്യമില്ല. പക്ഷേ, ചക്കിപ്പരുന്തിനു മനുഷ്യൻ തിന്നുന്ന സാധനങ്ങളെല്ലാം പഥ്യമാണ്. മനുഷ്യനെ വലിയ ഭയമില്ലതാനും.

തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ ചില വലിയ ആപ്പീസുകളിലുള്ള ഭക്ഷണക്കടകളുടെ മീതെ ഇരുപതും മുപ്പതും ചക്കിപ്പരുന്തുകൾ പറന്നു കൊണ്ടിരിക്കുന്നതു കാണാം. ഇവരുടെ പ്രധാന ജോലി യാത്രക്കാർ പലഹാരങ്ങൾ വാങ്ങി കയ്യിലേന്തിക്കൊണ്ടുവരുമ്പോൾ അതിൽ നിന്നു നല്ല ഒരു കമ്മീഷൻ അടിക്കലാണ്. മദിരാശിക്കടുത്തുള്ള കാട്പാടി, ജോലാർപ്പേട്ട എന്നീ സ്റ്റേഷനുകളിൽ ഈ തമാശ സാധാരണയായി കാണുവാൻ കഴിയും. പലഹാരക്കാരനെ

6th Malayalam_Unit-6.indd 97 3/19/2020 1:26:58 PM

പൊതിഞ്ഞ യാത്രക്കാരുമായി അഞ്ചു പത്തു മിനിറ്റ് യുദ്ധം ചെയ്ത ശേഷം കിട്ടിയ നാലു വടയും കൊണ്ട് ഒരു സാധു തിരക്കിൽ നിന്നു ഊരും. മരത്തിനടിയിൽ ചെന്നു നിന്ന് അത് ഭക്ഷിച്ച ശേഷം കാപ്പിക്കു പോകാമെന്നു വിചാരിച്ചു പൊതിയഴിക്കും. ഉടനെ 'സ്വിഷ്' എന്ന ശബ്ദത്തോടെ ഒരു ചക്കിപ്പരുന്ത് അവന്റെ വടകളിൽ ഒന്ന് തട്ടിയെടുത്ത് അര ഫർലോങ്ങ് ദൂരത്തെത്തിക്കഴിയും. ഇതെന്തു മായയാണെന്നാലോചിച്ചു അവൻ നാലുപാടും പരിഭ്രമിച്ചു നോക്കുന്നതിനിടയിൽ പിന്നെയും 'സ്വിഷ്' എന്ന ശബ്ദം കേൾക്കും. ഒരു വടകൂടി മറ്റൊരു പരുന്തിന്റെ കാലിലായിട്ടുണ്ടാകും.

'കൂ...കൂ' എന്ന് വിളിച്ചു കൊണ്ട് മത്സ്യം വിറ്റ് നടക്കുന്നവരുടെ പ്രധാന ശത്രു ഈ പരുന്താണ്. മീൻകാരൻ ഒരു വടി സദാ കൊട്ടയ്ക്കുമീതെ പിടിച്ച് വീശി നടക്കുന്നതു പരുന്തിനെ ഭീഷണിപ്പെടുത്തുവാനാണെങ്കിലും പരുന്ത് ഓരോരുത്തരുടെയും കയ്യിൽ നിന്നു ചുരുങ്ങിയ ഒരു നികുതിയെങ്കിലും വസൂലാക്കാതിരിക്കുകയില്ല.

കൃഷ്ണപ്പരുന്തിനെപ്പോലെ, മീൻ പിടിക്കുന്ന സ്ഥലത്ത്, ചക്കിപ്പരുന്തും വേട്ടയാടുമെങ്കിലും ഞണ്ടിനെ പിടിച്ചു തിന്നാൻ അത് സാധാരണയായി പാടത്തിറങ്ങാറില്ല. കൃഷ്ണപ്പരുന്ത് ചക്കിപ്പരുന്തിനെപ്പോലെ കുപ്പത്തൊട്ടിക്ക് അരികെയോ, കശാപ്പുകാരൻ ആടറുക്കുന്ന സ്ഥലത്തോ ചെല്ലാറുമില്ല.

ഓരോ പട്ടണത്തിലും ഉള്ള ചക്കിപ്പരുന്തുകൾക്കു രാത്രി ഒരേ മരത്തിന്മേൽ ഉറങ്ങുന്ന സ്വഭാവമുണ്ട്. നൂറും ഇരുന്നൂറും പരുന്തുകൾ സന്ധ്യക്ക് ഈ മരത്തിന്മേലെത്തും.കൃഷ്ണപ്പരുന്തും ചിലസ്ഥലങ്ങളിൽ ഇങ്ങനെ ചെയ്യാറുണ്ട്. നാട്ടിൻപുറത്ത് ഇത്തരത്തിൽ പരുന്തുകൾ ചേക്കിരിക്കുന്ന ഇടങ്ങൾ ഞാൻ കണ്ടിട്ടില്ല. അവ ഒന്നും രണ്ടും ചേർന്നായിരിക്കണം രാത്രി കൂടുന്നത്.

ചക്കിപ്പരുന്ത് കൂട് കെട്ടുന്ന കാലം സെപ്തംബർ മുതൽ ഏപ്രിൽ വരെയാണ്. ഗരുഡനെപ്പോലെ ഉണക്കച്ചുള്ളികൾ ശേഖരിച്ചു മരക്കവുരിയിൽ തീരെ വൃത്തിയോ, ഭംഗിയോ ഇല്ലാതെ ഉണ്ടാക്കുന്ന ഒരു കൂടാണ് ഇതിന്റേതും. ഗരുഡൻ ചുള്ളികൾ മാത്രമേ ഉപയോഗിക്കാറുള്ളൂ. പക്ഷേ ചക്കിപ്പരുന്തിന് കീറത്തുണി വളരെ ഇഷ്ടമാണ്.ഗരുഡന്റേയും ചക്കിപ്പരുന്തിന്റെയും കൂടുകൾ തിരിച്ചറിയുവാൻ തന്നെ ഈ സംഗതി ഓർമ്മവെച്ചാൽ മതി. ചക്കിപ്പരുന്തിന്റെ കൂടുകളിൽ നിന്നു സാധാരണമായി കീറത്തുണിക്കഷണങ്ങൾ പറക്കുന്നുണ്ടാകും. മാവ്, പുളി, തെങ്ങ് മുതലായ മരങ്ങളിലാണ് ഇവയുടെ കൂടു കാണാറുള്ളത്.

ഈ പക്ഷിയുടെ ശബ്ദവും ഹവീ...ർ...ർ...ർ എന്നാണ്.ശബ്ദിക്കുമ്പോൾ പക്ഷി തൊണ്ട വിറപ്പിക്കുന്നുണ്ടോ എന്നു സംശയിക്കത്തക്കവിധത്തിൽ ഈ കരച്ചിലിന് ഒരു വിറയലുണ്ട്. ഗരുഡന്റെ ശബ്ദത്തേക്കാളേറെ ബലമുള്ളതാണ് ചക്കിപ്പരുന്തിന്റേത്. രണ്ടും ഒരു പോലെ കേൾപ്പാൻ തീരെ സുഖമില്ലാത്തതാണ്.

6th Malayalam_Unit-6.indd 98 3/19/2020 1:26:58 PM



പരുന്തിന് തന്റെ വാലും ചിറകുകളും ഉപയോഗിച്ച് ചെയ്യുവാൻ കഴിയുന്ന കസർത്തുകൾ എണ്ണമറ്റവയാണ്. നല്ല കാടു പോലെ പടർന്നു നിൽക്കുന്ന മരക്കൂട്ടത്തിനുള്ളിലൂടെ ഒരു തൂവൽ കൂടി എങ്ങും തട്ടാതെ പറക്കാൻ പരുന്തിനു സാധിക്കും. പട്ടണങ്ങളുടെ നടുക്കുള്ള ഇടുങ്ങിയ തെരുവുകൾക്ക് ഉള്ളിൽ അത്ഭുതകരമായ വേഗത്തിലും കൂസൽ കൂടാതെയും പറക്കുമ്പോൾ, ഇലക്ട്രിക് കമ്പികളെയും, കമ്പിക്കാലുകളെയും മറ്റും ചുറ്റി, ജനക്കൂട്ടത്തെ കൂട്ടാക്കാതെ, ചെറിയ മിഠായിക്കടയിൽ നിന്ന് ഭക്ഷണം അടിച്ചെടുക്കുവാൻ അവനു തീരെ വിഷമമില്ല. പരുന്തുകൾ പറക്കുമ്പോൾ പ്രയോഗിക്കുന്ന അടവുകൾ കണ്ടു മനസ്സിലാക്കുന്നതിനു വെറുതെയൊന്നു പുറത്തിറങ്ങി നിൽക്കുകയേ വേണ്ടൂ. എങ്ങനെയാണ് പെട്ടെന്ന് ഇടത്തോട്ടും വലത്തോട്ടും തിരിയുന്നത്? എങ്ങനെയാണ് ഈ പക്ഷികൾ ഇത്ര അനായാസേന പറക്കുന്നത്? എങ്ങനെയാണ് പൊന്തിത്താഴുന്നത്? ഈ ചോദ്യങ്ങൾക്കുത്തരം നിങ്ങൾക്കു തന്നെ കണ്ടുപിടിക്കാവുന്നതാണ്.

6th Malayalam_Unit-6.indd 99 3/19/2020 1:27:20 PM

അഭ്യാസം

I പദപരിചയം

നിശ്ചിതസമയം,	സന്തുഷ്ടൻ,	സന്തതിപരമ്പരകൾ,	അരുളിച്ചെയ്യുക,	പൂർവ്വികന്മാർ,
പരിണാമം,	വംശരക്ഷ,	സായാഹ്നസവാരി,	ജലാശയം,	കാട്ടോരം,
അനായാസേന,	പ്രജനനം,	അംഗസംഖ്യ,	സർവവ്യാപി,	പഥ്യം

II ശരിയായ ഉത്തരം തെരഞ്ഞടുത്തെഴുതുക

1. മഹാവിഷ്ണുവിന്റെ വാഹനമാണ്.....

   അ) പരുന്ത് ആ) ഗരുഡൻ

   ഇ) കഴുകൻ ഈ) മയിൽ

2. ചക്കിപ്പരുന്തും കൃഷ്ണപ്പരുന്തും.....

   അ) ബന്ധുക്കളാണ് ആ) ശത്രുക്കളാണ്

   ഇ) ചങ്ങാതിമാരാണ് ഈ) അയൽപക്കക്കാരാണ്

3. കൃഷ്ണപ്പരുന്ത് കൃഷിക്കാരാന്റെ.....

   അ) ശത്രുവാണ് ആ) മിത്രമാണ്

   ഇ) സഹായിയാണ് ഈ) ആരുമല്ല

4. മത്സ്യം വിറ്റുനടക്കുന്നവരുടെ പ്രധാന ശത്രുവാണ്.....

   അ) കൃഷ്ണപ്പരുന്ത് ആ) കഴുകൻ

   ഇ) ചക്കിപ്പരുന്ത് ഈ) ഗരുഡൻ

III ഉത്തരമെഴുതുക

1. കൃഷ്ണപ്പരുന്ത് എങ്ങനെയുള്ള പ്രദേശങ്ങളിലാണ് താമസിക്കുന്നത്?
2. കൃഷ്ണപ്പരുന്ത് കൃഷിക്കാരന്റെ മിത്രമാണെന്ന് പറയുവാൻ കാരണമെന്ത്?
3. ചക്കിപ്പരുന്ത് കൃഷ്ണപ്പരുന്തിനെ തോൽപിക്കുന്നത് ഏതെല്ലാം തരത്തിലാണ്?
4. ചക്കിപ്പരുന്ത് പട്ടണങ്ങളിൽ തിങ്ങിക്കൂടാൻ കാരണമെന്ത്?
5. ഭക്ഷണകാര്യത്തിൽ കൃഷ്ണപ്പരുന്തും ചക്കിപ്പരുന്തും തമ്മിൽ വ്യത്യസ്തത പുലർത്തുന്നതെങ്ങനെ?

IV അനുബന്ധപ്രവർത്തനം

ചുറ്റിലുമുള്ള പക്ഷികളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ മനസ്സിലാക്കുക.

6th Malayalam_Unit-6.indd 100 3/19/2020 1:27:20 PM

അധികവായനയ്ക്ക്

കടമറ്റത്തച്ഛനും പനയന്നാർകാവിൽ യക്ഷിയും

(ഐതിഹ്യകഥ)

ആയിരത്താണ്ടുകളായി തലമുറകളിലൂടെ പറഞ്ഞു പറഞ്ഞു പകർന്നുപോന്ന നാടോടിക്കഥകളുടെ ഉള്ളിൽ മനുഷ്യന്റെ ഭാവനയുടെ സൗന്ദര്യവും ജീവിതമൂല്യങ്ങളുടെ തിളക്കവും ഒളിച്ചിരിപ്പുണ്ട്. അത്തരം നാടോടിക്കഥകളാൽ സമ്പന്നമാണ് നമ്മുടെ മലയാളം. കേരളീയകഥകൾ എന്നപേരിൽ **ആലങ്കോട് ലീലാകൃഷ്ണൻ** സമാഹരിച്ച പുസ്തകത്തിൽ നിന്നെടുത്തതാണ് കടമറ്റത്തച്ഛനും പനയന്നാർകാവിൽ യക്ഷിയും എന്ന കഥ.

കടമറ്റത്തച്ഛന്റെ ജീവിതകഥ തെക്കൻകേരളത്തിന്റെ മരിയ്ക്കാത്ത മിത്തുകളിലൊന്നാണ്. അദ്ദേഹത്തെക്കുറിച്ച് കേൾവിപ്പെട്ട മാന്ത്രികകഥകൾ ധാരാളമുണ്ടെങ്കിലും അത്രയൊന്നും പ്രചുരപ്രചാരത്തിലില്ലാത്തതാണ് പനയന്നാർക്കാവിലെ യക്ഷിയുമായി ബന്ധപ്പെട്ട കഥ.

പഴയതിരുവിതാംകൂറിലെ കുന്നത്തുനാടു താലൂക്കിൽപ്പെട്ട കടമറ്റം ദേശത്തു ജനിച്ച 'പൗലൂസ്' എന്ന ഒരനാഥബാലനാണ് പിൽക്കാലത്തു 'കടമറ്റത്തു കത്തനാർ' എന്ന പ്രസിദ്ധനായ മാന്ത്രികനായിത്തീർന്നത്. കടമറ്റത്തു പള്ളിയിലെ പ്രധാന വികാരിയായിരുന്ന കത്തനാരുടെ വളർത്തു പുത്രനായിരുന്നു പൗലൂസ്. ഒരിക്കൽ തന്റെ പിതാവായ കത്തനാരുടെ കാണാതായ പശുക്കളെ തിരഞ്ഞ് കാട്ടിൽ പോയ പൗലൂസ് വഴിതെറ്റി മലയരന്മാർ പാർക്കുന്ന ഒരു ഗുഹയിൽ ചെന്നുപെടുകയും പന്തീരാണ്ടു കാലം മലയരയന്മാരുടെ തടവറയിൽ കഴിയാനിടവരികയും ചെയ്തു. അക്കാലത്ത് പൗലൂസ് മലയരയമുഖ്യനിൽ നിന്നു മന്ത്രവാദം, ഇന്ദ്രജാലം, മഹേന്ദ്രജാലം തുടങ്ങിയ ചില മാന്ത്രിക വിദ്യകൾ പഠിച്ചു. ആ വിഷയങ്ങളിലെ ചില അപൂർവ്വ ഗ്രന്ഥങ്ങൾ കൈക്കലാക്കി പിന്നീട് കാട്ടിൽ നിന്ന് രക്ഷപ്പെട്ടു പോരുകയും ചെയ്തു.

പിതാവിന്റെ കാലശേഷം കടമറ്റത്തു പള്ളിയിലെ കത്തനാരായിത്തീർന്ന പൗലൂസ് ഇടവകയിലെ വിശ്വാസികൾക്കിടയിലെ ചില ബാധോപദ്രവങ്ങളും മാറാരോഗങ്ങളുമൊക്കെ മന്ത്രവാദം കൊണ്ടു മാറ്റിക്കൊടുത്തതിന്റെ പേരിൽ മാന്ത്രികനെന്ന നിലയിൽ വളരെ പെട്ടെന്ന് പ്രശസ്തനായിത്തീർന്നു. ദൂരദിക്കുകളിൽ നിന്നുവരെ നാനാജാതിമതസ്ഥരായ വിശ്വാസികൾ അദ്ദേഹത്തെ മന്ത്രവാദത്തിനു കൂട്ടിക്കൊണ്ടുപോവാൻ തുടങ്ങി. പഠിച്ച വിദ്യ ജനോപകരാർത്ഥം പ്രയോഗിക്കുകയല്ലാതെ അതിൽ നിന്നു ധനലാഭമൊന്നും ഇച്ഛിയ്ക്കായ്കയാൽ കത്തനാരുടെ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ചു വന്നു.

6th Malayalam_Unit-6.indd 101 3/19/2020 1:27:20 PM



അക്കാലത്ത് തിരുവനന്തപുരത്തു നിന്നു പത്മനാഭപുരത്തേയ്ക്കു പോവുന്ന വഴിയിൽ കൂറേ സ്ഥലം കൊടുംകാടായിക്കിടന്നിരുന്നു. ആ കാട്ടിൽ അതി ഭയങ്കരിയായ ഒരു യക്ഷി പാർപ്പുണ്ടായിരുന്നു എന്ന് എല്ലാവരും വിശ്വസിച്ചിരുന്നു. പകൽ സമയത്തു പോലും സർവ്വാംഗസുന്ദരിയായി ചമഞ്ഞൊരുങ്ങിനിന്ന്, കാട്ടുവഴിയിലൂടെ ഒറ്റയ്ക്ക്പോവുന്ന വഴിപോക്കരെ അവൾ ചുണ്ണാമ്പു ചോദിച്ച് ആകർഷിക്കും. പറഞ്ഞു മയക്കി കാട്ടിൽ കൊണ്ടുപോവുകയും ഏഴുനില മാളികയായിത്തോന്നിയ്ക്കുന്ന കരിമ്പനമേൽ കയറ്റി കടിച്ചുകീറി കൊല്ലുകയും എല്ലും മുടിയുമല്ലാത്തതെല്ലാം ഭക്ഷിക്കുകയും ചെയ്യും.

യക്ഷിയുടെ ഉപദ്രവം സഹിക്കവയ്യാതായപ്പോൾ സമീപപ്രദേശങ്ങളിലെ ആളുകളെല്ലാം ചേർന്നു കടമറ്റത്തു കത്തനാരെ സമീപിച്ച് 'എങ്ങനെയെങ്കിലും യക്ഷിയെ കാട്ടിൽ നിന്ന് ഒഴിപ്പിച്ച് തരണ'മെന്ന് അപേക്ഷിച്ചു.

'ശരി, വഴിയുണ്ടാക്കാം' എന്ന് പറഞ്ഞു കത്തനാർ അപ്പോൾത്തന്നെ ഒറ്റയ്ക്കു പുറപ്പെട്ടു. കാട്ടിലെത്തിയപ്പോഴേയ്ക്കും രാത്രി ഏറെ ചെന്നിരുന്നു. നിറഞ്ഞ നിലാവത്ത് പൂത്തു നിൽക്കുന്ന ഏഴിലംപാലച്ചോട്ടിൽ പതിവു പോലെ യക്ഷി സർവ്വാംഗസുന്ദരിയായി ചമഞ്ഞ് വഴിപോക്കരെ കാത്തുനിൽപുണ്ടായിരുന്നു. കത്തനാരെ കണ്ടതും കൊഞ്ചിക്കുഴഞ്ഞ് കൊണ്ട് അടുത്തുവന്ന യക്ഷി ചോദിച്ചു:

'ഒന്നു മുറുക്കാൻ ചുണ്ണാമ്പു തരുമോ?'

'തരാമല്ലോ' എന്ന് പറഞ്ഞ് കത്തനാർ ഒരിരുമ്പാണിയിൽ ചുണ്ണാമ്പുതേച്ച് അവൾക്കുനേരെ നീട്ടി. യക്ഷി ഇരുമ്പാണി തൊട്ടതും അവളുടെ മാന്ത്രികശക്തി ക്ഷയിച്ച് പോവുകയും ക്ഷണനേരം കൊണ്ട് കത്തനാർ ഇരുമ്പാണി അവളുടെ ശിരസ്സിലടിച്ചു താഴ്ത്തുകയും ചെയ്തു.

പിന്നെ കത്തനാർ നടക്കാൻ തുടങ്ങിയപ്പോൾ ദാസിയെപ്പോലെ യക്ഷിയും പിന്നാലെ നടക്കാൻ തുടങ്ങി. വഴിയിൽ കത്തനാർ ഒരു ബന്ധു

6th Malayalam_Unit-6.indd 102 3/19/2020 1:27:21 PM

ഗൃഹത്തിൽ കയറി. അവിടെയുണ്ടായിരുന്ന വൃദ്ധയായ അമ്മായിയോട് 'ഇവളെന്റെ സഹായിയാണ്. ഞാൻ കുളിച്ചുവരുന്നതു വരെ ഇവളിവിടെ നിൽക്കട്ടെ' എന്നു പറഞ്ഞേൽപ്പിച്ച് കത്തനാർ കുളിക്കുവാൻ പോയി. ആ തഞ്ചത്തിൽ യക്ഷി വൃദ്ധയുമായി സൗഹൃദത്തിലാവുകയും തന്റെ തലയിലെ പേനൊന്നു നോക്കിത്തരുവാൻ അവരോടപേക്ഷിക്കുകയും ചെയ്തു. പേൻ നോക്കുന്നതിനിടയിൽ ആണിയിൽ കൈ തടഞ്ഞപ്പോൾ വൃദ്ധ ഇതെന്താണ് എന്ന് യക്ഷിയോട് ചോദിച്ചു.

'എന്താണെന്നറിഞ്ഞുകൂടാ. എനിക്ക് നല്ലതുപോലെ വേദനിക്കുന്നുണ്ട്. അതിങ്ങോട്ടു വലിച്ചെടുത്തോളൂ.' എന്ന് യക്ഷിയും പറഞ്ഞു.

വൃദ്ധ ആണി വലിച്ചൂരിയതും ബന്ധവിമുക്തയായിത്തീർന്ന യക്ഷി ക്ഷണനേരം കൊണ്ട് അന്തർദ്ധാനം ചെയ്തു.

കുളി കഴിഞ്ഞു തിരിച്ചെത്തിയപ്പോൾ വിവരങ്ങളെല്ലാമറിഞ്ഞ കത്തനാർ മാന്ത്രികദൃഷ്ടിയിൽ യക്ഷിപോയ വഴി കണ്ടെത്തി. ഒട്ടും താമസിക്കാതെ കത്തനാരും പിന്നാലെ പുറപ്പെട്ടു. കത്തനാർ പിന്തുടരുന്നുണ്ടെന്നു മനസ്സിലാക്കിയപ്പോൾ രക്ഷയില്ലെന്ന് കണ്ട യക്ഷി, മഹാമാന്ത്രികനായിരുന്ന കുഞ്ചമൺപോറ്റിയുടെ അടുക്കൽ ചെന്ന് അഭയം പ്രാപിച്ചു.



6th Malayalam_Unit-6.indd 103 3/19/2020 1:27:21 PM

കടമറ്റത്തു കത്തനാരുടെ അതിരറ്റ പ്രശസ്തിയുടെ പേരിൽ കുഞ്ചമൺ പോറ്റിയ്ക്ക് കത്തനാരോട് കുറച്ച് അസൂയയും ശത്രുതയും ഉണ്ടായിരുന്നു. കത്തനാരെ അപമാനിക്കാൻ ഇതുതന്നെ അവസരം എന്ന് കണക്കാക്കി കുഞ്ചമൺ പോറ്റി യക്ഷിയ്ക്ക് അഭയം നൽകി. എന്നു മാത്രമല്ല തോണി യിൽ യക്ഷിയെ പിന്തുടർന്നെത്തിയ കത്തനാരെ കടവത്തു ചെന്നു സ്വീകരിച്ച് കൊണ്ടുവരികയും ഇല്ലത്ത് വലിയ സൽക്കാരം നൽകുകയും ചെയ്തു. കത്തനാർ സൽക്കാരം സ്വീകരിച്ച തക്കത്തിൽ കുഞ്ചമൺ പോറ്റിയുടെ സേവകരായ ചാത്തന്മാർ ക്ഷണനേരം കൊണ്ട് പുഴയിലൂടെ ബഹുദൂരം സഞ്ചരിച്ച് യക്ഷിയെ പനയന്നാർ കാട്ടിലെത്തിച്ചു.

സൽക്കാരം കഴിഞ്ഞ് യാത്ര പറഞ്ഞപ്പോൾ കത്തനാരോടൊപ്പം കടവുവരെ അനുയാത്രയായി പോറ്റിയും ചെന്നു. കടവത്തു കിടന്നിരുന്ന കത്തനാരുടെ വള്ളം അപ്പോഴേക്കും ചാത്തന്മാർ നാലാളുയരമുള്ള ഒരു മാവിന്റെ മുകളിൽ കയറ്റിവച്ചിരുന്നു.

യക്ഷിയെ രക്ഷിക്കുവാൻ വേണ്ടി കുഞ്ചമൺപോറ്റി തന്നെ തന്ത്രത്തിൽ കുടുക്കിയിരിക്കുകയാണെന്ന് അപ്പോഴാണ് കത്തനാർക്ക് മനസ്സിലായത്.

കത്തനാർ പോറ്റിയോട് ചോദിച്ചു

'ചാത്തന്മാരെക്കൊണ്ട് തോണി അങ്ങ് താഴെയിറക്കിത്തരുന്നോ, അതോ അങ്ങയുടെ അന്തർജനങ്ങളെ മാവിൻകൊമ്പത്ത് കയറ്റി ഞാൻ തോണി താഴെ ഇറക്കിയ്ക്കണോ?' എന്ന്.

'കത്തനാർ വിചാരിച്ചാൽ അത് സാധിക്കുമോ?' എന്ന് കുഞ്ചമൺ പോറ്റി ഒരു വെല്ലുവിളിയായി തിരിച്ചും ചോദിച്ചു.

അപ്പോഴേക്കും ഇല്ലത്തെ അകത്തളത്തിൽ നിന്ന് അന്തർജ്ജനങ്ങൾ ഓരോരുത്തരായി പുറത്തിറങ്ങിവന്ന് മാവിന്മേൽ പൊത്തിപ്പിടിച്ചു കയറാൻ തുടങ്ങി. കാഴ്ചക്കാരെല്ലാം ആർത്തുചിരിക്കാനും തുടങ്ങി. കത്തനാരുടെ



6th Malayalam_Unit-6.indd 104 3/19/2020 1:27:22 PM

മാന്ത്രികസിദ്ധി കണ്ട് ഞെട്ടിപ്പോയ പോറ്റി ; 'അയ്യോ എന്റെ കത്തനാരേ, എന്നെ അപമാനിക്കരുതേ, വള്ളം ഞാനിപ്പോൾ താഴെയിറക്കിച്ചുതരാം.' എന്ന് നിലവിളിച്ചുപോയി.

പനയന്നാർകാവ് കടവത്ത് തൂശനിലയിൽ വന്നിറങ്ങിയ കത്തനാരെ കാണാൻ ധാരാളമാളുകൾ കടവത്തു തടിച്ചു കൂടിയിരുന്നു. കാട്ടിൽ കയറി ഒളിച്ചിരുന്ന യക്ഷിയെ ഒരു മന്ത്രം പ്രയോഗിച്ച് കത്തനാർ പുകച്ചു പുറത്തു ചാടിച്ചു.

പ്രാണരക്ഷാർത്ഥം നിലവിളിക്കാൻ തുടങ്ങിയ യക്ഷിയോട് കത്തനാർ പറഞ്ഞു. 'ലോകർക്ക് ഉപദ്രവം ചെയ്യാതെ കഴിഞ്ഞുകൂടിയാൽ നിന്നെ ഞാൻ ഇവിടെത്തന്നെ കുടിയിരുത്തിക്കൊള്ളാം. ജനങ്ങൾ നിന്നെ എക്കാലത്തും മാതൃ കാദേവതയായി പരിഗണിച്ച് ആരാധിച്ചുകൊള്ളും.'

യക്ഷി അപ്രകാരം സമ്മതിക്കുകയും കടമറ്റത്തുകത്തനാർ യക്ഷിയ്ക്ക് അവിടെ ഒരു ക്ഷേത്രം പണിതീർപ്പിയ്ക്കുകയും ചെയ്തു എന്നാണ് കഥ.

പ്രസിദ്ധമായ പനയന്നാർകാവ് യക്ഷിയുടെ ക്ഷേത്രം അങ്ങനെ ഉണ്ടായതാണെന്നാണ് ഈ കഥ നമ്മോട് പറയുന്നത്.

വ്യാകരണം

നാമം

ദ്രവ്യത്തിന്റെയോ ക്രിയയുടെയോ ഗുണത്തിന്റെയോ പേരായ ശബ്ദത്തെ നാമം എന്ന് പറയുന്നു.

നാമങ്ങൾ നാലുവിധമാണുള്ളത്

ദ്രവ്യനാമം

ദ്രവ്യങ്ങളുടെ (വസ്തുക്കളുടെ) പേരായ ശബ്ദത്തിന് ദ്രവ്യനാമം എന്നു പറയുന്നു. ഉദാ. മല, കൃഷ്ണൻ, രാജു.

ഗുണനാമം

നിറത്തേയോ തരത്തേയോ സ്വഭാവത്തേയോ കുറിക്കുന്ന നാമമാണ് ഗുണനാമം എന്ന് പറയുന്നത്. ഉദാ. വെളുപ്പ്, കറുപ്പ്, മിടുക്കൻ, സുന്ദരി തുടങ്ങിയവ.

ക്രിയാനാമം

ഒരു ക്രിയയിൽ നിന്നും ഉണ്ടാകുന്ന നാമമാണ് ക്രിയാനാമം. അഥവാ ക്രിയയുടെ പേരിനെയാണ് ക്രിയാനാമം എന്ന് പറയുന്നത്.

ഉദാ. ഓട്ടം, ചാട്ടം, ചിരി, കരച്ചിൽ, നടത്തം, പറച്ചിൽ, എഴുത്ത് തുടങ്ങിയവ

6th Malayalam_Unit-6.indd 105 3/19/2020 1:27:22 PM

സർവ്വനാമം

ഒരു നാമത്തിനു പകരം നിൽക്കുന്ന നാമതുല്യമായ ശബ്ദം സർവ്വനാമം

സർവ്വ നാമത്തിനു പല വിഭാഗങ്ങൾ ഉണ്ട്. അവ താഴെക്കൊടുക്കുന്നു.

ഉത്തമപുരുഷസർവ്വനാമം

പറയുന്ന ആളിനു പകരം നിൽക്കുന്ന ശബ്ദത്തെ ഉത്തമപുരുഷസർവ്വനാമം എന്നു പറയുന്നു.

ഉദാ: ഞാൻ, നമ്മൾ, തൻ, എൻ,

മദ്ധ്യമപുരുഷസർവ്വനാമം

കേൾക്കുന്ന ആളിനു പകരം നിൽക്കുന്ന ശബ്ദം

ഉദാ: നീ, നിങ്ങൾ, താൻ.

പ്രഥമപുരുഷസർവ്വനാമം

ആരെപ്പറ്റി പറയുന്നുവോ അവർക്കു പകരം നിൽക്കുന്ന ശബ്ദം.

(ഉത്തമ, മദ്ധ്യമപുരുഷ സർവ്വനാമങ്ങളൊഴികെ മറ്റെല്ലാം ഇതിൽപ്പെടുന്നു).

ഉദാ: അവർ, അവൾ, അവർ.

6th Malayalam_Unit-6.indd 106 3/19/2020 1:27:22 PM

ഭാഗം

7

നാട്, സമൂഹം, ഗവൺമെന്റ്, നിർവ്വഹണം



പഠനലക്ഷ്യങ്ങൾ

- ദേശാഭിമാനപരമായ കവിത പരിചയപ്പെടൽ
- നാടും സമൂഹവും ഗവൺമെന്റുമായി ബന്ധപ്പെട്ട ആസൂത്രണ പദ്ധതികൾ മനസ്സിലാക്കൽ
- സാമൂഹ്യജീവിതത്തിൽ പുലർത്തേണ്ട നന്മ തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത : ഇന്നു നാം മനുഷ്യരായ് - ജി.ശങ്കരക്കുറുപ്പ്

ഗദ്യം : പഞ്ചായത്തിന്റെ ജനകീയാസൂത്രണം
ഡോ.ജോസ്ചാത്തുക്കുളം, ഷാജി ജോർജ്.

അധികവായനയ്ക്ക് : ദ്രോണാചാര്യർ - ഡോ. ഇ. കെ ഗോവിന്ദവർമരാജാ

വ്യാകരണം : ക്രിയ

6th Malayalam_Unit-7.indd 107 3/19/2020 1:28:10 PM

കവിത

ഇന്നു നാം മനുഷ്യരായ്

ജി.ശങ്കരക്കുറുപ്പ്

കവിയെ പരിചയപ്പെടാം



ജി.ശങ്കരക്കുറുപ്പ് (1901-1978): അങ്കമാലിക്കടുത്തുള്ള നായത്തോട് എന്ന ഗ്രാമത്തിൽ ജനിച്ചു. പ്രകൃത്യുപാസകനായ കവി ദേശാഭിമാനപരമായ പല കവിതകളും രചിച്ചിട്ടുണ്ട്. ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരത്തിനർഹനായ ജി. കേരള സാഹിത്യ അക്കാദമി അവാർഡ് (1960), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1963), സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് (1967) എന്നിവയും നേടിയിട്ടുണ്ട്.

ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ കൈവന്ന ദേശാഭിമാനപരമായ ഉണർവ്വ് ഒരു ജനതയെ അടിമകൾ എന്ന താഴ്ച്ചയിൽ നിന്ന് മനുഷ്യർ എന്ന ഉന്നതിയിലേക്ക് ഉയർത്തിയെന്നു പറയുന്ന കവിതയാണ് 'ഇന്നു നാം മനുഷ്യരായ്' എന്നത്. ജി.യുടെ കവിതകൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ് ഈ കവിത.)

ഇന്നു നാം മനുഷ്യരായ്
നാൽപ്പതിൽപ്പരം കോടി-
സ്സന്നതശിരസ്സുക-
ളൊരുമിച്ചുയരുന്നു
നാൽപ്പതിൽപ്പരം കോടി
ജനത്തിൻ സുധീരമാം
കാൽപ്പെരുമാറ്റം ജൈത്ര-
യാത്രയിൽ മുഴങ്ങുന്നു

6th Malayalam_Unit-7.indd 108 3/19/2020 1:28:11 PM

പാരിലില്ലൊരു ശക്തി
നമ്മളെക്കുനിയിക്കാൻ
പാരിലില്ലൊരു ബലം
നമ്മളെ മടക്കുവാൻ
ഭാവി നമ്മുടെയത്രെ,
നിത്യമംഗളോദാര-
ഭാവി,ധാർമ്മികശ്രേയോ-
മധുരോജ്ജ്വലഭാവി!
ഇന്നു നാം മനുഷ്യരായ്:
നമ്മുടെ രാഷ്ട്രത്തിന്റെ-
യുന്നതവികാരത്തിൻ-
തുടുപ്പുമതോടൊപ്പം
സൗമ്യസാത്വികത തൻ-
വെളുപ്പും നവാശതൻ
രമ്യമാം മുളയുടെ
പച്ചപ്പും തമ്മിൽ പുൽകി
നിത്യനൂതനമായ
നിജസംസ്കാരത്തിന്റെ-
യത്യന്തം പുരാതന-
മായ മുദ്രയെയേന്തി
പ്രിയദർശനം ശാന്ത-
വിസ്തൃത വിഹായസ്സിൽ,
സ്വയമിന്നുയർന്നല്ലോ
നമ്മുടെ പതാകകൾ!

6th Malayalam_Unit-7.indd 109 3/19/2020 1:28:11 PM

ഹിമവദ്ഗിരീന്ദ്രൻ തൻ-
സ്ഫാടികപ്രസാദത്തിൽ,
വിമലാബ്ജിതന്നിന്ദ്ര-
നീലമാം തളിമത്തിൽ,
മംഗളഗാനം പാടി-
സ്സസ്യസേചനം ചെയ്യും
ഗംഗതൻ,കാവേരിതൻ,
ചൂർണ്ണിതൻ,ഞെറികളിൽ
എന്നുമീ നവോത്ഥാന-
കൗതുകച്ചിറകുകൾ
മിന്നുക ജഗത്തിന്റെ
നിത്യമാം ശുഭത്തിനായ്!
ഇന്നു നാം മനുഷ്യരായ്
പാരതന്ത്ര്യത്തിൻ രോഗം
വന്നു ജീർണ്ണമായ്
ശൂന്യപ്രായമാം ചരിത്രത്തെ
അഭിമാനോഷ്മാവാർന്ന
ജീവരക്തത്താൽ,വായ്ക്കു-
മഭിലാഷത്തിൻ നവോ-
ന്മേഷദപ്രകാശത്താൽ,
പിന്നെയും ചൈതന്യത്തിൻ-
രംഗമായ് മാറ്റീ നമ്മൾ
പിന്നെയും തളിർപ്പിച്ചു
സ്വാതന്ത്ര്യക്കൊടികളിൽ;

6th Malayalam_Unit-7.indd 110 3/19/2020 1:28:11 PM

ഈ വസന്താരംഭത്തിൽ,
നമ്മുടെ സംസ്കാരത്തിൻ
പാവന പരിമളം
പരക്കും ചലനങ്ങൾ,
ജീവിതാന്തരീക്ഷത്തെ
യുൽബദ്ധമാക്കിബ്ഭൂത-
ഭാവികൾ കരംകോർത്തു
നിൽക്കുമ്പോളുണരുന്നു.



6th Malayalam_Unit-7.indd 111 3/19/2020 1:28:11 PM

അഭ്യാസം

I. പദപരിചയം

സന്നതം, ശിരസ്സ്, സുധീരം, ജൈത്രയാത്ര, പാര്, മംഗളം,
ധാർമ്മികം, ഉജ്ജ്വലം, സാത്വികത, നൂതനം, നിജം, പ്രിയദർശനം,
വിഹായസ്സ്, ഗിരീന്ദ്രൻ, പ്രസാദം, പരിമളം, തളിമം, അബ്ധി,
വിമലാബ്ധി, ഇന്ദ്രനീലം, ഉദാരം, ചൂർണി, ശുഭം, ജഗത്ത്,
ഉൽബുദ്ധം, പാരതന്ത്ര്യം, ജീർണം, അഭിലാഷം, പാവനം,
സസ്യസേചനം, നവോത്ഥാനം, സ്ഫാടികപ്രസാദം,

II.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. ഇന്നു നാം മനുഷ്യരായ് എന്ന കവിത ജി.ശങ്കരക്കുറുപ്പിന്റെ ഏത് സമാഹാരത്തിൽ നിന്നെടുത്തതാണ്?

   അ) സൂര്യകാന്തി ആ) നിമിഷം

   ഇ) ജി.യുടെ കവിതകൾ ഈ) പഥികന്റെ പാട്ട്

2. എത്ര കോടി ശിരസ്സാണ് അഭിമാനത്താൽ ഒരുമിച്ചുയർന്നത്?

   അ) നാൽപതിൽപരം കോടി ആ) പതിനായിരം

   ഇ) പത്തുലക്ഷം ഈ) ഇരുപതുകോടി

3. ശാന്തവിസ്തൃതവിഹായസ്സിൽ ഉയർന്നുപൊങ്ങിയത് എന്താണ്?

   അ) കൊടിമരം ആ) പതാക

   ഇ) പക്ഷികൾ ഈ) മേഘങ്ങൾ

4. ചരിത്രത്തെ ജീർണ്ണമാക്കിയ രോഗമെന്തായിരുന്നു?

   അ) പാരതന്ത്ര്യം ആ) സ്വാതന്ത്ര്യം

   ഇ) അടിമത്തം ഈ) നവോത്ഥാനം

III. ഉത്തരമെഴുതുക

1. എന്താണ് ജൈത്രയാത്രയിൽ മുഴങ്ങുന്നത്?
2. എങ്ങനെയുള്ള ഭാവിയെക്കുറിച്ചാണ് കവി അഭിമാനിക്കുന്നത്?
3. വിഹായസ്സിൽ ഉയർന്നുപൊങ്ങുന്ന നമ്മുടെ പതാകയുടെ സവിശേഷതകളായി കവി പറയുന്നതെന്താണ്?
4. മംഗളഗാനം പാടുന്നത് ഏതെല്ലാം നദികളാണ്?
5. നവോത്ഥാനത്തിന്റെ കൗതുകച്ചിറകുകൾ മിന്നുന്നത് എന്തിനായാണ്?

6th Malayalam_Unit-7.indd 112 3/19/2020 1:28:11 PM

ഗദ്യം

പഞ്ചായത്തിന്റെ ജനകീയാസൂത്രണം



(ഡോ. ജോസ് ചാത്തുക്കുളം [1958 -] കേരളത്തിലെ സെന്റർ ഫോർ റൂറൽ മാനേജ്മെന്റിന്റെ ഡയറക്ടർ. പഞ്ചായത്ത് രാജ്:സിദ്ധാന്തം, നിയമം, പ്രയോഗം, ബേമിദുകളുടെ പുനരവതാരം: ലക്ഷദ്വീപും പഞ്ചായത്ത്രാജും, പഞ്ചായത്ത് രാജും സെൻ കമ്മിറ്റിയും എന്നീ കൃതികൾ രചിച്ചു.



ഷാജി ജോർജ്ജ് [1958 -]: ജനകീയാസൂത്രണത്തിന്റെ സംസ്ഥാന റിസോഴ്സ് പേഴ്സൺ എന്ന നിലയിൽ പ്രവർത്തിച്ചു.

ഡോ.ജോസ്ചാത്തുകുളവും ഷാജി ജോർജ്ജും ചേർന്നെഴുതിയ കൃതിയാണ് 'നമ്മെ ഭരിക്കും നാം തന്നെ' എന്ന പുസ്തകം

നാടും സമൂഹവും ഗവൺമെന്റും നിർവ്വഹണവുമായി ബന്ധപ്പെട്ടതാണ് പഞ്ചായത്തിന്റെ ജനകീയാസൂത്രണം. അതെങ്ങനെ സാധാരണ ജീവിതത്തിൽ അനായാസേന ഫലപ്രാപ്തിയിലെത്തിക്കാം എന്ന് ലളിതമായ സംഭാഷണസാഹചര്യങ്ങളിലൂടെ വ്യക്തമാക്കുന്ന ഈ പാഠഭാഗം 'നമ്മെ ഭരിക്കും നാം തന്നെ' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ്.

വെള്ളിയാഴ്ചത്തെ ക്ലബ് യോഗത്തിന് അബു എത്തിയത് വികസന റിപ്പോർട്ടുമായാണ്. വികസന റിപ്പോർട്ടിനൊപ്പം കുറെ നോട്ടീസുകളും അബു സമ്പാദിച്ചിരുന്നു.ക്ലാസിലെത്തിയ അബു അല്പം തലക്കനത്തോടെ പറഞ്ഞു:

'ദാ, ഇതു കണ്ടോ. ഇതൊക്കെ നമ്മടെ പഞ്ചായത്തിന്റെ നോട്ടീസുകളാ'

'നോട്ടീസോ? കാണട്ടെ.' കുട്ടികൾ അബുവിനു ചുറ്റും കൂടി

'അലിയാരിക്ക തന്നതാ. ഇതു വീടു കിട്ടുന്നവരുടെ ലിസ്റ്റാ. നമ്മളു പോയ ഗ്രാമസഭേലംഗീകരിച്ച ഗോവിന്ദന്റെയും വിശാലാക്ഷിയുടെയും ഒക്കെ പേര് ഇതിലുണ്ട്' അബു പറഞ്ഞു.

'ഇതാ ഗ്രാമസഭയുടെ നോട്ടീസ്' ഗോപു നോട്ടീസ് തൊട്ടു കാണിച്ചു.

'ഇതെന്താ മറ്റൊരു നോട്ടീസ്?' റോണി നോട്ടീസ് എടുത്ത് വായിച്ചു തുടങ്ങി.

6th Malayalam_Unit-7.indd 113 3/19/2020 1:28:11 PM



കുന്നുംപുറം ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പരിപാടി വികസന സെമിനാർ

നമ്മുടെ പഞ്ചായത്തിലെ ഈ വർഷത്തെ പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള വികസനസെമിനാർ 10-4-2000 രാവിലെ പത്തു മണി മുതൽ കുന്നുംപുറം ഹൈസ്കൂൾ ഹാളിൽ ചേരുന്നതാണ്!

'എന്താണീ പദ്ധതി നിർദ്ദേശം?'ലിബിനു സംശയമായി.

'നോട്ടീസിനു മുകളിലൊരു പടവുമുണ്ട്. ഇതു കണ്ടോ?' നവീൻ

'അതിന്റെ ചുവടെ എന്തോ എഴുതിയിട്ടുണ്ടല്ലോ.' ശ്രീജിത്താണു കണ്ടുപിടിച്ചത്. 'അധികാരം ജനങ്ങൾക്ക്.' ഗോപു വായിച്ചെടുത്തു. 'അധികാരമെങ്ങനാ ജനങ്ങൾക്കു കിട്ടുക?' അപ്പുവാണ് ചോദിച്ചത്.

'വീടിന്റെ ലിസ്റ്റ് പാസ്സാക്കുന്നത് സഭയല്ലേ? അതുകൊണ്ടാ' അബുവിനു സംശയമില്ലാ.

'എങ്കിലെന്തിനാ പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്യാനെന്നെഴുതിയിരിക്കുന്നേ?' ലിബിൻ ചോദിച്ചു.

"വികസന റിപ്പോർട്ടു നോക്കെടേ.ഇതു കണ്ടോ. ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്നച്ചടിച്ചിരിക്കുന്നെ" അബു തൊട്ടു കാണിച്ചു.

ഈ പദ്ധതീന്നു വച്ചാലെന്താ? റോണി ചോദിച്ചു.

'റോഡു വെട്ടാനും കിണറു കുഴിക്കാനും വീടുവയ്ക്കാനുമൊക്കെയുണ്ടാക്കണ മെന്നാ അലിയാരിക്ക പറഞ്ഞത്. അതു ഗ്രാമസഭ പാസ്സാക്കുവേം വേണം. അതാ ണത്രേ ജനകീയാസൂത്രണം!' അബു തന്റെ വിജ്ഞാനം വെളിപ്പെടുത്തി.

6th Malayalam_Unit-7.indd 114 3/19/2020 1:28:12 PM

‘എന്താ എല്ലാവരും കൂടിയൊരു ചർച്ച?’ ക്ലബ്ബ് യോഗത്തിനെത്തിയ രാജീവന്മാഷ് അന്വേഷിച്ചു.

“മാഷ്, ഈ ജനകീയാസൂത്രണോന്നുവച്ചാലെന്താ? റോഡിനും വീടിനുമൊക്കെ പദ്ധതിയുണ്ടാക്കുന്നതാ ജനകീയാസൂത്രണമെന്ന് അബു പറയുന്നു. ദാ, അബുവിന്റെ കയ്യിൽ പഞ്ചായത്തിന്റെ നോട്ടീസുകളുമുണ്ട്.” ഗോപു പറഞ്ഞു

“കൊള്ളാം. അബു പഞ്ചായത്തുപ്രസിഡണ്ടാവുമെന്നു തന്നെയാണല്ലോ തോന്നുന്നത്.” മാഷ് നോട്ടീസുകൾ വാങ്ങിക്കൊണ്ടു പറഞ്ഞു.

‘ഇനി ആവാമെന്നുവെച്ചാൽ തന്നെ സംവരണം പ്രശ്നമാ’. അബുവിന് ഇപ്പോഴും സംവരണം ഉൾക്കൊള്ളുവാൻ കഴിയുന്നില്ല.

‘എന്താണു മാഷ് ജനകീയാസൂത്രണം?’ മിനി ചോദിച്ചു.

‘ആസൂത്രണം എന്നുവെച്ചാലെന്താണ്?’ മാഷ് കുട്ടികളോടു ചോദിച്ചു. കുട്ടികൾ അങ്ങുമിങ്ങും നോക്കിയതേയുള്ളൂ.

‘ക്രിസ്തുമസ് കാലത്ത് നമ്മുടെ സ്കൂളിനു മുന്നിലുള്ള കടകളിലെല്ലാം ബലൂണും നക്ഷത്രവും പടക്കവുമൊക്കെ വില്പനയ്ക്കായെത്താറുണ്ട് അല്ലേ?’ മാഷ് ചോദിച്ചു.

‘ഉവ്വ് മാഷ്. പടക്കവുമുണ്ട്.’ അബു പറഞ്ഞു.

‘ശരി. അബുവിന് ക്രിസ്മസ് കാലത്തു പടക്കവും ബലൂണും കടകളിലെത്തുമ്പോൾ ബാപ്പ പത്തു രൂപ തരുന്നുവെന്നിരിക്കട്ടെ. അബു അതുകൊണ്ടെന്തു ചെയ്യും?’ മാഷ് അന്വേഷിച്ചു.

‘രണ്ടു രൂപയ്ക്കു ബലൂൺ വാങ്ങും.അഞ്ചു രൂപയുടെ പടക്കവും വാങ്ങും. പിന്നെ ഒരു നക്ഷത്രവും രണ്ടു മിഠായിയും’. അബുവിന് എന്തുചെയ്യണമെന്ന് വ്യക്തമായ രൂപമുണ്ട്.

‘ഒരു ചെറിയ നക്ഷത്രത്തിനു തന്നെ ആറ് രൂപയാവും. പിന്നെങ്ങനാ ഇതെല്ലാം വാങ്ങുക?’ ഗോപു ചോദിച്ചു.

‘എങ്കിൽ മിഠായി വേണ്ടെന്നു വയ്ക്കും.രണ്ടു രൂപയുടെ പടക്കവും രണ്ട് ബലൂണും ഒരു നക്ഷത്രവും വാങ്ങും ‘.അബു പറഞ്ഞു.

‘ബലൂൺ വേണ്ടെന്നുവച്ച് നാലു രൂപയുടെ പടക്കം വാങ്ങുന്നതാ നല്ലത്’. ലിബിൻ.

‘നക്ഷത്രവും ബലൂണും വാങ്ങണം’ അമ്മു.

‘അപ്പോൾ ഗോപുവിനും അമ്മുവിനും ലിബിനുമൊക്കെ ആവശ്യങ്ങൾ ഏറെയുണ്ട് അല്ലേ? പടക്കം വേണം, ബലൂൺ വേണം, നക്ഷത്രം വാങ്ങണം, മിഠായിയും വാങ്ങണം. ഇതെല്ലാം ഇഷ്ടംപോലെ വാങ്ങുന്നതിനുള്ള പണമില്ലതാനും. അതിനാൽ

6th Malayalam_Unit-7.indd 115 3/19/2020 1:28:12 PM

കൈയിലുള്ള പൈസ കൊണ്ട് എന്തു വാങ്ങണമെന്നു നേരത്തേ ആലോചിച്ചു തീരുമാനിക്കും അല്ലേ?'

'അതേ മാഷ്.' കുട്ടികൾ പറഞ്ഞു.

നവീന്റെ അച്ഛന് മാസം അയ്യായിരം രൂപ ശമ്പളമുണ്ടെന്ന് കരുതുക. അച്ഛൻ അതെന്തു ചെയ്യും നവീൻ? മുഴുവൻ രൂപയ്ക്കും തുണി വാങ്ങുമോ?

'ഇല്ല മാഷ്, അരി വാങ്ങും, പച്ചക്കറി വാങ്ങും, പാൽക്കാരനു കൊടുക്കും, പത്രത്തിനു കൊടുക്കും അങ്ങനെ ഓരോ ആവശ്യങ്ങൾക്കായി ചെലവഴിക്കും.

'അപ്പോൾ ആർക്കെങ്കിലും അസുഖമുണ്ടായാലോ? 'മാഷ് വീണ്ടും ചോദിച്ചു.

'പൈസ മിച്ചമുണ്ടെങ്കിൽ എടുക്കും. അല്ലെങ്കിൽ അത്യാവശ്യമില്ലാത്ത എന്തെങ്കിലും വാങ്ങാതിരിക്കും.അതുമല്ലെങ്കിൽ കടം വാങ്ങും'. നവീൻ പറഞ്ഞു

'അപ്പോൾ നവീന്റെ അച്ഛൻ കൈയ്യിലുള്ള പണം കൊണ്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നു മുൻകൂട്ടി ആലോചിച്ചു തീരുമാനിക്കും അല്ലെ?'

'അതെ'

"പഞ്ചായത്തിനു കുറെ പണം കിട്ടിയാലോ?" മാഷ് വീണ്ടും ചോദിച്ചു

'റോഡിനും പാലത്തിനും വീടിനുമൊക്കെ ചെലവാക്കും'.

ലിബിൻ പറഞ്ഞു

'എല്ലാ റോഡും ടാർ ചെയ്യുവാൻ കഴിയുമോ?'

'ഇല്ല മാഷ്' കുട്ടികൾ പറഞ്ഞു.

'ഗ്രാമസഭയിൽ ഒട്ടേറെ ആവശ്യങ്ങൾ പറയുന്നു. പണം കുറവും. അപ്പോൾ എന്തു ചെയ്യണമെന്ന് പഞ്ചായത്ത് ആലോചിക്കും. ഇതേ രീതിയിൽ സംസ്ഥാന സർക്കാരും ഉണ്ടാവുന്ന പണം കൊണ്ട് എന്തൊക്കെ ചെയ്യണമെന്ന് ആലോചിക്കും. ആവശ്യങ്ങൾ കൂടുതലാവുകയും പണം കുറഞ്ഞിരിക്കുകയും ചെയ്യുമ്പോൾ എന്തു ചെയ്യും? ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവ നടപ്പാക്കും. അത്യാവശ്യമില്ലാത്തവ മാറ്റിവയ്ക്കും. ഇങ്ങനെയുള്ള പണം കൊണ്ട് ആവശ്യങ്ങൾക്കു മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിന് ആസൂത്രണമെന്ന് പറയാം'. മാഷ് വിശദമാക്കി.

'നവീന്റെ അച്ഛനും അബുവിനും കുറച്ചു കാര്യങ്ങളേ ചെയ്യേണ്ടതുള്ളൂ. അതിനാൽ അവ എഴുതി പട്ടികപ്പെടുത്തിയെന്നുവരില്ല.അബു സ്വയം കാര്യങ്ങൾ ചെയ്യും. നവീന്റെ അച്ഛൻ വീട്ടിലുള്ളവരുമായി ആലോചിച്ച് കാര്യങ്ങൾ ചെയ്യും. സർക്കാരോ?' മാഷ് ചോദിച്ചു

6th Malayalam_Unit-7.indd 116 3/19/2020 1:28:12 PM

“മന്ത്രിമാർ ആലോചിച്ചു ചെയ്യും” നവീൻ

‘എമ്മെല്ലേമാരോട് ആലോചിച്ച് ചെയ്യും’. റോണി

‘രാജ്യത്തെ മൊത്തം ഉത്പാദനവും വരവും ചെലവുമൊക്കെ പഠിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നവരുണ്ട്. സാമ്പത്തിക വിദഗ്ദ്ധരെന്നു പറയും. സർക്കാർ ഇത്തരത്തിലുള്ള ഏതാനും പേരെ ചേർത്ത് സർക്കാരിനെ സഹായിക്കുവാൻ ഒരു സമിതി ഉണ്ടാക്കിയിട്ടുണ്ട്. ആസൂത്രണ ബോർഡ് എന്നു പറയും. സർക്കാർ ഇവരുമായി ആലോചിക്കും. ഉയർന്ന ഉദ്യോഗസ്ഥരുമായും ആലോചിക്കും. അതിനു ശേഷം കൃഷി മെച്ചപ്പെടുത്തുവാനും ജലസേചനത്തിനും ആശുപത്രി നന്നാക്കുവാനും സ്കൂൾ കെട്ടിടം പണിയുവാനും ഒക്കെ പദ്ധതിയുണ്ടാക്കും. ഉള്ള പണത്തിനനുസരിച്ചായിരിക്കും പദ്ധതിയുണ്ടാക്കുക. എമ്മെല്ലേമാരും എം.പി. മാരുമൊക്കെ നിർദ്ദേശിക്കുന്ന കാര്യങ്ങൽ പരിഗണിച്ചാവും പദ്ധതി ഉണ്ടാക്കുക. ഇത്തരത്തിൽ പദ്ധതി ഉണ്ടാക്കുന്നതാണ് ആസൂത്രണം. സർക്കാർ എത്ര വർഷത്തേക്കാണ് പദ്ധതിയുണ്ടാക്കുക?’

‘ഓരോ വർഷവും.’ അപ്പുവാണ് പറഞ്ഞത്.

‘അല്ല. നിങ്ങൾ പഞ്ചവത്സരപദ്ധതി എന്നു കേട്ടിട്ടില്ലേ?

“അഞ്ചു വർഷത്തേക്കാവും പദ്ധതി. ഈ അഞ്ചു വർഷക്കാലം എന്തൊക്കെ ചെയ്യണമെന്ന് മുൻകൂട്ടി തീരുമാനിക്കും. എത്ര സാമ്പത്തിക നേട്ടം രാജ്യത്തിനുണ്ടാവണമെന്നും അതനുസരിച്ച് ഓരോ വർഷവും നടപ്പാക്കേണ്ട പദ്ധതികൾ തയ്യാറാക്കുകയും ചെയ്യും. ജവഹർലാൽ നെഹ്റുവാണ് പഞ്ചവത്സരപദ്ധതിക്കു തുടക്കമിട്ടത്. 1951-ലാണ് ആദ്യത്തെ പഞ്ചവത്സരപദ്ധതി ആരംഭിക്കുന്നത്”. മാഷ് പറഞ്ഞു.

‘സർക്കാരിന്റെ പദ്ധതികൾ ആരാണു തീരുമാനിക്കുക’? മാഷ്.

‘ആസൂത്രണബോർഡും ഉദ്യോഗസ്ഥരും. ’ നിമ്മി.

‘അപ്പോൾ നമ്മുടെ പഞ്ചായത്തിൽ വടക്കുംഭാഗത്ത് കൂടിവെള്ളപ്പദ്ധതിയുണ്ടാക്കണമെന്ന് അവരെങ്ങനെ അറിയും?’ മാഷ്.

‘പഞ്ചായത്തിനോടു ചോദിക്കും’. അബു

‘എമ്മെല്ലേ വഴി അറിയും’. ശ്രീജിത്ത്.

‘കേരളത്തിലെ 991 പഞ്ചായത്തുകളുടെയും ഏതൊക്കെ ഭാഗങ്ങളിൽ കുടിവെള്ളപ്പദ്ധതി വേണമെന്ന് ഇത്തരത്തിൽ അറിയുവാൻ വിഷമമാണ്. കിണറു കുഴിച്ചാൽ വെള്ളം കിട്ടുന്നിടത്ത് കിണർകുഴിച്ചാൽ മതി. അല്ലാത്തിടത്ത് പൈപ്പ് വഴി എത്തിക്കണം. വേണ്ടേ?’ -മാഷ്.

‘വേണം’. കുട്ടികൾ പറഞ്ഞു.

6th Malayalam_Unit-7.indd 117 3/19/2020 1:28:12 PM



‘അപ്പോൾ ഓരോ പ്രദേശങ്ങൾക്കും ഓരോ പ്രത്യേകതകളുണ്ട്. അതിനനുസരിച്ച് പദ്ധതിയുണ്ടാക്കണം അല്ലേ?’ മാഷ്.

‘അതേ’ കുട്ടികൾ.

‘ആളുകളുടെ ആവശ്യവും നോക്കണ്ടേ?’ മാഷ്

‘വേണം’. കുട്ടികൾ

‘ഇത്തരത്തിൽ ഒരോ പ്രദേശത്തിന്റെയും പ്രത്യേകതകളും ആളുകളുടെ ആവശ്യങ്ങളും പരിഗണിച്ചല്ല മുമ്പ് പദ്ധതികൾ ഉണ്ടാക്കിയിരുന്നത്’. മാഷ് പറഞ്ഞു

‘ഓരോ സ്ഥലത്തും ആളുകൾ ആവശ്യപ്പെടുന്ന പദ്ധതിയാണ് ഉണ്ടാവുന്നത് എങ്കിൽ അതു നടപ്പാക്കുവാൻ ആളുകൾ സഹകരിക്കും. റോണിയുടെ വീടിനു മുൻപിലൂടെ റോഡുവെട്ടുകയാണെങ്കിൽ വീട്ടിലുള്ളവരും അടുത്തുള്ളവരും റോഡുവെട്ടാൻ കൂടില്ലേ റോണി?’ മാഷ്

‘കൂടും മാഷ്’, റോണിപറഞ്ഞു.

‘73-ാം ഭരണഘടനാഭേദഗതിപ്രകാരം പുതിയ പഞ്ചായത്തുകൾ ഉണ്ടായല്ലോ. എല്ലാ വാർഡുകളിലും ഗ്രാമസഭ കൂടുകയും വേണം. ഇതനുസരിച്ച് ഗ്രാമസഭ വിളിച്ചു കൂട്ടി ഏതൊക്കെ പദ്ധതികൾ വേണമെന്ന് ചോദിച്ചറിയാനാവില്ലേ?’

‘ഉവ്വ് മാഷ്’ കുട്ടികളൊന്നാകെ പറഞ്ഞു.

‘ആരാണു ഗ്രാമസഭ വിളിക്കേണ്ടത്?’ മാഷ്.

6th Malayalam_Unit-7.indd 118 3/19/2020 1:28:12 PM

‘മെമ്പർമാർ.’ കുട്ടികൾക്കു സംശയമേയില്ല.

‘ഓരോസ്ഥലത്തെയും ആവശ്യങ്ങൾ ഗ്രാമസഭയിൽ നിന്നറിയാം. പക്ഷേ ആരു പദ്ധതിയുണ്ടാക്കി നടപ്പിലാക്കും?‘ മാഷ് ചോദിച്ചു.

‘പഞ്ചായത്ത്.’ കുട്ടികൾ

‘ ഓരോ വാർഡിലും കൃഷി നന്നാവാൻ ജലസേചനപദ്ധതി വേണം. വൈദ്യുതി ഇല്ലാത്തിടത്തു വൈദ്യുതി വേണം. പുതിയ റോഡു വേണം. റോഡ് ടാർ ചെയ്യണം. കുടിവെള്ളം വേണം. വീടില്ലാത്തവർക്കു വീട് വേണം. ഇങ്ങനെ ഒട്ടേറെ ആവശ്യങ്ങൽ ഗ്രാമസഭയിലുണ്ടാവും. അപ്പോഴെന്തു ചെയ്യും?‘ മാഷ് ചോദിച്ചു.

‘മുൻഗണന നിശ്ചയിക്കണം’. അബു.

‘ആരു നിശ്ചയിക്കും’ മാഷ്

‘പഞ്ചായത്ത്.’ അബു.

‘മാഷ്, ഇതിനെല്ലാം ഏറെ പണം വേണ്ടേ?’ ഗീത ചോദിച്ചു.

‘പഞ്ചായത്തിനു കരം കിട്ടില്ലേ?’ അബു

‘പഞ്ചായത്തിന്റെ കരം ഇതിനെല്ലാം തികയില്ല. പല പഞ്ചായത്തുകൾക്കും പഞ്ചായത്തിന്റെ നടത്തിപ്പിനുള്ള പണം പോലുമില്ല. അപ്പോഴെന്തു ചെയ്യും?’ മാഷ് ചോദിച്ചു.

‘സർക്കാരു കൊടുക്കണം‘ അബു.

‘അങ്ങനെ കൊടുക്കുവാൻ നിയമമുണ്ടോ മാഷ്?’ ലിബിൻ ചോദിച്ചു

‘സർക്കാരിനു വരുമാനം നികുതിയിൽ നിന്നാണല്ലോ. പിന്നെ കേന്ദ്ര സർക്കാർ നൽകുന്ന പദ്ധതി സഹായവും. ചിലയിനം നികുതികൾ പഞ്ചായ ത്തുകൾക്കു വീതിച്ചുകൊടുക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ സർക്കാർ 9-ാം പഞ്ചവത്സരപദ്ധതി പഞ്ചായത്തുകളെക്കൂടി കൂട്ടി നടപ്പാക്കുവാൻ തീരുമാനിച്ചു. കേന്ദ്ര സർക്കാർ നൽകുന്ന പദ്ധതി സഹായത്തിന്റെ നാൽപ്പതു ശതമാനം തുക പഞ്ചായത്തുകൾക്കു വീതിച്ചു നൽകും. പഞ്ചായത്തുകൾ ഗ്രാമസഭകൾ വിളിച്ചു ചേർക്കും. ആവശ്യങ്ങളറിയും. ഇത്തരത്തിൽ നമ്മുടെ പഞ്ചായത്തിലെ ഓരോ ഗ്രാമസഭയിലും ഉണ്ടായ ആവശ്യങ്ങൾ നിങ്ങളുടെ കൈയ്യിലുള്ള വികസന റിപ്പോർട്ടിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് ഈ ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിക്കും. പദ്ധതി തയ്യാറാക്കി കിട്ടുന്ന പണമുപയോഗിച്ച് നടപ്പാക്കും. ഇങ്ങനെ ആളുകളുടെ സഹായത്തോടെ സർക്കാർ നൽകുന്ന പദ്ധതി സഹായത്തിനനുസരിച്ച് പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനാണ് ജനകീയാസൂത്രണമെന്നു പറയുന്നത്’. മാഷ് പറഞ്ഞു നിർത്തി.

6th Malayalam_Unit-7.indd 119 3/19/2020 1:28:12 PM

‘ഒരു പഞ്ചായത്തിനു പദ്ധതിയുണ്ടാക്കുവാൻ എത്ര രൂപ കിട്ടും മാഷ്?’ അപ്പു അന്വേഷിച്ചു.

‘കുറഞ്ഞത് ഇരുപത്തിയഞ്ചുലക്ഷം രൂപ.രണ്ടു കോടിയിലധികം കിട്ടുന്ന പഞ്ചായത്തുകളുമുണ്ട്’. മാഷ് പറഞ്ഞു.

‘ഇത്രേം രൂപയ്ക്ക് മെമ്പർമാരാണോ മാഷ് പദ്ധതിയുണ്ടാക്കുക?’ ഗോപു ചോദിച്ചു.

‘പദ്ധതിയുണ്ടാക്കുവാൻ പഞ്ചായത്ത് ആളുകളുടെ സഹായം തേടും. അവർ സന്നദ്ധപ്രവർത്തനമായി പദ്ധതി തയ്യാറാക്കുവാൻ കൂടും. പഞ്ചായത്തിനു കീഴിലുള്ള ഉദ്യോഗസ്ഥരും കൂടും. ഇവരെയെല്ലാം കൂട്ടി, കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി ഓരോ വിഷയത്തിനും ആറേഴു പേരുള്ള കമ്മിറ്റിയുണ്ടാകും. ഇതിലോരോന്നിലും ഓരോ മെമ്പർമാരും കാണും. ഇതിനു കർമ്മസമിതി എന്നു പറയും. ഇവരാണു പദ്ധതി തയ്യാറാക്കുക. തയ്യാറാക്കുന്ന പദ്ധതികൾ ഗ്രാമസഭ ചർച്ചചെയ്യും.ഗ്രാമസഭയിൽനിന്നുള്ളവരും ഉദ്യോഗസ്ഥരും മെമ്പർമാരും സന്നദ്ധപ്രവർത്തകരും എല്ലാം ചേർന്നുള്ള വികസനസെമിനാർ സംഘടിപ്പിക്കും. അവിടെ പദ്ധതി വീണ്ടും ചർച്ചചെയ്ത് അവസാന രൂപം നൽകും. ഇത് പഞ്ചായത്ത് അംഗീകരിക്കും.’

‘എന്താണു മാഷ് സന്നദ്ധപ്രവർത്തനം?’ മിനി ചോദിച്ചു.

‘നാട്ടിലെ പൊതുവായ ആവശ്യത്തിനു പ്രതിഫലമൊന്നും വാങ്ങാതെ പ്രവർത്തിക്കുകയോ അദ്ധ്വാനിക്കുകയോ ചെയ്യുന്നതാണ് സന്നദ്ധപ്രവർത്തനം’ മാഷ് വിശദീകരിച്ചു.

‘അങ്ങനെ ചെയ്യുവാൻ ആളുണ്ടാവുമോ മാഷ്?‘ അബുവിന് സംശയം.

‘നമ്മുടെ പഞ്ചായത്തിൽ കോളേജിലൊക്കെ പഠിച്ച് ജോലി കിട്ടാത്ത ഒട്ടേറെ പേരില്ലേ? പഞ്ചാത്ത് പ്രസിഡണ്ടിനെ പോലെ റിട്ടയർ ചെയ്തവരും ഉണ്ട്. പഞ്ചായത്തിന്റെ വികസനത്തിന്റെ ആവശ്യകത പറഞ്ഞു മനസ്സിലാക്കിയാൽ ഇവർ കൂടും. ഓരോ പഞ്ചായത്തിലും ഒട്ടേറെ പേർ ഇങ്ങനെ കൂടുന്നുണ്ട്.‘

‘അതായിരിക്കും ഞങ്ങളുടടുത്തുള്ള വിനോദേട്ടൻ ഇടയ്ക്കിടെ പഞ്ചായത്തിൽ പോകുന്നത് അല്ലേ മാഷ്?’ ശ്രീജിത്ത് ചോദിച്ചു.

‘അത്തരത്തിൽ ഒട്ടേറെ പേരുണ്ട്’ മാഷ് പറഞ്ഞു.

‘സർക്കാർ കൊടുക്കുന്ന പണത്തിനു മാത്രമാണോ പദ്ധതിയുണ്ടാക്കുന്നത്?’ ലിബിൻ ചോദിച്ചു

6th Malayalam_Unit-7.indd 120 3/19/2020 1:28:12 PM



‘അല്ല : ആളുകളിൽ നിന്നും പണം സംഭാവനയായി വാങ്ങും. സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കും. ബാങ്കുകളിൽ നിന്നും പദ്ധതികൾക്ക് കടം കിട്ടുമോ എന്നു നോക്കും’. മാഷ് പറഞ്ഞു

‘മാഷ് ആളുകളെ കൂട്ടി വീടിന്റെ പദ്ധതിയുണ്ടാക്കിയതിനാലാണോ വീടിന് ഓരോരുത്തർക്കും കിട്ടിയ മാർക്ക് ഗ്രാമസഭയിൽ വായിച്ചത്?’ ഗോപു ചോദിച്ചു.

‘അതെ, അതു മാത്രമല്ല ഓരോ പദ്ധതിക്കും ചെലവായ തുകയും അച്ചടിച്ചു നൽകിയില്ലേ? ആളുകൾ സഹകരിക്കണമെങ്കിൽ വരവും ചെലവും എല്ലാ കണക്കുകളും അവരോടു പറയണം. പദ്ധതി സംബന്ധിച്ച എല്ലാ രേഖകളും ആളുകൾക്ക് നോക്കുവാനും അറിയുവാനും കഴിയണം. അതിനുള്ള നിയമങ്ങളും സർക്കാർ ഉണ്ടാക്കിയിട്ടുണ്ട്’. മാഷ് പറഞ്ഞു.

‘മാഷ് സർക്കാരിന്റെ കണക്കുകളും അച്ചടിച്ചു നൽകുമോ?’ അബു ചോദിച്ചു.

ഒരു പുഞ്ചിരിയോടെ മാഷ് പറഞ്ഞു: ‘സമയം അഞ്ചാവുന്നു.നമ്മുടെ യോഗം അവസാനിപ്പിക്കാം’.

6th Malayalam_Unit-7.indd 121 3/19/2020 1:28:13 PM

അഭ്യാസം

I. പദപരിചയം

ജനകീയാസൂത്രണം, സംവരണം, ഗ്രാമസഭ, പദ്ധതിനിർദ്ദേശങ്ങൾ,

വികസനസെമിനാർ, വിജ്ഞാനം, ആസൂത്രണം, വികസനറിപ്പോർട്ട്,

സാമ്പത്തിക വിദഗ്ദ്ധർ, മുൻഗണന, ജലസേചനം, പഞ്ചവത്സരപദ്ധതി,

കർമ്മസമിതി, അനവധി, ആദായം ഭരണഘടനാസന്നദ്ധപ്രവർത്തനം,

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. സർക്കാർ,ഉള്ള പണം കൊണ്ട് ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് നടപ്പാക്കുന്നതിന്————എന്നു പറയാം

   അ) പദ്ധതി ആ) വികസനം

   ഇ) ആസൂത്രണം ഈ) സംവരണം

2. രാജ്യത്തെ മൊത്തം ഉത്പാദനവും വരവും ചെലവുമൊക്കെ പഠിക്കുകയും കൈകാര്യം ചെയ്യുന്നവരെയും————എന്നു പറയും

   അ) സാമ്പത്തിക വിദഗ്ധർ ആ) സാമൂഹീക പ്രവർത്തകർ

   ഇ) സന്നദ്ധപ്രവർത്തകർ ഈ) കർമ്മസമിതിക്കാർ

3. പഞ്ചവത്സരപദ്ധതികൾക്ക് തുടക്കമിട്ടത് ആരാണ്?

   അ) മഹാത്മാഗാന്ധി ആ)ജവഹർലാൽ നെഹ്റു

   ഇ)സുഭാഷ് ചന്ദ്രബോസ് ഈ) ഡോ.എസ് രാധാകൃഷ്ണൻ

4. ആദ്യത്തെ പഞ്ചവത്സരപദ്ധതി ആരംഭിച്ച വർഷം?

   അ) 1950 ആ) 1951

   ഇ) 1952 ഈ) 1953

III. ഇത്തരമെഴുതുക

1 ആസൂത്രണം എന്നാലെന്ത്?

2 ആരാണ് സാമ്പത്തിക വിദഗ്ധർ?

3 ആസൂത്രണബോർഡ് എന്നാലെന്ത്?

4 എന്താണ് പഞ്ചവത്സരപദ്ധതി?

5 ജനകീയാസൂത്രണം എന്നാലെന്ത്?

6 എന്തിനെയാണ് കർമ്മസമിതി എന്ന് പറയുന്നത്?

6th Malayalam_Unit-7.indd 122 3/19/2020 1:28:13 PM

അധികവായനയ്ക്ക്

ദ്രോണാചാര്യൻ (പഴംകഥ)



ഡോ. ഇ.കെ.ഗോവിന്ദ വർമ്മ രാജ: [ജനനം 1956] കോഴിക്കോട് സർവകലാശാല ഫോക്‌ലോർ പഠന വിഭാഗത്തിൽ വകുപ്പധ്യക്ഷനായിരുന്നു. കളി പഴങ്കഥകളിൽ, ജൂലിയർ സീസർ വിവർത്തനം, ലോർ ആന്റ് ലൈഫ് ഓഫ് കേരള ഫോക്, ഫോക്‌ലോർ പഠനം സിദ്ധാന്തതലം (എഡിറ്റർ) എന്നിവയാണ് പ്രധാന കൃതികൾ.

കളിയും ജീവിതവും തമ്മിലുള്ള ബന്ധത്തെ പഴങ്കഥകളുടെ വെളിച്ചത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന "കളി പഴങ്കഥകളിൽ" എന്ന പുസ്തകത്തിൽനിന്നെടുത്തതാണ് പാഠഭാഗം

ഭരദ്വാജ മഹർഷിക്ക് ഘൃതാചി എന്ന അപ്സരസ്സിൽ ഉണ്ടായ പുത്രനാണ് ദ്രോണർ. ഗംഗാതീരത്തുള്ള മഹർഷിയുടെ ആശ്രമത്തിൽ തന്നെയാണ് ദ്രോണർ വളർന്നത്. അന്ന് ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു. ഗുരുവിന്റെ വീട്ടിൽ അവിടത്തെ ഒരു അംഗത്തെപോലെ ഗുരുവിനെ ശുശ്രൂഷിച്ച് വിദ്യ വശത്താക്കുന്ന സമ്പ്രദായമായിരുന്നു ഗുരുകുല വിദ്യാഭ്യാസം.

ഭരദ്വാജ മഹർഷിയും അഗ്നിവേശ മുനിയുമാണ് ദ്രോണരെ ആയുധ വിദ്യ പഠിപ്പിച്ചത്. ദ്രോണരുടെ കൂടെ പാഞ്ചാല രാജകുമാരനായ ദ്രുപദനും ഉണ്ടായിരുന്നു. രണ്ടുപേരും ഏറ്റവും അടുത്ത കളിക്കൂട്ടുകാർ.

വിദ്യാഭ്യാസം കഴിഞ്ഞ് കൊട്ടാരത്തിൽ തിരിച്ചെത്തിയാൽ ഉടനെ ദ്രുപദനെ ഉത്തരപാഞ്ചാലത്തിന്റെ അധിപനാക്കുമെന്ന് അദ്ദേഹത്തിന്റെ അച്ഛൻ പറഞ്ഞിരുന്നു. പലതും പറയുന്ന കൂട്ടത്തിൽ ഇക്കാര്യവും ദ്രുപദൻ ദ്രോണരോടു പറഞ്ഞു. കൂട്ടത്തിൽ കേമത്തരം കാണിക്കാൻ ഇത്രകൂടി പറയുകയുണ്ടായി. 'ദ്രോണാ, ഞാൻ രാജാവാകുന്ന പക്ഷം ഖജനാവ് താങ്കൾക്ക് യഥേഷ്ടം ഉപയോഗിക്കാം. ഒട്ടും മടിക്കേണ്ട ആവശ്യമില്ല.'

ഇരുവരും വഴിപിരിഞ്ഞു. കാലത്തിന്റെ പ്രവാഹത്തിൽ മാറ്റം പലതുമുണ്ടായി. ദ്രോണർ കൃപാചാര്യരുടെ സഹോദരി കൃപിയെ കല്യാണം കഴിച്ചു. അവർക്ക് ഒരു ആൺകുട്ടി ഉണ്ടായി.

6th Malayalam_Unit-7.indd 123 3/19/2020 1:28:13 PM

കുട്ടി ജനിച്ച ഉടൻ സ്വർഗ്ഗത്തിലെ ഉച്ചൈശ്രവസ്സ് എന്ന കുതിരയെപ്പോലെ കരഞ്ഞതിനാൽ അവന് അവർ അശ്വത്ഥാമാവെന്ന് നാമകരണം ചെയ്തു.

ദ്രോണർ മഹാദരിദ്രനായിരുന്നു. വിദ്യ മാത്രമായിരുന്നു ദ്രോണരുടെ സമ്പാദ്യം. കുട്ടിക്ക് ഒരു നേരമെങ്കിലും പാലു കൊടുക്കുവാൻ ദ്രോണർക്കു സാധിച്ചിരുന്നില്ല. ബ്രാഹ്മണരുടെ ഇല്ലങ്ങളിലെല്ലാം ചെന്ന് ഒരു പശുവിനെ തരുമോ എന്ന് ചോദിച്ചു. പക്ഷേ ആരും കൊടുത്തില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം അശ്വത്ഥാമാവിന്റെ കൂട്ടുകാർ പാലിന് പകരം അരിമാവ് കലക്കി പാലാണെന്ന് പറഞ്ഞുകൊടുത്തു. പാലിന്റെ സ്വാദ് ഒരിക്കൽപോലും രുചിച്ചുനോക്കാൻ കഴിയാതിരുന്ന അശ്വത്ഥാമാവിന് അമളി മനസ്സിലായിരുന്നില്ല. പലാണ് കുടിച്ചത് എന്ന് വിചാരിച്ച് ഉത്സാഹത്തോടെ കളിക്കുമ്പോൾ കൂട്ടുകാർ കള്ളി വെളിച്ചത്താക്കുകയും കൂട്ടം ചേർന്ന് അശ്വത്ഥാമാവിനെ കളിയാക്കുകയും ചെയ്തു. നിത്യദാരിദ്ര്യത്തിൽ ഉഴലുന്ന ദ്രോണർക്ക് ഈ സംഭവം താങ്ങാൻ കഴിയാത്തതായിരുന്നു.

ഈ വിഷമാവസ്ഥയിലാണ് ദ്രോണർ പാഞ്ചാല രാജാവായ തന്റെ പഴയ സഹപാഠിയെ കുറിച്ചോർത്തത്. ഭാര്യയെയും കുട്ടിയെയും കൂട്ടി ദ്രോണർ പാഞ്ചാല രാജ്യത്തെത്തി. പാഞ്ചാലരാജധാനിയിൽ ചെന്ന് ദ്രുപദനെ കണ്ടു. സഹപാഠികളായിരുന്ന കാലത്തെ പല സംഭവങ്ങളും അക്കമിട്ട് അണിനിരത്തി. അന്ന് ചെയ്ത വാഗ്ദാനങ്ങളെ കുറിച്ചെല്ലാം പറഞ്ഞുനോക്കിയെങ്കിലും ദ്രുപദൻ അതൊന്നും കേട്ടഭാവം നടിച്ചില്ല. എങ്കിലും വല്ല ദാക്ഷിണ്യവും ഉണ്ടാകുമോ എന്ന് വിചാരിച്ച് വീണ്ടും ആവർത്തിച്ച് പറഞ്ഞുനോക്കി.

അപ്പോൾ ദ്രുപദൻ പറഞ്ഞു നിങ്ങൾ എങ്ങനെയാണ് എന്നെ സൂഹൃത്ത് എന്ന് അഭിസംബോധന ചെയ്യുന്നത്? അലഞ്ഞു തിരിയുന്ന തെണ്ടിയും രാജ്യം ഭരിക്കുന്ന രാജാവും ഏതു നിലയിലാണ് സുഹൃത്താവുക?. തുല്യന്മാർ തമ്മിലേ സൗഹൃദമുണ്ടാകൂ. അന്ന് പഠിക്കുന്ന കാലത്ത് കാര്യമുണ്ടായിരുന്നു. അല്ലെങ്കിൽ അതൊരു ബന്ധമാണോ? ഇന്നിപ്പോൾ അത്തരം ബന്ധത്തിനുള്ള സാഹചര്യം ഒന്നുമില്ല. വകതിരിവില്ലാത്ത കാലത്ത് എന്തെല്ലാം പറഞ്ഞിട്ടുണ്ടാകും. അതൊക്കെ ഇപ്പോൾ ഗൗരവമായി എടുക്കാൻ പറ്റുമോ? അല്ലെങ്കിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിൽ എന്തു ബന്ധം? പണ്ഡിതനും പാമരനും തമ്മിൽ എന്തു ബന്ധം? എന്നൊക്കെ പറഞ്ഞ് ദ്രോണരെ പറഞ്ഞയച്ചു. ഇതിനു പകരം വീട്ടാതെ അടങ്ങുകയില്ല എന്ന ദൃഢനിശ്ചയത്തോടുകൂടി ദ്രുപദ രാജാവിന്റെ കൊട്ടാരത്തിൽ നിന്നും ദ്രോണർ പടിയിറങ്ങി.

ഒരു നേരത്തെ ഊണിനു പോലും വകയില്ലാത്ത ദ്രോണർ എങ്ങനെ പകരം വീട്ടും. തന്റെ മകനെയും കൂട്ടി ദ്രോണർ അലച്ചിൽ തുടർന്നു. അങ്ങനെ ഹസ്തിനപുരിയിലും എത്തി.

6th Malayalam_Unit-7.indd 124 3/19/2020 1:28:13 PM



കൊട്ടാരവളപ്പിന് പുറത്തുള്ള മൈതാനിയിൽ കുട്ടികളായ കൗരവന്മാരും പാണ്ഡവന്മാരും കാര തട്ടി കളിക്കുകയായിരുന്നു. അബദ്ധവശാൽ കാര മൈതാനത്തിനടുത്തുള്ള ഒരു കിണറ്റിൽ വീണുപോയി. ധർമ്മപുത്രരടക്കമുള്ള എല്ലാ കുട്ടികളും കാര എങ്ങനെ കിണറ്റിൽ നിന്നും പുറത്തെടുക്കാം എന്നു ചിന്തിച്ച് കിണറ്റിന് ചുറ്റും കൂടി നിൽക്കുകയായിരുന്നു. ആർക്കും ഒരു സൂത്രവും തോന്നിയില്ല. അവരങ്ങനെ വിഷണ്ണരായി നിൽക്കുമ്പോൾ കറുത്ത് കരിവാളിച്ച് നരച്ച് മെലിഞ്ഞ ഒരു വൃദ്ധനും കുട്ടിയും ഒട്ടിയ വയറുമായി പതുക്കെ നടന്നു വരുന്നത് കുട്ടികൾ കണ്ടു.

'എന്താ കുട്ടികളെ ഇങ്ങനെ കൂട്ടം കൂടി നിൽക്കുന്നത്' ദ്രോണർ ചോദിച്ചു. അപ്പോൾ ധർമ്മപുത്രർ പറഞ്ഞു.

'ഞങ്ങൾ കളിക്കുമ്പോൾ കാര കിണറ്റിൽ വീണുപോയി. എത്ര ശ്രമിച്ചിട്ടും അതെടുക്കാൻ കഴിയുന്നില്ല'

'ഓ അതാണോ കാര്യം. അതു ഞാനെടുത്തു തരാം. പക്ഷേ ഒരു കാര്യം. എനിക്കും മകനും ഒരു നേരത്തെ ഊണു തരാമെങ്കിൽ മാത്രം'

ഊണല്ല എന്തു വേണമെങ്കിലും തരാമെന്നായി കുട്ടികൾ.

6th Malayalam_Unit-7.indd 125 3/19/2020 1:28:13 PM

ദ്രോണർ കിണറ്റിൻ കരയിലുള്ള ഒരു പുല്ലെടുത്ത് കാരയെ ലക്ഷ്യമാക്കി എയ്തു. മറ്റൊന്നെടുത്ത് എയ്ത് ആദ്യത്തെ പുല്ലിനെ പിടിപ്പിച്ചു. അങ്ങനെ കരയിലെത്തുന്നത് വരെ ഒന്നിന് പിറകെ ഒന്നായി പുല്ലുകൾ എയ്തു പിടിപ്പിച്ചു. ചങ്ങലപോലെ ആയിത്തീർന്ന പുല്ല് വലിച്ചെടുത്ത് കാര കരയ്ക്കെത്തിച്ചു. കുട്ടികൾ സന്തോഷത്തോടെ തുള്ളിച്ചാടി.

ദ്രോണരുടെ വിദ്യയിൽ അത്ഭുതം തോന്നിയ കുട്ടികൾ ധർമ്മപുത്രരുടെ നേതൃത്വത്തിൽ ദ്രോണരെ ഭീഷ്മസന്നിധിയിലേക്ക് ആനയിച്ചു. ദ്രോണർ കാണിച്ച അത്ഭുത വിദ്യകൾ കുട്ടികൾ ഭീഷ്മരോട് വിസ്തരിച്ചു പറഞ്ഞു. സന്തുഷ്ടനായ ഭീഷ്മർ ദ്രോണരെ ആസ്ഥാന ആചാര്യനായി നിയമിച്ചു. കളിച്ചു നടന്നിരുന്ന കൗരവരും പാണ്ഡവരും ദ്രോണരുടെ കളരിയിൽ അസ്ത്രാഭ്യാസം തുടങ്ങി. ദ്രോണാചാര്യരുടെ ശിക്ഷണത്തെക്കുറിച്ച് നാടെങ്ങും നല്ലത് പറയാൻ തുടങ്ങി.



ആയുധാഭ്യാസം തുടങ്ങുന്ന അവസരത്തിൽ തന്നെ ദ്രോണർ കുട്ടികളെ വിളിച്ച് ഇങ്ങനെ പറഞ്ഞു. വിദ്യ പഠിച്ചു കഴിഞ്ഞാൽ നിങ്ങൾ എനിക്ക് ഒരു കാര്യം ചെയ്തു തരണം. എല്ലാവരും എന്തെന്നറിയാതെ പകച്ചുനിൽക്കുമ്പോൾ അർജുനൻ തയ്യാറാണെന്ന് വിളിച്ചു പറഞ്ഞു. ദ്രോണർക്ക് അർജുനനോട് വാത്സല്യമേറി. അർജ്ജുനനെ ദ്രോണർ പ്രഥമ ശിഷ്യനായംഗീകരിച്ചു. ദ്രോണർ വിളമ്പുകാരോട് അർജുനന് ഇരുട്ടത്ത് ഭക്ഷണം കൊടുക്കരുതെന്ന് പറഞ്ഞു. ഇരുട്ടത്തും അസ്ത്രം ലക്ഷ്യസ്ഥാനത്തെത്തിക്കാം എന്ന തത്വം കണ്ടുപിടിക്കും എന്ന് മനസ്സിലാക്കിയത് കൊണ്ടാണ് ദ്രോണർ അങ്ങനെ പറഞ്ഞത്.

6th Malayalam_Unit-7.indd 126 3/19/2020 1:28:13 PM



ഒരു ദിവസം രാത്രി ഊണു കഴിക്കുമ്പോൾ കാറ്റത്ത് വിളക്കു കെട്ട് പോയി. മറ്റുള്ളവർ ഉണ്ണാതെ ഇരുന്നപ്പോൾ അർജ്ജുനൻ മാത്രം ഊണു കഴിച്ചു. നിത്യാഭ്യാസം കൊണ്ട് എന്തും ഇരുട്ടത്ത് ലക്ഷ്യസ്ഥാനത്ത് എത്തിക്കാമെന്ന് മനസ്സിലാക്കിയ അർജുനൻ ഇരുട്ടത്ത് അസ്ത്രാഭ്യാസം പരിശീലിക്കാൻ തുടങ്ങി.

വിവരം മനസ്സിലാക്കിയ ദ്രോണർ അർജ്ജുനനെ വില്ലാളിയെന്ന് വിളിച്ച് പ്രശംസിച്ചു. മറ്റാർക്കും പറഞ്ഞുകൊടുക്കാത്ത പല വിദ്യകളും ദ്രോണർ അർജുനന് പറഞ്ഞുകൊടുത്തു.

കളരി അഭ്യാസം പൂർത്തിയായി. കുട്ടികളെയെല്ലാം വിളിച്ച് ദ്രോണർ പറഞ്ഞു. ഗുരുദക്ഷിണയായി നിങ്ങൾ പാഞ്ചാല രാജാവായ ദ്രുപദനെ പിടിച്ചുകെട്ടി എന്റെ കാൽക്കൽ വെക്കുകയാണ് വേണ്ടത്.

കേട്ടപാതി കേൾക്കാത്ത പാതി ദുര്യോധനനും സംഘവും പാഞ്ചാലപുരി യിലേക്കോടി. ഘോരമായ യുദ്ധം നടന്നു. കൗരവർ തോറ്റു തൊപ്പിയിട്ടു.

അതിനുശേഷം പാണ്ഡവസേന പാഞ്ചാല ദേശത്തേക്കു പോയി. ഘോരയുദ്ധത്തിൽ അർജുനൻ ദ്രുപദനെ പിടിച്ചുകെട്ടി ദ്രോണരുടെ കാൽക്കൽ വെച്ചു.

ദ്രോണർ ദ്രുപദനോട് പറഞ്ഞു: ഇപ്പോൾ നിങ്ങൾ എന്റെ അടിമയാണ്. ഉടമയും അടിമയും എന്തു ബന്ധം? പഴയബന്ധം ഒരു ബന്ധമാണോ?

6th Malayalam_Unit-7.indd 127 3/19/2020 1:28:14 PM

ദ്രുപദൻ പണ്ട് ചോദിച്ച ചോദ്യങ്ങളെല്ലാം ദ്രോണർ തിരിച്ചു ചോദിച്ചു.

ദ്രുപദൻ താണ് കേണു പറഞ്ഞു: 'എന്നെ വിട്ടയയ്ക്കണം. ഇനി മേലിൽ സഖ്യത്തിൽ വർത്തിച്ചോളാം'. ദയ തോന്നിയ ദ്രോണർ ദ്രുപദനെ കൊല്ലാതെ വെറുതെ വിട്ടു. പക്ഷേ പാഞ്ചാല രാജ്യം രണ്ടായി വിഭജിച്ച് ഉത്തര പാഞ്ചാലം ദ്രുപദന് കൊടുക്കുകയും ദക്ഷിണ പാഞ്ചാലം ദ്രോണരെടുക്കുകയും ചെയ്തു. കളിയിൽ നിന്ന് കളരിയും കളരിയിൽ നിന്ന് രാജ്യവും വിദ്യമാത്രം വശമാക്കിയിട്ടുള്ള ദരിദ്രനായ ദ്രോണർ വശത്താക്കി.

വ്യാകരണം

ക്രിയ

ക്രിയ എന്നാലെന്ത്?

ഒരു പ്രവർത്തിയൊ സംഭവത്തെയോ സ്ഥിതിയെയോ കുറിക്കുന്ന പദത്തിനെ ക്രിയ എന്നു പറയുന്നു.

ഉദാ: ഓടുക, ചാടുക, ചിരിക്കുക, കരയുക, നടക്കുക പറയുക, പഠിക്കുക, എഴുതുക.

6th Malayalam_Unit-7.indd 128 3/19/2020 1:28:14 PM

ഭാഗം

8

സത്യം, ധർമ്മം, ചിന്ത



പഠനലക്ഷ്യങ്ങൾ

- പിഞ്ചുമനസ്സിന്റെ ചിന്താസൗന്ദര്യം ആസ്വദിക്കൽ
- ബാല്യകാലജീവിതാനുഭവങ്ങൾ രൂപപ്പെടുത്തുന്ന സത്യധർമ്മ ചിന്താവഴികൾ തിരിച്ചറിയൽ
- കഥ നൽകുന്ന ചിന്താസാരം മനസ്സിലാക്കൽ

പാഠഭാഗങ്ങൾ

കവിത	:	കളിക്കൊട്ട - ബാലാമണിയമ്മ
ഗദ്യം	:	എട്ടാം വയസ്സിൽ ജോലി ചെയ്യുന്ന ബാലൻ - എ.പി.ജെ അബ്ദുൽ കലാം
അധികവായനയ്ക്ക്	:	വിചിത്രമത്സ്യം - ഇ.എം.അഷ്റഫ്
വ്യാകരണം	:	കാലം

6th Malayalam_Unit-8.indd 129 3/19/2020 1:29:28 PM

കവിത

കളിക്കൊട്ട

-ബാലാമണിയമ്മ

കവിയെ പരിചയപ്പെടാം



ബാലാമണിയമ്മ [1909 - 2004] : തൃശൂർ ജില്ലയിലെ നാലപ്പാട്ട് തറവാട്ടിൽ ജനിച്ചു. മാതൃത്വത്തിന്റെ വിശിഷ്ടഭാവങ്ങൾ കവിതയിൽ ആവിഷ്കരിച്ചു. മുത്തശ്ശി, സോപാനം, സ്ത്രീഹൃദയം, കൂപ്പുകൈ, മഴുവിന്റെ കഥ തുടങ്ങിയവയെല്ലാം ബാലാമണിയമ്മയുടെ പ്രധാനകൃതികളാണ്.

അമ്മയ്ക്കു മാത്രം അടുത്തറിയാൻ കഴിയുന്ന പിഞ്ചു മനസ്സിന്റെ വിചാരങ്ങൾ മനോഹരമായി ചിത്രീകരിക്കുന്ന കവിതയാണ് 'കളിക്കൊട്ട'.

അന്നുഷസ്സിലതിഥിയായ്ത്തൻവീട്ടിൽ
വന്നൊരക്കൊച്ചുതോഴിക്കു കാണിക്കാൻ,
ഉണ്ണി മച്ചിലേക്കോടി ശ്രമാൽ കൊണ്ടു
വന്നു വാരുറ്റ തൻ കളിക്കൊട്ടയെ
സാവധാനമെടുത്താനതിൽ നിന്നു
സാഭിമാനം നിലത്തു നിരത്തിനാൻ-
പാവകൾ, ചെറുപന്തുകൾ, ചമ്പക-
പ്പൂവിതളുകൾ, നൽപ്പട്ടുനാടകൾ,

6th Malayalam_Unit-8.indd 130 3/19/2020 1:29:28 PM

കൂർത്ത കുന്തത്തലപ്പുകൾ, കോമാളി-
ക്കൂത്തടിക്കുന്ന വേതാളവേഷങ്ങൾ
വണ്ടിയേതോ തകർന്നതിൻ തുണ്ടുകൾ,
രണ്ടുമൂന്നുകാശ,പ്പപ്പൊതികളും!
ആ മിടുക്കന്റെ ലീലാവിരുതെഴു-
മോമനക്കൈവിരൽകളിലൂടവേ,
ആ വിരൂപജഡപദാർഥങ്ങളി-
ലാശുപാഞ്ഞെത്തി ജീവിതസൗന്ദര്യം
തഞ്ചിനിൽപ്പതായ്ക്കാണായവയിലും
പുഞ്ചിരിയും കരച്ചിലും കൊഞ്ചലും!



6th Malayalam_Unit-8.indd 131 3/19/2020 1:29:29 PM

അഭ്യാസം

I. പദപരിചയം

ഉഷസ്സ്, അതിഥി, വാരുറ്റ, സാഭിമാനം,

ലീല, ജഡപദാർത്ഥം, സൗന്ദര്യം, തഞ്ചിനിൽക്കുക

II. അർത്ഥം മനസ്സിലാക്കം

ഉഷസ്സ് - പ്രഭാതം

അതിഥി - വിരുന്നുകാരൻ

വാരുറ്റ - ഭംഗിയുള്ള

തോഴി - കൂട്ടുകാരി

ജഡപദാർത്ഥം - ജീവനില്ലാത്ത വസ്തു

ലീല - കളി

തഞ്ചിനിൽക്കുക - തങ്ങിനിൽക്കുക

III. പിരിച്ചെഴുതുക

അന്നുഷസ്സ് - ..... + ...

അപ്പപ്പൊതി - ..... + ...

ഓമനക്കൈ - ..... + ...

ചെമ്പകപ്പൂവ് - ..... + ...

IV. ചേർത്തെഴുതുക

വണ്ടി + ഏതോ - ..... + ...

പാഞ്ഞ് + എത്തി - ..... + ...

തകർന്ന് + അതിൽ - ..... + ...

V. ഉത്തരമെഴുതുക

1. ആരാണ് വീട്ടിൽ അതിഥിയായി എത്തിയത്?
2. തന്റെ കളിപ്പാട്ടങ്ങൾ വിരുന്നുവന്ന ആളെ കാണിക്കാൻ ഉണ്ണിക്കും തിടുക്കമുണ്ടെന്ന് കാണിക്കുന്ന വരികളേവ?
3. ഉണ്ണിയുടെ കളിക്കൊട്ടയിലുള്ള കളിപ്പാട്ടങ്ങളേതെല്ലാം?
4. കളിക്കൊട്ടയിലെ വസ്തുക്കൾക്ക് എപ്പോഴാണ് ജീവിതസൗന്ദര്യം ഉണ്ടായത്?

6th Malayalam_Unit-8.indd 132 3/19/2020 1:29:29 PM

ഗദ്യം

എട്ടാം വയസ്സിൽ ജോലി ചെയ്യുന്ന ബാലൻ

ഡോ: എ.പി.ജെ. അബ്ദുൾ കലാം



ഡോ എ.പി.ജെ അബ്ദുൾ കലാം [1931-2015]: തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു.മിസൈൽ ടെക്നോളജി വിദഗ്ധൻ, തമിഴ് ഭാഷാപണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തൻ. ഡിഫൻസ് റിസർച്ച് ആൻഡ് ഡവലെപ്മെന്റ് ഓർഗനൈസേഷന്റെ മേധാവി, ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ് റിസർച്ച് ആൻഡ് ഡവലെപ്മെന്റിന്റെ സെക്രട്ടറി, SLV -3 ന്റെ പ്രൊജക്ട് ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 2002-2007 കാലയളവിൽ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്നു. ആര്യഭട്ട അവാർഡ്, പദ്മഭൂഷൺ,ഭാരതരത്നം തുടങ്ങിയ ബഹുമതികൾ ലഭിച്ചു. 'My Journey' എന്ന പേരിൽ കലാം എഴുതിയ ഓർമകൾ മലയാളത്തിലേക്ക് എന്റെ ജീവിതയാത്ര എന്ന പേരിൽ പരിഭാഷപ്പെടുത്തിയത് റോബി അഗസ്റ്റിൻ മുണ്ടക്കലാണ്. മാർ ഇവാനിയോസ് കോളേജിൽ ജേർണലിസം വിഭാഗം മേധാവിയാണ് വിവർത്തകൻ.

'എന്റെ ജീവിതയാത്ര' എന്ന പുസ്തകത്തിലെ 'എട്ടാം വയസ്സിൽ ജോലിചെയ്യുന്ന ബാലൻ' എന്ന ഭാഗത്ത് കൊച്ചുകുട്ടിയായ കലാം ചെയ്തിരുന്ന പത്രവിതരണം എന്ന ജോലിയെക്കുറിച്ചാണ് വിവരിക്കുന്നത്. ഒപ്പം തന്റെ ദിനചര്യയെപ്പറ്റിയും കുടുംബത്തെക്കുറിച്ചുമെല്ലാം വളരെ സരളമായി പറയുകയും ചെയ്യുന്നു.

എല്ലാ പ്രഭാതത്തിലും ഇംഗ്ലീഷിലും തമിഴിലുമുള്ള പത്രങ്ങളുടെ ഒരു വലിയ കെട്ട് എനിക്ക് ലഭിച്ചിരുന്നു. വിദേശയാത്രകളിൽ പോലും ഇന്ത്യയിൽ നിന്നുള്ള വാർത്തകളറിയാൻ ഞാൻ ഇഷ്ടപ്പെടുന്നു. വിവിധ മാസികയിലും പത്രങ്ങളിലുമുള്ള വാർത്തയും ലേഖനവും എഡിറ്റോറിയലുകളും വായിക്കാനായി ഞാൻ ഓൺലൈൻ ഉപയോഗിച്ചു. ഇപ്പോൾ വിരൽത്തുമ്പിൽ സമൃദ്ധമായ അറിവ് ലഭിക്കുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. എൻജനീയറിങ്, ശാസ്ത്രമേഖലകളിൽ അടുത്ത ബന്ധം പുലർത്തുന്ന വ്യക്തിയെന്ന നിലയിൽ സാങ്കേതിക വിദ്യയുടെ പ്രയാണം എന്നെ അത്ഭുതപ്പെടുത്തിയിട്ടില്ല. എന്നാൽ എഴുപത് വർഷങ്ങൾക്കു മുമ്പ് ചെറിയ തെക്കേയിന്ത്യൻ പട്ടണത്തിലെ ജീവിതവും ഇന്നത്തെ ജീവിതവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ അതിലെ വ്യത്യാസങ്ങൾ എന്നെപ്പോലും അത്ഭുതപ്പെടുത്തുന്നു.

6th Malayalam_Unit-8.indd 133 3/19/2020 1:29:29 PM

1932ലാണ് ഞാൻ ജനിച്ചത്. എനിക്ക് എട്ടു വയസ്സുള്ളപ്പോൾ രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു.നാസി ജർമ്മനിയുമായി ബ്രിട്ടൻ യുദ്ധം പ്രഖ്യാപിച്ചു. ഇന്ത്യൻ കോൺഗ്രസ്സിന്റെ എതിർപ്പ് അവഗണിച്ചു കൊണ്ട് ബ്രിട്ടീഷ് കോളനിയായിരുന്ന ഇന്ത്യയും യുദ്ധത്തിൽ പങ്കെടുത്തു. ലോക ത്ത്ഉണ്ടായിരുന്ന പല യുദ്ധമേഖലകളിലും ഒരുപാട് ഇന്ത്യൻ പട്ടാളത്തെ വിന്യസിപ്പിച്ചു. എങ്ങനെയൊക്കെയോ, നിത്യജീവിതത്തെ അധികം ബാധിക്കാതെ യുദ്ധം കടന്നുപോയി. പ്രത്യേകിച്ചും രാജ്യത്തിന്റെ തെക്കേയറ്റത്തുള്ള ഞങ്ങളെ.

ഞാൻ സൂചിപ്പിച്ചിരുന്നത് പോലെ, 1940 കളിൽ രാമേശ്വരം ശാന്തമായ ഒരു പട്ടണമായിരുന്നു. തീർത്ഥാടകരുടെ വരവോടെയാണ് ഊർജ്ജസ്വലമായത്. തദ്ദേശവാസികളിൽ കൂടുതലും വ്യാപാരികളോ കച്ചവടക്കാരോ ആയിരുന്നു. ക്ഷേ ത്രത്താലാണ് അവിടത്തെ പട്ടണം പ്രസിദ്ധിയാർജിച്ചിരുന്നതെങ്കിലും, മുസ്ലീം പള്ളി യും, ക്രിസ്ത്യൻ പള്ളിയും അവിടെയുണ്ടായിരുന്നു. പരിസരവാസികൾ വളരെ സമാധാനപരമായ ജീവിതമാണ് നയിച്ചിരുന്നത്. ഏതൊരു പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുണ്ടാകുന്ന സാധാരണ വാക്കുതർക്കങ്ങൾ ഒഴിച്ചാൽ, പ്രാധാന്യം അർഹിക്കുന്ന ഒന്നും അവിടെയുണ്ടായിട്ടില്ല.

പുറംലോകത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള ഒരേയൊരു മാർഗ്ഗം പത്രമായിരുന്നു. എന്റെ ബന്ധുവായ സാംസുദ്ദീൻ വഴിയാണ് ഏജൻസി പത്രവിതരണം നടത്തിയിരുന്നത്. ജലാലുദ്ദീനൊപ്പം തന്നെ എന്നെ സ്വാധീനിച്ച വ്യക്തിയാണദ്ദേഹം. അദ്ദേഹത്തിന് വായിക്കാനും എഴുതാനും അറിയാമായി രുന്നെങ്കിലും, സാംസുദ്ദീൻ അധികം സഞ്ചരിക്കുകയോ ഉന്നത വിദ്യാഭ്യാസം നേടുകയോ ചെയ്തിട്ടില്ല. എന്നിരുന്നാലും അദ്ദേഹത്തിന് എന്നോടു പ്രത്യേക സ് നേഹമുണ്ടായിരുന്നു. പലതരത്തിലും അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ എനിക്കദ്ദേഹം വഴിവിളക്കായിരുന്നു. എന്നെ നയിക്കുന്ന പ്രകാശം. ഞാൻ മനസ്സിലാക്കുന്നതിനു മുമ്പ് തന്നെ ഇവർ എന്റെ അഗാധമായ ചിന്തകളെയും വികാരങ്ങളെയും മനസ്സിലാക്കിയിരുന്നു. എന്നെ സംബന്ധി ച്ചിടത്തോളം നിത്യ ജീവിതത്തിന്റെയും വ്യാപാരത്തിന്റെയും ഇടുങ്ങിയ തടങ്കലിൽ നിന്നും ഉയരങ്ങളിലേക്കെത്തിച്ചേരാനും ഈ വലിയ ലോകത്തെ കാണാനും എന്നെ സഹായിച്ചിരുന്നവരായിരുന്നു ഇരുവരും.

രാമേശ്വരത്ത് സാംസുദ്ദീന്റെ ഒരേയൊരു പത്രവിതരണ ഏജൻസി മാത്രമേ ഉണ്ടായിരുന്നുള്ളൂ. പട്ടണത്തിൽ ഏകദേശം ആയിരം സാക്ഷരർ ഉണ്ടായിരുന്നു. അവർക്കെല്ലാം അദ്ദേഹം പത്രമെത്തിച്ചിരുന്നു. ആ സമയങ്ങളിൽ മൂർദ്ധന്യ അവസ്ഥയിൽ എത്തിക്കൊണ്ടിരുന്ന സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിലുണ്ടായിരുന്നു. എല്ലാവരും വളരെ താൽപ്പര്യത്തോടെ ഈ വാർത്തകൾ വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. യുദ്ധമുഖത്തു നിന്നു വാർത്തകളുണ്ടായിരുന്നു. ഹിറ്റ്ലറെക്കുറിച്ചും നാസി സൈന്യത്തെക്കുറിച്ചും അതിൽ വാർത്തകൾ ഉൾപ്പെടുത്തിയിരുന്നു. തീർച്ചയായും ചില സാധാരണ വിഷയങ്ങളെപ്പറ്റിയും വാർത്തകളുണ്ടായിരുന്നു.

6th Malayalam_Unit-8.indd 134 3/19/2020 1:29:29 PM

ജ്യോതിശ്ശാസ്ത്രപരമായ സൂചനകൾ, നാണയവില മുതലായവ അതിയായ താല്പര്യത്തോടെ കണ്ടു. പത്രങ്ങളിൽ ദിനമണി എന്ന തമിഴ് പത്രത്തിനായിരുന്നു പ്രചാരം കൂടുതൽ.

രാമേശ്വരത്ത് പത്രങ്ങളെത്തിയ രീതി കുറച്ചു വ്യത്യസ്തമാണ്. പുലർച്ചെയുള്ള ട്രെയിനിൽ അവയെത്തും. രാമേശ്വരം സ്റ്റേഷനിൽ വയ്ക്കുന്ന അവയെടുത്ത് എല്ലാ വരിക്കാരിലുമെത്തിക്കും. ഇതായിരുന്നു സംസുദ്ദീന്റെ വ്യാപാരം. അദ്ദേഹമത് വളരെ അനായാസം നടത്തിപ്പോന്നു. എങ്ങനെയായാലും രണ്ടാം ലോകമഹായുദ്ധത്തിന്റെ തീവ്രത അധികനാൾ ഞങ്ങളെ മറ്റ് ലോകത്തിൽ നിന്നും ഒറ്റപ്പെടുത്തിയിരുന്നില്ല. അതേസമയം, ഇത് അപരിചിതമായ രീതിയിൽ എന്റെ ജീവിതത്തെയും പത്രവിതരണവ്യാപാരത്തേയും ബാധിച്ചു.

ബ്രിട്ടീഷ് ഗവൺമെന്റ് സാധനങ്ങൾക്ക് ചില അനുമതികളും കൃത്യമായ ഓഹരിയും നൽകിയിരുന്നു. രാജ്യത്തുടനീളം അടിയന്തരാവസ്ഥ പോലെ ഇത് പ്രചരിച്ചു. ഞങ്ങളുടെ വലിയ കുടുംബത്തിൽ കഷ്ടതകൾ ആഴത്തിൽ ബാധിച്ചു. ആഹാരം, വസ്ത്രം, കുടുംബത്തിലെ കുഞ്ഞുങ്ങളുടെ ആവശ്യം എന്നിവയൊക്കെ നേടാനും പരിഹരിക്കാനും ബുദ്ധിമുട്ടായി. എന്റെ പിതൃസഹോദരന്റെ കുടുംബത്തെപ്പോലെ ഞങ്ങളുടെ കുടുംബത്തിലും അഞ്ച് ആൺമക്കളും



6th Malayalam_Unit-8.indd 135 3/19/2020 1:29:29 PM

പെൺമക്കളും ആയിരുന്നു. ഏവർക്കും ആഹാരംകൊടുക്കാനും വസ്ത്രങ്ങൾക്കും നല്ല ആരോഗ്യത്തിനുമായി എന്റെ ഉമ്മൂമ്മയും ഉമ്മയും എല്ലാ സ്രോതസ്സുകളും പരമാവധി ഉപയോഗിച്ചു

യുദ്ധത്തിന്റെ ബുദ്ധിമുട്ടുകൾ ഞങ്ങളെ ബാധിക്കാൻ തുടങ്ങി. അതിനൊപ്പം എന്നെ ആകാംക്ഷാഭരിതനാക്കിയ ഒരു വാർത്തയുമായി സംസുദ്ദീൻ വന്നു. രാമേശ്വരത്തെ റെയിൽവെസ്റ്റോപ്പ് നിർത്തലാക്കുന്നു എന്നതായി രുന്നു ഈ വാർത്ത. യുദ്ധത്തിന്റെ അനുബന്ധപ്രതിസന്ധികളിലൊന്ന്. പിന്നെ ഞങ്ങളുടെ പത്രങ്ങൾക്ക് എന്തു പറ്റും.? ദിവസവുമുള്ള വാർത്തകളറിയാനായി കാത്തിരിക്കുന്ന പട്ടണത്തിലെ ജനങ്ങൾക്ക് അവ എങ്ങനെ വിതരണം ചെയ്യും? സാംസുദ്ദീൻ ഒരുവഴി കണ്ടെത്തി. പത്രങ്ങൾ വലിയ കെട്ടുകളായി സൂക്ഷിച്ച് രാമേശ്വരം- ധനുഷ്കോടി ട്രാക്കിലൂടെ ട്രെയിൻ കടന്നു പോകുമ്പോൾ അവ പ്ലാറ്റ്ഫോമിലേക്ക് വലിച്ചെറിയുക. ഇവിടെയാണ് എന്റെ രംഗപ്രവേശം. ചലിക്കുന്ന ട്രെയിനിൽ നിന്നെറിയുന്ന പത്രക്കെട്ടുകളെടുക്കുക എന്ന രസകരമായ ജോലിയാണ് സംസുദ്ദീൻ എനിക്ക് നൽകിയത്. പിന്നീട് അവയെടുത്ത് പട്ടണത്തി ലെല്ലാം വിതരണം ചെയ്യണം.

എന്റെ അത്യുത്സാഹത്തിന് അതിരുകൾ ഇല്ലായിരുന്നു. എനിക്ക് എട്ട് വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും എന്റെ കുടുംബവരുമാനത്തിലേക്ക് തെറ്റില്ലാത്ത ഒരു തുക നൽകാൻ എനിക്ക് സാധിച്ചു. എന്റെ ഉമ്മയുടെയും ഉമ്മൂമ്മയുടെയും പാത്രത്തിലെ ഭക്ഷണത്തിന്റെ അളവ് ദിവസംതോറും കുറ ഞ്ഞ് കുറഞ്ഞ് വരുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു. അവർ ഭക്ഷണം ഞങ്ങൾക്ക് എല്ലാവർക്കുമായി വീതിച്ചു തന്നു. കുട്ടികൾ ആദ്യം തന്നെ ആഹാരം കഴിച്ചിരുന്നു. ഞങ്ങളിലാരും തന്നെ വിശപ്പറിഞ്ഞിരുന്നതായി എനിക്കോർമ്മയില്ല. തീർച്ചയായും, ഞങ്ങൾക്കുവേണ്ടി സ്ത്രീകൾ പോഷകാഹാരത്തിൽ വിട്ടുവീഴ്ച ചെയ്തിരുന്നു. ഇതുകൊണ്ടൊക്കെ സംസുദ്ദീന്റെ വാഗ്ദാനം പൂർണ്ണ സന്നദ്ധതയോടെ ഞാൻ അംഗീകരിച്ചു.

ഈ പുതിയ ജോലി ഞാനെന്റെ ജീവിതചര്യയുടെ ഭാഗമാക്കി. എന്റെ പഠനവും സ്കൂളും പഴയതുപോലെതന്നെ നടന്നു. മറ്റു പ്രവർത്തനങ്ങളുടെ ഇടയിൽ പത്രവിതരണ ബിസിനസ്സ് സുഗമമായി നീങ്ങി. എന്റെ സഹോദര ങ്ങൾക്കും ബന്ധുക്കൾക്കുമിടയിൽ എനിക്കായിരുന്നു ഗണിതശാസ്ത്രത്തിൽ പ്രത്യേക അഭിരുചി. ഞങ്ങളുടെ ഗണിതാധ്യാപകന്റെയടുത്തുനിന്ന് എന്റെ പിതാവ് എനിക്ക് ട്യൂഷൻ ഏർപ്പാടാക്കി. ഞാനടക്കമുള്ള നാലുവിദ്യാർത്ഥികളും പുലർച്ചെ കുളിച്ച് എത്തണമെന്ന് അദ്ദേഹത്തിന്നു നിർബന്ധമായിരുന്നു. ട്യൂഷൻ ഉണ്ടായിരുന്ന ആ ഒരു വർഷം പുറത്ത് നേരം പുലരുന്നതിനു മുമ്പുതന്നെ അമ്മ എന്നെ തട്ടിയുണർത്തുമായിരുന്നു. അവർ എനിക്ക് മുമ്പേ എഴുന്നേറ്റ് എനിക്ക് കുളിക്കാനായി എല്ലാം തയ്യാറാക്കും. എന്നെ കുളിക്കാൻ സഹായിക്കുന്നതി നോടൊപ്പം ഇരുൾ നിറഞ്ഞ വഴിയിലൂടെ അദ്ധ്യാപകന്റെ വീട്ടിലെത്തിക്കാനും സഹായിച്ചിരുന്നു. ഒരു മണിക്കൂറുള്ള പഠനത്തിനു ശേഷം അഞ്ചു മണിക്ക്

6th Malayalam_Unit-8.indd 136 3/19/2020 1:29:29 PM

ഞാൻ വീട്ടിൽ തിരിച്ചെത്തും. അതിനു ശേഷം ഖുർ ആൻ ശരീഫ് പഠിക്കാനായി പിതാവ് എന്നെ അടുത്തുള്ള അറബിക് സ്കൂളിൽ കൊണ്ടാക്കും.

ഖുർആൻ ശരീഫ് പഠനം കഴിഞ്ഞാൽ ഉടൻതന്നെ റെയിൽവെസ്റ്റേഷനിലേക്ക് ഞാൻ ഓടും. വരുന്ന ട്രെയിനിന്റെ അടയാളത്തിനായി കണ്ണും കാതും തുറന്നു പിടിച്ചുകൊണ്ട് ഒരു കാലിൽ നിന്ന് മറ്റൊരു കാലിലേക്കു കൊന്നി കൊന്നി ഞാൻ കാത്തു നിൽക്കും. അതിശയകരമായി ഈ ദിവസങ്ങളിലുള്ള മറ്റു ട്രെയിനുകളെ പോലെയല്ലാതെ മദ്രാസ്സ്-ധനുഷ്ക്കോടി മെയിൽ വളരെ വിരളമായി മാത്രമാണ് താമസിച്ചു വന്നിട്ടുള്ളത്!അധികം താമസിയാതെ അകലെനിന്ന് എഞ്ചിന്റെ പുക കാണാം. ഗംഭീര ശബ്ദത്തോടെ കൂകിപ്പാഞ്ഞുകൊണ്ട് ട്രെയിൻ സ്റ്റേഷനിലൂടെ കടന്നു പോകും. പുറത്തേക്കെറിയുന്ന പത്രക്കെട്ടുകളെ ഏറ്റവും നന്നായി കാണാൻ കഴിയുന്ന സ്ഥലത്താണ് ഞാൻ നിലയുറപ്പിച്ചിരുന്നത്. സാങ്കേതികമികവോടെ അവയെ പ്ലാറ്റ്ഫോമിലേക്കു വലിച്ചെറിയും. ട്രെയിൻ മുമ്പോട്ടുപോകുമ്പോൾ ട്രെയിനിനകത്തുള്ള സംസുദ്ദീന്റെ ആൾ എനിക്കു നേരെ കൈവീശിക്കാണിക്കും. ട്രെയിൻ അകന്ന് കൂകിവിളി പതിയെ ഇല്ലാതാകുമ്പോൾ ഞാൻ എന്റെ ജോലി ആരംഭിക്കും.

ഞാൻ പത്രങ്ങളെടുത്ത് കൊടുക്കാനുള്ള ക്രമത്തിൽ അടുക്കും. എല്ലാവർക്കും പത്രമെത്തിച്ചുകൊണ്ട് ഞാൻ രാമേശ്വരത്തിലൂടെ ഓടിനടന്നു. വളരെ പെട്ടെന്നു തന്നെ ആളുകളെ അവർ വായിക്കുന്ന പത്രത്തിലൂടെ ഞാൻ തിരിച്ചറിയാൻ തുടങ്ങി. ഒരുപാടുപേർ എന്റെ വരവിനായി കാത്തിരിക്കാറുണ്ടായിരുന്നു.



6th Malayalam_Unit-8.indd 137 3/19/2020 1:29:30 PM

ഒന്നോ രണ്ടോ സൗഹൃദം നിറഞ്ഞ വാക്കുകളും അവരെന്നോടു പറയും. ഞാൻ പള്ളിക്കൂടത്തിലെത്താൻ താമസിക്കാതിരിക്കാനായി വേഗം വീട്ടിലേക്കു മടങ്ങണമെന്ന് ചിലർ പറഞ്ഞിരുന്നു. ഒരു എട്ടുവയസ്സുകാരനിൽ നിന്നും പത്രങ്ങൾ വാങ്ങിക്കുന്നത് അവർ ആസ്വദിച്ചിരുന്നുവെന്ന് ഞാൻ ചിന്തിക്കുന്നു.

ഞങ്ങളുടെ പട്ടണം കിഴക്കൻ തീരത്താണ് സ്ഥിതി ചെയ്തിരുന്നത്. എട്ടുമണിക്ക് ജോലികഴിയുമ്പോഴേക്കും സൂര്യൻ ആകാശത്ത് പ്രശോഭിക്കാൻ തുടങ്ങിയിട്ടുണ്ടാകും. പിന്നീട് ഞാൻ തിരികെ വീട്ടിലേക്കു പോകും. അവിടെ പ്രഭാതഭക്ഷണവുമായി ഉമ്മ കാത്തിരിക്കുന്നുണ്ടാവും. ലഘുഭക്ഷണമായിരിക്കും വിളമ്പിയിട്ടുണ്ടാവുക. പക്ഷേ സ്വാഭാവികമായി ഞാനെത്രമാത്രം വിശപ്പ് അനുഭവിക്കുന്നുണ്ടാകും. ഞാൻ പള്ളിക്കൂടത്തിലേക്കു പോകുന്നതിനു മുൻപ് ഭക്ഷണം മുഴുവനും കഴിച്ചുവെന്ന് ഉമ്മ ഉറപ്പുവരുത്തിയിരുന്നു.

പള്ളിക്കൂടത്തിൽ നിന്ന് വന്നതിനുശേഷം വൈകുന്നേരം സംസുദീന്റെ ഉപഭോക്താക്കളുടെ അടുത്തേക്ക് മുടങ്ങിയ കാശുചോദിക്കാനായി വീണ്ടും പോകണം. എന്നിട്ട് അദ്ദേഹത്തെ പോയി കാണും. അങ്ങനെ അദ്ദേഹത്തിന് ഒരു ദിവസത്തെ കണക്കു നോക്കാൻ കഴിയും.

ആ സമയങ്ങളിൽ കുളിർക്കാറ്റിന്റെ തലോടലേറ്റുവാങ്ങി കടൽക്കരയിലെ വിടെയെങ്കിലും ഞങ്ങളിരിക്കും. അവസാനം ജലാലുദ്ദീനോ, സാംസുദ്ദീനോ ആ ദിവസത്തെ പത്രം തുറന്നു വായിക്കും. 'ദിനമണി' യിലെ ഓരോ കറുത്ത അക്ഷരത്തെയും ഞങ്ങൾ അരിച്ചു പെറുക്കി വായിക്കും. അവരിലൊരാൾ വാർത്തകൾ ഉറക്കെ വായിക്കും. അങ്ങനെ പതിയെ ഞങ്ങളുടെ ഉപബോധത്തിലേക്കു വലിയ പുറംലോകം കടന്നുവരും. ഗാന്ധിജി, കോൺഗ്രസ്സ്, ഹിറ്റ്ലർ, പെരിയാർ ഇ.വി. രാമസ്വാമി തുടങ്ങിയവരുടെ വാക്കുകളും ഉദ്ബോധനങ്ങളും സായംസന്ധ്യയിൽ തങ്ങിനിന്നു. ഇവരോടൊപ്പമുള്ള വലിയ ലോകം എങ്ങനെയായിരിക്കുമെന്ന് അതിശയിച്ചുകൊണ്ട് ഇവരുടെ ചിത്രങ്ങളിലൂടെയും വാക്കുകളിലൂടെയും ഞാൻ വിരലോടിച്ചിരുന്നു. ഒരു പക്ഷേ ഒരു ദിവസം ഞാനും മദ്രാസ്സ്, ബോബെ, കൽക്കട്ട തുടങ്ങിയ വലിയ നഗരങ്ങളിലേക്കു പോകുമെന്ന് സ്വയം ചിന്തിച്ചിരുന്നു. ഗാന്ധിയെയും നെഹ്രുവിനെയും പോലുള്ളവരെ പരിചയപ്പെടാനിടയായാൽ ഞാനെന്തായിരിക്കും പറയുക? പക്ഷേ,എന്റെ കളിക്കൂട്ടുകാരുടെ ഇടപെടലും അത്താഴവും ഇത്തരം ചിന്തകളെ പെട്ടെന്നു തന്നെ നശിപ്പിച്ചു. എനിക്ക് ഏറെ ഗൃഹപാഠങ്ങളും ചെയ്തുതീർക്കാനുണ്ടായിരുന്നു. ഒരു എട്ടു വയസ്സുകാരന് ചെലവഴിക്കാനായി ഇത്ര ഊർജ്ജമേ ഉണ്ടായിരുന്നുള്ളു. ഒമ്പതു മണിയോടുകൂടി ഞാൻ ഉറക്കത്തിലേക്കു വഴുതിവീഴും. പിറ്റേ ദിവസം എനിക്ക് ഏറെ പഠിക്കാനും ജോലി ചെയ്യാനുമുള്ളതാണല്ലോ.

ഒരു വർഷത്തോളം ഈ ദിനചര്യ തുടർന്നു. പത്രങ്ങൾ കൊണ്ടുള്ള ആ ഒരു വർഷത്തെ ഓട്ടത്തിലൂടെ എനിക്ക് കുറച്ചു പൊക്കം വയ്ക്കുകയും നിറം മങ്ങുകയും ചെയ്തു. കൈകളിലുള്ള പത്രക്കെട്ടുകൾകൊണ്ട് എത്ര ദൂരം

6th Malayalam_Unit-8.indd 138 3/19/2020 1:29:30 PM

ഓടിയെത്താനാകുമെന്നു ഏറെക്കുറെ കണക്കുകൂട്ടാൻ ഞാൻ പഠിച്ചു. കൂടാതെ ദിവസവുമെത്തുന്ന അതേ സമയംതന്നെ പല സ്ഥലങ്ങളിലും ഒടേിയെത്താൻ ഞാൻ പഠിച്ചു. സംസുദ്ദീന്റെ ഓരോ പത്രവരിക്കാരും നൽകേണ്ട തുക എനിക്ക് മനക്കണക്കിൽ കൂട്ടുവാനും ആ ദിവസം കാശ് തരാത്തവരുടെ പേരുകൾ കൃത്യമായി ഓർത്തെടുക്കുവാനും കഴിഞ്ഞു. പ്രധാനമായും ഒരു തൊഴിലാളി തനിക്ക് എന്ത്തന്നെ സംഭവിച്ചാലും, ദിവസത്തെ അഭിമുഖീകരിക്കാൻ തയ്യാറാ യിരിക്കണമെന്നു ഞാൻ പഠിച്ചു. ഗൃഹപാഠം, ട്യൂഷൻ, പ്രാർത്ഥനകൾ എല്ലാം നടന്നു. പക്ഷേ മദ്രാസ്- ധനുഷ്കോടി മെയിൽ എനിക്ക് വേണ്ടി കാത്തുനിന്നില്ല. പത്രക്കെട്ടുകൾ എടുത്തെറിയുമ്പോൾ പിടിക്കാനായി സ്റ്റേഷനിൽ, കൃത്യസമയത്ത് കൃത്യസ്ഥലത്തുതന്നെ ഞാൻ ഹാജരായിരിക്കണം. ഞാൻ ഏറ്റെടുക്കുന്ന ആദ്യത്തെ ഉത്തരവാദിത്തങ്ങളിലൊന്നായിരുന്നു ഇത്. എന്തൊക്ക സംഭവിച്ചാലും സംസുദ്ദീനോട് ഞാൻ പറഞ്ഞ വാക്കു പാലിക്കാനും ഞാൻ ശ്രദ്ധിച്ചിരുന്നു. ഞാനേറ്റവും ആസ്വദിച്ചിരുന്ന സമയമായിരുന്നു അത്. എല്ലാ രാത്രിയിലും ഉണ്ടാകുന്ന ക്ഷീണമൊഴിച്ചാൽ, ഓരോ നിമിഷവും എനിക്കു പ്രിയപ്പെട്ടതായിരുന്നു. കൂടുതൽ ജോലിഭാരം ഞാൻ ഏറ്റെടുക്കുന്നതിനാൽ എന്റെ ഉമ്മ എപ്പോഴും അസ്വസ്ഥത പ്രകടിപ്പിച്ചിരുന്നു. അവയൊക്കെ എന്നെ എത്രയധികം ഭാരപ്പെ ടുത്തുന്നുവെന്ന് അവർ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ ഞാൻ അവരെ നോക്കി ചിരിച്ചുകൊണ്ട് തലകുലുക്കുക മാത്രം ചെയ്തു. എന്റെ സമ്പാദ്യം ഞങ്ങളെ എല്ലാവരെയും ചെറിയ തോതിലെങ്കിലും സഹായിക്കുന്നുവെന്ന് അറിയുന്നതിൽ അവർ രഹസ്യമായി അഭിമാനിച്ചിരുന്നു. എട്ടാം വയസ്സിൽ ഒരു തൊഴിലാളിയായി മാറിയത്, എന്റെ മുഖത്ത് അഭിമാനത്തോടെയുള്ള ചിരി സമ്മാനിച്ചു.



6th Malayalam_Unit-8.indd 139 3/19/2020 1:29:31 PM

അഭ്യാസം

I. പദപരിചയം

വിദേശയാത്ര, സമൃദ്ധം, ശാസ്ത്രമേഖല, സാങ്കേതികവിദ്യ, പ്രയാണം,
വിന്യസിക്കുക, തീർത്ഥാടകർ, ഊർജ്ജസ്വലം, തദ്ദേശവാസി, സ്രോതസ്,
അത്താഴം, അഗാധം, പ്രോത്സാഹനം, ഉന്നതവിദ്യാഭ്യാസം, സാക്ഷരർ,
മൂർദ്ധന്യാവസ്ഥ, അനായാസം, പരിസരവാസികൾ, വാക്കുതർക്കങ്ങൾ

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. അബ്ദുൾ കലാമിന് എട്ടുവയസ്സുള്ള സമയത്ത് നടന്ന യുദ്ധമേത്?

   അ) ഒന്നാം ലോകമഹായുദ്ധം ആ) രണ്ടാം ലോകമഹായുദ്ധം

   ഇ) പാനിപ്പത്ത് യുദ്ധം ഈ) ലാഹോർലഹള

2. നാസി ജർമനിയുമായി യുദ്ധം പ്രഖ്യാപിച്ച യുദ്ധം?

   അ) അമേരിക്ക ആ) റഷ്യ

   ഇ) ബ്രിട്ടൻ ഈ) ഇന്ത്യ

3. ഏത് തമിഴ് പത്രത്തിനായിരുന്നു കൂടുതൽ പ്രചാരം?

   അ) ദിനമണി ആ) ദിനതന്തി

   ഇ) ദിനമലർ ഈ) തീക്കതിർ

4. വിതരണത്തിനായുള്ള പത്രം ഏത് റെയിൽവേസ്റ്റേഷനിൽ നിന്നാണ് കലാം ശേഖരിച്ചിരുന്നത്?

   അ) ചെന്നൈ ആ) കന്യാകുമാരി

   ഇ) രാമേശ്വരം ഈ) കോയമ്പത്തൂർ

III. വിപരീതപദമെഴുതുക

പ്രഭാതം, പട്ടണം, സ്വാഭാവികം, ചെലവ്

IV. ഉത്തരമെഴുതുക

1. രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ചുള്ള കലാമിന്റെ ഓർമ്മകൾ എന്തെല്ലാമായിരുന്നു?
2. ബന്ധുവായ സാംസുദ്ദീനെ കലാം സ്മരിക്കുന്നതെങ്ങനെയാണ്?
3. സാംസുദ്ദീൻ കലാമിന് നൽകിയ രസകരമായ ജോലി എന്തായിരുന്നു.?
4. എട്ടുവയസ്സുകാരനായ കലാമിന്റെ ദിനചര്യയെകുറിച്ച് എഴുതുക?
5. കലാമിന്റെയും കൂട്ടുകാരുടെയും ബോധത്തിലേക്ക് പുറംലോകം കടന്നുവന്നത് എങ്ങനെയായിരുന്നു.?
6. എട്ടാം വയസ്സിൽ തൊഴിലാളിയായ അബ്ദുൾകലാമിന്റെ തൊഴിലിനെ കുറിച്ച് ചുരുക്കിയെഴുതുക?

6th Malayalam_Unit-8.indd 140 3/19/2020 1:29:31 PM

അധികവായനയ്ക്ക്

വിചിത്രമത്സ്യം (പഴംകഥ)

ഇ.എം.അഷ്റഫ്



ഇ.എം.അഷ്റഫ്: കണ്ണൂരിലെ കടലായി ഗ്രാമത്തിൽ ജനിച്ചു. എഴുത്തുകാരനും സിനിമാ നിരൂപകനും ഹ്രസ്വചിത്ര സംവിധായകനും പത്രപ്രവർത്തകനുമായ അഷ്റഫ് ഇപ്പോൾ കൈരളി ടി.വി യുടെ ദുബായ് ബ്യൂറോയിൽ ന്യൂസ് എഡിറ്ററായി ജോലി ചെയ്യുന്നു. കേരള സർക്കാർ ചലച്ചിത്ര അക്കാദമി അവാർഡ്, സിനിമാ നിരൂപണത്തിനുള്ള കേരളാ ഫിലിം ക്രിട്ടിക്ക് അവാർഡ്, ഏറ്റവും നല്ല ടെലിഫിലിമിനും മികച്ച സംവിധായകനുമുള്ള കേരള സംസ്ഥാന അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വൈക്കം മുഹമ്മദ് ബഷീർ: എഴുത്തുംജീവിതവും, അഴീക്കോടിന്റെ യാത്രകൾ, യമുനയുടെ തീരങ്ങളിൽ, മലയാള സിനിമയുടെ ചരിത്രം എന്നിവയാണ് പ്രധാന കൃതികൾ.

കുഞ്ഞായൻ മുസ്ല്യാർ മഹാപണ്ഡിതനും മഹാകവിയുമായിരുന്നു. പ്രശസ്തമായ കുഞ്ഞായൻ കഥകളിലൂടെ അദ്ദേഹം മലയാളികൾക്ക് പരിചിതനാണ്. വാമൊഴിക്കഥകളായി തലമുറകളിലൂടെ ആ കഥകൾ മലബാറിൽ പ്രചരിച്ചിരുന്നു. "കുഞ്ഞായൻ കഥകൾ" എന്ന പേരിൽ ലേഖകൻ സമാഹരിച്ച പുസ്തകത്തിൽനിന്നുമെടുത്ത ഒരു കുസൃതിക്കഥയാണ് വിചിത്രമത്സ്യം.

സാമൂതിരിക്കോവിലകത്ത് അന്നൊരു കുറ്റവിചാരണ നടക്കുകയാണ്. രാജസദസ്സ് വളരെ ഗൗരവത്തിലാണ്.കുറ്റവാളിയായ ഒരാൾ പ്രതിക്കൂട്ടിലുണ്ട്. (നിശ്ശബ്ദത).

രാജകുടുംബത്തിൽനിന്നും ഒരപൂർവ്വവസ്ത്രം കാണാതായിരിക്കുന്നു. അത് മോഷ്ടിച്ചവനെ പിടികൂടിയിട്ടുണ്ട്. ഒരു അലക്കുകാരൻ.

ആ വസ്ത്രം അവൻ പുതുവസ്ത്രമാക്കി ഉടുത്തിട്ടുണ്ട്....പക്ഷേ, ശിക്ഷ നൽകാൻ സാമൂതിരിക്ക് ഒരു വല്ലായ്മ. പാവം വസ്ത്രമൊന്നും വാങ്ങാൻ കാശില്ലാത്തതുകൊണ്ടായിരിക്കില്ലേ അവനീ കളവ് ചെയ്തിട്ടുണ്ടാവുക? പക്ഷേ, ശിക്ഷ കൊടുക്കാതിരുന്നാലും കുഴപ്പമാണ്.അവൻ നാളെ മറ്റെന്തെങ്കിലും മോഷ്ടിക്കും. അതുമാത്രമല്ല അവനെപ്പോലെ മറ്റു പലരും ഇപ്പണി തുടങ്ങും. പിന്നെ നിയന്ത്രണം കിട്ടില്ല. അപ്പോൾ ഒരു കീഴ്വഴക്കമായിമാറും മുമ്പ് ഇതിനു പറ്റിയ ശിക്ഷ കൊടുക്കണം. അവനെ കളിയാക്കുന്ന ശിക്ഷ തന്നെയാവട്ടെ. അടിയോ തടവോ വേണ്ട.

6th Malayalam_Unit-8.indd 141 3/19/2020 1:29:31 PM

ഇതാണ് രാജാവിന്റെ ചിന്ത.

രാജാവ് ചിന്താമഗ്നനായപ്പോൾ രാജസദസ്സും നിശ്ശബ്ദമായി.

അലക്കുകാരനാണെങ്കിൽ ഉള്ളു പിടയുകയാണ്. മോഷ്ടിച്ച പുതുവസ്ത്ര മിട്ടപ്പോൾ, ആളുകളുടെ നടുവിൽ നഗ്നനായതുപോലെ. ഇനിയിപ്പോൾ രാജാവ് എന്താണാവോ ശിക്ഷ നൽകുക? ഏതായാലും ഒരുകാര്യം ഉറപ്പുതന്നെ, രാജാവിന്റെ മുഖവും ഭാവവും കാണുമ്പോൾ തൂക്കിക്കൊല്ലാനുള്ള ശിക്ഷയായിരിക്കും... ഇങ്ങനെ അലക്കുകാരനും മൗനമായി ചിന്തിച്ചു. ഒടുവിൽ രാജാവ് ഒന്നു ഗൗരവമാ യി അലക്കുകാരനെ നോക്കി. എന്നിട്ട് വളരെ കർക്കശമായ സ്വരത്തിൽ ഇങ്ങനെ ആജ്ഞാപിച്ചു: അലക്കുകാരനായ നിങ്ങൾ ചെയ്ത കളവ്കുറ്റം സമ്മതിക്കുന്നുവോ?

'അടിയൻ കുറ്റം ഏറ്റു പറയുന്നു'

'നിങ്ങൾ ചെയ്തത് കൊടും ശിക്ഷ അർഹിക്കുന്ന കുറ്റമാണ്.....അതിനുള്ള ശിക്ഷ ഇപ്പോൾ വാങ്ങിയേ പറ്റുകയുള്ളൂ....'

'അപ്പോൾ നിങ്ങൾക്ക് നാം വിധിക്കുന്ന ശിക്ഷ ഇതാണ്: അകത്തും പുറത്തും മുള്ളില്ലാത്തതരം കുറെ മീൻ പിടിച്ചു കൊണ്ടുവന്ന് തിരുമുൽക്കാഴ്ച വെക്കണം.... മനസ്സിലായോ?'

'അടിയൻ, തിരുമുൽകാഴ്ച വെക്കാം.....'

'അകത്തും പുറത്തും മുള്ളില്ലാത്ത തരം മീൻ.....'

'ശരി, ഒരാഴ്ചക്കകം കൊണ്ടുവരണം. അല്ലെങ്കിൽ, നിങ്ങളെ തൂക്കിലേറ്റും കേട്ടോ?'

'അടിയൻ'

അലക്കുകാരൻ തെല്ലൊരു ആശ്വാസത്തോടെ പറഞ്ഞു.

എങ്ങനെയെങ്കിലും ജീവിച്ചാൽ മതി എന്നുമാത്രം കൊതിച്ച അയാൾ ജീവൻ തിരിച്ചുകിട്ടിയ ആഹ്ലാദത്തോടെ കൊട്ടാരം വിട്ടിറങ്ങി.

പക്ഷേ, പ്രശ്നം തീർന്നില്ല. അകത്തും പുറത്തും മുള്ളില്ലാത്ത മീൻ എവിടെ നിന്നും ലഭിക്കും? കണ്ണിൽ കണ്ടവരോടൊക്കെ അത്തരം ഒരു മത്സ്യത്തെപ്പറ്റി അയാൾ അന്വേഷിച്ചു നടന്നു.സകലമാന മത്സ്യത്തെയും അറിയാവുന്ന മുക്കുവന്മാരുപോലും മൂക്കിനു വിരൽവച്ച് പോയി:

'ഇതെന്തു മത്സ്യമാടോ?'

അലക്കുകാരൻ തളർന്നുപോയി. നാടായ നാടൊക്കെ തെണ്ടി. കടലായ കടലൊക്കെ താണ്ടി. ഇനി എവിടെ നിന്നു കിട്ടും ഈ വിചിത്ര മത്സ്യത്തെ?

ഒടുവിൽ മത്സ്യം എത്തിക്കേണ്ടുന്ന തീയ്യതി എത്തി. തൂക്കുമരം തന്നെ രക്ഷ എന്ന ചിന്തയോടെ കൊട്ടാരത്തിലേയ്ക്ക് പോവുകയായിരുന്ന അലക്കുകാരനെ ഒരാൾ കൈകൊട്ടി വിളിച്ചു.

6th Malayalam_Unit-8.indd 142 3/19/2020 1:29:31 PM

‘എന്താ നിന്റെ പ്രശ്നം?‘

താടി നീട്ടിയ അയാൾചോദിച്ചു.

അപ്പോൾ ഒരുചെറിയ ചിരിയോടെ ആഗതൻ പറഞ്ഞു:’അലക്കുകാരാ, നിന്നെ രാജാവ് കോഴിയാക്കിയതാ. നീ മരമണ്ടനാ. ഇപ്പോൾ കൊട്ടാരത്തിൽ പോവുക. അവിടെ എത്തിയാൽ പറയേണ്ടുന്ന സൂത്രം ഞാനൊപ്പിച്ചു തരാം.’ എന്നിട്ട് ചെവിയിൽ ഒരു വഴി പറഞ്ഞുകൊടുത്തു.

‘അപ്പോൾ താങ്കൾ ആരാണ്? താങ്കളുടെ പേര്?....’

‘അതൊക്കെ നിങ്ങൾ അന്വേഷിക്കണ്ട, അപ്പം തിന്നാ മതി. കുഴി എണ്ണണ്ട!’

അലക്കുകാരൻ മന:സമാധാനത്തോടെ കൊട്ടാരത്തിലേയ്ക്ക് കയറിച്ചെന്നു.

രാജസദസ്സിൽ വീണ്ടും അലക്കുകാരനെ ഹാജരാക്കി. സാമൂതിരി രാജാവ് ഒരു ചെറുപുഞ്ചിരിയോടെ സിംഹാസനത്തിൽ ഉപവിഷ്ടനായി.

‘ശരി.....നമുക്ക് തുടങ്ങാം. അലക്കുകാരൻ, അകത്തും പുറത്തും മുള്ളില്ലാത്ത മത്സ്യംകൊണ്ടുവന്നിട്ടുണ്ടോ?’

‘..... അടിയന് ഒരുകാര്യം ബോധിപ്പിക്കാനുണ്ടായിരുന്നു’

‘ഹും.....??’ രാജാവ് അർത്ഥഗർഭമായി ആ ചോദ്യമുന്നയിച്ചു

‘പവിത്രമത്സ്യം ഒരുപാട് കിട്ടീട്ടുണ്ട്. പക്ഷേ കൊണ്ടുവരണങ്കിൽ കോവിലകം വക കമ്പില്ലാത്ത ഒരു മുളയും ചവറില്ലാത്ത കുറേ കയറും അനുവദിക്കണം.....’



6th Malayalam_Unit-8.indd 143 3/19/2020 1:29:31 PM

ഇതുകേട്ട് ഗൗരവത്തിലായിരുന്ന രാജസദസ്സ് പൊട്ടിച്ചിരിച്ചു പോയി. സാമൂതിരി രാജാവ് ഓർത്തോർത്ത് ചിരിച്ചു. ഇങ്ങനെ ഇത്ര മനോഹരമായ ബുദ്ധിസാമർത്ഥ്യം കാണിച്ചതിനു പിന്നിൽ ആരാണ്? രാജാവ് ചോദിച്ചു:

അലക്കുകാരൻ ഒരൽപ്പം സങ്കോചത്തോടെ പറഞ്ഞു:

'ഒരു താടിയുള്ള മനുഷ്യനാണ്.....'

ഏകദേശരൂപം അറിയാമോ എന്നും സദസ്സിലുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാമോ എന്നും ചോദിച്ചു. ഒടുവിൽ അലക്കുകാരൻ സദസ്സിൽ ഉപവിഷ്ടനായ ഒരാളെ കാണിച്ചുകൊണ്ട് പറഞ്ഞു:

'ഇതാ ഈ കാണുന്ന ആൾ തന്നെ.....'

'ഓ കുഞ്ഞായനോ....നമുക്ക് നേരത്തെതന്നെ സംശേണ്ടായിരുന്നു....' ചിരിച്ചുകൊണ്ട് രാജാവ് പറഞ്ഞു. എന്നിട്ട് ഇങ്ങനൊരു കൽപ്പനയും:

'അലക്കുകാരനെ വെറുതെ വിടുക. കുഞ്ഞായന് കുറേ സ്വർണ്ണവും നൽകുക.....'

വ്യാകരണം

കാലം

ക്രിയ നടക്കുന്ന സമയത്തെ കാലം എന്ന് പറയുന്നു. മൂന്നു കാലങ്ങളാണുള്ളത്

ഭൂതകാലം

മുൻപ് കഴിഞ്ഞു പോയ ക്രിയയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു.

ഉദാഹരണം: ഗീത ഊണു കഴിച്ചു

വർത്തമാനകാലം

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ക്രിയയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു.

ഉദാഹരണം: രവി പന്ത് കളിക്കുന്നു

ഭാവികാലം

ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ക്രിയയെ സൂചിപ്പിക്കാനുപയോഗിക്കുന്നു.

ഉദാഹരണം: കുമാർ നാളെ ചെന്നൈയിലേക്ക് പോവും

6th Malayalam_Unit-8.indd 144 3/19/2020 1:29:31 PM

ഭാഗം
9

ജീവിത സമർപ്പണം



പഠനലക്ഷ്യങ്ങൾ

- സ്നേഹസമർപ്പണത്തിന്റെ ലാളിത്യമറിയൽ
- സമർപ്പിതജീവിതത്തിന്റെ മൂല്യം മനസ്സിലാക്കൽ
- ബാല്യനിഷ്കളങ്കതയുടെ പരിശുദ്ധി തിരിച്ചറിയൽ

പാഠഭാഗങ്ങൾ

കവിത	:	പരുക്കേറ്റ കുട്ടി	– കുമാരനാശാൻ
ഗദ്യം	:	അന്ത്യനാളുകൾ	– അജിത്ത് വെണ്ണിയൂർ
അധികവായനയ്ക്ക്	:	ചിത്രശലഭങ്ങളുടെ ഉണ്ണി	– എം.എസ് കുമാർ

6th Malayalam_Unit-9.indd 145 3/19/2020 1:30:37 PM

കവിത

പരുക്കേറ്റ കുട്ടി

- കുമാരനാശാൻ

കവിയെ പരിചയപ്പെടാം



എൻ കുമാരനാശാൻ [1873-1924]:ചിറയിൻകീഴ് താലൂക്കിലെ കായിക്കര ഗ്രാമത്തിൽ തോന്നക്കലിൽ ജനിച്ചു. ആശയഗംഭീരൻ,സ്നേഹഗായകൻ എന്നീ വിശേഷണങ്ങൾക്ക് ഉടമയാണ് കുമാരനാശാൻ. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, പ്രരോദനം, ദുരവസ്ഥ, കരുണ എന്നിവയാണ് പ്രധാനപ്പെട്ട കൃതികൾ.

അമ്മയും കുഞ്ഞും തമ്മിലുള്ള ആത്മബന്ധത്തെ ലളിതമായി ആവിഷ്കരിക്കുന്ന പരുക്കേറ്റ കുട്ടി എന്ന കവിത മഹാകവി കുമാരനാശാന്റെ ബാലകവിതകൾ എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

അരികത്തമ്പോടുവരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ, കരൾ വാടി
പുരികവും ചുണ്ടും ചുളിച്ചു നീ വിങ്ങി-
ക്കരയായ്കോമനേ, വരുന്നു ഞാൻ.

പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റുനിൻ
കുരുന്നു കൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽക്കയറി വീണോമൽ-
ച്ചെറുകാൽ മുട്ടുകൾ ചതഞ്ഞിതേ!

6th Malayalam_Unit-9.indd 146 3/19/2020 1:30:38 PM

മറിച്ചിട്ടിപ്പടം മുകളിൽ നിന്നയ്യോ
മുറിച്ചിതേ പൊന്നിൻ നിറുകയും
മുറിയിൽക്കട്ടിൻമേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ.

കരുതേണ്ട,തല്ലുമിതിനായ് ഞാനെന്നു,
കരയേണ്ട,നോവുമകന്നുപോം
അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ.

ഉരച്ചിവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ,കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ



6th Malayalam_Unit-9.indd 147 3/19/2020 1:30:38 PM

അഭ്യാസം

I. പദപരിചയം

ശശി പരുക്ക്, കുരുന്ന്, നോവ്, ഭൂഷണം, ഉരയ്ക്കുക,
ക്ഷതം, ചുംബിക്കുക, സ്ഫുരിക്കുക, പുഷ്പം, അളി

II. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. 'കരയായ്കോമനേ, വരുന്നു ഞാൻ' എന്നു പറഞ്ഞതാര്?

   അ) അമ്മ

   ആ) അച്ഛൻ

   ഇ) അമ്മാവൻ

   ഈ) അമ്മായി

2. എവിടെ നിന്ന് വീണിട്ടാണ് കുട്ടിയുടെ കാൽമുട്ടുകൾ ചതഞ്ഞത്?

   അ) തെങ്ങ്

   ആ) ചെമ്പകം

   ഇ) തൈമാവ്

   ഈ) പ്ലാവ്

3. അമ്മ കുട്ടിയെ വിശേഷിപ്പിക്കുന്നത്

   അ) വികൃതിക്കുട്ടി

   ആ) കുസൃതിക്കുരുന്ന്

   ഇ) മിടുക്കൻ

   ഈ) അറിയാപ്പൈതൽ

III. ചേർത്തെഴുതുക

വരുന്നുണ്ട്	+	അമ്മ
കരയായ്ക	+	ഓമനേ
അറിയാ	+	പൈതൽ
കളി	+	ആടി

6th Malayalam_Unit-9.indd 148 3/19/2020 1:30:38 PM

IV. പിരിച്ചെഴുതുക

തൈമാവിൽക്കയറി

നോവുമകന്നു

V. യോജിച്ചവ ചേർത്തെഴുതുക

1. കരൾ - ചതഞ്ഞു
2. പുരികവും ചുണ്ടും - മുറിഞ്ഞു
3. കൈവിരൽ - വാടി
4. കാൽമുട്ടുകൾ - ചുളിച്ചു

VI. ഉത്തരമെഴുതുക

1. കുട്ടിയുടെ കൈവിരൽ മുറിഞ്ഞതെങ്ങനെ?
2. കുട്ടിയുടെ കാൽമുട്ടുകൾ ചതഞ്ഞതെങ്ങനെ?
3. കട്ടിലിൽ കയറി ചാഞ്ചാടിയപ്പോൾ സംഭവിച്ചതെന്ത്?
4. മുറിവേറ്റ കുട്ടിയെ അമ്മ ചുംബിച്ചപ്പോൾ കുട്ടിയിലുണ്ടായ മാറ്റമെന്ത്?
5. ഉണ്ണിയ്ക്ക് ഭൂഷണമെന്ന് അമ്മ പറഞ്ഞതെന്ത്?

VII. ചൊല്ലിപ്പഠിക്കാം

അമ്പിളി ചിരിക്കും മാനത്ത്

തുമ്പ ചിരിക്കും താഴത്ത്

സൂര്യനുദിക്കും മാനത്ത്

സൂര്യകാന്തികൾ താഴത്ത്

താരകൾ തെളിയും മാനത്ത്

താമര വിരിയും താഴത്ത്

മാരിവില്ല് മാനത്ത്

മാനും മയിലും താഴത്ത്.

6th Malayalam_Unit-9.indd 149 3/19/2020 1:30:38 PM

ഗദ്യം

അന്ത്യനാളുകൾ

– അജിത് വെണ്ണിയൂർ



അജിത് വെണ്ണിയൂർ: [ജനനം 1960] തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിൽ ജനനം. മാതൃഭൂമി ഉൾപ്പെടെ വിവിധ പത്രങ്ങളിൽ ലേഖകൻ, ഗാന്ധിദർശൻ ഡയരക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ, കുടുംബശ്രീ, കേരള സുസ്ഥിര നഗരവികസന പദ്ധതി എന്നിവയുടെ സ്റ്റേറ്റ് പബ്ലിക്ക് റിലേഷൻസ് ഓഫീസർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഭാരതീയ വിദ്യാഭവൻ കോളേജ് ഓഫ് കമ്യൂണിക്കേഷൻ ആൻറ് മാനേജ്മെന്റിൽ ജേർണലിസം മാസ് കമ്യൂണിക്കേഷൻ അധ്യാപകനും സാമൂഹിക നീതി വകുപ്പിന്റെ ചൈൽഡ് വെൽഫെയർ കമ്മിറ്റി ജൂഡിഷ്യൽ അംഗവുമാണ്. ഗാന്ധി ദർശനം, ജലം ഭൂമി മനുഷ്യൻ, മഹാത്മാവിന്റെ പാദമുദ്രകൾ, ബാപ്പു: ജീവിതവും സന്ദേശവും, അക്ഷരങ്ങൾക്കപ്പുറം തുടങ്ങി പതിനാലു ഗ്രന്ഥങ്ങളുടെ കർത്താവാണ് .

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവർഹർലാൽ നെഹ്റു വിന്റെ അന്ത്യനാളുകളെ ക്കുറിച്ച് വിവരിക്കുന്ന പാഠഭാഗം 'ജവഹർലാൽ നെഹ്റു' എന്ന ജീവചരിത്രഗ്രന്ഥത്തിൽ നിന്നെടുത്തതാണ്.



നീണ്ട പതിനേഴ് വർഷം ഇന്ത്യയുടെ പ്രധാനമന്ത്രിയായി നെഹ്റു ഇന്ത്യ യെ വികസനക്കുതിപ്പിന് സജ്ജമാക്കി. വിശ്രമമറിയാത്ത ജീവിതം,ശരാശരി പതി നെട്ട് മണിക്കൂർ അദ്ദേഹം ഔദ്യോഗിക കൃത്യങ്ങളിൽ മുഴുകി. എന്നിട്ടും അദ്ദേഹ ത്തിന് തൃപ്തി വന്നില്ല.

ആത്മകഥയിൽ അദ്ദേഹം എഴുതി: സമയത്തിന്റെ ഒപ്പമെത്താനുള്ള മത്സര പ്പാച്ചിലിലാണ് ഞാൻ. പക്ഷേ ജയിക്കു ന്നതെപ്പോഴും സമയം തന്നെ.

വിശ്രമമില്ലാത്ത ജോലിയും പ്രായാധി ക്യവും മൂലം 1960 കളുടെ ആരംഭത്തിൽ നെഹ്റുവിന്റെ ആരോഗ്യം ക്ഷയിച്ചു തുടങ്ങി. ഡോക്ടർമാർ അദ്ദേഹത്തിന്

6th Malayalam_Unit-9.indd 150 3/19/2020 1:30:38 PM



വിദഗ്ദ്ധ ചികിത്സയും പൂർണ്ണ വിശ്രമവും നിർദ്ദേശിച്ചു. എന്നാൽ ചികിത്സയ്ക്കിടയിലും അദ്ദേഹം ജോലിയിൽ വ്യാപൃതനായി.

1964 ജനുവരിയിൽ രോഗം കഠിനമായി. മെയ് മാസം ആദ്യത്തെ ഒൻപത് നാൾ പാർലമെന്റ് യോഗത്തിൽ പങ്കെടുത്തു. 10ന് നാലാം പഞ്ചവത്സര പദ്ധതി രൂപകൽപന ചെയ്യുന്നതിനുള്ള ആസൂത്രണ കമ്മീഷൻ യോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു. 14 ന് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തു. 22ന് പത്രലേഖകരോട് സംസാരിച്ചു. അതു കഴിഞ്ഞ് വിശ്രമത്തിനായ് ഡെറാഡൂണിലേക്ക് പോയ നെഹ്റു 26 ന് മടങ്ങിയെത്തി. അന്നു രാത്രിയിൽ പാതിരാവോളം ജോലിയിൽ മുഴുകി. ഇടയ്ക്ക് ഉണർന്ന് അല്പനേരം വായിക്കുകയും ചെയ്തു.

അടുത്ത ദിവസം, 27 ബുധനാഴ്ച പുലർച്ചെ എണീറ്റ് ദിനകൃത്യങ്ങളിൽ ഏർപ്പെട്ടു. പെട്ടെന്നദ്ദേഹം ബോധരഹിതനായി. അപ്പോൾ സമയം 6 മണി. മകൾ ഇന്ദിര സമീപത്തുണ്ടായിരുന്നു. നിമിഷങ്ങൾക്കകം ഡോക്ടർമാർ പാഞ്ഞെത്തി. പക്ഷേ ജീവൻ രക്ഷിക്കാനുള്ള ശ്രമങ്ങളെല്ലാം വിഫലമായി. ഉച്ചയ്ക്ക് 2 മണിയ്ക്ക് ജവഹർലാൽ നെഹ്റു ഈ ലോകത്തോട് എന്നെന്നേക്കുമായി വിട പറഞ്ഞു.

അന്ന് രാത്രി രാഷ്ട്രത്തോടായി ചെയ്ത പ്രക്ഷേപണത്തിൽ രാഷ്ട്രപതി ഡോ. സർവെപ്പള്ളി രാധാകൃഷ്ണൻ ഇങ്ങനെ പറഞ്ഞു:

ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ രാജ്യസ്നേഹി, ആധുനിക ഭാരതത്തിന്റെ ശിൽപി, മാനവികതയുടെ ഉയർത്തെഴുന്നേൽപിനായി

6th Malayalam_Unit-9.indd 151 3/19/2020 1:30:39 PM



പ്രയത്നിച്ച ആ മനുഷ്യ സ്നേഹി നമ്മെ വിട്ട് പിരിഞ്ഞിരിക്കുന്നു. ഭാരത ചരിത്രത്തിലെ ഒരു വിശിഷ്ടയുഗം അവസാനിക്കുന്നു.

രണ്ടുനാൾ എല്ലാ റോഡുകളും തീൻമൂർത്തി ഭവനിലേക്ക്. ദശലക്ഷക്കണക്കിനാളുകൾ, ഗ്രാമീണരും നഗരവാസികളും കുട്ടികളും വൃദ്ധരും, സ്ത്രീകളും പുരുഷന്മാരും അവിടേയ്ക്ക് ഒഴുകിയെത്തി. തങ്ങളെ സ്നേഹിച്ച, തങ്ങൾ സ്നേഹിച്ച രാഷ്ട്രശില്പിയെ, തങ്ങളുടെ ചാച്ചാ നെഹ്റുവിനെ അവസാനമായി ഒരു നോക്കു കാണാൻ.

മെയ് 27 വ്യാഴം ജനലക്ഷങ്ങൾ അണിനിരന്ന വിലാപയാത്രയുടെ അകമ്പടിയോടെ മൃതദേഹം ഡൽഹി നഗരത്തിലൂടെ മെല്ലെ നീങ്ങി. തീൻമൂർത്തി ഭവനിൽ നിന്ന് യമുനാ നദീതീരത്തേയ്ക്ക്. രാഷ്ട്രപിതാവിന്റെ സമാധി സ്ഥലമായ രാജ്ഘട്ടിനരികെ സഹചാരിയായ ശിഷ്യന് അന്ത്യവിശ്രമം. അതിനു ശാന്തീവനം എന്ന് പേരിട്ടു.

കരച്ചിലും കണ്ണീരുമടക്കി ജനലക്ഷങ്ങൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"നെഹ്റു അമർരഹേ".

രാജ്യം പന്ത്രണ്ടുനാൾ ദുഃഖമാചരിച്ചു.

ഒരു സുഹൃത്തിനെഴുതിയ കത്തിൽ ജവഹർലാൽ നെഹ്റു എഴുതി:

എന്നെപ്പറ്റി ആരെങ്കിലും ഓർക്കുന്നുവെങ്കിൽ അതിങ്ങനെയായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു-

മനസ്സും ഹൃദയവും കൊണ്ട് ഭാരതത്തെയും ഭാരതീയരെയും അകമഴിഞ്ഞ് സ്നേഹിച്ച മനുഷ്യൻ. പകരം അവരുടെ അളവറ്റ പരിലാളനയും സ്നേഹവും ആവോളം ആസ്വദിച്ച ഭാരതീയൻ.

6th Malayalam_Unit-9.indd 152 3/19/2020 1:30:39 PM

അഭ്യാസം

I. പദപരിചയം

സജ്ജമാക്കുക, ഔദ്യോഗികം, ആത്മകഥ, രൂപകൽപന,ദിനകൃത്യം

മത്സരപ്പാച്ചിൽ, പ്രായാധിക്യം, ക്ഷയിക്കുക

II. അർത്ഥം മനസ്സിലാക്കം

സജ്ജമാക്കുക - ഒരുക്കുക

ക്ഷയിക്കുക - നശിക്കുക

വിഫലം - ഫലമില്ലാത്ത

പ്രയത്നം - പരിശ്രമം

III. വിപരീത പദം മനസ്സിലാക്കം

തൃപ്തി	×	അതൃപ്തി
ക്ഷയം	×	വൃദ്ധി
ഫലം	×	വിഫലം
ആധുനികം	×	പുരാതനം
ആദ്യം	×	അന്ത്യം

IV. പ്രവൃത്തിപരിചയം

നെഹ്രുവിന്റെ ബാല്യകാലത്തെക്കുറിച്ച് വായിച്ചറിയുക.

V. അധികവായന

ഗാന്ധിജിയുടെ ആത്മകഥയായ ' എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന പുസ്തകം പരിചയപ്പെടുക

VI. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആരായിരുന്നു.?

അ) മഹാത്മാഗാന്ധി

ആ) ജവഹർലാൽ നെഹ്റു

ഇ) നേതാജി

ഈ) ഇന്ദിരാഗാന്ധി

6th Malayalam_Unit-9.indd 153 3/19/2020 1:30:39 PM

2. നെഹ്റു എത്രവർഷം ഇന്ത്യയുടെ പ്രധാനമന്ത്രി പദം അലങ്കരിച്ചു.?

അ) 17 വർഷം

ആ) 18 വർഷം

ഇ) 19 വർഷം

ഈ) 15 വർഷം

3. ആധുനിക ഭാരത ശിൽപി എന്നറിയപ്പെടുന്നതാര്?

അ) ബാലഗംഗാധര തിലകൻ

ആ) മഹാത്മാ ഗാന്ധി.

ഇ) നെഹ്റു

ഈ) മോത്തിലാൽ നെഹ്റു

4. രാഷ്ട്രപിതാവിന്റെ സമാധിസ്ഥലം ഏതാണ്?

അ) രാജ്ഘട്ട്

ആ) ശാന്തിവനം

ഇ) ശക്തിസ്ഥൽ

ഈ) ശാന്തിതീരം

VII. ഉത്തരം ചുരുക്കിയെഴുതുക

1. നെഹ്റുവിന്റെ ആരോഗ്യം ക്ഷയിക്കുവാനുള്ള കാരണമെന്താണ്?
2. നെഹ്റുവിന്റെ മരണത്തിൽ അനുശോചിച്ച ഡോ.എസ് രാധാകൃഷ്ണൻ പറഞ്ഞതെന്ത്?
3. ചാച്ചാനെഹ്റുവിന്റെ മരണവാർത്തയറിഞ്ഞപ്പോൾ ജനങ്ങൾക്കുണ്ടായിരുന്ന പ്രതികരണമെന്തായിരുന്നു.?
4. നെഹ്റുവിന് അന്ത്യവിശ്രമമൊരുക്കിയത് എവിടെ?

6th Malayalam_Unit-9.indd 154 3/19/2020 1:30:39 PM

അധികവായനയ്ക്ക്

ചിത്രശലഭങ്ങളുടെ ഉണ്ണി (കഥ)

-എം.എസ്.കുമാർ



എം.എസ്.കുമാർ [1945-2018]: പാലക്കാട് ജില്ലയിലെ പട്ടാമ്പിക്കടുത്ത് 1945 ൽ ജനിച്ചു. കേരളസ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഭരണസമിതി, തളിർ പത്രാധിപസമിതി, തത്തമ്മ ബാലമാസിക പത്രാധിപസമിതി എന്നിവയിൽ അംഗമായിരുന്നു. ഉടുക്ക്, മന്ദാകിനിയുടെ ഗാനം, സർഗ, സുന്ദരിപ്പാമ്പ്, കുഞ്ഞൻപക്ഷി, മിടുക്കൻബാബു, പുള്ളിനങ്ങി തുടങ്ങി അറുപതോളം ബാലസാഹിത്യ കൃതികളുടെ കർത്താവ്. മാമ്മൻ മാപ്പിള നോവൽ അവാർഡ്, കേന്ദ്ര സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ്, ഇന്ത്യൻ ശിശു വിദ്യാഭ്യാസ കൗൺസിൽ- നാഷണൽ അവാർഡ്, അധ്യാപക കലാവേദി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

കൊച്ചു തൂക്കുപാത്രത്തിൽ പാലുമായി കാലത്തെത്തുന്ന ഉണ്ണിയുടെ കോളിങ്ങ് ബെൽ കേട്ടാണ് അഞ്ജു ഉണരുന്നത്. ഉമ്മറത്തൂണിന്റെ മറവിൽ പാത്രം നീട്ടി ഒരു ചെറു പുഞ്ചിരിയോടെ ഉണ്ണി നിൽപുണ്ടാവും.പാൽ അകത്ത് കൊണ്ടു ചെന്നൊഴിച്ചു തിരികെ വരും വരെ ആ കൈ നീട്ടി കൊണ്ടേയിരിക്കും. അഞ്ജു അവനെ കൗതുകത്തോടെ നോക്കി നിൽക്കും.

വെള്ളയിൽ കറുത്ത പുള്ളികളുള്ള ഷർട്ടും ചുവപ്പ് ട്രൗസറുമിട്ട ഉണ്ണിയ്ക്ക് എന്നും ഒരേ വസ്ത്രമാണ്.

മതിലിനരികിൽ വിടർന്നു നിൽക്കുന്ന മന്ദാരപ്പൂക്കളും പനിനീരുമെല്ലാം അവൻ പതുക്കെ തൊട്ട് നോക്കും.വലുപ്പമുള്ള ഒരു പനിനീർപ്പൂ ചൂണ്ട് വിരൽ കൊണ്ടമർത്തി തൊട്ട് അവൻ മണത്ത് നോക്കി.ആരെങ്കിലും കണ്ടോ എന്ന് ഭയന്ന് ചുറ്റും നോക്കി. കൈ പിന്നിലേക്ക് വച്ചു. അഞ്ജു ചോദിച്ചു:

ഉണ്ണിക്ക് പൂവ് വേണോ?

'ഊ ഊം' അവൻ വേണ്ടെന്ന് മൂളി, തലയാട്ടി.എന്തോ ഭയന്ന പോലെ പിൻവാങ്ങി ഗേറ്റ് കടന്ന് റോഡും കടന്ന് വയൽവരമ്പിലെത്തി.താഴേക്ക് ചാടി മറ്റൊരു വരമ്പിലൂടെ നടന്നു നീങ്ങി. ഒരു വെള്ളവരപോലെ അവൻ നടന്നു നീങ്ങുന്നത് അഞ്ജു നോക്കി നിന്നു. പച്ച നിറമുള്ള വയൽ പരപ്പിൽ പൂമ്പാറ്റകളും തുമ്പികളും പാറിപ്പറക്കുന്നു. ഉണ്ണി അവയ്ക്കിടയിൽ ഒരാളെപ്പോലെ തോന്നിച്ചു.

6th Malayalam_Unit-9.indd 155 3/19/2020 1:30:39 PM

പിറ്റേന്ന് അഞ്ജു ഉണ്ണിയോട് ചോദിച്ചു. ഉണ്ണിക്ക് ആ പൂമ്പാറ്റകളെ തൊടാൻ പറ്റ്വോ?

ഊം! പിന്നെന്താ! അവരെല്ലാം എന്റെ കുടുംബക്കാരല്ലേ. എന്റെ കയ്യിലും തലയിലും ഒക്കെ വന്നിരിക്കും. പിന്നെന്തിനാ തൊടണേ.....!

നിനക്ക് പൂക്കളെ ഇഷ്ടമല്ലെ?

പിന്നെ.... പൂക്കളേം പൂമ്പാറ്റകളേം ഇഷ്ടല്ല്യാത്തോർണ്ടാവ്വോ?

ഉണ്ണി കുറേക്കൂടി അടുത്ത് പെരുമാറുന്നതിൽ അഞ്ജുവിന് സന്തോഷമായി. അവൾ പറഞ്ഞു.

നിനക്ക് വേണമെങ്കിൽ ഒരു പൂവ് പറിച്ചോ. "വേണ്ട". ഉണ്ണി പറഞ്ഞു. പൂപറിച്ചാൽ ചെടിക്കും പൂവിനും വേദനിക്കും.

ഞങ്ങളൊക്കെ എത്ര പൂവുകളിറുക്കുന്നു. മാല കെട്ടുന്നു, പൂജയ്ക്ക് ഉപയോഗിക്കുന്നു. പൂവുകൾ കൊഴിഞ്ഞ് വീഴുന്നു. ഇതൊക്കെ ക്രൂരതയാണോ?

'അതെ'. ഉണ്ണി പറഞ്ഞു. പൂക്കളെ കണ്ടോളൂ, മണത്തോളൂ. ക്ഷുത്തിറുക്കണോ?

അഞ്ജുവിനത് കാര്യമാണെന്ന് തോന്നി. അവൾ തന്റെ പനിനീർചെടിയിലെ ഒരു പൂവിറുത്തു ഉണ്ണിക്ക് കൊടുത്തു.

"ന്നാ. എന്റെ വക സമ്മാനം. വീട് വരെ മണത്ത് കൊണ്ട് നടന്നോളൂ".



6th Malayalam_Unit-9.indd 156 3/19/2020 1:30:39 PM

അവൻ മടിച്ചു മടിച്ചു പൂ വാങ്ങി. പാവം ഇതിന്റെ ജീവൻ പോയി. ഇനി വാസന മാത്രം. അവൻ പൂ മണത്തു കൊണ്ട് നടന്നു. ഗേറ്റു കടന്നു റോഡ് മുറിച്ചു കടന്ന് വയൽ വരമ്പിലെത്തി. താഴെയുള്ള വരമ്പിലേക്ക് ചാടി. അവന് ചുറ്റും പൂമ്പാറ്റകൾ പറന്നു. കൈയ്യിലെ പൂവൊന്നു മണത്ത് പൂമ്പാറ്റകൾക്ക് നേരെ നീട്ടി. അവ കൂട്ടമായി പൂവിൽ വന്നിരുന്നു. ഒരു പൂക്കൂന പോലെയായി. പിന്നീടവ പറന്നകന്നു. ആ പുഷ്പം കാണാതായി.

'നാളെ എന്റെ പിറന്നാളാണ്'. അഞ്ജു ഉണ്ണിയോടു പറഞ്ഞു.

അതേയോ! അപ്പോൾ നല്ല സദ്യയുണ്ടാകും. അഞ്ജുവിനു നല്ല സമ്മാനങ്ങളുണ്ടാവും.

'നീ എനിക്കെന്താ സമ്മാനം തരിക?' അഞ്ജു ചോദിച്ചു. ഉണ്ണിയുടെ മുഖം മ്ലാനമായി. അവൻ എന്തോ ആലോചിച്ചു. അഞ്ജു വീണ്ടും ചോദിച്ചു. 'നീയെന്താ തരാ?'

'നീ എനിക്കെന്താ തരാ?' ഉണ്ണി തിരികെ ചോദിച്ചു.

'ഒരു പാക്കറ്റ് മിഠായി'

എന്റെ വക ഒരു കൂട പൂവ്. ഉണ്ണി പറഞ്ഞു.

ഒരു പൂ ഇറുക്കാനോ പൂ പൊട്ടിക്കുന്നത് കാണാനോ ഇഷ്ടപ്പെടാത്ത ഉണ്ണി തനിക്കെങ്ങനെ ഒരു കൂട പൂവ് തരും.

പിറന്നാൾ ദിവസം പതിവിലും നേരത്തെ ഉണ്ണി അഞ്ജുവിന്റെ വീട്ടിലെത്തി. കോളിംങ്ങ് ബെൽ അടിക്കേണ്ടി വന്നില്ല. അവൾ ഓടിയെത്തി. കൈയ്യിൽ വർണ്ണാഭമായ ഒരു പെട്ടി. നിറയെ മിഠായികൾ. അവൻ തന്റെ കൈയ്യിലെ ഇലക്കുമ്പിൾ അവൾക്ക് നേരെ നീട്ടി. നിറഞ്ഞ് കവിഞ്ഞ പൂക്കൾ. കണ്ണഞ്ചിക്കുന്ന നിറം. ജീവൻ തുടിയ്ക്കുന്നു. അവൾ പൂക്കുട വാങ്ങി. പകരം മിഠായി വാങ്ങി ഉണ്ണി ചായ്ച്ചും ചെരിച്ചും നോക്കി.

ഒരെണ്ണം മതി-അവൻ പായ്ക്കറ്റ് തുറന്ന് ഒരു മിഠായി എടുത്തു. ഉണ്ണി അത് മുഴുവൻ നിനക്കാണ്. എടുക്ക്, എടുക്ക്. അവൾ നിർബന്ധിച്ചു. ഉണ്ണി ഒരു മിഠായി എടുത്ത് പുറത്തേയ്ക്ക് നടന്നു. ഗേറ്റ് കടന്ന് റോഡിലെത്തി.

ഉണ്ണീ.....ഉണ്ണീ.....

അവൾ നീട്ടി വിളിച്ചു.ഉണ്ണി ഓടുകയാണ്. അഞ്ജു പിറകെ എത്താൻ ശ്രമിച്ചു. ഉണ്ണി ഉയർന്ന വരമ്പിൽ നിന്ന് താഴേക്ക് ചാടി. അഞ്ജു ഓടിയെത്തവെ ചെളി മണ്ണിൽ നെൽചെടികൾക്കിടയിൽ അവൻ താഴ്ന്ന് .....താഴ്ന്ന്.....

6th Malayalam_Unit-9.indd 157 3/19/2020 1:30:39 PM

“അയ്യോ ഉണ്ണീ.....ഉണ്ണീ.....അഞ്ജുവിന്റെ ശബ്ദമുയർന്നു. ഉണ്ണിയുടെ കൈയിലെ മിഠായിയുടെ കവർ ഉയർന്നുപറന്നു.

കുട്ടിയുടെ കരച്ചിൽ കേട്ട് അടുത്തുള്ളവർ ഓടിയെത്തി. പിറന്നാളിന് ക്ഷണിച്ചു വന്നവരും കുട്ടികളും വലിയവരും വയൽ വരമ്പിലെത്തി.

“ഉണ്ണി ദേ അങ്ങോട്ട് ചാടി”. ആളുകൾ അഞ്ജു ചൂണ്ടിക്കാട്ടിയേടത്തേയ്ക്ക് നോക്കി. നെൽചെടികൾ ചാഞ്ഞ് നിൽക്കുന്നു. ചിലർ വയലിലിറങ്ങി.

അഞ്ജു നീട്ടി വിളിച്ചു. ഉണ്ണീ.....

കൂടിനിന്ന കുട്ടികളും വലിയവരും വിളിച്ചു.ഉണ്ണീ.....

ഒരുപറ്റം ചിത്രശലഭങ്ങൾ വയലിന്റെ ഒരറ്റത്ത് വട്ടമിട്ടു പറക്കുന്നു. അവയ്ക്കിടയിൽ ഒരു കുട്ടിയുണ്ട്. ആളുകൾ അങ്ങോട്ട് ചൂണ്ടി. അതാ ഉണ്ണീ! അഞ്ജു തുള്ളിച്ചാടി.

പൂമ്പാറ്റകളോടൊപ്പം ഉണ്ണി വയൽ വരമ്പിലെത്തി. അഞ്ജു അവന്റെ കൈ പിടിച്ചു. കൂടി നിന്നവർ അവന്റെ ഷർട്ടിലെ പൊടിയും ചെളിയും തട്ടിക്കളഞ്ഞു. അവർ വീട്ടിലെത്തി. തനിക്ക് ഉണ്ണി നൽകിയ പിറന്നാൾ സമ്മാനം അഞ്ജു അപ്പോഴാണ് ശ്രദ്ധിച്ചത്. പൂമുഖത്തിണ്ണയിൽ പച്ചിലക്കുമ്പിൾ നിറയെ വർണ്ണ പുഷ്പങ്ങൾ.

അവയ്ക്ക് ചലനമുണ്ടോ? അവൾ പൂക്കുട ഓടി ചെന്നെടുത്തു. പൂക്കൾ ഓരോന്നായി പുറത്തേയ്ക്ക് പറക്കുന്നു. വർണ്ണച്ചിറകുള്ള പൂമ്പാറ്റകൾ ഉണ്ണി കൈകൊട്ടി ചിരിച്ചു. കണ്ടു നിന്നവർക്കിടയിലൂടെ പൂമ്പാറ്റകൾ പറന്നു കൊണ്ടേയിരുന്നു.

6th Malayalam_Unit-9.indd 158 3/19/2020 1:30:39 PM

Malayalam Reader – Class VI
List of Authors and Reviewer

Academic Advisor

Dr. P. Kumar
Joint Director (Syllabus), SCERT, Chennai.

Co-ordinator

K.CHANDRASEKARAN
Lecturer, DIET, Chennai

Reviewer

Dr. K.J. AJAYA KUMAR
Malayalam Language Teacher (B.T.Asst)
Kerala Vidyalayam Hr. Sec. School, Chennai

Art and Design Team

Layout
MANIKARAJ PRABAHAR .M.A

In-House QC
RAJESH THANGAPPAN

Co-ordinators
Ramesh Munuswamy

Authors

Dr. SUHASINI AMBALI CHOLAYIL
P.G. Asst. in Malayalam
Kerala Vidyalayam H.S.S, Chennai

S.SREE KUMAR
Sec. Grade Asst. in Malayalam
Malayala Vidyalayam H.S,
Kosapet, Chennai

SARFUDEEN .K.A
B.T Asst. (Malayalam)
G.H.S.S. Gudalur
The Nilgiris

K.A. SOBHANA
B.T Asst. (Malayalam)
G.H.S. Mannathivayal,
Kayyunni. P.O
The Nilgiris

R.SACHITHA
B.T Asst. (Malayalam)
G.H.S.S. Cherambadi
The Nilgiris

E.GEETHA
B.T Asst. (Malayalam)
G.H.S.S. Pandalur
The Nilgiris

JAYASREE RAMESH
P.G. Asst. in Malayalam
ASAN Memorial Matric.Hr. Sec. School
Chennai

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:

6th Malayalam_Unit-9.indd 159 3/19/2020 1:30:39 PM

Note

6th Malayalam_Unit-9.indd 160 3/19/2020 1:30:39 PM